# ഇസ്‌ലാം
## പ്രബുദ്ധതയുടെ മതം

എൻ. അബ്ദുർറഹീം

N. Abdur Raheem

## ISLAM, THE RELIGION OF ENLIGHTENMENT

The Thalassery Ahmadiyya Information Service had released a series of questions relating to religious beliefs in 1978. Sri. U. Kalanathan, the then general secretary of the Rationalist Society, Kerala reacted to the above questionnaire by publishing an article entitled Why I do not accept Islam' in the magazine 'Yukthi Vicharam' published from Trichur.

Marhoom N. Abdur Raheem Sahib then wrote a rejoinder serialised in the Ahmadiyya monthly Sathyadoothan, to the scurrilous attack on Islam. It is now being published in a book form by the Islam International Publications, Kerala.

ISLAM INTERNATIONAL PUBLICATIONS, KERALA.

# ഇസ്‌ലാം
# പ്രബുദ്ധതയുടെ മതം

**എൻ. അബ്ദുർറഹീം**

*പ്രസിദ്ധീകരണം, വിതരണം:*
ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള
അഹ്‌മദിയ്യാ മുസ്‌ലിം കോംപ്ലക്സ്
ഫോർട്ട്റോഡ്, കണ്ണൂർ- 670 001

**ISLAM PRABUDHADAYUDE MATHAM**
(Islam the Religion of Intellectuals)
One dozen charges of a rationalist
against Islam refuted

Author:
N. Abdurrahim

Published & Distributed by:
Islam International Publications,Kerala
Ahmadiyya Muslim Complex, Fort Road, Kannur- 670 001

Printed at:
BRB Offset Printing Press, Thavakkara, Kannur- 17

First Edition: 1980

Second Edition : 2006

Copies: 3000

Price : 80/-

# പി.എം. അബൂബക്കർ സാഹിബിന്

ബിസിനസ്സ് സംബന്ധമായി ഇടയ്ക്കിടെ ബർമ്മയിൽ പോകാറുണ്ടായിരുന്ന അബൂബക്കർ സാഹിബ് ഒരിക്കൽ മദ്രാസിൽ ചെന്നപ്പോൾ കപ്പൽ പൊയ്ക്കഴിഞ്ഞിരുന്നു. അങ്ങനെ ബർമ്മയിലേക്കുള്ള യാത്ര മുടങ്ങി. അപ്പോൾ ഏതോ ഒരാളുടെ നിർദ്ദേശപ്രകാരം ആന്തമാനിലേക്ക് പുറപ്പെട്ടു. രണ്ടാം ലോകമഹായുദ്ധം തുടങ്ങിയ കാലഘട്ടമായിരുന്നു അത്. ജപ്പാൻകാർ ആന്തമാൻ പിടിച്ചടക്കി. പിന്നീട് 10 വർഷം വരെ അബൂബക്കർ സാഹിബിനെക്കുറിച്ച് വിവരമൊന്നുമുണ്ടായില്ല. തുടർന് ബ്രിട്ടീഷുകാർ ആന്തമാനെ മോചിപ്പിച്ചു. അങ്ങനെ അബൂബക്കർ സാഹിബ് നാട്ടിലേക്ക് തിരിച്ചുവന്നു. കൂടെ ഭാര്യയും ഒരു കുട്ടിയും ഉണ്ടായിരുന്നു. നാട്ടിലെ ആദ്യത്തെ ഭാര്യ അദ്ദേഹത്തെ സന്തോഷത്തോടെ സ്വീകരിച്ചു. അധികം കഴിയുന്നതിനു മുമ്പേ രണ്ടു ഭാര്യമാരുമൊത്ത് അദ്ദേഹം ആന്തമാനിലേക്ക് മടങ്ങി. അവിടെ കൂൾ പീസ് ഹൗസ് (വിശ്വശാന്തി ഭവൻ)എന്ന പേരിൽ ഒരു സോഡാകട തുടങ്ങുകയും ചെയ്തു.

ഇടയ്ക്കിടെ മാഹിയിൽ തന്റെ കുടുംബത്തിൽ വരാറുണ്ടായിരുന്ന അദ്ദേഹം 1960-ൽ എന്തോ കാര്യത്തിനായി കണ്ണൂരിൽ വന്നു. ഒരു പെട്ടിക്കടയിൽനിന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ പ്രസിദ്ധീകരണമായ സത്യദൂതൻ മാസിക അദ്ദേഹത്തിന് ലഭിച്ചു. അതിൽ ആകൃഷ്ടനായ അദ്ദേഹം എൻ. ഹാമിദ് സാഹിബ്, എൻ. അബ്ദുർറഹീം സാഹിബ്, മൗലാനാ അബ്ദുല്ലാസാഹിബ് എച്ച്. എ., മൗലവി മുഹമ്മദ് അബുൽവഫാ സാഹിബ് തുടങ്ങിയവരുമായി സുഹൃദ്ബന്ധം സ്ഥാപിച്ചു. തുടർന്നദ്ദേഹം ആന്തമാനിലേക്ക് പോയി. തബ്ലീഗിനായി ആരെയെങ്കിലും അയച്ചുതരണമെന്ന് മൗലാനാ അബ്ദുല്ലാസാഹിബിന് അദ്ദേഹം കത്തെഴുതി. മൗലാനാ സാഹിബ് മൗലവി മുഹമ്മദ് അബുൽവഫാ സാഹിബിനെ ആന്തമാനിലേക്ക് അയച്ചു. അദ്ദേഹം മുഖേന അബൂബക്കർ സാഹിബും വേറെ മൂന്നുപേരും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. 1972-ൽ അബൂബക്കർ സാഹിബ് ന്യൂ മാഹിയിലെ ചാലക്കര, മഞ്ചേരി ഭവൻ എന്ന തന്റെ സ്വന്തം വീട്ടിൽ സ്ഥിരതാമസമാക്കി. 1978-ൽ ഹൃദ്രോഗബാധിതനായപ്പോൾ തന്റെ ഭാര്യയുടെ സാന്നിധ്യത്തിൽ മൗലവി മുഹമ്മദ് അബുൽവഫാ സാഹിബിനോടും എ.പി. കുഞ്ഞാമു സാഹിബിനോടും താൻ മരിച്ചാൽ തന്നെ പഴയങ്ങാടി അഹ്മദിയ്യാ ശ്മശാനത്തിൽ കബറടക്കണമെന്ന് വസിയ്യത്ത് ചെയ്തു. ആ വർഷം ഡിസംബർ 25-ന് അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ വസിയ്യത്തനുസരിച്ച് പഴയങ്ങാടിയിൽ കബറടക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ രണ്ടാമത്തെ ഭാര്യയിലെ മകനായ അസീസുർറഹ്മാൻ സാഹിബിനും ജമാഅത്തിൽ ചേരാൻ അല്ലാഹു ഭാഗ്യം നൽകി. പരേതന് അല്ലാഹു മഗ്ഫിറത്ത് നല്കുമാറാകട്ടെ.

**മകൻ**
**ഹബീബുർറഹ്മാൻ, പഴയങ്ങാടി**

## ഈ പുസ്തകത്തെപറ്റി

“കേരള യുക്തിവാദിസംഘം ജനറൽ സിക്രട്ടറി ശ്രീ. യു. കലാനാഥൻ ഇസ്‌ലാമിനെപറ്റി പുറപ്പെടുവിച്ച 12 ആക്ഷേപങ്ങൾക്കുള്ള മറുപടിയാണ് ഈ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നത്. ഇസ്‌ലാമിന്റെ നിലപാട് സമർത്ഥമായി വിശദീകരിക്കുകയും ചോദ്യങ്ങൾക്ക് തക്കതായ മറുപടി നല്കുകയും ചെയ്യുന്നതിൽ ഗ്രന്ഥകർത്താവ് പ്രശംസനീയമായി വിജയിച്ചിട്ടുണ്ട്.”

പ്രൊഫസർ ടൈറ്റസ് വർഗ്ഗീസ്, മലയാള മനോരമ, 21.9.1980

“ഇസ്‌ലാം ബുദ്ധിജീവികളുടെ മതം’ വളരെ നന്നായിട്ടുണ്ട്.”

–മുൻചീഫ് ഇൻജിനീയർ ടി.പി. കുട്ടിയാമു

## പ്രസാധകക്കുറിപ്പ്

'ഇസ്ലാം പ്രബുദ്ധതയുടെ മതം' എന്ന ഈ പുസ്തകം യുക്തിവാദി സംഘടനയുടെ ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. യു. കലാനാഥന്റെ ഇസ്ലാമിന്നെതിരായ പന്ത്രണ്ട് ആക്ഷേപങ്ങൾക്കുള്ള മറുപടിയാണ്. ഇസ്ലാം ബുദ്ധിജീവികളുടെ മതം എന്ന പേരിൽ മുമ്പ് പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പുനരാവിഷ്കരണമാണിത്. ഇസ്ലാംമതത്തിന്റെ പുരോഗമനപരമായ ആശയങ്ങളെ യുക്തിസഹമായ രീതിയിൽ സമർത്ഥിക്കുകയാണ് ഇതിലൂടെ മർഹൂം ജനാബ് എൻ. അബ്ദുർറഹീം സാഹിബ് ചെയ്യുന്നത്. സാമൂഹികവും മാനുഷികവുമായ പ്രശ്നങ്ങൾക്കുള്ള യഥാർത്ഥ പ്രതിവിധി ഇസ്ലാമികപാഠങ്ങളിലൂടെ അദ്ദേഹം വിവരിക്കുന്നു. ഇസ്ലാം സാർവ്വലൗകിക മതമാണെന്നും ആധുനികശാസ്ത്രത്തിന്റെ വികാസത്തിന് തുടക്കം കുറിച്ചത് ഇസ്ലാമാണെന്നുമുള്ള കണ്ടെത്തൽ ഈ കൃതിയിൽ ഉണ്ട്. ചരിത്രത്തിന്റെ നിർണ്ണായകമായ ഒരു ദശാസന്ധിയിൽ അറേബ്യയിലെ മരുഭൂമിയെ മലർവാടിയാക്കിയ ഇസ്ലാം പിന്നീടിങ്ങോട്ട് ലോകത്തിന്റെ നവോത്ഥാനത്തിന്റെ മുകുളങ്ങൾ വിരിയിക്കുകയായിരുന്നുവെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. യുക്തിയുടെ പശ്ചാത്തലത്തിൽ ലോകസംഭവഗതികളെ നോക്കിക്കാണുന്നവർക്ക് ഇസ്ലാമിനെ അറിയാൻ സഹായകമായ ഒരു പുസ്തകമെന്ന നിലയ്ക്ക് വായനക്കാരുടെ സമക്ഷം ഈ ഉപഹാരം സമർപ്പിക്കുന്നു.

കണ്ണൂർ, സദ്ർ
15.12.06

## രണ്ടാം പതിപ്പിന്നു ഒരു മുഖവുര

"മതം പൂർണ്ണമായും ബുദ്ധിയാണ്" الدِّينُ كُلُّهُ عَقْلٌ എന്ന് മുഹമ്മദ് നബി(സ)തിരുമേനി അരുളുകയുണ്ടായി. മതം ബുദ്ധിമാന്മാർക്കുള്ളതാണ്. യുക്തിയുക്തമായ ചിന്താഗതിയുടെ അനിവാര്യപരിണതിയാണ് സത്യമതം. അതുകൊണ്ട് എല്ലാ വെളിപാടുമതങ്ങളും ബുദ്ധിജീവികളുടെ മതമാണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ, മറ്റു വെളിപാടുമതങ്ങൾ പിൽക്കാലത്ത് മനുഷ്യകയ്യേറ്റങ്ങൾക്ക് വിധേയമായി മാറിത്തിരിഞ്ഞു പോകുകയും അവയ്ക്ക് മൂല്യങ്ങൾ നഷ്ടപ്പെടുകയും ചെയ്തു. ഖുർആൻ അപ്പടി സ്വച്ഛസുന്ദരമായി അവികലമായി, അനാക്രാന്തമായി നിലകൊള്ളുന്നു. അതുകൊണ്ട് മൂല്യം നഷ്ടപ്പെട്ടിട്ടില്ലാത്ത ഏകവെളിപാടുമതം ഇസ്‌ലാം ആണെന്നു ഖണ്ഡനഭയമെന്യേ പറയാം. എല്ലാ സത്യമതങ്ങളും ഇസ്‌ലാം ആണ്. ഇസ്‌ലാം എന്നുവെച്ചാൽ ദൈവത്തിനുള്ള കീഴ്വണക്കം അഥവാ ശാന്തിയെപ്രാപിക്കൽ. ആരെന്തു പറഞ്ഞാലും സത്യം ഇതത്രെ! തെറ്റിദ്ധരിക്കപ്പെട്ട, തെറ്റിദ്ധരിപ്പിക്കപ്പെട്ട മതമാണ് ഇസ്‌ലാം. തെറ്റായ ധാരണകൾ നീക്കുവാനുള്ള ഒരു വിനീതസദുദ്യമം ആണിത്.

ഞാൻ ഒരു മുസ്‌ലിം 'ഫണ്ടമെന്റലിസ്റ്റ്' അല്ല. 'ഫണ്ടമെന്റലിസ'ത്തിൽ ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ, ഇസ്‌ലാമിന്റെ ഫണ്ടമെന്റലുകളിൽ ഞാൻ അടിയുറച്ചു വിശ്വസിക്കുന്നു. അതിന്റെ നിർദ്ധാരണത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു പ്രസ്ഥാനത്തിലെ

വിനീതസേവകനാണ് ഈയുള്ളവൻ. ഇസ്‌ലാമിന്റെ സ്വച്ഛമായ, അവികലമായ, അസ്സലായ രൂപം വെളിപ്പെടുത്തിക്കാണിക്കാൻ ഈ കാലഘട്ടത്തിൽ അവതീർണ്ണനായ ഒരു പ്രവാചകന്റെ, ഒരു നബിയുടെ, വാഗ്ദത്ത മഹ്ദീഇമാമിന്റെ പ്രസ്ഥാനമാണത്- അഹ്ദമിയ്യാ പ്രസ്ഥാനം!

അഹ്മദിയ്യാ പരിപ്രേക്ഷ്യത്തിലാണ് ഈ മറുപടി തയ്യാറാക്കിയിട്ടുള്ളത്. യുക്തിവാദി നേതാവ് ശ്രീ കലാനാഥൻ തന്റെ ആക്ഷേപങ്ങൾ പുസ്തകരൂപത്തിൽ ആവർത്തിച്ചിരിക്കുന്നു. അദ്ദേഹം ആക്ഷേപങ്ങളിൽ ഉറച്ചു നിൽക്കുകയാവാം! ഞാൻ ചർച്ച തുടരാൻ ആഗ്രഹിക്കുന്നു. എന്റെ മറുപടികൾക്കും പ്രത്യാക്ഷേപങ്ങൾക്കുമുള്ള അദ്ദേഹത്തിന്റെ പ്രത്യാഖ്യാനം കാണാൻ എനിക്ക് കൗതുകമുണ്ട്. സത്യം സ്വയം തിളങ്ങുന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ധിറുതിപ്പെട്ടെഴുതിയ മറുപടിയാണ് ധിറുതിപ്പെട്ടുതന്നെ പുസ്തകരൂപത്തിൽ ആദ്യപതിപ്പായി പുറത്തിറക്കിയത്. ചില മറുപടികൾ അല്പംകൂടി വിശദീകരിക്കുകയും ആമൂലാഗ്രം പുനശ്ശോധന ചെയ്കയും ഖുർആൻ വാക്യങ്ങൾ അപ്പടി അറബിയിൽത്തന്നെ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വിശദീകരിക്കേണ്ട വശങ്ങളുണ്ടാകാം. താത്വികകാര്യങ്ങൾക്ക് ഒറ്റവാക്കിൽ മറുപടി പറയാൻ ആവില്ലല്ലോ.

ഈ പതിപ്പിൽ അവിടവിടെ ചില അടിക്കുറിപ്പുകൾ ചേർത്തിട്ടുള്ളതു വായനക്കാർക്ക് സഹായകമാകുമെന്ന് കരുതുന്നു. രണ്ട് അനുബന്ധങ്ങൾകൂടി ഈ പതിപ്പിൽ ചേർത്തിട്ടുണ്ട്. സത്യദൂതനിൽ 1958-ൽ ഞാൻ എഴുതിയ കുറിപ്പുകളാണവ. ഇന്നത്തെ സാഹചര്യത്തിൽ പ്രസക്തങ്ങളാണെന്ന് തോന്നി. മുസ്‌ലിം കുടുംബജീവിതത്തിൽ കാണപ്പെടുന്ന വൈകല്യങ്ങളെയും ദുഷ്പ്രവണതകളെയും കുറിച്ചാണവ. തുലോം ഗുണകരമായിരുന്ന നിയമനിബന്ധനകൾ എങ്ങനെ വികൃതരൂപം പ്രാപിച്ചു ആക്ഷേപാർഹങ്ങളായി മാറിമറിഞ്ഞു എന്ന് അത് വ്യക്തമാക്കിത്തരുന്നു.

യുക്തിവാദികൾക്ക് മറുപടി പറയുന്ന കാര്യത്തിൽ ഒരു വിഷമം അനുഭവപ്പെടുന്നു. അവർക്കൊരു ആദർശമില്ല. ആദർശ

പുരുഷനും പ്രമാണയോഗ്യനുമായും ആരുമില്ല. ഏതു വിഷയവും ഏതു വീക്ഷണവും ഏതു വ്യക്തിയേയും അവർക്ക് വിമർശിക്കാം. ഒന്നിനോടും ആരോടും ആഭിമുഖ്യമോ ഉത്തരവാദിത്തമോ ഇല്ല. സ്വതന്ത്രമാണല്ലോ അവരുടെ വിമർശനം! അതുകൊണ്ട് മറുപടി പറയുമ്പോൾ എങ്ങനെ എന്തിനെ ആരെ ചൂണ്ടിപ്പറയും എന്നുള്ളതാണ് അലട്ടുന്ന പ്രശ്നം. യഹൂദർ തോറയും ക്രിസ്ത്യാനികൾ സുവിശേഷവും ഹിന്ദുക്കൾ വേദോപനിഷത്തുകളും ബൗദ്ധർ ത്രിപിടകവും പാർസികൾ ദസാത്തീറും പ്രമാണങ്ങളാക്കീട്ടുള്ളവരാകയാൽ അവയിൽ ഊന്നിനിൽക്കും. അതുകൊണ്ടാണ്, അഹ്‌ലുകിതാബിനോടും, ഗ്രന്ഥാനുസാരികളോടും നല്ലനിലയിൽ വിവാദം ചെയ്‌വിൻ എന്ന് ഖുർആനിൽ നിർദ്ദേശിച്ചത്. എന്തെന്നാൽ അടിസ്ഥാനദർശനത്തിൽനിന്ന് അവർക്ക് വ്യതിചലിക്കാനാവില്ല. യുക്തിവാദികൾ ഒന്നിലും ഊന്നിനിൽക്കുന്നവരല്ല. അഭിപ്രായം ഇരുമ്പുലക്കയല്ലല്ലോ!! ഒരു യുക്തിവാദിക്ക് ശരിയായിതോന്നുന്നത് മറ്റൊരു യുക്തിവാദി അംഗീകരിച്ചില്ലെന്നിരിക്കും. അതുകൊണ്ടാണ് ഞാൻ മാർക്സിസത്തെയും കമ്മ്യൂണിസ്റ്റുകാരനെയും സോവ്യറ്റ്റഷ്യയേയും മറുപടിയിൽ കുറിയാക്കിയത്. നിർമ്മതത്വവും നാസ്തികവാദവും പ്രായോഗികജീവിതത്തിൽ പകർത്തിക്കാണിച്ചത് അവരല്ലേ, അവിടമല്ലേ? കമ്മ്യൂണിസ്റ്റുകാരൻ ചെയ്യുന്നതും സോവ്യറ്റ്റഷ്യയിൽ നടക്കുന്നതും തങ്ങൾക്ക് ബാധകമല്ലെന്ന് യുക്തിവാദികൾ അഥവാ സഖാവ് കലാനാഥൻ പറഞ്ഞൊഴിഞ്ഞാൽ ഞാൻ കുഴഞ്ഞതുതന്നെ! പക്ഷെ, പ്രായോഗികയുക്തിവാദം പിന്നെ എവിടെയാണുള്ളത്? കേവലമായ ധൈഷണികവ്യായാമത്തിന് എന്തു പ്രസക്തി? നിഷേധവാദം സംഹാരപരമാണ്.

ഞാൻ ഉള്ളുറപ്പോടെ വിശ്വസിക്കുന്ന കാര്യങ്ങളാണ് ഇതിൽ വിവരിച്ചിട്ടുള്ളത്. തെറ്റുകൾ ഉണ്ടാവാം. അറിവുള്ളവർ അവ ചൂണ്ടിക്കാണിച്ചുതന്നാൽ ഞാൻ നന്ദിയുള്ളവനായിരിക്കും.

കണ്ണൂർ

–എൻ. അബ്ദുർറഹീം

## ആമുഖം

തലശ്ശേരിയിലെ അഹ്മദിയ്യാ ഇൻഫർമേഷൻ സർവ്വീസ് 1978 ജൂൺ 10-ന് അച്ചടിച്ചിറക്കിയ ഒരു ചോദ്യാവലി ചർച്ചചെയ്തശേഷം കേരള യുക്തിവാദിസംഘം ജനറൽ സിക്രട്ടറി ശ്രീ. യു.കലാനാഥൻ, യുക്തിവാദി പ്രചാരണവേദിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'യുക്തിവിചാരം' മാസികയിൽ എഴുതിയ ഒരു പ്രത്യാഖ്യാനത്തിൽ, 'ഞാൻ എന്തുകൊണ്ട് ഇസ്ലാം അംഗീകരിക്കുന്നില്ല' എന്നൊരു ചോദ്യം സ്വയം ഉന്നയിക്കുകയും ഇസ്ലാമിനെപ്പറ്റി ഏതാനും ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയുമുണ്ടായി. ഒട്ടേറെ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാണ് പ്രസ്തുത ആക്ഷേപങ്ങളെങ്കിലും അദ്ദേഹംതന്നെ പന്ത്രണ്ട് ആക്ഷേപങ്ങളായി അവയെ ഇനം തിരിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത ആക്ഷേപങ്ങൾക്ക് കേരളഅഹ്മദിയ്യാ കേന്ദ്രസമിതി ജനറൽ സിക്രട്ടറി എന്ന നിലയിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ മലയാള മുഖപത്രമായ 'സത്യദൂത' നിൽ അതിന്റെ പത്രാധിപരായിരുന്നപ്പോൾ, ഞാനെഴുതിയ മറുപടിയാണിത്. പത്ത് ആക്ഷേപങ്ങൾക്കുള്ള മറുപടി 'സത്യദൂത'നിൽ പ്രസിദ്ധപ്പെടുത്തിയെങ്കിലും ബാക്കി പ്രസിദ്ധപ്പെടുത്താൻ ചില പ്രത്യേക സാഹചര്യങ്ങളാൽ സാദ്ധ്യമല്ലാതെ വന്നു. അവയുൾക്കൊള്ളിച്ചു മറുപടി പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്താനാവുമെന്ന് കരുതി ഒരു പരസ്യം കൊടുത്തിരുന്നുവെങ്കിലും നാളിതുവരെ പുസ്തകം പുറത്തിറക്കാനൊത്തില്ല. ദുർബ്ബലമായ അച്ചടിച്ചെലവ് കാരണം പുസ്തകപ്രസിദ്ധീകരണം മാറ്റിവെക്കേണ്ടിവരികയാണുണ്ടായത്. തെക്കേമലബാറിലെ ഊർജ്ജസ്വലനായ അഹ്മദിയ്യാപ്രവർത്തകനും ഉദാരമനസ്കനുമായ എന്റെ ബഹുമാന്യസുഹൃത്ത്

ജനാബ് സി.കെ. അലവി സാഹിബിന്റെ സഹായസഹകരണങ്ങളാലാണ് ഇതിപ്പോൾ വെളിച്ചം കാണുമാറായത്.

യുക്തിവാദികൾ പുറംപരതികളാണെന്നും ആണ്ടുമുങ്ങാനും ആഴത്തിൽ തപ്പാനും അവർ പ്രാപ്തരല്ലെന്നും നെഹ്റു ഒരിക്കൽ പറയുകയുണ്ടായിട്ടുണ്ട്. ഇത് എത്രയും പരമാർത്ഥമാണെന്നാണ് യുക്തിവാദികളുടെ വിമർശനങ്ങൾ വായിച്ചപ്പോഴൊക്കെയും എനിക്ക് തോന്നീട്ടുള്ളത്. യുക്തിവാദികൾ എന്ന് അവർ സ്വയം വിളിച്ചുവരുന്നതുകൊണ്ട് അവരെ യുക്തിവാദികളെന്നു നാമും വിളിക്കുന്നു എന്നല്ലാതെ യുക്തിയും അവരുടെ വാദവുമായി വലിയ ബന്ധമൊന്നുമുണ്ടാകാറില്ല.

ശ്രീ. യു. കലാനാഥന്റെ പന്ത്രണ്ട് ആക്ഷേപങ്ങൾക്കും ഞാനിതിൽ മറുപടി നൽകിയിരിക്കുന്നു. എന്റേതായ എളിയമട്ടിൽ. ഇത് മറുപടിയാകുന്നുണ്ടോ എന്ന് തീരുമാനിക്കേണ്ടത് വായനക്കാരാണ്. ആക്ഷേപങ്ങൾ ആർക്കും എത്രയെങ്കിലും പുറപ്പെടുവിക്കാം. ചോദ്യങ്ങളുടെ എണ്ണം കൂട്ടാം. മറുപടി പറയുക അത്രയും ലാഘവമായിട്ടുള്ളതല്ലല്ലോ!

യുക്തിവിചാരം അതേലക്കത്തിൽ (ആഗസ്റ്റ് 18) പ്രത്യക്ഷപ്പെട്ട ഒരു പത്രാധിപക്കുറിപ്പിന്നു മറുപടിയായി 'സത്യദൂത'നിൽ 'ആരാണ് രോമപൂജകർ?' എന്ന തലക്കെട്ടിൽ ഞാനെഴുതിയ കുറിപ്പ് ഇതിൽ ഒരനുബന്ധമായി ചേർത്തിട്ടുള്ളത് യുക്തിവാദികളുടെ വിമർശനങ്ങൾ എത്രത്തോളം അന്തസ്സാരശൂന്യമാകുന്നുവെന്നു തെളിയിച്ചുകാണിക്കാനാണ്.

ഈ മറുപടിയുടെ മിക്ക ഭാഗങ്ങളും എന്റെ വന്ദ്യമാതുലൻ ജനാബ് എൻ. ഹാമിദ് സാഹിബ് വായിച്ചുകേൾക്കുകയും വിലയേറിയ നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായിട്ടുണ്ട്. എന്നെ സഹായിച്ച എല്ലാവർക്കും അകമഴിഞ്ഞ നന്ദി!

കണ്ണൂർ

–എൻ. അബ്ദുർറഹീം

# ഇസ്ലാം പ്രബുദ്ധതയുടെ മതം

**യു**ക്തിവാദിസംഘം സംസ്ഥാന സിക്രട്ടറി ശ്രീ. യു. കലാനാഥൻ ഇസ്ലാമിനെക്കുറിച്ച് പുറപ്പെടുവിച്ച ആക്ഷേപങ്ങൾ ഓരോന്നും ഞാൻ ചുവടെ ഉദ്ധരിച്ചു അവയ്ക്ക് മറുപടി നൽകിക്കൊള്ളാം.

## മൂല്യങ്ങൾ

ആക്ഷേപം: 1 കേവലം മതപരമായ ആധികാരികതയെ- അല്ലാഹു പറഞ്ഞതാണെന്ന ഒരൊറ്റ കാണത്താൽ- മാത്രം ആധാരമാക്കി എല്ലാ കാര്യങ്ങളും വിശ്വസിക്കണമെന്ന് ഇസ്ലാം നിർബ്ബന്ധിക്കുന്നതിനാലും (25:6) വിശ്വസനീയമായ ശാസ്ത്രീയവസ്തുതകളെ മതതത്ത്വങ്ങളുടെ മൂല്യനിർണ്ണയത്തിന് ഉപയോഗിക്കാൻ അനുവദിക്കാത്തതിനാലും ഇസ്ലാം സ്വീകാര്യമല്ല.

ഉദാഹരണം:- പരലോകവിശ്വാസം ശാസ്ത്രീയവസ്തുതകളുടെ തെളിവുള്ളതല്ല. ബർസഖും അന്ത്യദിനവും സ്വർഗ്ഗനരകങ്ങളും എല്ലാം വിശ്വസിക്കേണ്ടതു അല്ലാഹു പറയുന്നു എന്നതിനാലാണ്. (26:192)

**മറുപടി:-** ദൈവം സർവ്വജ്ഞനാണെന്നാണ് മുസ്ലിംകൾ വിശ്വസിക്കുന്നത്. ഖുർആൻ സിദ്ധാന്തിക്കുന്നതും അപ്രകാരം തന്നെ. ആകയാൽ, സർവ്വജ്ഞനായ ദൈവത്തിന്റെ വചനങ്ങളിൽ ദൈവം പറഞ്ഞു എന്ന ഒറ്റക്കാരണത്താൽ വിശ്വാസം കൊള്ളുന്നതിൽ ഒരു യുക്തിഭംഗവും ഇല്ല. സർവ്വജ്ഞനായ ദൈവത്തിന്റെ വച

നങ്ങളിൽ അവ ദൈവവചനങ്ങളാണെന്ന് ഉറപ്പുവരുത്തിക്കഴിഞ്ഞശേഷം സംശയിക്കുന്നതും അവിശ്വസിക്കുന്നതും യുക്തിയ്ക്ക് ചേരുന്നതല്ല.

പിന്നെ, ദൈവം സർവ്വജ്ഞനാണോ എന്നും, സർവ്വജ്ഞനായ ദൈവത്തിന്റെ വചനം തന്നെയാണോ എന്നും ഉള്ളതാണ് പ്രശ്നം. ദൈവം ആണെങ്കിൽ സർവ്വജ്ഞനുമായിരിക്കണം. എന്തെന്നാൽ, ദൈവം സർവ്വശക്തനും സർവ്വവ്യാപിയും സർവ്വാന്തര്യാമിയും എന്നല്ല, സകലശക്തികളുടേയും ആത്യന്തികഭാവവും ആയിരിക്കണമെന്നതിനാൽ അനിർവ്വാര്യമായും സർവ്വജ്ഞനുമായിരിക്കണം. ദൈവത്തിന്റെ സൽഭാവത്തിൽ വിശ്വസിക്കുന്നവർ അവന്റെ ഈ ഗുണങ്ങളിലെല്ലാം വിശ്വസിക്കാൻ യുക്തിപരമായി നിർബ്ബന്ധിതരാണ്. അപ്പോൾ, അല്ലാഹു പറഞ്ഞതാണെന്ന ഒരൊറ്റ കാരണത്താൽ, മതപരമായ ആധികാരികതയെ മാത്രം അടിസ്ഥാനമാക്കി ഒരു കാര്യത്തിൽ ഒരു മുസ്ലിം വിശ്വസിക്കുന്നതിൽ തെറ്റില്ല. യുക്തിഭംഗവുമില്ല.

രണ്ടാമത്തെ പ്രശ്നം ദൈവം പറഞ്ഞതു തന്നെയാണോ എന്നതാണ്. അത് ഉറപ്പുവരുത്തേണ്ടതുണ്ട്. ദിവ്യവചനങ്ങളുടെ സത്യം നിർണ്ണയിക്കുന്നതിന് യുക്തിമൂല്യങ്ങളെ ഉപയോഗപ്പെടുത്താം. ഖുർആൻ ദിവ്യവചനങ്ങളാണെന്നതിലേക്ക് അതുതന്നെ ചില യുക്തിന്യായങ്ങൾ ഉന്നയിക്കുന്നുണ്ട്. യുക്തിപരമായി ചിന്തിക്കുന്ന ഏതൊരാളേയും ബോദ്ധ്യപ്പെടുത്താൻ പോരുന്നതാണ് അവ. അങ്ങനെ ബോദ്ധ്യപ്പെട്ടവരാണ് അതിൽ വിശ്വസിച്ചവർ. ആ പ്രമാണങ്ങളനുസരിച്ച് ഒരിക്കൽ ഖുർആൻ സർവ്വജ്ഞനായ ദൈവത്തിന്റെ വചനങ്ങളാണെന്ന് ബോദ്ധ്യം വരുത്തിക്കഴിഞ്ഞാൽ, മതതത്ത്വങ്ങളുടെ മൂല്യനിർണ്ണയത്തിനു ആ ദിവ്യവചനങ്ങളെ തന്നെയാണ് അവലംബമാക്കേണ്ടത്.

വിശുദ്ധഖുർആൻ ആരംഭിക്കുന്നത് الٓمٓ ‘അലിഫ്, ലാം, മീം’ എന്നീ അക്ഷരത്രയങ്ങൾ കൊണ്ടാണ്. ഈ അക്ഷരങ്ങൾ ‘അനല്ലാഹു അഅ്ലം’ ഞാൻ സർവ്വജ്ഞനായ അല്ലാഹു ആകുന്നു എന്ന വാചകത്തിന്റെ ചുരുക്കമാണ്. അല്ലാഹു സർവ്വജ്ഞനായതുകൊണ്ട് ഗ്രന്ഥം ആധികാരികമാണ്, പ്രാമാണികമാണ്. ഖുർആൻ തുടരുന്നു.

“ഇതാണ് യഥാർത്ഥമായ, സത്യമായ, പ്രാമാണികമായ ഗ്രന്ഥം. ഇതിൽ യാതൊരു സംശയവും ഇല്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗ്ഗദർശനമാണിത്.” ആധികാരിക ഗ്രന്ഥമായിരിക്കുന്നതിനാൽ സന്ദേഹവാദത്തിനു അതിൽ സ്ഥാനമില്ല. അതിനാൽ, സൂക്ഷ്മത പാലിക്കുന്നവർക്ക് അത് മാർഗ്ഗദർശനമാണ്. അത് സന്മാർഗ്ഗദർശന മാണെന്നതിലേക്കുള്ള തെളിവാണ് തുടർന്നു പറയുന്നത്. هُمُ الْمُفْلِحُونَ അവർ തന്നെയാണ് വിജയിക്കുന്നവർ’’ (2:6) എന്നുവച്ചാൽ ഖുർആനെ മാർഗ്ഗദർശനമായി സ്വീകരിക്കുന്നവർ വിജയികളായിരിക്കുമെന്നുതന്നെ. നബിതിരുമേനി അത് തെളിയി ച്ചുകാണിച്ചു. ലോകത്ത് മറ്റാർക്കും കിട്ടിയിട്ടില്ലാത്ത വിജയം ഖുർ ആനെ മാർഗ്ഗദർശനമായി സ്വീകരിച്ചു സൂക്ഷ്മത പാലിച്ച സത്യവി ശ്വാസികൾക്ക് കിട്ടി. ഏറ്റവും അപരിഷ്കൃതരായിരുന്ന ജനത ലോക ത്തിന്റെ ജേതാക്കളും നേതാക്കളുമായി മാറിയപ്പോൾ ഖുർആന്റെ പ്രസ്താവന സാധൂകരിക്കപ്പെടുകയും ചെയ്തു. പിന്നെന്തിന് ദൈവ വചനങ്ങളെ സംശയിക്കണം?

ശാസ്ത്രീയ തത്ത്വങ്ങളുടെ ആധികാരികതയെ ശാസ്ത്ര ജ്ഞൻ പറഞ്ഞു എന്ന ഒറ്റക്കാരണത്താൽ വിശ്വസിക്കണമെന്ന് യുക്തിവാദി നേതാവ് പറഞ്ഞാൽ അത് സ്വീകാര്യമല്ല. കാരണം, ശാസ്ത്രജ്ഞൻ സർവ്വജ്ഞനല്ല എന്നതുതന്നെ. ശാസ്ത്രജ്ഞൻ സർവ്വജ്ഞനാണെന്ന് ശാസ്ത്രജ്ഞർക്കുതന്നെ അവകാശവാദമി ല്ലല്ലോ! ശാസ്ത്രജ്ഞൻ സർവ്വജ്ഞനല്ലെന്ന് യുക്തിവാദിയും സമ്മ തിക്കും. എന്തെന്നാൽ, പല ശാസ്ത്രീയതത്ത്വങ്ങളും അനന്തരകാ ലത്ത് തിരുത്തേണ്ടിയും തള്ളേണ്ടിയും വന്നിട്ടുണ്ട്. പലതും തെറ്റാ ണെന്ന് ശാസ്ത്രജ്ഞൻ തന്നെ തെളിയിച്ചുകാട്ടി! മാർക്സിസമനു സരിച്ച് സത്യം എന്നൊന്നില്ല. എല്ലാ തത്ത്വങ്ങളും സത്യങ്ങളും മാറു ന്നു. ചലനനിയമം മാത്രമെ സ്ഥിരമായിട്ടുള്ളൂ.

ശാസ്ത്രജ്ഞൻ പറയുന്നതനുസരിച്ച് ദൈവവചനങ്ങൾ തിരു ത്തിക്കൊണ്ടിരിക്കാൻ പറ്റില്ല. മറിച്ച്, ദൈവവചനം സാധൂകരിക്ക പ്പെടുന്നതിനുവേണ്ടി ശാസ്ത്രജ്ഞന്റെ നിഗമനങ്ങളും കണ്ടുപിടി ത്തങ്ങളും തിരുത്തിക്കൊണ്ടിരിക്കേണ്ടിവരും. അതുകൊണ്ടുതന്നെ ശാസ്ത്രീയതത്ത്വങ്ങൾ പലതും ദൈവവചനങ്ങൾക്ക് എതിരായി

കാണപ്പെട്ടേക്കാം. അതിന്റെ സത്യം പിന്നീട് കണ്ടെത്തുന്നതിനു വേണ്ടി! ശാസ്ത്രീയതത്ത്വങ്ങൾക്കനുസരിച്ച് ദൈവവചനങ്ങൾ മാറ്റാൻ തുടങ്ങിയാൽ, അത് ദൈവവചനമായി അവശേഷിക്കുക യില്ല. അതുകൊണ്ട് അക്ഷമ കാട്ടാതെ, അസഹിഷ്ണുവാകാതെ കൂടുതൽ ഗവേഷണങ്ങളിൽ ഏർപ്പെടുകയാണ് ശാസ്ത്രജ്ഞന്റെ കടമ. മതം ദൈവത്തിന്റെ വചനവും ശാസ്ത്രം ദൈവത്തിന്റെ കർമ്മ വുമാണ്. ദൈവത്തിന്റെ പ്രവൃത്തിയുടെ വിശദീകരണവും വ്യാഖ്യാ നവുമാണ് ശാസ്ത്രം. ആകയാൽ, ശാസ്ത്രം മതത്തിന്റെ പരിധിയി ലേക്ക് അതിക്രമിച്ച് കടക്കേണ്ടതില്ല.

പരലോകം, 'ബർസഖ്' സ്വർഗ്ഗനരകങ്ങൾ ഇവയ്ക്ക് ശാസ്ത്രീയ വസ്തുതകളുടെ തെളിവില്ല എന്നാണ് ശ്രീ. കലാനാഥൻ പറയുന്നത്. ഇക്കാര്യങ്ങൾ ശാസ്ത്രത്തിന്റെ പരീക്ഷണ പരിധിയിൽ പെട്ടതല്ലെ ന്നതാണ് പരമാർത്ഥം. ഭൗതികവസ്തുക്കളുടെ ചലനനിയമങ്ങളാണ് ശാസ്ത്രം. എന്നിരിക്കെ, പരലോകജീവിതം ഇല്ലെന്ന് ശാസ്ത്രജ്ഞൻ തെളിയിച്ചു കാട്ടുന്നതെങ്ങനെ? പരലോകം ഭൗതികമേ അല്ലാതി രിക്കെ പരലോകവിശ്വാസത്തിന് തെളിവില്ല എന്ന് പറയുന്നത് സ്വീകാ ര്യമല്ല. പരലോകവും ബർസഖും, സ്വർഗ്ഗനരകങ്ങളും ആത്മീയസ ത്യങ്ങളാകയാൽ ആത്മീയമായ തെളിവുകളാണ് ആവശ്യമായി വരി ക.

എന്നാൽ, പല യുക്തിവാദികളും ശാസ്ത്രജ്ഞന്മാരും പര ലോകത്തിൽ വിശ്വസിക്കുന്നവരാണെന്നതാണ് പരമാർത്ഥം. യുക്തി വാദികളുടെ മഹാചാര്യനായ തോമസ് പെയിൻ തന്റെ വിശ്രുതമായ Age of Reason എന്ന പുസ്തകത്തിന്റെ തുടക്കത്തിൽത്തന്നെ പറ യുന്നത്, I believe on one god and no more and I hope happiness beyond this life "ഞാൻ ഒരു ദൈവത്തിൽ വിശ്വസിക്കുന്നു; അത്ര മാത്രം. പിന്നെ ഈ ലോകത്തിന്നപ്പുറവും ഞാൻ സുഖം ആഗ്രഹി ക്കുകയും ചെയ്യുന്നു." എന്നാണ്.[1]

ഈസാനബി (യേശുക്രിസ്തു) പിതൃരഹിതനായാണ് ജനിച്ച തെന്ന് (Virgin birth) അല്ലാഹു ഖുർആനിൽ പറഞ്ഞു എന്നതുകൊ ണ്ടുമാത്രം മുസ്‌ലിംകൾ അപ്രകാരം വിശ്വസിച്ചുപോന്നു. ശാസ്ത്ര

1. Age of Reason- Thomas Paine, p. 9

ദൃഷ്ട്യാ ശുദ്ധഅസംബന്ധമായിരുന്നു ഇത്! എന്നാൽ, ഇന്ന് ഇത് അസംബന്ധമല്ല. മനുഷ്യരിലും കന്യകാപ്രസവം (Parthenogenesis) സംഭാവ്യമാണെന്ന് ഈ വിഷയത്തിൽ പ്രത്യേകപഠനവും ഗവേഷണവും നടത്തിയ ഡോക്ടർ മിസ്സിസ് ഹെല്ലൻ സ്പർവെ (Mrs. J.B.S. Haldane) തെളിയിച്ചുകാട്ടുകയും ഇംഗ്ലണ്ടിലെ സുപ്രസിദ്ധ ശാസ്ത്ര മാസികയായ 'ലാൻസ'റ്റിൽ[2] അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. രക്തപരിശോധന മുഖേന ഈ യാഥാർത്ഥ്യം തെളിയിക്കാവുന്നതിനാൽ, ഈ സംഗതി വെട്ടിത്തുറന്നു പറയാൻ ഒരു യുവതിയും ഇനി മടിക്കേണ്ടതില്ലെന്നും അവർ പ്രഖ്യാപിക്കുകയുണ്ടായി.*

യേശു കുരിശിന്മേൽ മരിച്ചിട്ടില്ലെന്നും അദ്ദേഹവും മാതാവും ശുദ്ധജലസമൃദ്ധമായ ഒരുന്നതപ്രദേശത്ത് രക്ഷപ്പെടുകയാണുണ്ടായതെന്നും മറ്റുമുള്ള കാര്യങ്ങൾ ഖുർആനിൽ പറഞ്ഞു എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം വിശ്വസിക്കപ്പെട്ടുപോന്നു. ഇതാകട്ടെ, നിലവിലുള്ള ചരിത്രങ്ങൾക്കും യഹൂദക്രൈസ്തവപാരമ്പര്യങ്ങൾക്കും അവരുടെ മതവിശ്വാസങ്ങൾക്കും എല്ലാം എതിരായിട്ടുള്ളതും! എന്നാൽ, "അല്ലാഹു പറഞ്ഞു എന്നതുകൊണ്ടുമാത്രം" ഇവയിൽ വിശ്വാസം കൊണ്ടിട്ടുള്ളവർ ആ വിശ്വാസത്തിന്റെ വിജയം ഇന്ന് ആഘോഷിക്കുന്നു. ശ്രീ. കലാനാഥനും യുക്തിവാദികൾക്കും

---

2. Lancet (Lond) Nov 5, 1955, p. 967,968. * Sensible inquirers do not say that a virgin birth is inherently impossible or inconceivable- (Life of Jesus, C.J. Cadoux DD, p. 28) ഇതുസംബന്ധിച്ചുള്ള പത്രറിപ്പോർട്ട് ഇപ്രകാരമാണ്: "പുരുഷസ്പർശമേൽക്കാതെതന്നെ കന്യകകളിൽ ഗർഭോൽപാദനം സാദ്ധ്യമാണെന്ന് ശാസ്ത്രീയഗവേഷണങ്ങൾ തെളിയിച്ചിരിക്കുന്നു. അച്ഛനില്ലാതെ ജന്മമെടുത്ത കുട്ടിയുടെ യാഥാർത്ഥ്യം ഈവിധത്തിൽ തെളിയിക്കാൻ സാധിക്കും. പുരുഷബീജവുമായുള്ള സങ്കലനമില്ലാതെ ഗർഭോൽപാദനം സാദ്ധ്യമാണോ എന്നതിനെപറ്റി വാദപ്രതിവാദം ആരംഭിച്ചിട്ട് കാലം കുറേയായി. മതപരമായ ചില പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണത്രെ ഈ വിഷയം. വൈദ്യമണ്ഡലത്തിലെ ഡോക്ടർ ഹെല്ലൻസ്പർവെ കന്യകാപ്രസവം സാദ്ധ്യമാണെന്നാണ് പറയുന്നത്. ഒരു ലക്ചററും പ്രൊഫസർ ജെ.ബി.എസ്. ഹാൾഡെയിന്റെ ഭാര്യയുമാണിവർ. മനുഷ്യരുൾപ്പെടെ മുലപ്പാൽ കുടിച്ചുവളരുന്ന ജീവികളുടെ ഗർഭോൽപാദനസാദ്ധ്യതയെപ്പറ്റി അവർ പഠനം നടത്തി.

"മനുഷ്യരിൽ ഇത്തരത്തിലുള്ള സംഭവം വിരളമായിരിക്കും. അഥവാ ഭർത്താക്കന്മാരുമായി ജീവിക്കുന്ന സ്ത്രീകളിൽ ഇതുണ്ടായാൽത്തന്നെ കണ്ടുപിടിക്കാൻ വിഷമവുമായിരിക്കും. ഈ വിധത്തിലുണ്ടാകുന്ന കുട്ടികൾ സ്ത്രീകളാവാനാണ് സാദ്ധ്യത. അഥവാ അസാധാരണപ്രകൃതിയോടുകൂടിയ പുരുഷൻ ആയിരിക്കും

ഇതിൽ എന്താണ് പറയാനുള്ളത്?

## 'തലാഖ്'- വിവാഹമോചനം

ആക്ഷേപം:-2 മരണമടഞ്ഞ തലമുറകളുടെ അഭിപ്രായങ്ങൾ കൊണ്ട് ജീവിച്ചിരിക്കുന്ന ജനങ്ങളെ ഭരിക്കുവാനാണ് ഇസ്‌ലാം ശ്രമിക്കുന്നത്. ജീവിച്ചിരിക്കുന്ന വ്യക്തികളുടെ അനുഭവങ്ങളെ അത് മാനിക്കുന്നില്ല.

ഉദാഹരണം:- ഭാര്യ അറിയാതെ മൂന്നുതവണ തലാഖ് ചൊല്ലിയാലും വിവാഹം ദുർബ്ബലമാകുന്ന നിയമം ജീവനുള്ള മനുഷ്യസ്ത്രീകളെ ഉപഭോഗപദാർത്ഥങ്ങളായി തരം താഴ്ത്തുന്നതിനും കഷ്ടപ്പെടുത്തുന്നതിനും കാരണമാക്കുകയാണ്. യൂനിഫോം സിവിൽകോഡിനെ എതിർക്കാനും ഇവിടെ ശരീഅത്ത് ഉപകരണമാണല്ലോ!

**മറുപടി:-** മരണമടഞ്ഞവർ ഉയർത്തിപ്പിടിച്ച ശാശ്വതസത്യങ്ങൾ ജീവിച്ചിരിക്കുന്ന തലമുറയിൽ സ്വാധീനം ചെലുത്തുന്നുവെങ്കിൽ തടയാനാവില്ല. യുഗങ്ങളിലൂടെ അനുഭവപരമായി തെളിയിക്കപ്പെട്ട സത്യങ്ങളെയാണ്, എക്കാലവും തെളിയിക്കാവുന്ന ശാശ്വതസത്യങ്ങളെയാണ് മതം അഥവാ ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്നത്.

ഭാര്യയറിയാതെ മൂന്നുതവണ തലാഖ് ചൊല്ലിയാലും വിവാഹം ദുർബ്ബലമാകുന്ന നിയമം ഇസ്‌ലാമിലില്ല. ശ്രീ. കലാനാഥൻ വിവരക്കേട് വിളമ്പുന്നു. ഇസ്‌ലാമിലെ വൈവാഹിക കുടുംബനിയമങ്ങളെക്കുറിച്ച് അദ്ദേഹം കൂടുതൽ പഠിക്കണം. വയറ്റുപിഴപ്പിനുവേണ്ടി ഏതെങ്കിലും ഖാസിയാരോ മൊയില്യാരോ കാണിക്കുന്ന കുസൃതിത്തരങ്ങളോ ഖുർആന്റെ വ്യക്തമായ വിധികൾ അവഗണിച്ച്

"കന്യകാപ്രസവമാണോ എന്നറിയാനുള്ള എളുപ്പവഴി രക്തം പരിശോധിക്കലാണ്. കാരണം അമ്മയുടെ രക്തം മാത്രമാണല്ലോ കുട്ടികളിലുണ്ടായിരിക്കുക." (മാതൃഭൂമി, 9.11.55, ചന്ദ്രിക, 10.11.55)

'ലാൻസറ്റ്' പത്രം പറയുന്നു: "അവിവാഹിതരായ അമ്മമാരിൽ ചിലർ നേരു പറയുകയായിരുന്നിരിക്കാം. അവരുടെ ശാഠ്യം വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ പുച്ഛിക്കപ്പെടുകയോ അതിവിചിത്രമായ സംഭവമായി സമകാലീനന്മാരാൽ രേഖപ്പെടുത്തപ്പെടുകയോ ആണുണ്ടായത്. കന്യകാപ്രസവം തന്നെയോ എന്ന് സംശയാതീതമായി തെളിയിക്കാൻ ഇന്ന് സാധിക്കുമെന്നതിനാൽ ഇത്തരത്തിൽ പ്രസവിച്ച കന്യകകൾ തങ്ങളുടെ നിലയെ കൂടുതൽ ആത്മവിശ്വാസത്തോടുകൂടി പ്രഖ്യാപനം ചെയ്യുന്നതിന് ഇനി മടിക്കേണ്ടതില്ലെന്നു ഡോക്ടർ സ്പർവെ പറയുന്നു. 16 ലക്ഷം സ്ത്രീകളിൽ ഒരാൾ ഇപ്രകാരം പുരുഷസ്പർശം കൂടാതെ പ്രസവിക്കാനിടയുണ്ടെന്ന് അവർ പറയുന്നു." (Indian Express, Nov. 10, 1955)

സ്വാർത്ഥംഭരികൾ പടച്ചുണ്ടാക്കിയ ചട്ടങ്ങളോ അല്ല ഇസ്ലാമികനിയമങ്ങൾ. ഖുർആനാണ് മുസ്ലിംകളുടെ പ്രമാണഗ്രന്ഥം. നാടോടിക്കഥകളല്ല, നിയമങ്ങൾക്കാധാരമായ പ്രമാണവാക്യങ്ങളാണ് കേൾക്കേണ്ടത്.

'ശരീഅത്ത് നിയമങ്ങൾ' എന്ന പേരിൽ ഉണ്ടാക്കിയ മുസ്ലിം വ്യക്തിനിയമം (Muslim Personal Law) ഇസ്ലാം ശരീഅത്തിനെ പൂർണ്ണമായും പ്രതിനിധാനം ചെയ്യുന്നു എന്ന് പറയുന്നത് ശരിയല്ല. ഇസ്ലാമികമല്ലാത്ത ചില വശങ്ങൾ അതിലുണ്ട്. എല്ലാവരും അംഗീകരിക്കുന്ന പരമാർത്ഥമാണിത്. ആ അപാകം ചൂണ്ടിക്കാട്ടി ഇസ്ലാംമതസിദ്ധാന്തങ്ങളെയും ഖുർആനെയും വിമർശിക്കാൻ പറ്റില്ല. ഇസ്ലാംമതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെ മുൻനിറുത്തിയാണ് താത്ത്വിക വിവാദം നടത്തേണ്ടത്.

ഇസ്ലാമിലെ വിവാഹമോചനനിയമത്തെപറ്റി തെറ്റുധാരണകളും അവയെ അടിസ്ഥാനമാക്കി ഒട്ടേറെ ആക്ഷേപങ്ങളും നിലിനിൽക്കുന്നുണ്ട്. സുബോധമില്ലാതെയും തോന്നിയപോലെയും എപ്പോഴെന്നില്ലാതെയും ഭാര്യയെ മൊഴിചൊല്ലിപ്പിരിക്കാൻ ഇസ്ലാമിൽ പുരുഷനു സ്വാതന്ത്ര്യമുണ്ടെന്നും, ഭാര്യ അറിയാതെ അവളെ കയ്യൊഴിച്ചതായി മൂന്നുവട്ടം പുരുഷൻ പറഞ്ഞാൽ വിവാഹമോചനമാകുമെന്നും മറ്റുമാണ് പൊതുവെ പുലർത്തിപ്പോരുന്ന ധാരണ. വിവാഹമോചനം ഒരു പരിതസ്ഥിതിയിലും അനുവദിക്കാത്ത സമൂഹത്തിൽപെട്ടവർ ഇസ്ലാമിലെ വിവാഹമോചന സ്വാതന്ത്ര്യത്തെ വികൃതമായി വിവരിക്കുകയും, 'മൂന്നു തുപ്പലിന്റെ ബന്ധം' ആയി അതിനെ ചിത്രീകരിക്കുകയും ചെയ്യുന്നു. വിവാഹമോചനസ്വാതന്ത്ര്യത്തെ മുസ്ലിംകൾ വളരെയേറെ ദുരുപയോഗപ്പെടുത്തീട്ടുള്ളതും ഇസ്ലാമിനെ തെറ്റുധരിക്കാൻ കാരണമായിട്ടുണ്ട്. ഇതുസംബന്ധിച്ച ഇസ്ലാമിന്റെ യഥാർത്ഥപാഠമെന്തെന്നു പഠിക്കാനും പരിശോധിക്കാനും അധികമാരും മിനക്കെടാറില്ലെന്നതാണ് സത്യം. യുക്തിവാദികളാണെങ്കിൽ മതത്തിൽ ഒരു നന്മയുമില്ലെന്ന മുൻവിധിക്കാരാകയാൽ ഒരിക്കലും സത്യം അംഗീകരിക്കാൻ തയ്യാറാകാറുമില്ല.

ഇസ്ലാമിക നിയമനിർദ്ദേശങ്ങളെന്നോണം മുസ്ലിംകൾ അനുവർത്തിച്ചുപോരുന്ന സമ്പ്രദായങ്ങളും ആചാരങ്ങളുമെല്ലാം

യഥാർത്ഥത്തിൽ ഇസ്ലാമികമാണെന്നോ മുസ്ലിംനിയമങ്ങളായി കരുതിപ്പോരുന്നതെല്ലാം ഖുർആനികമാണെന്നോ വിചാരിച്ചുകൂടാത്തതാണ്. വിവാഹം, വിവാഹമോചനം, ദായക്രമം മുതലായ വിഷയങ്ങളിൽ വിവിധ മുസ്ലിംകക്ഷികൾ വ്യത്യസ്ത പ്രദേശങ്ങളിൽ വിഭിന്നനിയമങ്ങൾ സ്വീകരിച്ചുപോന്നിട്ടുണ്ട്. ആ നിയമങ്ങളെല്ലാം ഇസ്ലാമികങ്ങളല്ല. മറ്റു നിയമങ്ങളുടെ സ്വാധീനത്തിലും, ചില പ്രാദേശിക സാമൂഹികനിർബന്ധങ്ങളാലും മുസ്ലിംകുടുംബനിയമങ്ങൾ പല രൂപമാറ്റങ്ങൾക്കും വിധേയമായിരുന്നിട്ടുണ്ട്. നിരുപദ്രവങ്ങളെന്നുവെച്ചു സ്വീകരിച്ച ചില മര്യാദകൾ ഇസ്ലാമിന്റെ തത്ത്വങ്ങൾക്കെതിരായവിധം കാലക്രമത്തിൽ മാറിത്തിരിഞ്ഞു പോകയാണുണ്ടായത്. വടക്കെമലബാറിൽ അടുത്തകാലംവരെ മുസ്ലിംകൾ മരുമക്കത്തായം അംഗീകരിച്ചുപോന്നിരുന്നു. 1937–ൽ 'ശരീഅത്ത് നിയമം' പ്രാബല്യത്തിൽ വന്നതോടെ മാത്രമാണ് മക്കത്തായം നിലവിൽ വന്നത്. ഭർത്താവ് ഭാര്യാഗൃഹത്തിൽ താമസിക്കുന്ന സമ്പ്രദായം വടക്കെമലബാറിൽ ഇന്നും കാണാം. മരുമക്കത്തായത്തിന്റെ സ്വാധീനത്തിൽ നടപ്പായ ഈ സമ്പ്രദായം ഇസ്ലാമികരീതിയല്ല. സുന്നി, ശിയാ കക്ഷിക്കാർക്കിടയിലും സുന്നികളിൽത്തന്നെ ശാഫി ഹനഫി വിഭാഗങ്ങൾക്കിടയിലും വ്യത്യസ്ത സമ്പ്രദായങ്ങൾ നിലനിന്നുപോന്നിട്ടുണ്ട്.

ഇസ്ലാമികനിയമങ്ങളുടെ മൂലാധാരം വിശുദ്ധഖുർആനാണ്. അത് വള്ളിപുള്ളി വ്യത്യാസമില്ലാതെ സുരക്ഷിതമായി ഇന്നും നിലകൊള്ളുന്നതിനാലും നബിശ്രേഷ്ഠന്റെ ഉപദേശനിർദ്ദേശങ്ങൾ വിശ്വാസയോഗ്യങ്ങളായ നിലയിൽ രേഖപ്പെട്ടുകിടക്കുന്നതിനാലും യഥാർത്ഥ ഇസ്ലാംമത പാഠങ്ങളെന്തെന്നും പിൽക്കാലത്തെ വൈകൃതങ്ങളെന്തൊക്കെയെന്നും വേർതിരിച്ചറിയുവാൻ സാദ്ധ്യമാണെന്ന വസ്തുത മനസ്സിലാക്കേണ്ടതുണ്ട്. ഈ ഇസ്ലാമിക മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബനിയമങ്ങൾ പുനഃസംഘടിപ്പിക്കുകയാണാവശ്യം.

വിവാഹമോചനം അനുവദിക്കപ്പെടാമോ എന്നതാണ് ഇവിടെ അടിസ്ഥാനപ്രശ്നം. നിയമം ദുരുപയോഗപ്പെടുത്തുന്നു അഥവാ ലംഘിക്കപ്പെടുന്നു എന്നത് ഒരു നിയമത്തിന്റെ സാധുതയെ ചോദ്യം

ചെയ്യാൻ പര്യാപ്തമല്ല. ഇസ്‌ലാമിൽ വിവാഹം ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഒരു കരാർ (Contract) ആണ്. ക്രിസ്തുമതത്തിലോ ഹിന്ദു മതത്തിലോപോലെ അപരിച്ഛേദ്യമായ ഒരു പുണ്യബന്ധം (Sacrament) ആയി വിവാഹത്തെ ഇസ്‌ലാം കണക്കാക്കുന്നില്ല. വിവാഹമോചനം അനുവദിച്ചിട്ടില്ലാത്ത സമുദായക്രമത്തിൽ അതുകാരണം തന്നെ മനോരോഗങ്ങളും ആത്മഹത്യകളും കുടുംബകലഹങ്ങളും കൊല പാതകങ്ങളും വളരെയാണ്. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിവാഹമോചനം ലളിതവും സുസാദ്ധ്യവുമാക്കിത്തീർക്കാനുള്ള നിയമപരിഷ്കരണസംരംഭങ്ങൾ മേൽപറഞ്ഞ മതങ്ങൾക്ക് പ്രാബല്യ മുള്ള നാടുകളിൽ നടക്കുകയും തദനുസൃതമായ നിയമനിർമ്മാണ ങ്ങൾ നടത്തുകയും ചെയ്തുവരുന്നു. ക്രിസ്തുമതത്തിന് പ്രാബ ല്യമുള്ള യൂറോപ്പിലും അമേരിക്കയിലും ഇന്ന് കുടുംബബന്ധങ്ങ ളുടെ നിലയെന്താണെന്നും വിവാഹമോചനങ്ങളുടെ പെരുപ്പവും ആവർത്തനവും എത്രത്തോളമാണെന്നും നോക്കിക്കണ്ടാൽ മതി യാകും. ശാസ്ത്രോക്തമായ വിവാഹം അപരിച്ഛേദ്യമാണെന്നു കരു തിപ്പോന്ന ഹിന്ദുസമൂഹത്തിൽ 'ഹിന്ദുകോഡ്' മുഖേന വിവാഹമോ ചനത്തിനു ഇന്നു ഉറപ്പ് വരുത്തപ്പെട്ടിരിക്കുന്നു. മനുഷ്യർ ഉണ്ടാക്കിയ ബന്ധങ്ങൾ വേർപെടുത്താൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ടായിരിക്ക ണമെന്ന പ്രകൃതിതത്ത്വം അംഗീകരിക്കപ്പെടാതെ നിവൃത്തിയില്ല. ക്രിസ്തീ യപുരോഹിതന്മാരും ആര്യസമാജപണ്ഡിതന്മാരും വിവാഹമോചനത്തിന്റെ പേരിൽ ഇസ്‌ലാമിനെ ആക്ഷേപിച്ചുപോന്നിട്ടുണ്ടെങ്കിലും എല്ലാ ക്രിസ്തീയരാജ്യങ്ങളിലും ഇന്ത്യയിലും വിവാഹമോചനനിയമം നട പ്പായിക്കഴിഞ്ഞു. കത്തോലിക്കർക്ക് ഭൂരിപക്ഷമുള്ള ഇറ്റലിയിൽ 1969 –ലാണ് വിവാഹമോചനനിയമം ബിഷപ്പുമാരുടെ എതിർപ്പുകളെ വക വെക്കാതെ ചേമ്പർ ഓഫ് ഡപ്യൂട്ടീസിന്റെ ജസ്റ്റിസ് കമ്മിറ്റി അംഗീ കരിച്ചു പാസ്സാക്കിയത്. ഇതേകൊല്ലം തന്നെയാണ് ബ്രിട്ടണിലെ വിവാഹമോചനം കൂടുതൽ ഉദാരമാക്കിക്കൊണ്ടുള്ള പരിഷ്കരണ നിയമം കോമൺസ് സഭ പാസ്സാക്കിയതും. പുനഃസ്ഥാപിക്കാൻ സാദ്ധ്യമാകാത്ത ദാമ്പത്യതകർച്ച വിവാഹമോചനത്തിനുള്ള ഏക

3. ചന്ദ്രിക, 15.6.1969. ബ്രിട്ടീഷ് രാജാവ് എട്ടാം എഡ്വേർഡിന് രാജത്വം ഉപേക്ഷി ക്കേണ്ടിവന്നതു വിവാഹമോചനം ചെയ്ത മിസ്സിസ് സിംപ്സനെ ഭാര്യയായി സ്വീക രിച്ചതുകൊണ്ടായിരുന്നു. ഇക്കാര്യത്തിൽ ബ്രിട്ടീഷ് കാബിനറ്റിന്റെയും ഇംഗ്ലീഷ്

കാരണമായി അംഗീകരിച്ചുകൊണ്ടുള്ളതാണ് പ്രസ്തുതനിയമം.[3]

വിവാഹമോചനം ഇസ്‌ലാമിൽ പ്രയാസപൂർണ്ണമായ ഒരു പ്രക്രിയയാണ്.

1. ഖുർആന്റെയും നബിയുടെയും നിർദ്ദേശോപദേശങ്ങൾക്കനുസരിച്ച് ജീവിക്കുന്ന ഒരുവനും അന്യായമായി ഒരു സ്ത്രീയെ മൊഴിചൊല്ലിപ്പിരിക്കാൻ സാദ്ധ്യമേയല്ല. നബി അരുളി: أبغض الحلال إلى الله عز وجل الطلاق "അനുവദനീയമായ കാര്യങ്ങളിൽ അല്ലാഹുവിന്റെ പക്കൽഏറ്റവും അനിഷ്ടമായിട്ടുള്ളത് വിവാഹമോചനമാകുന്നു." (*അബൂദാവൂദ്*)

2. വിവാഹവേളയിൽ പുരുഷൻ അവന്റെ നിലയ്ക്കൊത്ത് സ്ത്രീയ്ക്ക് നൽകാൻ ബാദ്ധ്യതപ്പെട്ട വിവാഹമൂല്യം അഥവാ മഹർ വിവാഹമോചനത്തോടെ അയാൾക്ക് നഷ്ടപ്പെടാൻ ഇടയാകുന്നതിനാൽ വിവാഹമോചനത്തിന് ഒരു മുസ്‌ലിം ബദ്ധപ്പെടുകയില്ല. ഈ വിവാഹമൂല്യം സ്ത്രീയ്ക്ക് കോടതിമുഖേന നേടിയെടുക്കാവുന്നതും അവൾക്കുമാത്രം അവകാശപ്പെട്ടതുമായ സ്വത്താണെന്ന കാര്യം ഓർക്കണം. ഈ ബാദ്ധ്യത പൂർത്തിയാക്കാത്തനിലയിൽ തലാഖ് സാദ്ധ്യമേ അല്ല. ഖുർആൻ പറയുന്നു: وَآتُوا النِّسَاءَ صَدُقَاتِهِنَّ نِحْلَةً "അവർക്ക് പാരിതോഷികമായിട്ട് അവരുടെ വിവാഹമൂല്യം നൽകുവിൻ" (4:5) فَآتُوهُنَّ أُجُورَهُنَّ فَرِيضَةً "അവർക്കായി നിശ്ചയിക്കപ്പെട്ട പ്രതിഫലം

---

ചർച്ചിന്റെയും ഏകോപിച്ച എതിർപ്പിനെ തൃണവൽഗണിച്ചുകൊണ്ട് എഡ്വേർഡ് എട്ടാമൻ ചക്രവർത്തിപദം വലിച്ചെറിയുകയും വിവാഹമോചന സ്വാതന്ത്ര്യത്തിന്റെ ആവശ്യകതയെ ഉയർത്തിപ്പിടിക്കുകയുമാണുണ്ടായത്. എന്നാൽ, വെറും വിൻഡ്സർ പ്രഭുവായി കഴിഞ്ഞുകൂടിയ അദ്ദേഹത്തിന് തന്റെ നിലപാടിനെ ന്യായീകരിച്ചുകൊണ്ടുള്ള നിയമം കോമൺസ് സഭ അംഗീകരിച്ചതായിട്ടുള്ള പത്രവാർത്ത വായിക്കാനാവോളം ജീവിച്ചിരിക്കാൻ കഴിഞ്ഞു!

വിവാഹമോചനം ചെയ്ത സ്ത്രീയെ രണ്ടാമത്തെ ഭാര്യയായി സ്വീകരിച്ച അന്തോണി ഈഡനെ പ്രധാനമന്ത്രിയായി സ്വീകരിക്കാമോ എന്ന പ്രശ്നത്തിൽ 'ഡിഫൻഡർ ഓഫ് ദ ഫെയിത്ത്' എന്ന നിലയിൽ ഇംഗ്ലീഷ് ചർച്ചിന്റെ തലയികൂടിയായ എലിസബത്ത് രാജ്ഞിയുടെ ഇംഗിതം ഇംഗ്ലണ്ടിൽ ഭരണഘടനാപ്രതിസന്ധി സൃഷ്ടിച്ചപ്പോൾ ഈഡന് പുറത്തുപോകേണ്ടിവന്നു (Sunday Standard, 26.6.54). ഇതാണ് ക്രിസ്തുമതത്തിന്റെയും പാശ്ചാത്യസംസ്കാരത്തിന്റെയും കേന്ദ്രമായ ഇംഗ്ലണ്ടിൽ അടുത്തകാലംവരെയുള്ള അവസ്ഥ.

നിങ്ങൾ അവർക്ക് നൽകുവിൻ” (4:25)

3. ഇഷ്ടമുള്ളപ്പോൾ തോന്നിയപോലെ തലാഖ് ചൊല്ലാൻ ഒരു മുസ്ലിമിന് സാദ്ധ്യമല്ല. ഖുർആൻ പറയുന്നു:

إِذَا طَلَّقْتُمُ النِّسَاءَ فَطَلِّقُوهُنَّ لِعِدَّتِهِنَّ وَأَحْصُوا
الْعِدَّةَ وَاتَّقُوا اللَّهَ رَبَّكُمْ

“നിങ്ങൾ ഭാര്യമാരെ ഉപേക്ഷിക്കുകയാണെങ്കിൽ നിർണ്ണിത കാലത്ത് അവരെ ഉപേക്ഷിക്കുവിൻ. ‘ഇദ്ദ’ കാലം കണക്കാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുവിൻ.” (65:2) അതായത്, സ്ത്രീയുടെ ആർത്തവകാലത്ത് തലാഖ് പാടില്ല.

4. ‘തലാഖ്’ നൽകപ്പെട്ട സ്ത്രീ ഗർഭിണിയാണോ എന്നു നിർണ്ണയിക്കാനുള്ള കാലയളവുവരെ വിവാഹമോചനം പ്രാബല്യത്തിൽ വരുന്നില്ല. ഖുർആൻ പറയുന്നു:

وَالْمُطَلَّقَاتُ يَتَرَبَّصْنَ بِأَنْفُسِهِنَّ ثَلَاثَةَ قُرُوءٍ

“തലാഖ് ചൊല്ലപ്പെട്ട സ്ത്രീകൾ മൂന്നു ഋതുകാലം കാത്തിരിക്കണം.” (2:229)

അതായത്, സ്ത്രീ ഗർഭം ധരിച്ചിട്ടുണ്ടോയെന്ന് ഉറപ്പിക്കുന്നതുവരെ അവൾ മറ്റൊരാളെ വേൾക്കരുത്. വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീയുടെ ഗർഭപാത്രത്തിൽ തന്റെ പ്രജയുണ്ടെന്ന വസ്തുത അയാളെ പുനരാലോചനയ്ക്ക് പ്രേരിപ്പിക്കുമെന്നതിനാൽ തലാഖ് മടക്കിയെടുക്കാനും ദാമ്പത്യബന്ധം തുടരാനും സാദ്ധ്യമാകും.

5. വിവാഹമോചനം ഉറപ്പിക്കുന്നതിന് തലാഖ് മൂന്നുതവണകളായി ചൊല്ലണം. മൂന്ന് തലാഖും ഒന്നിച്ചു ചൊല്ലിയാൽ ഒന്നായേ കണക്കാക്കപ്പെടൂ.

الطَّلَاقُ مَرَّتَانِ فَإِمْسَاكٌ بِمَعْرُوفٍ أَوْ تَسْرِيحٌ بِإِحْسَانٍ

“തിരിച്ചെടുക്കാവുന്ന തലാഖ് രണ്ടുപ്രാവശ്യമാകുന്നു; പിന്നെ,

ഒന്നുകിൽ ന്യായമായ നിലയിൽ അവളെ നിറുത്തുകയോ അല്ലെങ്കിൽ ഔദാര്യപൂർവ്വം വിട്ടയക്കുകയോ ചെയ്യേണ്ടതാണ്.” (2:230)

6. ഒരിക്കൽ തലാഖ് ചൊല്ലപ്പെട്ട സ്ത്രീ അവധികഴിഞ്ഞാലും, വീണ്ടും സ്വഭർത്താവിനെതന്നെ വിവാഹം ചെയ്തു സ്വീകരിക്കുന്നതിനെ ആരും തടയരുതെന്ന് ഖുർആൻ അനുശാസിക്കുന്നു.

وَاِذَا طَلَّقْتُمُ النِّسَآءَ فَبَلَغْنَ اَجَلَهُنَّ فَلَا تَعْضُلُوهُنَّ اَنْ يَنْكِحْنَ اَزْوَاجَهُنَّ اِذَا تَرَاضَوْا بَيْنَهُمْ بِالْمَعْرُوفِ

“നിങ്ങൾ സ്ത്രീകളെ തലാഖ് ചെയ്തു ഉപേക്ഷിക്കുകയും അവരുടെ അവധി കഴിയുകയും ചെയ്താൽ ന്യായമായ നിലയിൽ അന്യോന്യം തൃപ്തിപ്പെടുന്നപക്ഷം അവർ അവരുടെ ഭർത്താക്കന്മാരെതന്നെ വിവാഹം ചെയ്യുന്നതിൽനിന്ന് അവരെ നിങ്ങൾ തടയരുത്.” (2:233)

7. മൂന്നാം തവണയും തലാഖ് ചൊല്ലിക്കഴിഞ്ഞാൽപ്പിന്നെ അവർക്ക് ഒരിക്കലും വീണ്ടും ഭാര്യാഭർത്താക്കന്മാരായി തുടരാൻ ആവില്ലെന്ന നിബന്ധന മൂന്നാമത്തെ തലാഖ് ചൊല്ലലിന് ധിറുതി കൂട്ടാതിരിക്കാൻ ഒരാളെ നിർബ്ബന്ധിക്കുന്നു.

فَاِنْ طَلَّقَهَا فَلَا تَحِلُّ لَهُ مِنْ بَعْدُ حَتّٰى تَنْكِحَ زَوْجًا غَيْرَهُ

“പിന്നെ മൂന്നാം പ്രാവശ്യവും അവൻ അവളെ തലാഖ് ചൊല്ലുകയാണെങ്കിൽ അതിനുശേഷം അവൾ അവന്ന് ഭാര്യയായിരിക്കാവതല്ല. അവൾ വേറൊരു ഭർത്താവിനെ വിവാഹം ചെയ്തതിൽ പിന്നെയല്ലാതെ.” (2:231)

ഒരുപ്രാവശ്യം തലാഖ് ചൊല്ലിയാൽ വീണ്ടും ബന്ധം തുടരാനിഷ്ടപ്പെട്ടാൽ അവധിക്കുള്ളിലാണെങ്കിൽ പുനർവിവാഹം കൂടാതെയും അവധികഴിഞ്ഞാൽ പുനർവിവാഹം ചെയ്തും ദാമ്പത്യ

ബന്ധം തുടരാവുന്നതാണ്. മൂന്നുതവണ തലാഖ് ചൊല്ലിയാൽപ്പിന്നെ വിവാഹമോചനത്തിന് നിയമപ്രാബല്യം സിദ്ധിക്കുന്നതും പിന്നീട് അവർ തമ്മിൽ ഒരുവിധത്തിലും ബന്ധപ്പെടാൻ പാടില്ലാത്തവിധം അവൾ അയാൾക്ക് ഒരന്യസ്ത്രീയായിരിക്കുന്നതുമാണ്.

ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധം തകരാറിലായാൽ പ്രശ്നം രണ്ട് മദ്ധ്യസ്ഥന്മാരുടെ മുമ്പാകെ സമർപ്പിക്കണം. ഒരാൾ ഭർത്താവിന്റെ ഭാഗത്തുനിന്നും മറ്റൊരാൾ ഭാര്യയുടെ ഭാഗത്തു നിന്നും ഉള്ളവരായിരിക്കും. മദ്ധ്യസ്ഥന്മാരുടെ അനുരഞ്ജനം പരാജയപ്പെട്ടാലേ വിവാഹമോചനം നടത്താവൂ എന്നും അതുതന്നെ പരസ്യമായി പ്രഖ്യാപിക്കണമെന്നും രണ്ടു പ്രഖ്യാപനങ്ങൾക്കിടയിൽ കുറഞ്ഞപക്ഷം ഒരു മാസക്കാലത്തെ ഇടവേള ഉണ്ടായിരിക്കുമാറ് മൂന്നുതവണകളായി പ്രഖ്യാപിച്ചാൽ മാത്രമേ തലാഖ് ബലത്തിൽ വരികയുള്ളൂവെന്നും അന്തിമപ്രഖ്യാപനത്തിനുമുമ്പേ പിന്നെയും അനുരഞ്ജനശ്രമങ്ങൾ വേണമെന്നുമുള്ള നിബന്ധനകളും നിയമ നിർബ്ബന്ധങ്ങളും ഇസ്ലാമിലുണ്ട്. ഇതെല്ലാം ഖുർആനും നബിയും നൽകിയ കല്പനകളാണ് താനും[4].

വിവാഹമോചനത്തെ നിയന്ത്രിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന ഇത്തരം ഒട്ടേറെ നിബന്ധനകൾക്കും തടസ്സങ്ങൾക്കും പുറമെ ദൈവഭക്തിയെ കുറിച്ചുള്ള നിരന്തരമായ ഉൽബോധനങ്ങളും ഒരു യഥാർത്ഥ മുസ്ലിമിനെ കഴിയുന്നിടത്തോളം അതിൽനിന്നു പിന്തിരിപ്പിക്കുന്നു. ഈ നിയമങ്ങളും നിർദ്ദേശങ്ങളും കർശനമായി പാലിക്കപ്പെടുമ്പോൾ, ഭാര്യയറിയാതെ വിവാഹമോചനം സാധിക്കാവുന്നതെങ്ങനെയെന്നു സഖാവ് കലാനാഥൻ ഒന്നു മനസ്സിലാക്കിത്തന്നാൽ കൊള്ളാം!

മതധർമ്മങ്ങൾ നിഷ്കൃഷ്ടമായി പാലിക്കുന്ന ഒരാളിൽനിന്ന് നിയമലംഘനം ഒരിക്കലും ഉണ്ടാവുകയില്ല. മതബോധമോ ദൈവഭയമോ ഇല്ലാത്തവരാണ് നിയമാനുവാദങ്ങളെ ദുരുപയോഗപ്പെടുത്താറുള്ളത്. ആകയാൽ, മതശാസനകളെ ധിക്കരിക്കുകയല്ല അനുസരിക്കുകയാണ് കുടുംബഭദ്രതയ്ക്ക് ആവശ്യം. എന്നാൽ, മതക

4. Ahmadiyyath or the True Islam- Hazrath Mirza Basheeruddin Mahmood Ahmad.

ല്പനകൾ ധിക്കരിക്കാനാണല്ലോ യുക്തിവാദികൾ ആഹ്വാനം ചെയ്യുന്നത്!

സഖാവ് കലാനാഥന്റെ 'സ്വർഗ്ഗഭൂമി'യിൽ-സോവിയറ്റ് റഷ്യയിൽ- വിവാഹമോചനം എങ്ങനെയാണെന്നു പറയാമോ? അവനോ അവളോ രജിസ്ട്രാഫീസിൽ ചെന്ന് ഒരു കടലാസ്സിൽ ഒപ്പിട്ടുകൊടുത്താൽ അവിടെ വിവാഹമോചനമായി. വിവാഹമോചന നടപടിയെപറ്റി പരസ്പരം അറിഞ്ഞിരിക്കേണ്ടതില്ല!

എ.എസ്.ആർ. ചാരി സോവിയറ്റ് റഷ്യയിലെ വിവാഹമോചന നിയമത്തെപറ്റി ഇപ്രകാരം പറയുന്നു:

Marriage being a voluntary union the Soviet law regarding divorce makes it possible to dissolve the marriage at the will of either party to the marriage. All that he or she has to do is to inform the registar's office. [5]

അതായത്, റജിസ്ട്രാഫീസിൽചെന്ന് അവനോ അവളോ വിവാഹബന്ധം അവസാനിപ്പിച്ചതായി അറിയിച്ചാൽമതി സോവിയറ്റ് റഷ്യയിൽ ഭാര്യാഭർത്തൃബന്ധം മുറിയാൻ. ഓരോ വിവാഹമോചനത്തിനും ക്രമത്തിൽ ക്രമത്തിൽ വർദ്ധിക്കുന്ന ഫീസ് ചുമത്തപ്പെടുന്നതു മാത്രമാണ് ഒരേ ഒരു തടവ്. ഈ സ്വാതന്ത്ര്യമുപയോഗിച്ച് എത്ര തവണ വേണമെങ്കിലും മാറിമാറി വിവാഹം കഴിക്കാം. ഭാര്യ അറിയാതെ ഭർത്താവിനും ഭർത്താവറിയാതെ ഭാര്യയ്ക്കും എപ്പോൾ വേണമെങ്കിലും വിവാഹബന്ധം വേർപ്പെടുത്താം. ഈ നടപടികളെ സഖാവ് കലാനാഥൻ എങ്ങനെയാണ് ന്യായീകരിക്കുന്നതെന്ന് കാണേണ്ടിയിരിക്കുന്നു![6]

യൂനിഫോം സിവിൽകോഡിന് മുസ്‌ലിംകൾ എതിരാണെങ്കിൽ, അതിന് കാരണം സിവിൽകോഡിന്റെ പേരിൽ മനുഷ്യപ്രകൃതിക്ക് യോജിക്കാത്ത നിയമങ്ങൾ അവരുടെമേൽ അടിച്ചേൽപിക്കപ്പെടുമെന്നു ഭയപ്പെടുന്നതാണ്. ഇസ്‌ലാമികനിയമങ്ങളെ അശാസ്ത്രീയവും അപരിഷ്കൃതവുമെന്ന് മുദ്രകുത്തി പുരുഷന്റെയും സ്ത്രീയുടെയും സ്വാതന്ത്ര്യങ്ങളെ ഹനിക്കുന്ന അശാസ്ത്രീയ നിയമങ്ങൾ

5. Law and Justice in the Soviet Union- A.S.R. Chari p. 33.
6. ഈ അംഗീകൃത ദുസ്വാതന്ത്ര്യത്തെ 'കാടത്തം' എന്നും 'തെമ്മാടിത്തം' എന്നും ഇ.എം.എസ്. പറയുമോ?- ഗ്ര.

ഏർപ്പെടുത്തുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. 'മുസ്‌ലിം വ്യക്തിനിയമം' നിലനിർത്തണമെന്ന് പറയാനും അത് നിലനിറുത്തിക്കിട്ടുന്നതിന് പ്രക്ഷോഭം കൂട്ടാനും ജനാധിപത്യവ്യവസ്ഥിതിയിൽ അവർക്ക് സ്വാതന്ത്ര്യമുണ്ടല്ലോ! യൂനിഫോം സിവിൽകോഡ് നല്ലതുതന്നെ. ശരീഅത്ത് അനുസരിച്ചുള്ള പുരോഗമനനിയമങ്ങൾ സിവിൽകോഡായി അംഗീകരിക്കാൻ തയ്യാറാകുമെങ്കിൽ ഏകീകൃത സിവിൽകോഡിനെ മുസ്‌ലിംകൾ അനുകൂലിച്ചേക്കാം! മുസ്‌ലിംകുടുംബനിയമങ്ങളും പിന്തുടർച്ചാവകാശനിയമവും ദായക്രമവും ലോകത്തെ ഏതു പുരോഗമനനിയമങ്ങളേക്കാളും പുരോഗമനപരങ്ങളാണെന്നതാണ് സത്യം!

നൂറുകൊല്ലം മുമ്പ് ജനിച്ച കാറൽമാർക്സിന്റെയും എംഗൽസിന്റെയും പഴഞ്ചൻതത്ത്വങ്ങൾ ആധുനിക തലമുറയുടെ മേൽ അടിച്ചേൽപിക്കാൻ ശ്രീ. കലാനാഥനെപ്പോലുള്ളവർ വെമ്പൽക്കൊള്ളുന്നതെന്തിനാണ്?

മാർക്സിസം പഴഞ്ചനായിക്കഴിഞ്ഞുവെന്ന് നെഹ്റുവിനെപ്പോലുള്ള മഹാമതിമാർ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. എത്രയോ ബുദ്ധിമാന്മാർ മാർക്സിസത്തോടു വിട പറഞ്ഞു. ബർട്രണ്ട് റസ്സൽ, വെൽസ് മുതലായ ബുദ്ധിരാക്ഷസന്മാർ മാർക്സിയൻതത്ത്വശാസ്ത്രത്തെ വിമർശിച്ചിട്ടുണ്ട്. എന്നുവെച്ച് സഖാവ് കലാനാഥനും മാർക്സിസ്റ്റ് വീക്ഷണം ഉപേക്ഷിക്കാൻ തയ്യാറാകുമോ?

**പരിണാമവാദം**

**ആക്ഷേപം:-3** ദൈവത്തിന്റെ വാക്കുകൾ ദൈവത്തിന്റെ പ്രവൃത്തികൾക്ക് വിരുദ്ധമാണ്. അതുകൊണ്ടാണ് ശാസ്ത്രസിദ്ധാന്തങ്ങളെ ഇസ്‌ലാം എതിർക്കുന്നത്.

**ഉദാഹരണം:-** പരിണാമസിദ്ധാന്തത്തെ ഇസ്‌ലാം ഇന്നും അംഗീകരിക്കുന്നില്ല. മുട്ടിയാൽ ശബ്ദിക്കുന്ന കറുത്ത കളിമണ്ണിൽനിന്ന് മനുഷ്യനെ നേരിട്ടു, മൂക്കിൽ ജീവശ്വാസമൂതി സൃഷ്ടിച്ചു. (6:2, 15:32) അല്ലാഹുവിന്റെ നടപടി പരിണാമസിദ്ധാന്തം അംഗീകരിക്കുകയില്ലല്ലോ. അതിനാൽ, അല്ലാഹുവിന്റെ വാർപ്പുരീതിയെ ന്യായീകരിക്കാൻ ഇസ്‌ലാം പ്രകൃതിയിലെ ശാസ്ത്രീയ വസ്തുതകളെ നിഷേധിക്കുകയാണ്. അതിനാൽ ഇസ്‌ലാം സ്വീകാര്യമല്ല.

**മറുപടി:–** ദൈവത്തിന്റെ വാക്കുകൾ ദൈവത്തിന്റെ പ്രവൃത്തികൾക്ക് ഒരിക്കലും വിരുദ്ധമാകാൻ നിവൃത്തിയില്ല. ആകയാൽ, ദൈവത്തിന്റെ വചനമായ ഖുർആനും ദൈവത്തിന്റെ പ്രവൃത്തിയായ പ്രപഞ്ചനിയമവും അഥവാ ശാസ്ത്രവും തമ്മിൽ വൈരുദ്ധ്യം ഉണ്ടെന്ന് തെളിയിക്കാവുന്നതുമല്ല. ദൈവത്തിന്റെ വചനങ്ങളിൽ വൈരുദ്ധ്യം കാണിക്കാമോ എന്നു ഖുർആൻ വെല്ലുവിളിക്കുന്നുണ്ട്. ദൈവത്തിന്റെ പ്രവൃത്തികളിലും എന്തെങ്കിലും വൈരുദ്ധ്യം കാണിക്കാൻ സാദ്ധ്യമല്ല. എന്നാൽ, ശാസ്ത്രജ്ഞൻതന്നെ എതിർക്കുന്ന സിദ്ധാന്തങ്ങളെ ഖുർആൻ അംഗീകരിച്ചില്ലെങ്കിൽ വലിയ തെറ്റും ഇല്ല!

ഡാർവിന്റെ പരിണാമവാദത്തെ ഇസ്ലാം അംഗീകരിക്കുന്നില്ല എന്നതു ശരിയാണ്. ഡാർവിന്റെ പരിണാമവാദം ഒരു നിഗമനം (Inference) മാത്രമല്ലാതെ അതൊരു ശാസ്ത്രീയസത്യമായി ഒരിക്കലും അംഗീകരിക്കപ്പെട്ടിട്ടില്ല. മറ്റു ശാസ്ത്രീയ വസ്തുതകളെപോലെ പരീക്ഷണപരമായി തെളിയിച്ചുകാട്ടാവുന്നതുമല്ല അത്. അനേകം ശാസ്ത്രജ്ഞന്മാർ അതിനെ എതിർത്തിട്ടുണ്ട്. ജോർജ് എച്ച്. ബോണർ, ഡോ. ആസ്റ്റിൻ എച്ച്. ക്ലാർക്ക് (Austin H, Clark) തുടങ്ങിയവർ ഡാർവിന്റെ പരിണാമവാദത്തെ ശക്തിയുക്തം എതിർത്തവരാണ്. എന്തിന് സർ ആർതർ കീത്ത് (Sir Arther Keith) പോലും പറഞ്ഞു: Evolution is unproved and unprovable. We believe it only because the only alternative is special creation, and that is unthinkable. “പരിണാമം തെളിയിക്കപ്പെട്ടിട്ടില്ലാത്തതും തെളിയിക്കാനാവാത്തതും തന്നെ. അതല്ലെങ്കിൽപിന്നെ സൃഷ്ടികഥയിൽ വിശ്വസിക്കുക മാത്രമെ നമുക്ക് ഗത്യന്തരമുള്ളൂ. അതാകട്ടെ അചിന്ത്യവും.” ലണ്ടൻ യൂനിവേർസിറ്റിയിലെ പ്രൊഫസർ ഡി.എം.എസ്. വാട്സൺ പറഞ്ഞു: Evolution itself is accepted by zoologists, not because it has been observed to occur or... can be proved by logically coherent evidence to be true, but because the only alternative, special creation, is clearly incredible. “പരിണാമം തന്നെയും ജീവശാസ്ത്രജ്ഞന്മാർ സ്വീകരിച്ചിട്ടുള്ളത് അത് സംഭവിക്കുന്നത് നിരീക്ഷിച്ചറിഞ്ഞിട്ടോ... സത്യമാണെന്ന് ന്യായശാസ്ത്രപരമായ ഖണ്ഡിതതെളി

വുമുഖേന തെളിയിച്ചുകാട്ടാനാവുന്നതുകൊണ്ടോ അല്ല; അതല്ലെങ്കിൽപിന്നെ തികച്ചും അവിശ്വസനീയമായ പ്രത്യേകസൃഷ്ടിപ്പിൽ വിശ്വസിക്കേണ്ടിവരുമെന്നതുകൊണ്ടുമാത്രമാണ്.” ബൈബിൾ വിവരണം അവിശ്വസനീയമായതുകൊണ്ട് മാത്രം ഡാർവിന്റെ പരിണാമവാദം ശരിയായിക്കൊള്ളണമെന്നു വരില്ല. അല്ലെങ്കിൽ ശാസ്ത്രീയസിദ്ധാന്തങ്ങളെ സംബന്ധിച്ചേടത്തോളം നീക്കുപോക്കില്ലാത്ത ഒരു സമീപനം യുക്തിവാദികൾ സ്വീകരിക്കുന്നത് ശരിയാണോ? ഒരു ശാസ്ത്രീയ കണ്ടുപിടിത്തം അഥവാ തത്ത്വം ശരിയല്ലെന്ന് മറ്റൊരാൾ പറയുമ്പോൾ ഞെളിപിരികൊള്ളുന്നതെന്തിനാണ്? അതാണോ യുക്തിവാദം?

പരിണാമസിദ്ധാന്തത്തിന് മറുപടി നൽകാൻ കഴിഞ്ഞിട്ടില്ലാത്ത നൂറായിരം പ്രശ്നങ്ങളുണ്ട്. മനുഷ്യൻ രൂപം പ്രാപിച്ചപ്പോൾ ജീവികളുടെ ഐംഗിക പരിണാമം നിലച്ചുപോകയും ബുദ്ധിപരമായ വികാസത്തിന്റെ ഒരു കുതിച്ചുചാട്ടം ആരംഭിക്കുകയും ചെയ്തതെന്തേ? മനുഷ്യന്റെ രൂപവികാസത്തോടെ പരിണാമത്തിന്റെ ഗതി സ്വയം നിലച്ചു. അത് മറ്റൊരു വഴിയ്ക്ക് തിരിഞ്ഞതെങ്ങനെ? ഏതാനും ആയിരം കൊല്ലങ്ങൾക്കിടയിൽ ഒരു കാടൻ ഐൻസ്റ്റിനെപോലുള്ള ബുദ്ധിരാക്ഷസനിലേക്ക് പരിവർത്തനം ചെയ്തെങ്കിലും കോടി കൊല്ലങ്ങൾക്ക് ശേഷവും മനുഷ്യന്റെ ഏറ്റവും അടുത്ത ജീവിയിൽ പോലും, ആൾകുരങ്ങിൽപോലും ബുദ്ധിപരമായ പ്രവർത്തനത്തിന്റെ നേരിയൊരു ചലനംപോലും പരിണാമപരമായി ദൃശ്യമാകാത്തതെന്തേ?

ഡാർവിന്റെ പരിണാമവാദത്തെ അംഗീകരിക്കുന്നില്ലെങ്കിലും വികാസതത്ത്വങ്ങളെ ഇസ്‌ലാം തീർത്തും നിഷേധിക്കുന്നില്ലെന്നു ഓർക്കേണ്ടതുണ്ട്. ഡാർവിന്റെ ‘ഒറിജിൻ ഓഫ് സ്പീഷീസ്’ (Origin of Species) പ്രസിദ്ധപ്പെടുത്തിയത് 1859-ലാണ്. മുസ്‌ലിംകളുടെ വിജ്ഞാനസിദ്ധികളെപ്പറ്റി ഡ്രേപർ ഇപ്രകാരം പറഞ്ഞിട്ടുണ്ട്:

Sometimes not without surprise we meet with ideas which we flatter ourselves have originated in our own time. Thus our modern doctrine of evolution and development were taught in their schools.

7. History of conflict between Science and Religion- Draper, p-118

“നമ്മുടെ കാലത്ത് രൂപംനൽകിയതെന്ന് നാംതന്നെ പൊങ്ങച്ചം കൊള്ളാറുള്ള പല ആശയങ്ങളും ചിലപ്പോൾ അത്ഭുതപൂർവ്വം നാം അവരിൽ കണ്ടെത്തുന്നു. നമ്മുടെ ആധുനികങ്ങളായ പരിണാമവാദവും വികാസവാദവുമെല്ലാം അവരുടെ വിദ്യാലയങ്ങളിൽ പഠിപ്പിക്കപ്പെട്ടിരുന്നു.”[7]

“മുട്ടിയാൽ ശബ്ദിക്കുന്ന കറുത്ത കളിമണ്ണിന്റെ പ്രതിമകളുണ്ടാക്കി അവയുടെ മൂക്കിൽ ശ്വാസമൂതിയാണ്” ദൈവം മനുഷ്യരെ സൃഷ്ടിച്ചതെന്ന് ഖുർആനിൽ എവിടെയും പറഞ്ഞിട്ടില്ല. മനുഷ്യസൃഷ്ടിയെപ്പറ്റി കളിമണ്ണ് എന്ന് അർത്ഥം പറയുന്ന ‘ത്വീൻ’ طِيْنٌ എന്നും “മുട്ടിയാൽ ശബ്ദിക്കുന്ന കളിമണ്ണ്” എന്നർത്ഥമുള്ള ‘സൽസാൽ’ صَلْصَالٌ എന്നും രൂപപ്പെടുത്തിയ കറുത്ത കളിമണ്ണ് എന്ന് അർത്ഥമുള്ള ‘ഹമയിൻ മസ്നൂൻ’ حَمَإٍمَسْنُونٍ എന്നും വെറും മണ്ണ് എന്നർത്ഥമുള്ള ‘തുറാബ്’ تُرَابٌ എന്നുമുള്ള പദങ്ങൾ ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ടെന്നത് ശരിയാണ്. അത്തരം മണ്ണ് കുഴച്ചു കുശവനെപോലെ പ്രതിമകൾ വാർത്തുണ്ടാക്കി മൂക്കിൽ ഊതി മനുഷ്യസൃഷ്ടി നടത്തി എന്നു എവിടെ പറഞ്ഞു?

وَلَقَدْ خَلَقْنَاالاِنسَانَ مِنْ صَلْصَالٍ مِّنْ
حَمَا مَّسْنُوْنٍ

“നിശ്ചയമായും, നാം മനുഷ്യനെ ഉണക്കമുള്ള മുഴങ്ങുന്ന കളിമണ്ണിൽനിന്ന്, രൂപപ്പെടുത്തിയ കറുത്ത ചെളിമണ്ണിൽനിന്നു, പടച്ചു” (15:27) എന്ന് ഖുർആനിൽ പറഞ്ഞിട്ടുണ്ട്. കളിമണ്ണുകൊണ്ട് പ്രതിമകൾ കുഴച്ചുണ്ടാക്കി മൂക്കിൽ ശ്വാസമൂതി എന്നു പറഞ്ഞിട്ടില്ല. وَالْجَآنَّ خَلَقْنَاهُ مِنْ قَبْلُ مِنْ نَّارِالسَّمُوْمِ “അതിനുമുമ്പ് ചൂടുകാറ്റിന്റെ അഗ്നികൊണ്ട് നാം ജിന്നിനെയും പടച്ചു” എന്നു തുടർന്ന് പറഞ്ഞിട്ടുണ്ട്. (15:28) കളിമണ്ണുകൊണ്ടുള്ള സൃഷ്ടിപ്പ് വിവരിച്ചുതന്ന ശ്രീ കലാനാഥൻ ചൂടുകാറ്റിന്റെ അഗ്നികൊണ്ട് ജിന്നിനെ പടച്ചരീതിയും വിവരിച്ചുതരണം! ജിന്നുകൾ മനുഷ്യരിൽത്തന്നെ ഒരു വിഭാഗമാണെന്ന്

വിശ്വസിക്കുന്നവർക്ക് ചൂടുകാറ്റിന്റെ അഗ്നികൊണ്ട് മനുഷ്യനെ പടക്കുന്ന രീതികൂടി വിശദീകരിച്ചുകൊടുക്കുന്നതു ചിന്താപരമായ ഒരു വിഷമം പരിഹരിച്ചുകിട്ടുന്നതിന് സഹായിക്കുമല്ലോ! മനുഷ്യപ്രകൃതിയേയും മനുഷ്യസ്വഭാവങ്ങളേയും കുറിക്കുന്ന വ്യാഖ്യാനവിധേയങ്ങളായ പദപ്രയോഗങ്ങളാണിവയെന്ന് ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാൻ പ്രയാസമില്ല. ഗാന്ധിജി കളിമണ്ണുകൊണ്ട് മനുഷ്യരെ സൃഷ്ടിച്ചുവെന്നു എത്രയോ ലേഖനങ്ങളിൽ വന്നതാണ്. ഗാന്ധിജി കളിമണ്ണ് കുഴച്ചു മനുഷ്യപ്രതിമകളുണ്ടാക്കി അവയുടെ മൂക്കിൽ ശ്വാസമൂതി മനുഷ്യരെ സൃഷ്ടിച്ചിരുന്നു എന്ന് കൊച്ചുകുട്ടികൾപോലും അർത്ഥമെടുക്കാറില്ല. തന്റെ ഇഷ്ടമനുസരിച്ച് വളയ്ക്കാവുന്നവിധം അനുസരണമുള്ള സ്വഭാവപ്രകൃതിയോടുകൂടിയ ശിഷ്യജനങ്ങളെ അദ്ദേഹം വാർത്തെടുത്തു എന്നാണ് അർത്ഥം ധരിക്കാറുള്ളത്. മൺപ്രതിമകളുണ്ടാക്കി അവയുടെ മൂക്കുകളിൽ ഊതി ജീവനിട്ടുകൊണ്ടാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചത് എന്നാണ് ഖുർആൻ പറഞ്ഞതെങ്കിൽ മനുഷ്യസൃഷ്ടിയെപ്പറ്റിതന്നെ ഖുർആനിൽ മറ്റു സ്ഥലങ്ങളിൽ മറ്റു പ്രകാരത്തിൽ വിവരിച്ചതിന് ശ്രീ. കലാനാഥൻ എന്തർത്ഥം പറയുമെന്ന് വ്യക്തമാക്കിത്തന്നാൽ കൊള്ളാം.

إِنَّا خَلَقْنَاهُمْ مِنْ طِينٍ لَازِبٍ "ഒട്ടിപ്പിടിക്കുന്ന മണ്ണുകൊണ്ട് നാം അവരെ പടച്ചു." (37:12)

أَنَّا خَلَقْنَاهُ مِنْ نُطْفَةٍ "നാം ഒരു രേതസ്കണത്തിൽനിന്നും അവനെ സൃഷ്ടിച്ചു." (36:78)

إِنَّا خَلَقْنَا الْإِنْسَانَ مِنْ نُطْفَةٍ أَمْشَاجٍ "കൂടിക്കലർന്ന ഒരു രേതസ്കണത്തിൽനിന്നു നാം അവനെ സൃഷ്ടിച്ചു." (76:3)

خُلِقَ الْإِنْسَانُ مِنْ عَجَلٍ "മനുഷ്യൻ ധിറുതിയിൽനിന്ന് സൃഷ്ടിക്കപ്പെട്ടു. (21:38)

خَلَقَ الْإِنْسَانَ مِنْ عَلَقٍ "മനുഷ്യനെ അവൻ രക്തപിണ്ഡത്തിൽനിന്ന് സൃഷ്ടിച്ചു." (96:3)

خَلَقَكُمْ مِّنْ تُرَابٍ "നിങ്ങളെ വെറും മണ്ണിൽനിന്നു സൃഷ്ടിച്ചു." (40:68)

خَلَقَكُمْ مِّنْ ضُعْفٍ "നിങ്ങളെ ബലഹീനതയിൽനിന്നു സൃഷ്ടിച്ചു." (30:55)

خَلَقْنَا زَوْجَيْنِ "നാം ഇരട്ടകളായി സൃഷ്ടിച്ചു." (51:50)

اِنَّا خَلَقْنَاكُمْ مِّنْ ذَكَرٍ وَّاُنْثٰى "നാം നിങ്ങളെ ആണിൽനിന്നും പെണ്ണിൽനിന്നും സൃഷ്ടിച്ചു." (49:14)

خَلَقْنَاكُمْ اَزْوَاجًا "അവൻ നിങ്ങളെ ഇണകളായി സൃഷ്ടിച്ചു." (78:9)

خَلَقَكُمْ اَطْوَارًا "അവൻ നിങ്ങളെ വിവിധ ദശകളിലായി സൃഷ്ടിച്ചു." (71:15)

اَلَمْ نَخْلُقْكُمْ مِّنْ مَّآءٍ مَّهِيْنٍ നിസ്സാരമായ ദ്രവപദാർത്ഥത്തിൽനിന്നും നാം നിങ്ങളെ സൃഷ്ടിച്ചില്ലേ? (77:21)

മേൽവചനങ്ങളിൽ പറഞ്ഞ 'ധിറുതിയും' 'ബലഹീനതയും' പദാർത്ഥങ്ങളല്ല. അവയിൽനിന്നു മനുഷ്യനെ പടക്കുന്നതെങ്ങനെയെന്നു അവയ്ക്ക് പ്രത്യക്ഷർത്ഥം നൽകുന്ന സഖാവ് കലാനാഥൻ വിശദീകരിച്ചുതരുമോ? വളച്ചു വിധേയമാക്കാവുന്ന സ്വഭാവപ്രകൃതിയാണ് കളിമണ്ണുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെന്നും അനഭിഗമ്യവും സംഹാരരൂക്ഷവുമായ മനുഷ്യപ്രകൃതിയാണ് അഗ്നികൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും ശ്രീ കലാനാഥന് മനസ്സിലാക്കാൻ കഴിയണമെങ്കിൽ അദ്ദേഹം യുക്തിവാദത്തിന്റെ സംശയക്കയത്തിൽനിന്നു കരപറ്റേണ്ടിവരും. ദൈവം കളിമണ്ണു കുഴച്ചുണ്ടാക്കി കുശവനെപ്പോലെ വാർപ്പുപണി നടത്തുന്നുവെന്നു മുസ്‌ലിംകൾ വിശ്വസിക്കുന്നില്ല. ആലങ്കാരികഭാഷയിലാണ് ഖുർആൻ പ്രപഞ്ചസൃഷ്ടി രഹസ്യവും മനുഷ്യസൃഷ്ടിതത്ത്വവും വിവരിച്ചിട്ടുള്ളത്. ഖുർആനെ വ്യാഖ്യാനിക്കുന്നതിന് ഖുർആൻതന്നെ ഒരു പ്രത്യേക സരണി നിർദ്ദേ

ശിച്ചിട്ടുണ്ട്. ഉറൂബിന്റെ 'ഉമ്മാച്ചു' എന്ന നോവലിൽ ഒരിടത്ത് 'ഈ പരന്നഭൂമിയിൽ' എന്ന് എഴുതിയത് വായിച്ചു ഭൂമി പരന്നതാണെ ന്നാണ് സുപ്രസിദ്ധ സാഹിത്യകാരനായ ഉറൂബ് പറഞ്ഞിട്ടുള്ളതെന്ന് ഒരാൾ വാദിച്ചുതുടങ്ങിയാൽ കഷ്ടം! എന്ന് മൂക്കത്ത് വിരൽവെക്കു കയല്ലാതെ മറ്റെന്തു ചെയ്യാനാവും!

"അല്ലാഹു ഒരു കാര്യം ഇച്ഛിച്ചാൽ ആവുക എന്നു പറയുമ്പോൾ അത് ആവാൻ തുടങ്ങുന്നു"(*36:83*) എന്ന് ഖുർആനിൽ ഒരിടത്ത് കാണാം. സർവ്വശക്തനായ അല്ലാഹു ഇച്ഛിക്കുമ്പോൾതന്നെ സൃഷ്ടി നടക്കുന്നു എന്നു വരുമ്പോൾ അല്ലാഹു കുശവനെപ്പോലെ ഒരി ടത്ത് കുത്തിയിരുന്നു പ്രതിമകൾ വാർത്തുണ്ടാക്കി അവയുടെ മൂക്കിൽ ഊതേണ്ടതില്ലെന്ന് മുസ്ലിംകൾക്കറിയാം. അതുകൊണ്ട് അവർ അപ്രകാരമൊന്നും വിശ്വസിക്കുന്നില്ല. 'റബ്ബ്' رَبٌّ എന്ന പദ ത്തിന്റെ അർത്ഥംതന്നെ 'പരിവർത്തനദശകളിലൂടെ പരിപൂർണ്ണത യിലെത്തിക്കുന്നവൻ' എന്നാണെന്ന് ഡാർവിനും ലാമാർക്കും ജനി ക്കുന്നതിനു നൂറ്റാണ്ടുകൾക്കുമുമ്പേ ജനിച്ച ഇമാം റാഗിബ് ഇസ്ഫ ഹാനിയുടെ 'മുഫറദാത്തുൽ ഖുർആൻ' എന്ന ഖുർആൻ ധാത്വർത്ഥ നിഘണ്ടുവിൽ കാണാം. ദൈവം മനുഷ്യനെ മണ്ണിൽനിന്ന് സൃഷ്ടിച്ചു എന്നു പറഞ്ഞതുകൊണ്ട് പരിവർത്തനങ്ങളോ പരിണാമങ്ങളോ ഉണ്ടായിട്ടില്ലെന്നു വരണമെന്നില്ല. ആ പരിണാമം ഡാർവിൻ പറ യുന്ന രീതിയിൽത്തന്നെ ആയിക്കൊള്ളണമെന്നുമില്ല. 'ഖലഖക്കും അത്വാറാ' 'നിങ്ങളെ പല ദശകളിലായി സൃഷ്ടിച്ചു' എന്ന് ഖുർആൻ പറഞ്ഞപ്പോൾ പരിണാമദശകളിലൂടെ മനുഷ്യൻ കടന്നുനീങ്ങീട്ടു ണ്ടെന്നാണ് ഖുർആൻ ഉൽബോധിപ്പിച്ചതെന്ന് അർത്ഥമെടുക്കാൻ ശ്രീ. കലാനാഥന് മനസ്സുവന്നില്ല. ആ വാചകംതന്നെ അദ്ദേഹത്തിന് കാണാൻ കഴിഞ്ഞില്ലല്ലോ!

പരിണാമം സൃഷ്ടികർത്താവിന്റെ ആസ്തിക്യത്തെ ചോദ്യം ചെയ്യാൻ സഹായകമല്ല. പല പരിണാമങ്ങളെയും മനുഷ്യൻ തരണം ചെയ്തിട്ടുണ്ടെന്ന് പറഞ്ഞാൽ സൃഷ്ടികർത്താവായ ദൈവം ഇല്ലെന്ന് അർത്ഥമാകയില്ല. ഭ്രൂണാവസ്ഥയിൽ ഗർഭപാത്രത്തിൽവെച്ചുതന്നെ പല പരിണാമദശകളേയും തരണം ചെയ്തുകൊണ്ടാണ് മനുഷ്യ

പ്രജ ജനിയ്ക്കുന്നത്. ഗർഭപാത്രത്തിൽവെച്ചു അത്തരം പരിണാമങ്ങൾ ഉണ്ടായി എന്നുവച്ചു ഒരു ശിശുവിന്റെ ജനനത്തിനു കാരണഭൂതനായ ഒരു പിതാവ് ശിശുവിനില്ലെന്ന് വരുന്നില്ലല്ലോ. ചാൾസ് ഡാർവിൻ പക്ഷേ, ഒരു ഈശ്വരവിശ്വാസിയായിരുന്നു എന്നു ഇവിടെ ഓർക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ പിൽക്കാലശിഷ്യന്മാരാണ് അദ്ദേഹത്തെ ഒരു ദൈവനിഷേധിയായി ചിത്രീകരിച്ചത്. പരിണാമം ഉണ്ടായെന്നു സമ്മതിച്ചാലും ജീവന്റെ തുടക്കം എങ്ങനെയെന്ന പ്രഹേളിക അവശേഷിക്കുന്നു. ഡാർവിൻ ഇപ്രകാരം പറഞ്ഞു:

I imagine that probably all organic beings which ever lived on the earth descended from some primitive form which was first called into life by the creator.

"ഈ ഭൂമിയിൽ എപ്പോഴെങ്കിലും ജീവിച്ച എല്ലാ ജീവിവർഗ്ഗങ്ങളും സ്രഷ്ടാവ് ആദ്യം ജീവൻ നൽകിയ ഏതെങ്കിലും ഒരു പ്രാകൃതരൂപത്തിൽനിന്ന് ആവിർഭവിച്ചതാണെന്നാണ് ഞാൻ നിരൂപിക്കുന്നത്." ജീവൻ എങ്ങനെ ഉണ്ടായി? എന്ന ചർച്ചയിൽനിന്ന് എല്ലാ പരിണാമവാദികളും ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നതെന്ന വസ്തുത ശ്രീ. കലാനാഥൻ മറന്നുകളയേണ്ട!

പരിണാമവാദത്തിന്റെനേരെ ശാസ്ത്രജ്ഞന്മാർതന്നെ എതിർവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടെന്ന് മാത്രമല്ല ചില ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ പരിണാമത്തിന്റെ അടിസ്ഥാനംതന്നെ തകർക്കുകയും ചെയ്യുന്നു. എന്നിരിക്കെ, ഇത്തരം ഒരഭ്യൂഹത്തെ വിശ്വാസപ്രമാണമാക്കി മാറ്റണമെന്നു യുക്തിവാദികൾ ശഠിക്കുന്നതും പരിണാമവാദത്തിന്നെതിരായി ചിന്തിക്കുന്നതു പാതകമായി ചിത്രീകരിക്കുന്നതും ശരിയോ?

വ്യത്യസ്തജീവിഗണങ്ങൾ, വ്യത്യസ്തജീവിഗണങ്ങൾ (Species) ആയിത്തന്നെ പരിണാമപ്രക്രിയയ്ക്ക് വിധേയമായിരുന്നിട്ടുണ്ടാകും. മനുഷ്യൻ കുരങ്ങിൽനിന്നു പരിണമിച്ചുണ്ടായി എന്ന ഡാർവിന്റെ സിദ്ധാന്തത്തെ താൻ അംഗീകരിക്കുന്നില്ലെന്നു അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരായ ഹസ്റത്ത് അഹ്മദ്(അ) പ്രഫസർ ക്ലമണ്ട് റേഗുമായുള്ള സംഭാഷണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

8. ദിക്റെ ഹബീബ്- ഹസ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിഖ്(റ)

"അത്തരം കഥകളിൽ നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കാൻ നമുക്ക് സാദ്ധ്യമല്ല" എന്ന് അദ്ദേഹം പറഞ്ഞു.[8] അതുകൊണ്ട്, ഡാർവിന്റെ പരിണാമവാദത്തെ അഹ്‌മദികൾ അംഗീകരിക്കുന്നില്ല. അക്കാരണത്താൽ അഹ്‌മദികളെ ശാസ്ത്രവിരോധികളും അന്ധവിശ്വാസികളുമായി മുദ്രകുത്തുമെന്നാണെങ്കിൽ, അതിൽ യാതൊരു അപമാന ബോധവും ഇല്ലെന്ന് വ്യക്തമാക്കിക്കൊള്ളട്ടെ! ഫ്രോയിഡിന്റെ ലൈംഗികവാദത്തെയും അതുപോലെതന്നെ മെൻഡലിന്റെ പാരമ്പര്യശാസ്ത്രത്തെയും മാർക്സിസം അനുകൂലിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ലല്ലോ! അത്യാധുനികമായ ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ പരിണാമവാദത്തെ തള്ളിപ്പറയുകയാണെന്ന വസ്തുതകൂടി ഞാൻ ശ്രീ. കലാനാഥനെ ഓർമ്മിപ്പിക്കട്ടെ.

## സാമ്പത്തിക സമീകരണം

ആക്ഷേപം:- 4. ഇസ്‌ലാം എന്റെ സ്വാഭാവികങ്ങളായ അഭിലാഷങ്ങളെ ചതച്ചരക്കുന്നു. അവയെ ശരിയായ പാതകളിലൂടെ ചലിക്കുന്നതിന് അനുവദിക്കുന്നില്ല.

ഉദാഹരണം:- ഒരു സ്ഥിതിസമത്വസമുദായം കെട്ടിപ്പടുക്കാനുള്ള സോഷ്യലിസ്റ്റ് ആശയങ്ങളെയും കമ്മ്യൂണിസ്റ്റ് ആശയങ്ങളെയും ഇസ്‌ലാം വെറുക്കുകയാണ്. പൊറുപ്പിക്കുന്നില്ല. ഉള്ളവനും ഇല്ലാത്തവനും എന്നുമുണ്ടാകുന്ന പിന്തിരിപ്പൻ മുതലാളിത്ത ആശയങ്ങളെ ഇസ്‌ലാം താലോലിക്കുകയാണ്. സകാത്ത് വ്യവസ്ഥ പട്ടിണിപ്പേക്കോലങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് എന്നും പാവനമായിത്തീരുമല്ലോ!

**മറുപടി:-** 'സോഷ്യലിസ്റ്റ് ആശയങ്ങളെ കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റ് ആശയങ്ങളെ സോഷ്യലിസ്റ്റുകാരും പൊറുപ്പിക്കുന്നില്ലെന്ന നഗ്നസത്യത്തെ സൗകര്യപൂർവ്വം വിസ്മരിച്ചുകൊണ്ടാണ് ശ്രീ. കലാനാഥൻ പ്രക്ഷോഭിക്കുന്നത്. എന്തിനധികം? ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിതന്നെ 22-ലേറെ ചേരികളായി മാറിനിന്നു പരസ്പരം അങ്കം വെട്ടുകയാണ്. സി.പി.ഐയുടെ നയപരിപാടികളെ സി.പി.ഐ.എമ്മും സി.പി.ഐ.എമ്മിന്റെ നയപരിപാടികളെ സി.പി.ഐ.യും തന്നെ അംഗീകരിക്കാനും പൊറുപ്പിക്കാനും തയ്യാറില്ലല്ലൊ. ഭൗതി

കവാദികളിൽ ഏറ്റവും സംഘടിതമായി പ്രവർത്തിക്കുന്ന ഒരു വിഭാഗത്തെ ഇവിടെ ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. യുക്തിവാദികൾ എന്നു പറയുന്നവരുടെതന്നെ കഥയെന്താണ്! അവർക്കിടയിൽത്തന്നെയുള്ള അഹന്തക്കാർ പരസ്പരം വെറുക്കുകയും തമ്മിലടിക്കുകയും ചെയ്യുന്നു. യുക്തി വഴിനടത്താനുണ്ടായിട്ടും പ്രസ്ഥാനം "ശരിയായ പാതകളിലൂടെ ചലിക്കാൻ അനുവദിക്കുന്നില്ല" എന്നു പറഞ്ഞു പരസ്പരം കാലുവാരുന്നു. ഇതൊക്കെ സംഭവിച്ചുകൊണ്ടിരിക്കെ ഇസ്‌ലാമിനോടു വേണോ ശ്രീ. കലാനാഥന്റെ അരിശം?

ശ്രീ. കലാനാഥന്റെ ഏതെല്ലാം സ്വാഭാവിക അഭിലാഷങ്ങളെയാണ് ഇസ്‌ലാം ചതച്ചരക്കുന്നതെന്നു വ്യക്തമാക്കിയിട്ടില്ല. അതിനാൽ എനിക്കൊന്നും പറയാനാവില്ല. അതുപോലെ, ശരിയായ പാതയിലൂടെ ചലിക്കുന്നതിനു അനുവദിക്കുന്നില്ലെന്നു പറഞ്ഞതിന്റെ അർത്ഥവും അജ്ഞേയമാണ്. രക്തവിപ്ലവം നയിക്കുന്നതിനും കുത്തിക്കൊല നടത്തുന്നിനുമുള്ള സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകിട്ടണമെന്നാണെങ്കിൽ ഇസ്‌ലാം അതനുവദിക്കില്ല. മനുഷ്യജീവന് വലിയ വില കല്പിക്കുന്ന മതമാണത്.

സോഷ്യലിസ്റ്റ് ആശയങ്ങൾ എന്നു പറഞ്ഞതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? സോഷ്യലിസത്തിന് അനേകം നിർവചനങ്ങളുണ്ട്. സോഷ്യലിസ്റ്റ് സമുദായങ്ങളും പലതരത്തിലുണ്ട്. കമ്മ്യൂണിസവും അപ്രകാരംതന്നെ. കമ്മ്യൂണിസത്തിലെ കക്ഷി സ്വേച്ഛാധിപത്യത്തിന് (Totalitarianism) കമ്മ്യൂണിസ്റ്റുകാർതന്നെ എതിരായിത്തീർന്നിട്ടുണ്ട്. 'റിവിഷനിസം' അതാണല്ലോ തെളിയിച്ചത്. 'യൂറോ കമ്മ്യൂണിസത്തിന്റെ പിറവിയും അതുതന്നെ തുറന്നുകാട്ടി. കമ്മ്യൂണിസം മൃഗതൃഷ്ണയാണെന്നും കമ്മ്യൂണിസത്തിലെ സ്വർഗ്ഗഭൂമി ചുടലക്കളമാണെന്നും വന്നുകൂടിയിരിക്കയാണല്ലോ! സ്റ്റാൻലിന്റെ കിരാതഭരണത്തിൽ നടമാടിയതെന്താണെന്ന് ഇരുപതാം പാർട്ടി കോൺഗ്രസ്സ് വഴി ക്രൂഷ്ച്ചേവ് ലോകത്തിന് വ്യക്തമാക്കിക്കൊടുത്തു.[9] മനുഷ്യമനസ്സാക്ഷി ഞെട്ടിത്തെറിക്കുന്ന ഭീകരവാഴ്ച വരണമെന്നാണ് ശ്രീ. കലാനാഥന്റെ അഭിലാഷമെങ്കിൽ ഇസ്‌ലാം എന്തു ചെയ്യണം? മനുഷ്യത്വത്തോടു ബഹുമാനമുള്ളതുകൊണ്ട് ഇസ്‌ലാ

9. Stalin's Ghost.

മിൽ ദൃഢമായി വിശ്വസിക്കുന്നവർ അതിനോട് യോജിക്കുന്നില്ല. വിയോജിക്കുവാനുള്ള അവകാശം യുക്തിവാദി നേതാവായ ശ്രീ. കലാനാഥൻ ദയവായി അനുവദിച്ചുതന്നേക്കണം!

"ഉള്ളവനും ഇല്ലാത്തവനും എന്നുമുണ്ടാകുമെന്ന പിന്തിരിപ്പൻ മുതലാളിത്ത ആശയങ്ങളെ ഇസ്‌ലാം താലോലിക്കുന്നു" എന്നു കലാനാഥൻ പറയുന്നു. ഉള്ളവന്റെ മുതലിൽ ഇല്ലാത്തവനുള്ള അവകാശം ഭൂമിയിൽ ആദ്യമായി പ്രഖ്യാപിച്ചത് വിശുദ്ധഖുർആനാണ് എന്ന വസ്തുത ശ്രീ കലാനാഥന് ഞാൻ പറഞ്ഞുതരട്ടെയോ? وَفِىٓ اَمْوَالِهِمْ حَقٌّ لِّلسَّآئِلِ وَالْمَحْرُومِ "അവരുടെ മുതലിൽ ചോദിക്കുന്നവർക്കും ചോദിക്കാനാവാത്തവർക്കും അവകാശമുണ്ട്" എന്ന് ഖുർആൻ പ്രഖ്യാപിച്ചപ്പോൾ[10] മുതലിന്റെ ഉടമസ്ഥതയിൽ സമൂഹത്തിനുള്ള പങ്കാളിത്തത്തെ, അവകാശത്തെ സംശയലേശമന്യേ ഖുർആൻ ഘോഷിക്കുകയാണ് ചെയ്തത്. ഈ സാമ്പത്തികതത്ത്വത്തിന് നിയമപരമായ പ്രായോഗികരൂപം നൽകേണ്ടത് അതാതുകാലത്തെ ഭരണകൂടമാണ്.

ഇസ്‌ലാം ഒരു പുതിയ സാമൂഹികപരിഷ്കാരം നടപ്പാക്കി. അതുവരെ ലോകം കണ്ടിട്ടില്ലാത്ത സാമൂഹികസാംസ്കാരിക സാമ്പത്തിക പരിവർത്തനം അത് സൃഷ്ടിച്ചു. ഏറ്റവും കുറഞ്ഞകാലം കൊണ്ട് ഏറ്റവും വ്യാപകമായി ഏറ്റവും നീണ്ടുനിന്ന ഒരു പരിവർത്തനമായിരുന്നു ഇസ്‌ലാം വരുത്തിയത്. ആദിമ മുസ്‌ലിംകളുടെ സാമൂഹികപരിഷ്കാരത്തിന്റെ പ്രഗതിയെപ്പറ്റി They proceeded with extraordinary rapidity "അസാധാരണ ശീഘ്രതയോടെ അവർ മുന്നേറി" എന്നു ബർട്രണ്ട് റസ്സൽ പറഞ്ഞു[11]. ഇസ്‌ലാം ഇന്ത്യക്ക് ഒരു 'ടോണിക്ക്' ആയിട്ടാണ് അനുഭവപ്പെട്ടതെന്ന് നെഹ്റു പറഞ്ഞു. Islam brought a new impulse for the progress to India. To some extend it served as a tonic. It shook up India[12]. അസമത നിറഞ്ഞ ഇന്ത്യൻ സാമൂഹികവ്യവസ്ഥിതിയിൽ ഇസ്‌ലാം വരുത്തിവെച്ച മഹത്തായ പരിവർത്തനത്തെയാണ് നെഹ്റു ചൂണ്ടിക്കാണിച്ചത്.

10. വിശുദ്ധഖുർആൻ 51:20.
11. A History of Western Philosophy-Bertrand Russel, P.419.
12. Glimpse of World History- Nehru, P. 283.

ഇസ്ലാം സാമൂഹികസാംസ്കാരിക മണ്ഡലങ്ങളിൽ വരുത്തിയ മഹത്തായ വിപ്ലവത്തെ നിഷേധിക്കാൻ ശ്രീ. കലാനാഥൻ ധൈര്യപ്പെടുന്നത് സി.പി.എസ്.യുവിന്റെ ചരിത്രം ലോകചരിത്രമാണെന്ന് തെറ്റിദ്ധരിച്ചതുകൊണ്ടാവുമോ! അതിൽ പക്ഷെ, ഇസ്ലാമികചരിത്രവസ്തുതകൾ കണ്ടെത്തിയെന്നു വരില്ല!!

ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഇല്ലാതാക്കാനാണ് ഇസ്ലാം ശ്രമിച്ചത്. സകാത്ത് വ്യവസ്ഥിതി പട്ടിണി പേക്കോലങ്ങളെ സൃഷ്ടിക്കാനുള്ളതാണെന്ന കലാനാഥന്റെ അഭിപ്രായം പക്വചിന്തയെ കുറിക്കുന്നില്ല. 'ചക്കാത്ത്' വിതരണമാണ് സകാത്ത് വ്യവസ്ഥിതിയെന്നു അദ്ദേഹം തെറ്റിദ്ധരിച്ചു എന്നു തോന്നുന്നു! ഒരാളുടെ മുതലിന്നും ആദായത്തിനും ഒപ്പം ബാധകമാകുന്നതരത്തിൽ ഈടാക്കുന്നതിന്ന് ഖുർആൻ നിർദ്ദേശിച്ച അടിസ്ഥാനനികുതിയാണ് സകാത്ത്. ഏറ്റവും പരിഷ്കൃതമായ സാമൂഹികസാമ്പത്തിക സമത്വവാദങ്ങളിൽപോലും (Equalitarianism) മൂലധനത്തിനോ ആകെ മുതലിന്നോ നികുതി കെട്ടുന്നതിനെ കുറിച്ചുള്ള സങ്കല്പമില്ല. ഇൻകംടാക്സും സൂപ്പർടാക്സും മറ്റെല്ലാ ടാക്സുകളും വരുമാനത്തിനും ആദായത്തിനും മാത്രമുള്ളതാണ്. ഇസ്ലാം ആകെമുതലിന്നാണ് നികുതി നിർദ്ദേശിച്ചിട്ടുള്ളത്. ചിലപ്പോൾ ഇത് വരുമാനത്തിന്റെ പകുതിയോളവും വന്നേക്കും.[13]

ഇസ്ലാം വ്യവസ്ഥിതിയിൽ ധനം ആർക്കും വെറുതെ (Idle) കൂട്ടിയിടാൻ സാധിക്കാതെവരുന്നു. വെറുതെ വെക്കുന്ന മുതൽ കൊല്ലന്തോറും വിവിധ തോതനുസരിച്ചുള്ള സകാത്ത് മുഖേന അലുത്ത് തീരുകയും അത് സ്റ്റേറ്റിന്റെ ഉടമതയിലായിത്തീരുകയും ചെയ്യുന്നു. അല്ലെങ്കിൽ ആ ധനം വ്യവസായസംരംഭങ്ങളിൽ നിക്ഷേപിക്കേണ്ടിവരും. അന്യർക്ക് ഉപയോഗിക്കാൻ കൊടുക്കാത്ത ആഭരണങ്ങൾക്കുപോലും സകാത്ത് കൊടുക്കണം. ബേങ്കുകളിൽ കോടിക്കണക്കിൽ ഉറുപ്പിക രഹസ്യമായി നിക്ഷേപിച്ചു പലിശമേൽ പലിശനേടി കുന്നുകൂട്ടി ആ മുതലിന്റെ സംരക്ഷണത്തിൽ അലസമായി ജീവിതം തള്ളിനീക്കാൻ ഇസ്ലാം അനുവദിക്കുകയില്ല. കുത്തക മുതലാളിത്തത്തിന്റെ വേരിന് വെട്ടുകയാണ് ഇസ്ലാം ഇതു

13. Ahmadiyyath or the True Islam. Hazrath Mirza Mahmood Ahmad, P. 339.

വഴി ചെയ്തിട്ടുള്ളത്. ഇതോടൊപ്പം “അവരുടെ മുതലിൽ ചോദിക്കുന്നവർക്കും ചോദിക്കാനാവാത്തർവക്കും” ഉള്ള അവകാശ പ്രഖ്യാപനത്തിന്റെ പ്രായോഗിക പ്രവർത്തനങ്ങളും നടക്കും. സകാത്ത് അടിസ്ഥാനനികുതിയാണ്. സകാത്ത് മാത്രമേ പിരിക്കാൻ പാടുള്ളൂ എന്നൊന്നും നിശ്ചയിച്ചിട്ടില്ല. “ബോണസ്സ് മാറ്റിവെക്കപ്പെട്ട വേതനം” എന്ന മുദ്രാവാക്യത്തിൽ വിപ്ലവം കാണുന്നവർക്ക് തൊഴിലാളിക്കും തൊഴിലാളികളല്ലാത്ത സമൂഹത്തലെ മറ്റു വിഭാഗങ്ങൾക്കും മുതലാളിയുടെ സ്വത്തിൽ അവകാശം حَقٌّ ഉണ്ടെന്ന് പ്രഖ്യാപിച്ച ഖുർആനിൽ പുരോഗമനം കാണാൻ കഴിയാത്തതെന്തേ? ബുദ്ധി മറ്റെങ്ങോ പണയം വെച്ചിരിക്കയാകുമോ? تُؤْخَذُ مِنْ اَغْنِيَائِهِمْ وَتُرَدُّ عَلَى فُقَرَائِهِمْ “ഉള്ളവരിൽനിന്ന് പിടിച്ചെടുത്ത് ഇല്ലാത്തവർക്ക് തിരിച്ചുകൊടുക്കുക” എന്ന ആശയം ഭൂലോകത്ത് ആദ്യമായി ഉയർത്തിയത് മുഹമ്മദ് നബി(സ) തിരുമേനിയാണ് (മുത്തഫിഖുൻ അലയ്ഹി). ഇതാണ് സകാത്തിന്റെ പ്രായോഗിക വ്യാഖ്യാനം. എന്നാൽ, ഇതൊക്കെ വ്യവസ്ഥിതമാർഗ്ഗത്തിലും നീതി നിയമങ്ങൾക്കനുസരിച്ചും പ്രാവർത്തികമാക്കണമെന്നതാണ് നിർബ്ബന്ധം. ഈ സാമ്പത്തിക സിദ്ധാന്തങ്ങളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് തിരുനബിയുടെ ഒരു പ്രസിദ്ധ സഹാബിയായിരുന്ന അബൂദർ ഗഫ്ഫാരി(റ) വിപ്ലവം പ്രസംഗിച്ചത്. ലോകചരിത്രത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് അല്ലെങ്കിൽ സാമ്പത്തികവിപ്ലവകാരി അബൂദർ ഗഫ്ഫാരി ആയിരുന്നു എന്നു പറയുമ്പോൾ ആധുനിക സോഷ്യലിസ്റ്റ് പരിഹാസച്ചിരി ചിരിച്ചേക്കും! എങ്കിലും സാമൂഹികസാമ്പത്തിക ശാസ്ത്രഗവേഷകർക്ക് അത് കണ്ടെത്താൻ പ്രയാസമില്ല. സമ്പത്ത് നീതിപൂർവ്വം വിതരണം ചെയ്യുന്നതിന് ‘മിച്ചവില’യെ സംബന്ധിച്ച ‘തീസിസ്’ വായിച്ചിരിക്കണമെന്നില്ല. തീസിസുകൾ തയ്യാറാക്കിയവർ എവിടെയും ഒന്നും നടപ്പാക്കീട്ടുമില്ല. എന്താണ് ഇവരുടെ സാമൂഹികക്ഷേമ സങ്കല്പം? വാർദ്ധക്യകാല പെൻഷനും വിധവാപെൻഷനും നടപ്പിൽ വരുത്തിയതാണ് വിപ്ലവകരമായ നേട്ടം! അതും ഈ കംപ്യൂട്ടർ യുഗത്തിൽ! എത്ര ദരിദ്രമാണ് ഈ സങ്കല്പങ്ങൾ. ഇസ്‌ലാം പതിനാല് നൂറ്റാണ്ട് മുമ്പ് നടപ്പാക്കിയ ക്ഷേമപദ്ധതിയാണ് ഇപ്പോൾ പുതുമയുടെ പുതപ്പിട്ട് കൊണ്ടുനടക്കുന്നത്.

The system of old age pensions now prevailing in many countries of Europe, was first introduced by Umar. For wayfareres large caravansaries were erected in all big centres. Children without any guardians were brought up at the expense of the state.

"യൂറോപ്പിലെ പല രാജ്യങ്ങളിലും ഇപ്പോൾ നിലവിലുള്ള വാർദ്ധക്യകാലപെൻഷൻ ഉമർ(റ) ആണ് ലോകത്ത് ഒന്നാമതായി നടപ്പിലാക്കിയത്. യാത്രക്കാർക്കുവേണ്ടി പ്രധാന കേന്ദ്രങ്ങളിലെല്ലാം വലിയ വലിയ സത്രങ്ങളും പടുത്തിട്ടു. രക്ഷിതാക്കന്മാരില്ലാത്ത കുട്ടികളുടെ പരിപാലനം സ്റ്റേറ്റ് സംരക്ഷണത്തിലാക്കി"[14]. ഖലീഫ അൽമുഖ്തദിറിന്റെ മന്ത്രിയായിരുന്ന അലിയുബ്നു ഈസായുടെ കല്പന പ്രകാരം ചീഫ്മെഡിക്കൽ ഓഫീസറായിരുന്ന സീനാൻ സർക്കാർ ഭിഷഗ്വരന്മാരെ സംഘടിപ്പിച്ചു മരുന്നും പേറി രോഗികളേയും തേടി പോകുമായിരുന്നു. മറ്റൊരുകൂട്ടം ഭിഷഗ്വരന്മാർ ജയിലുകളിൽ നിത്യ സന്ദർശനം നടത്തിപ്പോന്നു[14a]. മുസ്ലിം ഭരണകർത്താക്കൾ ഒരായിരം കൊല്ലംമുമ്പുതന്നെ സാമൂഹികക്ഷേമത്തിനു ഉറപ്പുവരുത്തിയത് ഇപ്രകാരമെല്ലാമായിരുന്നു.

അതെല്ലാം അവിടെ നിൽക്കട്ടെ! പലിശ ഏർപ്പാടിനെപ്പറ്റി സഖാവ് കലാനാഥൻ എന്തുപറയുന്നു? മുതലാളിത്തത്തിന്റെ അടിസ്ഥാനപരമായ ഒരാശയമല്ലേ പലിശ? ഈ പലിശ ഏർപ്പാടിനെ ഇസ്ലാം കർശനമായി വിരോധിച്ചതു ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരത്തെ നിലനിർത്താനാണോ? മുതലാളിയുടെ മുതൽ ബേങ്കിലിട്ടാൽ പലിശയും കൂട്ടുപലിശയും കൊണ്ട് അത് അനുസ്യൂതം പെരുകുന്നു. യൂറോപ്പിലും അമേരിക്കയിലുമുള്ള കോടീശ്വരന്മാർ കോടിശ്വരന്മാരായിത്തന്നെ നിലനിൽക്കുന്നതു പലിശ ഏർപ്പാടിലൂടെയല്ലേ? പലിശയിലധിഷ്ഠിതമായ ആധുനിക ബേങ്കിങ്ങ് സമ്പ്രദായത്തിലൂടെയാണ് കുത്തകമുതലാളിത്തത്തിൽ സമ്പത്ത് വളരുന്നത്. കുത്തകമുതലാളിമാർ സമ്പത്ത് ബേങ്കിലിട്ടു പലിശകൊണ്ടു വ്യാപാരം നടത്തുന്നു. ചൂഷണത്തിൽ മാത്രം അധിഷ്ഠിതമായ വായ്പാ കമ്പനികൾ വളരുന്നു. ലോക കമ്പോളത്തെയും നാണയവ്യവസ്ഥിതികളേയും പലിശ നിയന്ത്രിക്കുന്നു.

14. Early Caliphate- Moulana Muhamamd Ali. M.A. LLB, P.190
14a. History of the Arabs- Prof. Hitty, P. 365

സർവ്വോപരി യുദ്ധത്തിന് അടിസ്ഥാനം പാകുകയും സാഹചര്യമൊരുക്കുകയും ചെയ്യുന്നു. എന്നിട്ടും ഈ പലിശവ്യവസ്ഥിതിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പുരോഗമനപരമെന്നു പറയുന്ന മാർക്സിസ്റ്റ് പ്രത്യയശാസ്ത്രപ്രകാരമുള്ള വീക്ഷണമെന്താണ്? നാണയത്തിന്റെ മൂല്യശോഷണത്തിനുള്ള ഏകപ്രതിവിധിയാണതെന്നു പറഞ്ഞുകൊണ്ട് പലിശവ്യവസ്ഥയെ മാർക്സിസ്റ്റ് ആചാര്യന്മാർ ന്യായീകരിക്കുകയല്ലേ? പലിശരഹിതമായ ഒരു സാമ്പത്തിക വ്യവസ്ഥിതിയെ കുറിച്ച് കമ്മ്യൂണിസ്റ്റാചാര്യന്മാർ ചിന്തിച്ചിട്ടുപോലുമില്ല.

സോവ്യറ്റ് യൂനിയനിലും ബേങ്കുണ്ട്. സോവ്യറ്റ് യൂനിയനിലെ സ്റ്റേറ്റ്ബേങ്കായ ഗോസ് ബേങ്ക് (Goz Bank) ലോകത്ത്‌വച്ച് ഏറ്റവും വലിയ ബേങ്കാണെന്നാണ് പറയപ്പെടുന്നത്. നിശ്ചിതനിരക്കിലുള്ള പലിശവ്യവസ്ഥയിൽ ഗ്രാമീണർക്ക് വായ്പ നൽകുന്നു[15]. രാഷ്ട്രമുതലാളിയായ റഷ്യ രാഷ്ട്രങ്ങൾക്ക് കടം കൊടുക്കുന്നു. ലാഭകച്ചവടം ചെയ്യുന്നു. എല്ലാം പലിശവ്യവസ്ഥയിലുള്ള ചൂഷണത്തിന്റെ അടിസ്ഥാനത്തിൽ. ചിലപ്പോൾ നിരക്കിൽ ഏറ്റകുറച്ചിൽ ഉണ്ടാക്കിയേക്കാം. പലിശയിളവ് നൽകിയെന്നും വരാം. എന്നാൽ, രാഷ്ട്രീയപരിഗണനകൾ വച്ചുമാത്രം സാമ്രാജ്യത്വ സമീപനങ്ങളിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല, 'സ്ഥിതിസമത്വസമുദായം കെട്ടിപ്പടുക്കാനുള്ള കമ്മ്യൂണിസ്റ്റ് ആശയങ്ങളെ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന സോഷ്യലിസ്റ്റ് റഷ്യയുടെയും നയവും സമീപനവും!"

മുസ്‌ലിംകൾ അന്താരാഷ്ട്രവിപണി നിയന്ത്രിച്ച കാലമുണ്ടായിരുന്നു. അവർ കച്ചവടം നടത്തിയവരാണ്. ലോകകമ്പോളം നിയന്ത്രിച്ചിരുന്നവരാണ്. എന്നാൽ, അപ്പോഴൊന്നും മുതലാളിത്തം വളർന്നില്ല. സാമ്രാജ്യത്വം ഉടലെടുത്തില്ല. അവർ പലിശ വാങ്ങിയി

15. Soviet Banks and their functions- Vyachaslav Zakharov Soviet News, 29.10.78.

16. സകാത്ത് വ്യവസ്ഥ പട്ടിണിപ്പേക്കോലങ്ങളെ നിലനിർത്താനുള്ളതാണെന്ന ആരോപണം ഇസ്‌ലാമിനെക്കുറിച്ചുള്ള കുറ്റകരമായ അജ്ഞത വെളിപ്പെടുത്തുന്നു. 'കാദൽ ഫഖ്റു അൻയകൂന കുഫ്റൻ' (ദാരിദ്ര്യം അവിശ്വാസത്തിലേക്ക് ഏറ്റവും അടുത്തതാകുന്നു) എന്നു നബിതിരുമേനി(സ) അരുളിയപ്പോൾ ദാരിദ്ര്യത്തെ നിർമ്മാർജ്ജനം ചെയ്യേണ്ടത് സത്യവിശ്വാസത്തിലേക്ക് ജനങ്ങളെ നയിക്കാനാവശ്യമാണെന്നാണ് ആ മഹാത്മാവ് ഉത്ബോധിപ്പിച്ചത്.

ദാരിദ്ര്യത്തെ സംബന്ധിച്ച ഇസ്‌ലാമിന്റെ കാഴ്ചപാട് ഇതാണ്: ദാരിദ്ര്യം മനുഷ്യരെ കളവ്, കവർച്ച തുടങ്ങിയ കുറ്റങ്ങൾക്ക് പ്രേരിപ്പിക്കുന്നു എന്നുമാത്രമല്ല അധാർമ്മികതയിലേക്ക് വഴിനടത്തുകയും ചെയ്യുന്നു. ദാരിദ്ര്യം ഒരാളെ ലുബ്ധനും കൃപണനുമാക്കുകയും

രുന്നില്ല. യൂറോപ്യൻകുത്തകമുതലാളിമാർ ലോകകമ്പോളം കീഴടക്കിയപ്പോഴാണ് പലിശയുടെ സ്വാധീനത്തോടൊപ്പം മുതലാളിത്തത്തിലൂടെ സാമ്രാജ്യത്വവും ശക്തിപ്പെട്ടത്. സാമ്രാജ്യത്വത്തിന്റെ ഏറ്റവും വലിയ ചൂഷണ ഉപാധികളാണ് പലിശവ്യവസ്ഥയും നാണയവിനിമയ വിലനിയന്ത്രണവും. ഈ രണ്ടു കാര്യത്തിലും അമേരിക്കയും സോവ്യറ്റ് റഷ്യയും ഒരേ തോണിയിൽ!

സകാത്ത് വ്യവസ്ഥിതിയെ ശ്രീ. കലാനാഥൻ പുച്ഛിക്കുന്നത് വികലധാരണവെച്ചാണ്.[16] വെറുതെ വെക്കുന്ന ധനം ബേങ്കിൽ നിക്ഷേപിച്ചോ കടം കൊടുത്തോ പലിശയിലൂടെയും കൂട്ടുപലിശയിലൂടെയും സമ്പന്നനായ ഒരാൾക്ക് പെരുകികിട്ടുന്ന ഒരു വ്യവസ്ഥ. നിക്ഷേപത്തിലൂടെയോ അല്ലാതെയോ വെറുതെവെച്ചാൽ പലിശയില്ലാത്തതിനാൽ വർദ്ധിക്കുകയില്ലെന്നു മാത്രമല്ല കൊല്ലന്തോറും നിശ്ചിതവരുമാനം സകാത്തിലൂടെ സർക്കാരിന്റെ ഖജനാവിലേക്ക് ചെന്നുചേരുന്നതുമുഖേന കുറഞ്ഞുതീരുന്ന മറ്റൊരു വ്യവസ്ഥ. ഇതിൽ ഏതാണ് സമ്പന്നനെ കൂടുതൽ സഹായിക്കുക? ഉള്ളവനെ കൂടുതൽ ഉള്ളവനാക്കിതീർക്കുന്നതാണ് ഒരു വ്യവസ്ഥയെങ്കിൽ, ഉള്ളവന്റെ മുതൽ ജനോപകാരപ്രദമായി പ്രയോജനപ്പെടുത്താത്ത പക്ഷം കുറഞ്ഞു ഇല്ലാതായിത്തീരുകയും ഉള്ളവൻ ഇല്ലാത്തവനായി മാറുകയും ചെയ്യുന്ന സാമ്പത്തികവ്യവസ്ഥയാണ് മറ്റേത്. ശ്രീ. കലാനാഥന്റെ സ്വർഗ്ഗഭൂമിയിൽ പലിശവ്യവസ്ഥയുണ്ട്. പലിശയുടെ അടി

---

ഹൃദയത്തിൽനിന്ന് ദൈവഭയം ഇല്ലാതാക്കുകയും ചെയ്യും." (The Philosophy of Zakat- Moulana Shaikh Mubarak Ahmad, Lond. p.22) പ്രസിദ്ധ ജർമ്മൻപണ്ഡിതനായ ജോസഫ് ഹെൽ (Joseph Hell) സകാത്ത് വ്യവസ്ഥയെപറ്റി ഇപ്രകാരം പറയുന്നു:

The conception of social equality was an innovation peculiar to Islam. Help and maintenance of poor thus became a sacred trust. It was left no longer to individuals to give what they pleased, but the poor tax (zakat) became an obligatory duty and was collected in a central treasury and administered therefrom. (സാമൂഹികസമത്വം ഇസ്‌ലാമിന്റെ സവിശേഷമായ ഒരു സംഭാവനയാകുന്നു. പാവങ്ങൾക്കുള്ള സഹായവും സംരക്ഷണവും ഇപ്രകാരം ഒരു പാവനമായ ധർമ്മമായിത്തീർന്നു, ഇഷ്ടമുള്ളത് നൽകുവാൻ വ്യക്തികളെ അനുവദിക്കുന്നതിനുപകരം ദരിദ്രനികുതി അഥവാ സകാത്ത് നിർബന്ധധർമ്മമാക്കുകയും കേന്ദ്രഖജാനയിൽ അടച്ച് അവിടെനിന്നു വിതരണം നടത്താൻ വ്യവസ്ഥപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്).

സകാത്ത് പിരിക്കാനും വിതരണം ചെയ്യാനുമുള്ള ചുമതല സർക്കാരിന്റെ ബാദ്ധ്യതയാകുകയാൽ സഹായം ലഭിക്കുന്ന പാവങ്ങളിൽ അത് നൽകുന്നവരുടെ നേരെ വിധേയത്വമോ സ്വന്തത്തിൽ അപകർഷബോധമോ ഉണ്ടാകുന്നില്ലെന്നും ഹെൽ ചൂണ്ടിക്കാട്ടുന്നു. (Quoted- The Philosophy of Zakat)

17. Economic Structure of Islamic Society- Hadrath Mirza Basheeruddeen Mahmood Ahmad.

സ്ഥാനത്തിലുള്ള ചൂഷണവും ഉണ്ട്. പലിശയുടെ ദോഷവശം കാണാൻ കഴിഞ്ഞില്ലെന്നതാണ്, കമ്മ്യൂണിസത്തിലെ ഏറ്റവും വലിയ പരാജയങ്ങളിൽ ഒന്ന്. ഇതിന്റെ ഫലമായിത്തന്നെ റഷ്യ രാഷ്ട്രമുത ലാളിത്തമായി വളരുകയും മറ്റൊരു ഭീകരസാമ്രാജ്യത്വശക്തിയായി മാറുകയും തന്മൂലം ലോകസമാധാനത്തിന് വൻഭീഷണിയായിത്തീരുകയും ചെയ്തിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം[17]. ശ്രീ. കലാനാഥൻ ഇസ്ലാമിനെ പിന്തിരിപ്പൻ എന്നു വിളിക്കുന്നതിനു എന്തെങ്കിലും അർത്ഥവും അടിസ്ഥാനവുമുണ്ടോ?

## സാമൂഹികധർമ്മങ്ങൾ

***ആക്ഷേപം:-5.*** വ്യക്തിപരമായ കടമകളിലാണ് ഇസ്ലാം ഊന്നുന്നത്. സാമൂഹ്യമായ കടമകളെ അവഗണിക്കാൻ പ്രേരിപ്പിക്കയാണ്.

***ഉദാഹരണം:-*** സ്വർഗ്ഗപ്രാപ്തിക്കാധാരം വ്യക്തിപരമായ ഗുണങ്ങളാണ്. എന്റെ നന്മയുടെ ഫലമായി എന്റെ കുടുംബമോ സമൂഹമോ രക്ഷിക്കപ്പെടുന്നില്ല. വ്യക്തിനിഷ്ഠമായ ദർശനത്തിന്റെ കാലം കഴിഞ്ഞിരിക്കുന്നു.

**മറുപടി:-** വ്യക്തിപരമായ ഗുണങ്ങളേയും ധർമ്മങ്ങളേയും ഖുർആൻ ഊന്നിപ്പറയുന്നുണ്ടെന്നത് ശരിയാണ്. എന്നാൽ, സാമൂഹികമായ കടമകളേയും ധർമ്മങ്ങളേയും അവഗണിക്കാൻ അത് പ്രേരിപ്പിക്കുന്നു എന്ന് അതുമുഖേന എങ്ങനെയാണ് തെളിയുക? സാമൂഹികനിയമങ്ങൾ യഥാർത്ഥത്തിൽ വിശാലമായ ധാർമ്മികനിയമങ്ങളുടെ ഒരു വശം മാത്രമാണ്. സാമൂഹികമായ ധർമ്മങ്ങൾ പൂർണ്ണമായും അനുസരിക്കുകയും സമൂഹത്തിൽനിന്ന് നന്മ ആർജ്ജിക്കുകയും ചെയ്യുന്ന ഒരാൾക്കു മാത്രമേ സ്വർഗ്ഗപ്രാപ്തിയുള്ളൂ എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. മനുഷ്യൻ ഒരു സാമൂഹികജീവിയാണെങ്കിലും അവന് സ്വന്തമായ വ്യക്തിത്വവുമുണ്ട്. ആ വ്യക്തിത്വത്തെ വളർത്താനും വികസിപ്പിക്കാനും വിശുദ്ധമാക്കാനും ഒരാൾ പ്രവർത്തിക്കേണ്ടതില്ലെന്നും അതിനുള്ള പ്രചോദനങ്ങളും സാഹചര്യങ്ങളും ഉണ്ടായിരിക്കരുതെന്നും ആണോ ശ്രീ. കലാനാ

17a .വിശുദ്ധഖുർആൻ, 17:16.

ഥന്റെ പക്ഷം.

ഒരാളുടെ ഭാരം മറ്റൊരാൾ ചുമക്കേണ്ടതില്ലെന്ന് ഖുർആൻ പറയുന്നു. وَلَا تَزِرُ وَازِرَةٌ وِزْرَ اُخْرَى "ഭാരം ചുമക്കുന്ന ആരും മറ്റൊരാളുടെ ഭാരം ചുമക്കുകയില്ല"[17a]. എന്റെ നന്മയുടെ ഫലമായി എന്റെ കുടുംബമോ എന്റെ കൂട്ടുകാരോ പരലോകത്ത് രക്ഷിക്കപ്പെടുന്നില്ല എന്നത് ശരിയാണ്. മുഹമ്മദ്നബി(സ) സ്വന്തം അരുമമകളോട് പറഞ്ഞത് പ്രവാചകശ്രേഷ്ഠന്റെ പൊന്നുമകളാണെന്നുവെച്ച് സ്വർഗ്ഗപ്രാപ്തി ലഭ്യമല്ലെന്നും അതിനു നന്മയിലൂടെ സ്വന്തത്തിൽതന്നെ അർഹതനേടിക്കൊള്ളണമെന്നും ആണ്. മനുഷ്യവംശത്തിന്റെ പാപപ്പൊറുതിക്കുവേണ്ടി ആരെങ്കിലും സ്വയം തൂങ്ങിമരിക്കുന്ന ഒരു തത്ത്വശാസ്ത്രത്തിൽ ഒരു മുസ്ലിം വിശ്വസിക്കുന്നില്ല. എന്റെ നന്മകൊണ്ട് എന്റെ കുടുംബം പരലോകത്ത് രക്ഷിക്കപ്പെടുന്നില്ല എന്നതിനു ശ്രീ കലാനാഥൻ എന്തിന് അരിശപ്പെടണം? എന്റെ തിന്മകൾ കാരണം എന്റെ കുടുംബവും എന്റെ കൂട്ടുകാരും ശിക്ഷിക്കപ്പെടുകയും ഇല്ലല്ലോ! രക്ഷിക്കപ്പെടാത്തതിൽ അരിശം കൊള്ളുമ്പോൾ ശിക്ഷിക്കപ്പെടാത്തതിൽ ആശ്വാസം തോന്നേണ്ടതുമല്ലേ? ഒരാളുടെ നന്മതിന്മകൾ മറ്റൊരാളുടെ രക്ഷാശിക്ഷകൾക്ക് നിദാനമായിരിക്കരുതെന്ന പ്രാഥമികനീതിതത്ത്വം യുക്തിവാദി നേതാവിന് മനസ്സിലാകുന്നില്ലെന്ന് വരുമോ? അന്യരുടെ മുതലിറക്കിൽ സ്വാർത്ഥം നേടിയെടുക്കാനുള്ള സോഷ്യലിസ്റ്റ് അഭിനിവേശത്തിന്റെ പ്രതിഫലനമാണോ ശ്രീ. കലാനാഥന്റെ ഈ ആക്ഷേപം?

സമൂഹം വ്യക്തിയിലെന്നപോലെ വ്യക്തി സമൂഹത്തിലും സ്വാധീനം ചെലുത്തുന്നുണ്ട്. സമൂഹത്തിനു നേതൃത്വം നൽകുന്ന ഒരു വ്യക്തിയുടെ ചലനങ്ങൾ സമൂഹത്തെ മുഴുവനുംതന്നെ ദുഷിപ്പിക്കാനോ നന്നാക്കാനോ പോരും. ഈ ലോകത്തിലെ ചെയ്തികൾക്ക് താനൊരിക്കൽ ഒരധീശശക്തിയുടെ മുമ്പിൽ കണക്ക് പറയേണ്ടിവരുമെന്ന ബോധം മനുഷ്യനെ കർത്തവ്യബദ്ധനാക്കുന്നു. മരണശയ്യയിലായിരുന്നപ്പോൾ ഹസ്റത്ത് ഖലീഫാ ഉമർ(റ) പ്രാർത്ഥിച്ചത്, 'ഓ, എന്റെ നാഥാ, ഞാൻ ഒരു പ്രതിഫലവും കാംക്ഷിക്കുന്നി

18. സീറത്തുന്നബി (ഒന്നാം ഭാഗം)- ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ്, ഭാ. 24.

ല്ല. എന്റെ വീഴ്ചകളെപ്പറ്റി നീ എന്നോട് കണക്ക് ചോദിക്കാതിരിക്കേണമേ!' എന്നായിരുന്നു. എന്തിന് നബിതിരുമേനി(സ)പോലും പറഞ്ഞു: "അല്ലാഹുവാണ, ഞാൻ ദൈവത്തിന്റെ പ്രവാചകനാണെങ്കിലും ദൈവം എന്നോട് എങ്ങനെയാണ് പെരുമാറുക എന്നെനിക്കറിയില്ല"[18]. അതാണ് പരലോക വിശ്വാസം ഉണ്ടാക്കുന്ന കർത്തവ്യബോധം. ഈ വിശ്വാസം ഇല്ലാത്ത ഒരാൾ സ്റ്റാലിനെപോലെ പെരുമാറുകയും ലക്ഷങ്ങളെ സംഹരിച്ചിട്ട് "പിന്നെ പേനുകളെ കൊല്ലുകയല്ലാതെ മറ്റെന്താണ് വേണ്ടത്?" എന്നു ചോദിക്കുകയും ചെയ്യും. "ഈ സാമൂഹികവ്യവസ്ഥിതിയിൽ ഞാൻ പല കള്ളങ്ങളും പറഞ്ഞിട്ടുണ്ടാവാം" എന്ന് എ.കെ.ജി ഒരിക്കൽ പറയുകയുണ്ടായി! അതാണ് സമസ്യഷ്ടിവാദത്തിന്റെ ആകസ്സാരം! താൻ കളവു പറയുന്നതിനും കുറ്റം ചെയ്യുന്നതിനും സമൂഹമാണ് ഉത്തരവാദി. മി. കലാനാഥൻ! ഞങ്ങൾ തലതിരിഞ്ഞ തത്ത്വശാസ്ത്രത്തിൽ വിശ്വസിക്കുന്നില്ല! ഇസ്‌ലാമിൽ കുടുംബിക- സാമാജിക- സാമൂഹിക-രാഷ്ട്രീയ- രാഷ്ട്രാന്തരീയ നിയമങ്ങളുണ്ട്. ഈ നിയമങ്ങൾ നിഷ്കൃഷ്ടമായി അനുസരിക്കുന്നവൻ മാത്രമേ യഥാർത്ഥമുസ്‌ലിം ആവുകയുള്ളൂ. ഈ നിയമശാസനകളുടെ പ്രയോഗികരൂപങ്ങൾ മുഹമ്മദ്നബി(സ) തിരുമേനി ലോകത്ത് തെളിയിച്ചുകാണിച്ചിട്ടുണ്ട്. തിരുനബിയുടെ മാതൃക അനുസരിച്ചു ജീവിക്കലാണ് ഇസ്‌ലാം.

സാമൂഹികകടമകളെ ഇസ്‌ലാം അവഗണിക്കാൻ പ്രേരിപ്പിക്കുന്നു എന്ന ശ്രീ. കലാനാഥന്റെ ആക്ഷേപത്തിന് വസ്തുനിഷ്ഠമായ എന്തെങ്കിലും അടിസ്ഥാനമുണ്ടോ? മറ്റേതു മതത്തേയും മതാചാര്യനേയും കുറിച്ചു ഈ ആക്ഷേപം പുറപ്പെടുവിച്ചാലും മുഹമ്മദ് നബി തിരുമേനിയെപ്പറ്റി ഇങ്ങനെ ആക്ഷേപിക്കാൻ സാദ്ധ്യമല്ലെന്നതാണ് നേര്! മറ്റെല്ലാ മതങ്ങളും സാമൂഹികധർമ്മങ്ങളെ അവഗണിച്ചപ്പോൾ ഇസ്‌ലാം അത് ഊന്നിപ്പറയുകയും വ്യക്തമായ സാമൂഹിക സാമ്പത്തികനിയമങ്ങൾ നടപ്പാക്കുകയുമാണുണ്ടായത്. യുക്തിവാദികളുടെ കുലഗുരുവായ ബർട്രണ്ട്റസ്സൽ തന്റെ ഒരു സുപ്രസിദ്ധ ഗ്രന്ഥത്തിൽ പറഞ്ഞത് ഇപ്രകാരമാണ്:

Great religious leaders, with the exception of Mohamed- and confucius if he can be called religious- have in general been very

19. Marriage and Morals- Bertarand Russel, P. 19.

indifferent to social and political consideration, and have sought rather to prefect the soul by meditation, discipline and self denial.

“മുഹമ്മദ് നബിയെ ഒഴിച്ചു മറ്റെല്ലാ മതാചാര്യന്മാരും- മതാചാര്യനെന്നു പറയാമെങ്കിൽ കൺഫ്യൂഷസിനെയും ഒഴിച്ചു നിർത്താം- പൊതുവെ സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ പരിഗണിക്കുന്നതിൽ തീരെ അശ്രദ്ധരായിരിക്കുകയും ധ്യാനവും ആത്മനിയന്ത്രണവും ആത്മനിഷേധവും മുഖേന ആത്മാവിന്റെ പൂർണ്ണത കൈവരിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുള്ളവരത്രെ.”[19]

സാമൂഹികപ്രശ്നങ്ങളെ അവഗണിച്ചിട്ടില്ലാത്ത ഒരു മതാചാര്യനായിരുന്നു മുഹമ്മദ്നബിയെന്നു യുക്തിവാദികളുടെ കുലഗുരുവായ റസ്സൽ പ്രസ്താവിച്ചിരിക്കെ, സാമൂഹികമായ കടമകളെ അവഗണിക്കാൻ ഇസ്ലാം പ്രേരിപ്പിക്കുന്നു എന്ന ശ്രീ. കലാനാഥന്റെ അഭിപ്രായത്തിന് എന്തു വില!

സ്വർഗ്ഗപ്രാപ്തിയ്ക്കാധാരം വ്യക്തിപരമായ ഗുണങ്ങളായതുകൊണ്ട് കുടുംബപരവും സാമൂഹികവുമായ കടമകൾ നിർവ്വഹിക്കാൻ ഒരു മുസ്ലിം നിർബ്ബന്ധിതനാണ്. മുസ്ലിംസമൂഹത്തോടുള്ള ഉൽബോധനങ്ങൾ എത്രവേണമെങ്കിലും ഖുർആനിൽനിന്നു ഉദ്ധരിക്കാൻ കഴിയും.

قُوْا اَنْفسِكمْ وَاَهْلِيْكُمْ نَارًا

“നിങ്ങൾ നിങ്ങളെതന്നെയും നിങ്ങളുടെ കുടുംബാംഗങ്ങളേയും നരകശിക്ഷയിൽനിന്ന് രക്ഷിച്ചുകൊൾവിൻ.” (66:7)

كُوْنُوامَعَ الصَّادِقِيْنَ

“നിങ്ങൾ സത്യസന്ധന്മാരോടൊപ്പം ചേരുവിൻ.” (9:119)

എന്നും മറ്റും ഖുർആൻ കല്പിച്ചപ്പോൾ സമൂഹജീവിതത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുകയാണ് ചെയ്തത്.

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ

“നീ ഞങ്ങളെ നേരായ പാതയിൽ നടത്തേണമേ.” (1:6) എന്ന

സമൂഹപ്രാർത്ഥന 'താനൊറ്റയിൽ ബ്രഹ്മപദം കൊതിക്കും തപോനിധി' അല്ല ഒരു മുസ്ലിം എന്നും തെളിയിക്കുന്നു.

വീണ്ടും ഖുർആൻ ഉദ്ബോധിപ്പിക്കുന്നു:

اَنْفِقُوْا مِنْ طَيِّبَاتِ مَاكَسَبْتُمْ

"നിങ്ങൾ അധ്വാനിച്ചുനേടിയിട്ടുള്ളതിന്റെ ഏറ്റവും ശുദ്ധമായ ഭാഗം സൽക്കാര്യങ്ങൾക്ക് ചെലവാക്കുവിൻ." (2:268)

وَاٰتِ ذَاالْقُرْبَى حَقَّهُ وَالْمِسْكِينَ وَابْنَ السَّبِيلِ وَلاَ تُبَذِّرْ تَبْذِيرًا

"ആരുടെ ക്ഷേമസംരക്ഷണത്തിന് നിങ്ങൾ ഉത്തരവാദികളാണോ ആ ഉറ്റബന്ധുക്കൾക്കും ദരിദ്രർക്കും പാന്ഥർക്കും (തൊഴിലന്വേഷിക്കുന്നവർക്കും) നിങ്ങളുടെ സ്വത്തിലുള്ള ന്യായമായ അവകാശം നൽകുവിൻ; മുടിച്ചുകളയൊല്ലാ!" (17:27)

സമൂഹത്തോടുള്ള സാമ്പത്തികധർമ്മങ്ങളാണീ വാക്യങ്ങളിൽ ഊന്നിപ്പറഞ്ഞിട്ടുള്ളതെന്നത് വ്യക്തമാണല്ലോ. സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങളുടെ അവകാശത്തെക്കുറിച്ചുള്ള സൂചന പ്രത്യേകം ശ്രദ്ധാർഹമാണ്.

هَاَنْتُمْ هٰؤُلآَءِ تُدْعَوْنَ لِتُنْفِقُوْا فِىْ سَبِيْلِ اللهِ فَمِنْكُمْ مَّنْ يَّبْخَلُ
وَمَنْ يَّبْخَلْ فَاِنَّمَا يَبْخَلُ عَنْ نَفْسِهِ وَاللهُ الْغَنِيُّ وَاَنْتُمُ الْفُقَرَآءُ
وَاِنْ تَتَوَلَّوْا يَسْتَبْدِلْ قَوْمًا غَيْرَكُمْ ثُمَّ لاَ يَكُوْنُوْآ اَمْثَالَكُمْ

"ദൈവമാർഗ്ഗത്തിൽ ചെലവ് ചെയ്യാൻ നിർദ്ദേശിക്കപ്പെട്ട ഒരു ജനമത്രെ നിങ്ങൾ; നിങ്ങളിൽ പിശുക്കുകാട്ടുന്നവരും ഉണ്ട്; പിശുക്കുകാട്ടുന്നവരാരോ അവർ നിശ്ചയമായും തങ്ങളുടെ ആത്മാക്കളോടു പിശുക്ക് കാട്ടുന്നു; അല്ലാഹു ഐശ്വര്യവാനും നിങ്ങൾ ദരിദ്രരുമത്രെ. നിങ്ങൾ പിന്മാറിക്കളയുന്നപക്ഷം നിങ്ങളിൽനിന്ന് ഭിന്നമായ മറ്റൊരു സമുദായത്തെ പകരം കൊണ്ടുവരും; അവർ നിങ്ങളെപ്പോലെ ആയിരിക്കുകയുമില്ല." (47:39)

സമൂഹത്തോടുള്ള സാമ്പത്തികധർമ്മങ്ങൾ നിർവ്വഹിക്കാൻ

കൂട്ടാക്കാതിരിക്കുകയും ദുർബ്ബലരുടെ അവകാശങ്ങൾ അവർക്ക് നൽകിക്കൊണ്ട് ദൈവമാർഗ്ഗത്തിൽ ചെലവഴിക്കാതെ പിശുക്ക് കാണിക്കുകയും ചെയ്യുന്നവരെ നശിപ്പിച്ച് അവർക്ക് പകരം സമൂഹധർമ്മങ്ങൾ നിർവ്വഹിക്കുന്ന മറ്റൊരു സമൂഹത്തെ ഐശ്വര്യവാന്മാരാക്കുമെന്നാണ് ഈ വാക്യത്തിൽ മുസ്ലിംകളെ ഉൽബോധിപ്പിച്ചിരിക്കുന്നത്. സ്വർഗ്ഗം നേടാൻ കൂട്ടായും പ്രവർത്തിക്കേണ്ടതുണ്ടെന്നല്ലേ ഇതിന്റെ അർത്ഥം.

كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ
بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنْكَرِ

“ജനങ്ങളെ നന്മയിലേക്കു നയിക്കുകയും തിന്മയിൽനിന്ന് വിരോധിക്കുകയും ചെയ്യുന്ന ശ്രേഷ്ഠസമുദായമത്രെ നിങ്ങൾ.” (വി. ഖു, 3:111) എന്നു മുസ്ലിംകളെപറ്റി ഖുർആൻ പ്രഖ്യാപിച്ചത് ഒരു സമൂഹം എന്ന നിലയിലുള്ള മുസ്ലിംകളുടെ ബാദ്ധ്യതകളേയും കർത്തവ്യങ്ങളേയും ഉൽഘോഷിക്കുന്നു. ഇങ്ങനെ ഇസ്ലാമിക ദർശനത്തിന്റെ സാമൂഹികാടിസ്ഥാനം കാട്ടിത്തരുന്ന എത്രയെങ്കിലും വാക്യങ്ങൾ ഖുർആനിൽനിന്നു ഉദ്ധരിക്കാവുന്നതാണ്. പക്ഷേ, മുരത്ത അന്ധവിശ്വാസികളായ ഈ യുക്തിവാദികൾക്കുണ്ടോ സത്യം അംഗീകരിക്കാനുള്ള ആർജ്ജവവും തുറന്ന മനസ്സും?

## സത്യങ്ങൾ

***ആക്ഷേപം:–6.*** ഇസ്ലാം സത്യത്തെയല്ല കൈകാര്യം ചെയ്യുന്നത്.

***ഉദാഹരണം:–*** ദൈവം മിഥ്യയാണ്. സ്വർഗ്ഗനരകങ്ങൾ നുണകളാണ്. ആത്മാവ് കെട്ടുകഥയാണ്.

**മറുപടി:–** യുക്തിവാദത്തിലെ പ്രമാണവിശ്വാസങ്ങൾ (Dogmas) ശ്രീ. കലാനാഥൻ ഭയഭക്തിഭാവങ്ങളോടെ ഉരുവിടുകയാണ്! വാദംതന്നെ തെളിവായി ഉന്നയിച്ചിരിക്കുന്നു.

മറുപടി ഇത്രമാത്രം. ദൈവം മിഥ്യയല്ല. സ്വർഗ്ഗനരകങ്ങൾ സത്യമാണ്. ആത്മാവ് കെട്ടുകഥയല്ല!

## പ്രപഞ്ചസൃഷ്ടി

***ആക്ഷേപം:-7.*** അല്ലാഹു പ്രപഞ്ചസ്രഷ്ടാവാണെന്ന് അവകാശപ്പെടുന്നു.

***ഉദാഹരണം:-*** ഭൗതികപ്രപഞ്ചത്തിന് ഒരു സൃഷ്ടികർത്താവ് കാരണക്കാരൻ ആവശ്യമില്ലെന്നു ശാസ്ത്രവസ്തുതകൾ വ്യക്തമാക്കുന്നുണ്ട്.

**മറുപടി:-** സർവ്വവസ്തുക്കളുടെയും സ്രഷ്ടാവാണ് ദൈവം. خَالِقُ كُلِّ شَيْءٍ (ഖാലിക്കു കുല്ല ശയ്യിൻ) എന്ന് ഖുർആൻ പ്രഖ്യാപിക്കുന്നുണ്ട്. ഭൗതികപ്രപഞ്ചത്തിന് ഒരു സൃഷ്ടികർത്താവ് ആവശ്യമില്ലെന്ന് ശാസ്ത്രവസ്തുതകൾ തെളിയിച്ചുകാണിച്ചിട്ടില്ല. സൃഷ്ടികർത്താവ് ഉണ്ടായിരിക്കണമെന്ന നിഗമനത്തിലാണ് ശാസ്ത്രീയകണ്ടുപിടിത്തങ്ങൾ ബുദ്ധിമാന്മാരെ എത്തിച്ചിട്ടുള്ളത്.

ശാസ്ത്രം ലോകത്തിന്റെ മുമ്പിൽ വച്ചിട്ടുള്ള കണ്ടുപിടിത്തങ്ങളെല്ലാം നിയമങ്ങളാണ്. നിയമങ്ങളുടെ പ്രവർത്തനമാണ് ശാസ്ത്രജ്ഞന്റെ പരീക്ഷണമണ്ഡലം. നിയമങ്ങൾ നിയാമകനെ ആവശ്യപ്പെടുന്നു.

വിജനമായ ഒരു മരുഭൂമിയിൽ ഒരു ഇരുമ്പുലാടം കണ്ടുകിട്ടിയാൽ എന്തുതോന്നും? ലാടം ഒരു നിശ്ചിത ഉദ്ദേശ്യാർത്ഥം നിർമ്മിക്കപ്പെടുകയും രൂപപ്പെടുത്തപ്പെടുകയും ചെയ്തിട്ടുള്ള ഒരു വസ്തുവാകയാൽ അതിന്റെ പിന്നിൽ ഒരു ബുദ്ധി (Mind) പ്രവർത്തിച്ചിട്ടുണ്ടെന്ന് നാം മനസ്സിലാക്കുന്നു. അതുകൊണ്ട് ആ ലാടം അവിടെ എത്തിപ്പെടാനുള്ള കാരണം നാം അന്വേഷിക്കുന്നു. അപ്പോൾ അത് ഒരു മനുഷ്യൻ നിർമ്മിച്ചതാണെന്നും അവിടെ ഒരു മനുഷ്യൻ അതിനുമുമ്പ് എത്തിപ്പെട്ടിട്ടുണ്ടായിരുന്നുവെന്നും അതിലൂടെ ലാടം ഉപയോഗിച്ച ഒരു കുതിരയോ മറ്റോ കടന്നുപോയിരിക്കുമെന്നുമുള്ള നിഗമനത്തിലെത്തിച്ചേരും. ഒരു നിശ്ചിത ഉദ്ദേശ്യത്തോടുകൂടിയല്ലാതെ, നിശ്ചിതരൂപത്തിലല്ലാതെ നാം മരുഭൂമിയിൽ ഇരുമ്പ് അയിര് കണ്ടാൽ അത്ര ശ്രദ്ധിക്കുകയോ അതവിടെ വരാനുള്ള കാരണം പെട്ടെന്നു അന്വേഷിക്കുകയോ ചെയ്കയില്ല. ഒരു ശാസ്ത്രജ്ഞനോ

കൂടുതൽ ചിന്തിക്കുന്ന ഒരാളോ ഇരുമ്പ് അയിരിനെക്കുറിച്ച് സമഗ്ര മായും അഗാധമായും ആലോചിച്ചെന്നുവരാം. ഇരുമ്പയിര് ഭൂമിയോ ടൊപ്പം സ്വയംഭൂതമാണെന്നു ശ്രീ. കലാനാഥൻ ആശ്വസിച്ച് അട ങ്ങിയിരിക്കുമായിരിക്കാം. എന്നാൽ, നിശ്ചിതരൂപോദ്ദേശ്യങ്ങളോടു കൂടിയ ലാടത്തിന്റെ പിന്നിൽ മനുഷ്യന്റെ പ്രതിഭയെ കണ്ടെത്താൻ കഴിഞ്ഞ ഒരു ബുദ്ധിജീവി ഇരുമ്പയിരിന്റെയും പ്രത്യേക രൂപോദ്ദേ ശ്യങ്ങളോടുകൂടിയ ഭൂമിയുടെയും പ്രപഞ്ചകടാഹത്തിന്റെയും പിന്നിൽ ഒരു വലിയ പ്രതിഭയെ സങ്കൽപിക്കുന്നു. ബുദ്ധിജീവിയെ നോക്കി കൊഞ്ഞനം കാട്ടുന്ന കാടന്റെ മനോഗതം യുക്തിവാദിക ളെന്നു നടിക്കുന്നവർക്കുണ്ടാകാമോ?

സകല ശക്തികളുടേയും ഉറവിടവും സകലസമ്പൂർണ്ണതകളും തികഞ്ഞിരിക്കുന്നവനും ഒരു കുറ്റവും ഇല്ലാത്തവനും ആയിട്ടുള്ള പരമസത്ത (Perfect Being) ആണ് ഇസ്‌ലാമിലെ ദൈവം. യാഥാർത്ഥ്യ മായാലും സങ്കല്പമായാലും അതങ്ങനെയാണ്. സൃഷ്ടികർത്താവ് എന്നുപറയുമ്പോൾ മനുഷ്യൻ സൃഷ്ടി നടത്തുന്നതുപോലെ സൃഷ്ടി ക്കുന്നവൻ എന്നാണ് ഉദ്ദേശിക്കപ്പെടുന്നതെങ്കിൽ അത്തരം ഒരു സൃഷ്ടികർത്താവിന്റെ ആവശ്യമില്ലെന്നു പറയാൻ ശാസ്ത്രജ്ഞന്റെ ‘അത്താറട്ടി’ വേണ്ട! സകലശക്തിഗുണങ്ങളുടെയും ആത്യന്തികഭാ വങ്ങൾ ഏതൊന്നിൽ സമന്വയിച്ചിരിക്കുന്നുവോ ആ ശക്തികേന്ദ്ര മാണ് ഇവിടെ സൃഷ്ടികർത്താവ്. ആ സത്ത അനാദിയും സ്വയംഭൂവും നിത്യനും നിരാമയനും നിയന്താവും സർവ്വശക്തനും സർവ്വജ്ഞനും സൂക്ഷ്മജ്ഞനും അനന്തനും എല്ലാമാണ്. സകലകാരണങ്ങളു ടെയും കാരണമായുള്ളവൻ ആണ് ദൈവം!

وَاَنَّ اِلَى رَبِّكَ الْمُنْتَهَى

“എല്ലാ ആത്യന്തികതകളും നിന്റെ നാഥങ്കൽ ചെന്നവസാനി ക്കുന്നു” (53:43) എന്ന് ഖുർആൻ പറയുമ്പോൾ ചിന്തകൾ അനിവാ ര്യമായും അവസാനിപ്പിക്കേണ്ടിവരുന്ന അന്തിമസ്ഥാനം എന്നാ ണർത്ഥം. എല്ലാ ചിന്തകളും ചെന്നുമുട്ടുന്ന, എല്ലാ ഹേതുവാദങ്ങളും അവസാനിക്കുന്ന, എല്ലാ ശക്തികളും സമന്വയിക്കുന്ന എല്ലാ സങ്ക ല്പങ്ങളും ചെന്നു ലയിക്കുന്ന അനിർവ്വചനീയമായ ശക്തിസങ്കേ

തമാണ് ദൈവം. അങ്ങനെയുള്ള ഒരു ദൈവം ഇച്ഛിക്കുന്നത് സംഭവിപ്പിക്കാൻ കഴിവുള്ളവനായിരിക്കണമല്ലോ! ഇച്ഛ എന്നു പറയുമ്പോൾ മനുഷ്യന്റേതുപോലുള്ള വൈകാരികഭാവമല്ല എന്നോർക്കേണ്ടതുണ്ട്. ഇച്ഛ എന്ന പദം കൊണ്ടല്ലാതെ മറ്റൊരു വിധത്തിലും മനുഷ്യന് മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ട് ഇച്ഛ എന്നു പറയുന്നു എന്നുമാത്രം! ആ ഇച്ഛയ്ക്കൊത്ത് അനൂഹ്യവിപുലമായ പ്രപഞ്ചകടാഹവും അതിസൂക്ഷ്മമായ പരമാണുഘടകവും നിയമാധിഷ്ഠിതമായി ചലിക്കുന്നു. ആ നിയമങ്ങൾ ഏതൊരു ശക്തിയുടെ ഭാവനയാണോ ആ ശക്തിയിൽനിന്നാണ് വസ്തുവിന്റെ ചലനവും ആരംഭിച്ചത്. ചലനമാണ് പ്രപഞ്ചനിയമമെങ്കിൽ ആ ചലനത്തിന്റെ തുടക്കം കുറിച്ച പ്രഥമചാലകൻ (Prime Mover) ആണ് ദൈവം.

പ്രപഞ്ചം സൃഷ്ടിയല്ലെന്നും അത് സ്വയംഭൂതമാണെന്നും നാസ്തികൻ പറയുന്നു. കാര്യകാരണനിയമം മൂലകാരണത്തെ (First Cause) ആവശ്യപ്പെടുന്നുണ്ട്. കാര്യകാരണനിയമത്തെ നാസ്തികൻ നിഷേധിക്കുന്നില്ലെങ്കിലും മൂലകാരണവാദത്തെ തള്ളിക്കളയുകയാണ് ചെയ്യുന്നത്. കാര്യകാരണനിയമത്തിൽ ആദികാരണം എന്നൊന്ന് സങ്കല്പിക്കേണ്ടതിന്റെ ആവശ്യമില്ലത്രെ! ദൈവം ആണ് എല്ലാം സൃഷ്ടിച്ചതെങ്കിൽ ദൈവത്തെ ആരു സൃഷ്ടിച്ചു എന്ന നിരർത്ഥകമായ ചോദ്യം നാസ്തികർ ചോദിക്കാറുണ്ട്. എന്നാൽ, ആദികാരണത്തിന്റെ കാരണമെന്ത്? എന്ന് ബുദ്ധിമാനായ ഒരു യുക്തിവാദിയും ചോദിക്കുകയില്ല! ദൈവം ആദികാരണമാണെന്നാണ് ഖുർആൻ പറയുന്നത്. '***വഇന്ന ഇലാ റബ്ബിക്കൽ മുൻതഹാ***' എല്ലാ കാര്യകാരണങ്ങളും നിന്റെ നാഥങ്കൽചെന്നവസാനിക്കുന്നു." (വി.ഖു. 53:43)[20].

കാര്യകാരണനിയമം ഒരു ആദ്യകണ്ണി സങ്കല്പിക്കേണ്ട ചങ്ങലകണക്കെയല്ലെന്നും ആദിയും അന്തവുമില്ലാത്ത വൃത്തം കണക്കെയാണെന്നും ആണ് ഭൗതികവാദികളുടെ പ്രമേയം. കാരണം കൂടാതെ കാര്യം ഉണ്ടാകുന്നതല്ല എന്നതു അനിഷേധ്യമായ ഒരു തത്ത്വമാകുന്നു. അത് നാസ്തികനും സമ്മതിക്കുന്നു. "ഒരു കാര്യത്തിന് പല കാരണങ്ങളുണ്ടാകാം. അതുപോലെതന്നെ പല കാര്യങ്ങളും ഒരു

20. ഇസ്ലാംമത തത്ത്വജ്ഞാനം- ഹസ്റത്ത് അഹ്മദ്(അ).
20a. വിചാരവിപ്ലവം- കുറ്റിപ്പുഴ. ഭാ. 39

കാരണത്തിൽനിന്ന് ഉണ്ടായെന്നും വരാം" എന്നു 'യുക്തിവാദി' വിശദീകരിക്കുന്നു.[20a] രണ്ടുപ്രകാരത്തിലും ആവാമെങ്കിലും പ്രപഞ്ചം അഥവാ പ്രപഞ്ചത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്ന പദാർത്ഥം അല്ലെങ്കിൽ ഊർജ്ജം ഒരു കാരണത്തിൽനിന്നാവാൻ പാടില്ലെന്ന് ശഠിക്കുകയും ചെയ്യുന്നു. പദാർത്ഥത്തിന്റെ അഥവാ ഊർജ്ജത്തിന്റെ കാരണമാണ് ഇവിടെ അറിയേണ്ടിയിരിക്കുന്നത്. അത് സ്വയംഭൂതമാണെന്ന് അഥവാ അനാദിയാണെന്ന് ഭൗതികവാദി പറയുന്നു. അതുകൊണ്ട് പദാർത്ഥത്തിന്റെ കാരണം പദാർത്ഥം തന്നെയാണത്രെ. "വസ്തുക്കളുടെയും സംഭവങ്ങളുടെയും കാര്യകാരണബന്ധം വിശദീകരിക്കുകയെന്നതാണ് സയൻസിന്റെ പ്രധാനകൃത്യം" എങ്കിൽ ശാസ്ത്രജ്ഞൻ ഇത് വിശദീകരിക്കണം. പണ്ടുപണ്ടേയുള്ളതാണ്, അനാദിയാണ് പദാർത്ഥം എന്നു പറയുമ്പോൾ ചിന്ത അവിടെ ചെന്നുനിൽക്കുന്നു. അപ്പുറം ചിന്തിക്കരുതെന്ന് നാസ്തികന്റെ ഒരു ശാസനയും! ഒരു മാർക്സിസ്റ്റ് ചിന്തകൻ പറയുന്നു: "ചുരുക്കത്തിൽ പ്രപഞ്ചം എന്നുണ്ടായി എന്ന ചോദ്യം ഈശ്വരനിൽ ചെന്നേ അവസാനിക്കൂ. നമുക്ക് ചുറ്റും കാണുന്ന പ്രപഞ്ചത്തിനെല്ലാം അതീതമായി ഒരു ശക്തിയുണ്ടെന്നു അംഗീകരിക്കേണ്ടതായും വരും.[21] അതുകൊണ്ട് പ്രപഞ്ചം എന്നുണ്ടായി എന്ന ചോദ്യം ചോദിക്കരുതത്രെ!

എന്നാൽ, പദാർത്ഥത്തെ സംബന്ധിച്ചേടത്തോളം അപ്പുറം ചിന്തിക്കാതിരിക്കാൻ നിവൃത്തിയില്ല എന്നതാണ് സത്യം. എന്തെന്നാൽ, പദാർത്ഥത്തിന് രൂപവികാരമുണ്ട്. മാറ്റമുണ്ട്. മാറുന്നതൊന്നും അനാദിയാകാൻ പാടില്ല. എല്ലാം മാറുന്നു എങ്കിൽ ആ മാറ്റം എന്തിനെ അടിസ്ഥാനമാക്കി നിർണ്ണയിക്കും? മാറ്റമില്ലാത്ത അചലമായ ഒന്നുണ്ടായേതീരൂ. അത് മാറ്റം അഥവാ ചലനം എന്ന നിയമമാണത്രെ. ചലനം പദാർത്ഥത്തിന്റെ അവിഭാജ്യമായ ഒരു സ്വഭാവം മാത്രമാണ്. ചലനത്തിന് കേവലമായ നിലനില്പില്ല. ചലനനിയമം ഒന്നുകിൽ പദാർത്ഥത്തോടൊപ്പമുള്ളതായിരിക്കണം. അല്ലെങ്കിൽ മുമ്പുള്ളതായിരിക്കണം. ശേഷമുള്ളതാണെങ്കിൽ കാരണമാകാൻ നിവൃത്തിയില്ലല്ലോ. മുമ്പുള്ളതാണെങ്കിൽ അതൊരു ഭാവനാരൂപ

21. വൈരുദ്ധ്യാത്മക ഭൗതികവാദം- എം.പി. പരമേശ്വരൻ, ഭാ. 9

ത്തിൽ മാത്രമേ നിലകൊള്ളാനാവൂ. അതാരുടെ ഭാവനായണോ ആ സത്തയാണ് ദൈവം.

ചലനനിയമം പദാർത്ഥത്തോടൊപ്പമുള്ളതാണെങ്കിലും പദാർത്ഥത്തിന്റെ കാരണമാകാൻ നിവൃത്തിയില്ല.

ചലനത്തിനു കാരണം ചലനമാണെന്ന് പറയുന്നതിന് തുല്യമാണിത്. അവരങ്ങനെതന്നെ പറയുന്നു:

Motion is the self-movement of matter caused by matter itself, and not by god.

അതായത്, "ചലനം പദാർത്ഥത്തിന്റെ സ്ഥിതിഭേദമാകുന്നു. അത് പദാർത്ഥത്തിൽനിന്നുതന്നെയുണ്ടാകുന്നു. ദൈവം ഉണ്ടാക്കുന്നതല്ല."[22]

ഇവിടെ ഒരു ചോദ്യം! പദാർത്ഥത്തിന്റെ അഥവാ ചലനത്തിന്റെ കാരണം പദാർത്ഥം അഥവാ ചലനം തന്നെയാണെന്ന് പറയുന്നതിൽ യുക്തിഭംഗമൊന്നുമില്ലെങ്കിൽ, അപ്പുറം ചിന്തിച്ചുകൂടെങ്കിൽ, ദൈവത്തിന്റെ കാരണം ദൈവം തന്നെയാണെന്നും മൂലകാരണം ആയ ദൈവത്തെ ആരു സൃഷ്ടിച്ചു എന്ന ചോദ്യം നിരർത്ഥകമാണെന്നും ചിന്തകൾ അവിടെ അവസാനിപ്പിക്കണമെന്നും പറയുന്നതിൽ എന്താണ് യുക്തിഭംഗം. പിന്നെ പദാർത്ഥം മൂലകാരണമാണെന്ന് ഭൗതികവാദികൾ പറയുന്നുമില്ല. പറയാൻ സാദ്ധ്യവുമല്ല. എന്തെന്നാൽ, പദാർത്ഥം ഭൗതികമാണ്, സാദിയാണ്.

മാറ്റം, പരിമിതി, ആധിക്യം, ആശ്രയിത്വം, വൈവിധ്യം, വൃദ്ധിക്ഷയം, ക്രമം, ഉദ്ദേശ്യം തുടങ്ങിയവ പദാർത്ഥത്തിന്റെ സ്വഭാവങ്ങളാണ്. ഈ സ്വഭാവങ്ങളോടുകൂടിയ യാതൊന്നും സ്വയംഭൂതമോ അനാദിയോ ആകാൻ നിവൃത്തിയില്ല. പദാർത്ഥത്തിന്റെ സൂക്ഷ്മരൂപമായ പരമാണുവിലും ബൃഹദ്രൂപമായ പ്രപഞ്ചത്തിലും ഈ സ്വഭാവങ്ങൾ ഒരുപോലെ വ്യാപിച്ചുകാണാം. പരമാണുവിന് മാറ്റമുണ്ട്, അത് ഊർജ്ജ(Energy)മായി മാറുന്നു. പരമാണുവിന് പരിമിതിയുണ്ട്, അതിന്റെ അളവ് സ്ഥിരം (Constant) ആണ്. പരമാണു

22. Marxist Philosophy- A Popular Outline, Moscow, p.31

വിന് ആധിക്യം ഉണ്ട്. അത് അനേകം (Plurality) ആകുന്നു. പരമാണുവിന് ആശ്രയിത്വമുണ്ട്, ഇലക്ട്രോണും (Electron) ന്യൂട്രോണും (Neutron) പരസ്പരം ആശ്രയിച്ചു നിൽക്കുന്നതാണ് ആറ്റം. ചുരുക്കത്തിൽ, ഈ സ്വഭാവങ്ങളോടുകൂടിയതാണ് പദാർത്ഥം. മറിച്ച്, മാറ്റമില്ലാത്തവനും അളവിൽ ഒതുക്കാനാവാത്തവനും ഏകനും (اَلاحدُ)ഒറ്റയായിരിക്കുന്നവനും ( اَلْوَاحِدُ ) ആദ്യനും ( اَلاَوَّلُ ) അന്ത്യനും (اَلاَخِرُ )പ്രത്യക്ഷനും ( الظَّاهِرُ ) പരോക്ഷനും ( اَلْبَاطِنُ ) അനാശ്രിതനും ( الصَّمَدُ ) മറ്റും മറ്റുമാണ് ദൈവം. ഈ ഗുണങ്ങളാകട്ടെ ഒരൊറ്റ സത്തയിൽ മാത്രമെ ഒന്നിച്ചു ചേരുകയുമുള്ളൂ. ഈ ഗുണങ്ങളെല്ലാം ചേർന്ന ശക്തി തനത് (Unique) ആയിട്ടുള്ളതും അത്രെ. ഇത്തരം എല്ലാ സ്വഭാവഗുണങ്ങളും ഒരേ അവസരത്തിൽ സമ്മേളിച്ചിട്ടുള്ള ശക്തിയെ മാത്രമാണ് ആസ്തികർ ദൈവം ആയി വിഭാവനം ചെയ്യുന്നത്. ആ സത്ത മാത്രമാണ് അനാദിയും നിത്യനും ആയിരിക്കുന്നവൻ. ഭൗതികമായ എല്ലാ സ്വഭാവങ്ങളിൽനിന്നും അതീതമായിരിക്കുന്ന ഭൗതികമായ യാതൊരു സ്വഭാവവും ആരോപിക്കാൻ പാടില്ലാത്ത ഒരു പരമസത്തയാണ് ദൈവം. അങ്ങനെയുള്ള ഒരു സത്തയിൽ, ശക്തിയാലാണ്, ആസ്തികർ ചിന്താപരമായ പരിസമാപ്തി തേടുന്നത്. അത്തരം ഒരു ശക്തിയെ സങ്കല്പിക്കാതെ തരമില്ല. തത്ത്വജ്ഞനും ദൈവം ഉണ്ടായിരിക്കണമെന്ന് തെളിയിക്കാനേ കഴിയൂ. ദൈവം ഉണ്ടെന്നു തെളിയിച്ചുകാട്ടുന്നവർ പ്രവാചകന്മാരാണ്. പ്രവാചകന്മാർ വെളിപ്പെടുന്നതും അതിന്നായിട്ടുതന്നെ!

പ്രപഞ്ചം അഥവാ പദാർത്ഥം സ്വയംഭൂതമാണെന്നും അത് അനാദിയും നിത്യവുമാണെന്നുമുള്ള വാദം പഴഞ്ചനാണ്. ആധുനികമായ പുറംചട്ടയിട്ട ഈ വാദം പക്വബുദ്ധിയുടെ പ്രഖ്യാപനമല്ല. മറിച്ച്, ചിന്താപരമായ പാപ്പരത്തത്തിന്റെ പ്രഘോഷണമാണ്. യുക്തിവാദികളുടെ മറ്റൊരാചാര്യനാണിത് പറഞ്ഞത്. വിൻവിഡു റീഡ്!

This idea is not a creation of ripened intellect as usually supposed. It is product of limited experience the expression of a seem-

(23) Martyrdom of Man- Winwood Reed, p.318.

ing fact. The savage did not see the world begin. Therefore it had no beginning. He has not seen it grow older. Therefore it will have no end.

"സാധാരണ കരുതപ്പെടാറുള്ളതുപോലെ ഈ ധാരണ പക്വ ബുദ്ധിയുടെ ഫലമൊന്നുമല്ല. പരിമിതമായ അനുഭവപരിചയത്തിന്റെ ഫലം മാത്രമാണ്. തോന്നുന്ന വസ്തുത എടുത്തു പറയൽ. പ്രപഞ്ചം ആരംഭിക്കുന്നത് കാടൻ കണ്ടിട്ടില്ല. അതുകൊണ്ട് അതിന് ആരംഭ മുണ്ടായിരുന്നില്ല. അതിന്ന് വയസ്സ് കൂടുന്നതും അവൻ കണ്ടിട്ടില്ല. അതുകൊണ്ട് അതിന്നൊരു അന്ത്യവും ഉണ്ടാകയില്ല."[23]

പ്രപഞ്ചം നിത്യമാണെന്ന വാദത്തെ ഖുർആൻ ഖണ്ഡിക്കുന്നു. അത് പറയുന്നു:

وَقَالَ الَّذِيْنَ كَفَرُوْا لَاتَاْتِيْنَا السَّاعَةُ قُلْ بَلَى
وَرَبِّى لَتَاْتِيَنَّكُمْ عَالِمِ الْغَيْبِ لَا يَعْزُبُ عَنْهُ
مِثْقَالَ ذَرَّةٍ فِى السَّمٰوٰتِ وَلَا فِى الْاَرْضِ وَلَا
اَصْغَرُ مِنْ ذَلِكَ وَلَا اَكْبَرُ اِلَّا فِى كِتَابٍ مُّبِيْنٍ

"അവിശ്വാസികൾ പറയുന്നു, അന്ത്യനാൾ ഒരിക്കലും വന്നടുക്കുകയില്ലെന്ന്! പറയുക: എന്റെ നാഥൻ സാക്ഷി! അവൻ മറഞ്ഞതെല്ലാം (അദൃശ്യങ്ങളെല്ലാം) അറിയുന്നവൻ; അത് നിശ്ചയമായും നിങ്ങളിൽ വന്നെത്തും. ആകാശങ്ങളിലുള്ളതോ ഭൂമിയിലുള്ളതോ ഒരു അണുത്തൂക്കവും അവനിൽനിന്ന് ഗോപ്യമായിരിക്കുന്നില്ല; അതിനേക്കാൾ ഏറ്റവും ചെറുതായിട്ടുള്ളതും ഇല്ല; വലുതായിട്ടുള്ളതും ഇല്ല, അവന്റെ തുറന്ന പുസ്തകത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ലാതെ" (34:4).

പദാർത്ഥം നശ്വരമാണെന്നും അത് നിത്യമോ അനശ്വരമോ അല്ലെന്നും നാശദിവസം നിശ്ചയമായും വന്നെത്തുമെന്നും ആണ് ഖുർആൻ ഇവിടെ പ്രഘോഷിച്ചിട്ടുള്ളത്. പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ കാര്യങ്ങളും അറിയുന്നവൻ അല്ലാഹുവാണ്. സൂക്ഷ്മതരങ്ങളായ വസ്തുക്കളും വസ്തുതകളും അവന്റെ അറിവിൽപെ

ടുന്നു. അണുവിന്റെ തൂക്കത്തോളമുള്ള വസ്തുക്കളും വസ്തുതകളും അണുവിലും ചെറുതായിട്ടുള്ള വസ്തുക്കളും വസ്തുതകളും അറിയുന്നവനാണ് ദൈവം. അതുകൊണ്ട് ഭാവികാര്യങ്ങളും പ്രപഞ്ചത്തിന്റെ അന്ത്യനാളും എല്ലാം സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമായ അല്ലാഹു അറിയുന്നു. 'ദർറ' അഥവാ പരമാണു(Atom)വിനെപ്പറ്റി ഇവിടെ പറഞ്ഞു. 'മിസ്ഖാലു ദർറതിൻ' (مِثْقَالَ ذَرَّةٍ) അഥവാ പരമാണുവിന്റെ തൂക്കത്തെപ്പറ്റിയും (Atomic Weight) അളവിനെപ്പറ്റിയും പറഞ്ഞു. (اَصْغَرَ مِنْ ذَالِكَ) "അതിലും ചെറുതായിട്ടുള്ള ഘടകങ്ങ"ളെ (Elementary Particles of Atom) പറ്റിയും ഇവിടെ സൂചിപ്പിച്ചു. ആറ്റമിനേക്കാൾ ചെറിയ ഘടകങ്ങൾ ഉണ്ടെന്നും ആറ്റമിനെ വിഭജിക്കാമെന്നും സാരം![24] പരമാണുവിലും ചെറിയ ഘടകങ്ങളെക്കുറിച്ച് ശാസ്ത്രജ്ഞന് അറിഞ്ഞുകൂടായിരുന്നു. പരമാണുവിനെക്കാളും ചെറിയ അതിന്റെ സൂക്ഷ്മഘടകങ്ങളായ ന്യൂട്രോണും (Neutron) ഇലക്ട്രോണും (Electron) പ്രോട്ടോണും (Proton) എല്ലാം അത്യാധുനിക കണ്ടുപിടിത്തങ്ങളാണ്. മെസിട്രൺ (Mesitron) പോസിട്രൺ (Positron) തുടങ്ങിയ മുപ്പതോളം വേറെയും സൂക്ഷ്മഘടകങ്ങളുണ്ടത്രെ. ന്യൂട്ടനെയും ഡാൾട്ടനെയും എയിൻസ്റ്റിൻ തിരുത്തി. സർവ്വജ്ഞനായ അല്ലാഹു ഇറക്കിയ ഖുർആനെ തിരുത്തേണ്ടി വന്നില്ല! പദാർത്ഥത്തിന്റെ അഭേദ്യമായ മൂലഘടകമാണെന്നു ശാസ്ത്രജ്ഞൻ ഘോഷിച്ച പരമാണുവിലും ചെറിയ സൂക്ഷ്മാംശങ്ങളെക്കുറിച്ചും അതും ഇല്ലാതാവുന്ന അവസ്ഥയെക്കുറിച്ചും അറിയുന്നവൻ ആണ് അല്ലാഹു. സൂക്ഷ്മാണുഘടകങ്ങളെ (Fundamental Subatomic Particles) കുറിച്ച് അറിയുന്നകാലത്ത് പ്രപഞ്ചത്തിന്റെ നശ്വരത, അനിത്യത ശാസ്ത്രീയമായി തെളിയിക്കപ്പെടുമെന്നാണ് ഖുർആൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ജെയിംസ് ജീൻസിനെയും റൂതർഫോർഡിനേയും എയിൻസ്റ്റിനെയും അബ്ദുസ്സലാമിനേയും പോലുള്ള ശാസ്ത്രജ്ഞന്മാർ തെളിയിച്ചു കാണി

24. അവിഭാജ്യം (Atomos) എന്നർത്ഥമുള്ള ഗ്രീക്ക് പദത്തിൽനിന്നാണ് 'ആറ്റം' (Atom)എന്ന പദം വ്യുൽപ്പന്നമായത്. അവിഭാജ്യം എന്ന് ശാസ്ത്രജ്ഞൻ പ്രഖ്യാപിച്ച അണു വിഭജിക്കപ്പെട്ടു. അണുവിലും ചെറിയ ഘടകങ്ങളെ കുറിച്ച് ഖുർആൻ വിഭാവനം ചെയ്യപ്പെട്ടപ്പോൾ ആറ്റമിനെ വിഭജിക്കാമെന്ന തത്ത്വമാണ് അത് ഉൾക്കൊണ്ടത്.

(25) The Mysterious Universe- Sir James Jeans

ച്ചിട്ടുള്ളതും പ്രപഞ്ചം നശ്വരവും സൃഷ്ടിക്കപ്പെട്ടതുമാണെന്നത്രെ.

ജീൻസ് ഇപ്രകാരം പറഞ്ഞു:

The universe can be best pictured as consisting of pure thought the thorght of what for want of a wider word, we must describe as mathematical thinker.

"ശുദ്ധമായ ഭാവന മാത്രമായി പ്രപഞ്ചത്തെ ശരിക്കും ചിത്രീകരിക്കാം. കൂടുതൽ വ്യാപകാർത്ഥമുള്ള മറ്റൊരു പദം ഇല്ലാത്തതിനാൽ ഗണിതശാസ്ത്രചിന്തകൻ എന്നു നമുക്കതിനെ വിവരിച്ചുപറയേണ്ടിവരും."[25] പ്രപഞ്ചരഹസ്യത്തെ ഏതാനും, ഗണിതശാസ്ത്ര ചിഹ്നങ്ങൾകൊണ്ട് വ്യവച്ഛേദിക്കാമെന്നും ആ നിലക്ക് ഗണിതശാസ്ത്രജ്ഞനായ ഒരു സൃഷ്ടികർത്താവാണ് പ്രപഞ്ചത്തിന്റെ സൂത്രധാരനെന്ന് വിശ്വസിക്കുന്നതിൽ യുക്തിഭംഗമില്ലെന്നും ആണ് ജീൻസ് സിദ്ധാന്തിച്ചത്. 'അൽഹസീബ്' اَلْحَسِيْبُ (കണക്കിടുന്നവൻ) 'അൽഖദീർ' اَلْقَدِيْرُ (അളവ് നിർണ്ണയിക്കുന്നവൻ) മുതലായവ ഖുർആനിൽ ദൈവത്തിനുള്ള നാമങ്ങളാണ്.

പദാർത്ഥം സൃഷ്ടമാണ്. മൂലകങ്ങൾ (Elements) എന്ന അടിസ്ഥാനപദാർത്ഥങ്ങൾ ഉണ്ടെന്ന് ശാസ്ത്രജ്ഞൻ പറഞ്ഞുതന്നു. ഡാൾട്ടന്റെ അണുസിദ്ധാന്തം തകർന്നതോടെ മൂലകങ്ങളുടെ പരാവർത്തനം (Transmutation of Elements) സ്ഥാപിക്കപ്പെടുകയും മൂലകങ്ങൾ അയഥാർത്ഥമായിത്തീരുകയും ചെയ്തു. ആറ്റം വിഭജിക്കപ്പെട്ടപ്പോൾ പദാർത്ഥംതന്നെ ഇല്ലാതായി. അത് ഊർജ്ജമായി മാറുമെന്ന് തെളിഞ്ഞു. ഊർജ്ജം പദാർത്ഥമായും മാറുന്നു. ഊർജ്ജത്തിന്റെ രൂപവികാരമായ പദാർത്ഥത്തിന്റെ പ്രാദുർഭാവത്തിന് മുമ്പേ ഊർജ്ജം ഉണ്ടായിരുന്നു. പ്രപഞ്ചത്തിന്റെയും അതിലെ ബഹുവിധങ്ങളും സങ്കീർണ്ണങ്ങളുമായ വ്യവസ്ഥകളുടെയും വസ്തുക്കളുടെയും സൃഷ്ടിപ്പിന്റെ പിന്നിലുള്ള അമൂർത്തമായ ഊർജ്ജമാണ് ഭാവന (Thought Energy).

പ്രപഞ്ചത്തിന്റെ അടിസ്ഥാനഭൂതങ്ങളായ നാലുശക്തികൾ ഉണ്ടെന്ന് ശാസ്ത്രം കണ്ടുപിടിച്ചു. ഗുരുത്വാകർഷണം (Gravitation) വിദ്യുത്കാന്തശക്തി (Electro-Magnetic Force) 'വീക്ക്ഫോർസ്,

സ്ട്രോംഗ്ഫോർസ്' (Weak and Strong Forces). മൂന്ന് ശക്തികൾ മാത്രമായി കുറയുമാറ് രണ്ട് ശക്തികളെ ഏകീകരിക്കാൻ അടുത്ത കാലത്ത് കഴിഞ്ഞു. അത്യന്തം വിപുലങ്ങളായ ബ്രഹ്മാണ്ഡപിണ്ഡങ്ങളേയും ഒരു പരമാണുവിന്നുള്ളിലെ ഇലക്ട്രോൺ ന്യൂട്രോണുകളെയും ബന്ധിച്ചു പ്രവർത്തിപ്പിക്കുന്ന പ്രപഞ്ചവ്യാപിയായ അടിസ്ഥാനശക്തികളാണിവ. പ്രോട്ടോൺ എന്ന അണുഘടകം ഇല്ലാതായിത്തീരുന്നതോടെ അല്ലെങ്കിൽ അതിന്നു അഴിച്ചൽ (Decay) സംഭവിക്കുന്നതോടെയാണ് ഈ ആധാരശക്തി മൂന്നായി കുറയുന്നത്. പ്രോട്ടോൺ അസ്ഥിരമാണെന്നു പരീക്ഷണത്തിലൂടെ തെളിഞ്ഞു. അടുത്തകാലംവരെയും പ്രോട്ടോൺ സ്ഥിരമാണെന്നാണ് ധരിച്ചുപോന്നിട്ടുള്ളത്. ഡോ. അബ്ദുസ്സലാമിന് നോബൽ സമ്മാനം ലഭിച്ചത് ഇതുസംബന്ധിച്ച തിയറിയിലാണ്. ഐയിൻസ്റ്റീന്റെ ഏകീകൃതക്ഷേത്രവാദത്തിലേക്കുള്ള (Unified Field Theory) ഏറ്റവും നിർണ്ണായകമായ കാൽവെപ്പാണിതെന്നതാണ് ഈ കണ്ടുപിടിത്തത്തിന്റെ പ്രാധാന്യം. "ഒരു പ്രോട്ടോൺ സ്ഥിരമായി നിലനിൽക്കുന്നതല്ല എന്നും എല്ലാ സാമാന്യവസ്തുക്കളും അഴിഞ്ഞു ഇല്ലാതാകുമെന്നുമുള്ളതാണ് ഡോ. സലാമിന്റെ തത്ത്വം. പ്രോട്ടോണുകൾ ഒടുവിൽ അഴിഞ്ഞു ഇല്ലാതായിപ്പോകും എന്ന് ഖണ്ഡിതമായി തെളിയിക്കപ്പെടുമ്പോൾ നാലു അടിസ്ഥാനശക്തികൾ അനിവാര്യമായും രണ്ടായി ചുരുങ്ങാതെ തരമില്ല." അപ്പോൾ പ്രപഞ്ചത്തിന്റെ ആധാരഭൂതമായ രണ്ടു ശക്തികൾ മാത്രം അവശേഷിക്കുമാറാകും. അവ സൃഷ്ടിയായതിനാൽ ഇരട്ടകളായി, ഇണകളായി, രണ്ടായിത്തന്നെയിരിക്കും. എന്തെന്നാൽ, സ്രഷ്ടാവ് മാത്രമാണ് ഏകം അഥവാ ഏകൻ!

ചുരുക്കത്തിൽ, സൂക്ഷ്മാണുഘടകങ്ങൾ അഴിഞ്ഞുപോകും എന്നു കണ്ടുപിടിച്ചതോടെ പദാർത്ഥപ്രപഞ്ചം ഏതെങ്കിലുമൊരു നാളിൽ തികച്ചും ഇല്ലാതായിത്തീരുകയും അല്ലാഹുമാത്രം അവശേഷിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടാകുമെന്ന് വ്യക്തമാകുന്നു. അതാണ് ഖുർആൻ പറയുന്നത്:

كُلُّ شَيْءٍ هَالِكٌ اِلاَّ وَجْهَهُ لَهُ الْحُكْمُ وَاِلَيْهِ تُرْجَعُوْنَ

"(ആശയങ്ങൾ അടക്കം) എല്ലാ ഭൗതികവസ്തുക്കളും

നശിക്കും; അവന്റെ തിരുമുഖം ഒഴികെ. കല്പന അവന്നുള്ളതാകുന്നു; അവനിലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.” (വിശുദ്ധഖുർആൻ, 28:89)

## സ്ത്രീപുരുഷബന്ധങ്ങൾ

***ആക്ഷേപം:-8.*** ഇസ്ലാം സ്ത്രീപുരുഷബന്ധങ്ങളെ അടിമയും ഉടമയും തമ്മിലുള്ള ബന്ധമായി തരംതാഴ്ത്തുന്നു.

***ഉദാഹരണം:-*** പുരുഷന്മാരെ സ്ത്രീകളെക്കാൾ ഉന്നതന്മാരായി സൃഷ്ടിച്ചിരിക്കുന്നു(2:228). ബഹുഭാര്യത്വത്തിലൂടെ സ്ത്രീയുടെ തുല്യാവകാശം നിഷേധിച്ചു(4:3). സ്ത്രീയെ ഉല്പാദനോപകരണം മാത്രമാക്കി(2:228). പുരുഷനു കിട്ടുന്നതിന്റെ പകുതി മാത്രമെ സ്ത്രീക്കു സമ്പത്ത് കിട്ടുകയുള്ളൂ(4:11). സ്ത്രീകളെ അടിക്കാനുള്ള സ്വാതന്ത്ര്യം പുരുഷനു നൽകുന്നു(4:34).

***മറുപടി:-*** ഇസ്ലാം സ്ത്രീപുരുഷബന്ധങ്ങളെ അടിമയും ഉടമയും തമ്മിലുള്ള ബന്ധമായി തരംതാഴ്ത്തുന്നു എന്ന് ഇസ്ലാംമതത്തിന്റെ ശരിയായ അദ്ധ്യാപനങ്ങളെയും തിരുനബിയുടെ ചര്യകളേയും ഖുർആന്റെ പാഠങ്ങളേയും കുറിച്ചറിവുള്ള ആരും പറയാൻ ധൈര്യപ്പെടുകയില്ലെന്നാണ് ഞാൻ കരുതുന്നത്. ഇസ്ലാമിന്റെ വ്യക്തമായ അദ്ധ്യാപനങ്ങളെ ധിക്കരിച്ചു ജീവിക്കുന്നവരും പാമരന്മാരുമായ മുസ്ലിം നാമധാരികളുടെ ദുർനടപ്പുകളും ജീവിതസമ്പ്രദായങ്ങളും ആണ് ചർച്ചയ്ക്ക് ആധാരമാക്കപ്പെടുന്നതെങ്കിൽ ചർച്ച മതിയാക്കി ക്ഷമാപണത്തോടെ ഞാൻ പിന്തിരിഞ്ഞു കൊള്ളാം!

സ്ത്രീസ്വാതന്ത്ര്യം എന്ന ആശയംതന്നെ ഇസ്ലാമിന്റെ ആവിർഭാവത്തിനു ശേഷമുണ്ടായതാണ്. സ്ത്രീകളോടു ഏറ്റവും നന്നായി പെരുമാറുന്നവനാണ് അത്യുത്തമൻ എന്നാണ് തിരുനബി (സ) പഠിപ്പിച്ചത്.

خِيَارُكُمْ خِيَارُكُمْ لِنِسَآءِهِمْ

“നിങ്ങളിൽ ഏറ്റവും ഉത്തമന്മാർ സ്ത്രീകളോടു ഏറ്റവും ഉത്തമമായി പെരുമാറുന്നവരത്രെ.”

خَيْرُكُمْ خَيْرُكُمْ لاَهْلِهِ

"നിങ്ങളിൽ ഉത്തമൻ തന്റെ ഭാര്യയ്ക്ക് ഉത്തമനായിട്ടുള്ളവനാകുന്നു."

എന്നിങ്ങനെ തിരുനബി(സ) അരുളുകയുണ്ടായി. തിരുമേനി (സ) അപ്രകാരം ജീവിച്ചുകാണിക്കുകയും ചെയ്തു. തിരുനബി(സ) ഭാര്യമാരോട് പെരുമാറിയത് അടിമകളോടെന്നപോലെയാണെങ്കിൽ മുസ്‌ലിംകളെല്ലാം തങ്ങളുടെ പെണ്ണുങ്ങളോട് അത്തരത്തിൽ പെരുമാറാൻ ബാദ്ധ്യസ്ഥരാണെന്ന് ഞാൻ പറയും! എന്തെന്നാൽ, നബിയുടെ മാതൃക അനുസരിച്ചു ജീവിക്കലാണ് ഇസ്‌ലാം. ഖുർആൻ നിർദ്ദേശിക്കുന്നതും നബിതിരുമേനി(സ) ജീവിച്ചുകാണിച്ചതും സ്ത്രീകളെ ആദരിക്കണമെന്നാണെങ്കിൽ ഇസ്‌ലാം സ്ത്രീപുരുഷബന്ധം അടിമകളും ഉടമകളും തമ്മിലുള്ള ബന്ധമായി തരംതാഴ്ത്തുന്നു എന്ന് ശ്രീ. കലാനാഥൻ പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ലോകചരിത്രത്തിൽ ആദ്യമായി സ്ത്രീക്ക് പുരുഷന്റെ ദുർഭരണത്തിൽനിന്നും മോചനം നൽകിയത് ഇസ്‌ലാം ആണെന്ന് പറഞ്ഞാൽ അതാണ് ശരി! സ്ത്രീസ്വാതന്ത്ര്യത്തിന്റെ ആദ്യത്തെ പ്രഘോഷകൻ മുഹമ്മദ് നബിതിരുമേനിയായിരുന്നു എന്നു പറഞ്ഞാൽ അതാണ് സത്യം! സ്ത്രീക്ക് വിഷമം ഉണ്ടാക്കുന്നതായി ചിത്രീകരിക്കപ്പെട്ട ഖുർആനിക നിയമങ്ങളിൽ പലതും യഥാർത്ഥത്തിൽ സ്ത്രീയുടെ ക്ഷേമരക്ഷകൾക്ക് അനിവാര്യ ഉപാധികളാണെന്ന് പ്രായോഗികബുദ്ധിയോടെ ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാൻ കഴിയും. ഇസ്‌ലാമിലെ ബഹുഭാര്യത്വവും വിവാഹമോചനനിയമങ്ങളും വിധവാവിവാഹവും ക്രിസ്തീയപുരോഹിതന്മാരുടെ പ്രചാരവേലകൾ കാരണം ജുഗുപ്സാവഹങ്ങളായി ചിത്രീകരിക്കപ്പെട്ടുപോന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ, ആ കാലം ഇന്ന് മാറിയിരിക്കുന്നു!

അടിമസമ്പ്രദായത്തെത്തന്നെ വേരോടെ പിഴുതെറിയാനാണ് നബിതിരുമേനി(സ) ശ്രമിച്ചത്. അടിമവ്യാപാരം പ്രാബല്യത്തിലുണ്ടായിരുന്ന ഒരു രാജ്യത്ത് പ്രബോധനം നടത്തിയ നബി(സ) അടിമവ്യവസ്ഥയെ തകിടം മറിക്കുകയും അടിമത്തം എന്തെന്നറിയാത്ത ഒരു

സ്വതന്ത്രസമുദായത്തെ വാർത്തെടുക്കുകയും ചെയ്തു. എന്നിരിക്കെ, സ്ത്രീവർഗ്ഗത്തെ മുഴുവനും വീണ്ടും മറ്റൊരു തരത്തിലുള്ള അടിമത്തത്തിലേക്ക് തള്ളിനീക്കുന്നതെന്തിന്? വാസ്തവത്തിൽ, സ്ത്രീസമുദായത്തെ നൂറ്റാണ്ടുകാലത്തെ പുരുഷന്റെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുകയാണ് ഇസ്ലാം ചെയ്തത്. കുടുംബിനിമാരുടെ നേരെ മർദ്ദനങ്ങൾ അഴിച്ചുവിടുന്നതിനും അവരെ അടിച്ചമർത്തുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്ന മദ്യപാനം അറേബ്യയിൽനിന്നു ഒറ്റയടിക്ക് പിഴുതെറിയുകയും മദ്യം എന്തെന്നറിയാത്ത തലമുറകളെ സൃഷ്ടിക്കുകയും അതുവഴി സ്ത്രീവർഗ്ഗത്തിന് സ്വൈര്യവും ക്ഷേമവും മോചനവും ഉറപ്പുവരുത്തുകയും ചെയ്തു. കുലമഹിമയിൽ ഊറ്റംകൊണ്ടിരുന്ന അറബികൾ തങ്ങളുടെ പെൺമക്കൾക്ക് ആഭിജാതരായ വരന്മാരെ കിട്ടാനുള്ള വിഷമങ്ങളോർത്ത് സ്ത്രീസന്താനങ്ങളെ കൊന്നുകളയാൻപോലും മടിച്ചിരുന്നില്ല. സ്ത്രീകളുടെനേരെ ഇപ്രകാരം നിന്ദയും വെറുപ്പും പ്രകടിപ്പിച്ചുപോന്നിരുന്നകാലത്താണ് ഇസ്ലാം ആവിർഭവിച്ചത്, ഇസ്ലാമിന്റെ ആവിർഭാവത്തോടെ മനുഷ്യസമൂഹത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ചും അത് സ്ത്രീവർഗ്ഗത്തിനു നേടിക്കൊടുത്ത സ്വാതന്ത്ര്യങ്ങളേയും ക്ഷേമരക്ഷകളേയും കുറിച്ചും ലോകത്തിനു മനസ്സിലാക്കാൻ കഴിയാത്തവിധം മുസ്ലിം സമുദായത്തിന്റെ ഇന്നത്തെ അവസ്ഥ മാറിമറിഞ്ഞുപോയി എന്നതു ഒരു ദുഃഖസത്യം മാത്രമാണ്. സ്ത്രീക്കുള്ള സ്വാതന്ത്ര്യങ്ങളും ക്ഷേമരക്ഷകളും ഇസ്ലാം ഉറപ്പുവരുത്തീട്ടുള്ളത് വെറും ഉൽബോധനങ്ങളിലൂടെയല്ല. നിയമനിർബന്ധങ്ങളിലൂടെയാണ്. നാഗരികജീവിതത്തിന്നൊത്ത് നിയമവ്യവസ്ഥകളിലൂടെ കൈവരുന്ന ഈ അവകാശങ്ങൾ പരിഷ്കൃതരാജ്യങ്ങളിലെ സംസ്കാരസമ്പന്നമായ സമൂഹങ്ങളിൽപോലും സ്വതന്ത്രചിന്തകന്മാരുടെയും രാഷ്ട്രീയവിപ്ലവകാരികളുടെയും പ്രവർത്തനഫലമായി വളരെ അടുത്തകാലത്ത് മാത്രമാണ് നേടിയെടുക്കാൻ കഴിഞ്ഞതെന്ന യാഥാർത്ഥ്യം ആർക്ക് നിഷേധിക്കാൻ കഴിയും? സ്ത്രീകളെ ജംഗമസ്വത്തുക്കളെപോലെ കൈകാര്യം ചെയ്യുകയും അവളെ പണയംവെക്കുകയും വില്പന നടത്തുകയും ഭർത്തൃകു

---

26. In Christian countries... the practice of lending one's wife to a guest as an act of hospitality.. has been very widespread (Russel- Marriage & Morals, p. 9)

ടുംബത്തിലെ അടിമകളായി കരുതിപ്പോരുകയും അതിഥികൾക്ക് കാഴ്ചവെക്കുകയും[26] ചെയ്തുവന്ന സാമൂഹികപശ്ചാത്തലത്തിൽ ഇന്നും ഈ അവകാശസ്വാതന്ത്ര്യങ്ങൾ പുരുഷന്റെ എതിർപ്പിനു വിധേയമായിക്കൊണ്ടിരിക്കുകയാണെന്ന സത്യവും ആർക്കും നിഷേധിക്കാനാവില്ല.

'സാമ്പത്തിക സർവ്വശക്തിത്വവാദത്തിൽ (Economic Determinism) ശ്രീ. കലാനാഥൻ വിശ്വസിക്കുന്നുണ്ടല്ലോ. സമ്പത്ത് മനുഷ്യസ്വഭാവത്തിൽ ചെലുത്തുന്ന സ്വാധീനത്തെയും വ്യക്തിയിലുണ്ടാക്കുന്ന ഉന്നതിബോധത്തെയും (Elevation) കുറിച്ച് ഞാനിവിടെ വിവരിക്കേണ്ടതില്ല. പുരുഷൻ ഏതെങ്കിലും തരത്തിലുള്ള സമ്പത്തിന്ന് അവകാശിയായിരിക്കണമെന്ന് ഇസ്ലാമിൽ നിർബ്ബന്ധമില്ല. എന്നാൽ വിവാഹിതയായ സ്ത്രീ അവർക്കുമാത്രം കൈകാര്യം ചെയ്യാവുന്ന സ്വത്തിന്റെ ഉടമസ്ഥയായിത്തീരണമെന്ന് ഇസ്ലാമിൽ നിയമപരമായ നിർബ്ബന്ധമുണ്ട്. വിവാഹത്തിലൂടെ സ്ത്രീക്ക് കൈവരുന്ന 'മഹർ' സ്വത്തവകാശം കോടതിനടപടികളിലൂടെ നേടിയെടുക്കാവുന്നതും തന്മൂലം സുരക്ഷിതവുമാണ്. ഭർത്താവിന്റെ സാമ്പത്തികശേഷിയനുസരിച്ച് ആ സ്വത്തിന് ഏറ്റക്കുറച്ചിൽ വരാം. സ്ത്രീ എത്രതന്നെ സമ്പന്നയാണെന്ന് വന്നാലും പുരുഷൻ അവന്റെ നിലയ്ക്കനുസരിച്ച് അവൾക്ക് ഈ സ്വത്ത് നൽകുകയും അവളെയും അവളിലൂടെയുള്ള തന്റെ സന്താനങ്ങളേയും സംരക്ഷിക്കുകയും വേണമെന്നാണ് ഇസ്ലാമികനിയമം. പുരുഷൻ എത്രതന്നെ ദരിദ്രനാണെങ്കിലും അയാൾക്ക് സമ്പന്നയായ ഭാര്യയിൽനിന്ന് ഇത്തരം സ്വത്തോ സംരക്ഷണച്ചെലവോ ഒരവകാശമെന്നോണം നിയമപരമായി നേടിയെടുക്കാനാവില്ല. ഇത് സ്ത്രീയുടെ നേരെ ഇസ്ലാം കാണിച്ച ഒരു പക്ഷപാതമാണെന്ന് വേണമെങ്കിൽ ശ്രീ. കലാനാഥന് ആക്ഷേപിക്കാം! എന്നാൽ, സ്ത്രീയെ അടിമയാക്കി വെക്കാനാണിതെന്ന് നീതിബോധമുള്ള ഒരാൾക്ക് പറയാമോ?

ഇസ്ലാം സ്ത്രീപുരുഷബന്ധങ്ങളെ അടിമയും ഉടമയും തമ്മിലുള്ള ബന്ധമായി തരംതാഴ്ത്തുന്നു എന്നതിലേക്ക് തെളിവായി ശ്രീ. കലാനാഥൻ ഉദ്ധരിച്ച ഖുർആൻ വാക്യങ്ങളിലേക്ക് നമുക്കിനി തിരിയാം!

## പുരുഷന് മുൻതൂക്കം

1. പുരുഷന്മാരെ സ്ത്രീകളെക്കാൾ ഉന്നതന്മാരായി സൃഷ്ടിച്ചിരിക്കുന്നു (2:228).

പുരുഷന്മാരെ സ്ത്രീകളേക്കാൾ ഉന്നതന്മാരായി സൃഷ്ടിച്ചിരിക്കുന്നു എന്ന് അർത്ഥം വരുന്ന ഒരു വാചകം ഖുർആനിലില്ല. ഖുർആൻ രണ്ടാം അദ്ധ്യായം 228-ാം വാക്യത്തിലും അങ്ങനെ പറഞ്ഞിട്ടില്ല. പിന്നെ, ഈ വാചകം ശ്രീ. കലാനാഥന് എവിടെനിന്ന് കിട്ടി? '***വലിർറിജാലി അലയ്ഹിന്ന ദറജതൻ***' (പുരുഷന്മാർക്ക് സ്ത്രീകളുടെമേൽ ഒരു പദവി കൂടുതൽ ഉണ്ട്) എന്നാണ് ഖുർആനിൽ പറഞ്ഞിട്ടുള്ളത്. പുരുഷന്മാർക്ക് സ്ത്രീകളുടെമേൽ സമൂഹം കൂടുതൽ സ്ഥാനം അംഗീകരിച്ചുകൊടുത്തിട്ടില്ലേ? സ്ത്രീപുരുഷ സമത്വം എന്ന ആശയത്തിനു നിയമപ്രാബല്യം നൽകിയിട്ടുള്ള രാജ്യങ്ങളിൽ പോലും പുരുഷന്മാർക്കല്ലേ യഥാർത്ഥത്തിൽ എല്ലാ രംഗങ്ങളിലും മുൻതൂക്കം? സ്ത്രീയ്ക്കും പുരുഷനും തമ്മിൽ ഭേദം കല്പിക്കാത്തതാണ് ഇന്ത്യയിലെ ഭരണഘടനയെങ്കിലും പാർലമെന്റിൽ എത്ര സ്ത്രീകൾ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്? മാർക്സിസ്റ്റ് പാർട്ടിയിൽ നിയമസഭാ സാമാജികരായി സ്ത്രീകൾ എത്ര? അപ്പോൾ സ്വഭാവേനയോ ചരിത്രപരമായ കാരണങ്ങളാലോ സ്ത്രീ പിന്നണിയിലാണ്. സൗന്ദര്യംകൊണ്ടോ സ്വഭാവംകൊണ്ടോ പുരുഷന്മാരെ കീഴടക്കുന്ന സ്ത്രീകളുണ്ടാകാം. ഭരണാധികാരത്തിന്റെ തലപ്പത്തിരുന്നു തന്റെ വിരൽതുമ്പിലിട്ടു പ്രഭാവശാലികളായ കീഴുദ്യോഗസ്ഥന്മാരെ വട്ടംകറക്കുന്ന നായികമാരുണ്ടാകാം. പക്ഷേ, ഇതെല്ലാം പൊതുനിലയ്ക്കുള്ള അപവാദം മാത്രമാണ്.

സ്ത്രീപുരുഷസമത്വം ഒരതിരുവരെ മാത്രമെ നടപ്പാക്കാൻ കഴിയുകയുള്ളൂ. ധാർമ്മികനിയമങ്ങളുടെ സ്വാധീനപരിധിക്കുള്ളിൽ പ്രായോഗികമായ പരമസീമകളോളം സ്ത്രീപുരുഷസമത്വം ഇസ്‌ലാമിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീയ്ക്കും പുരുഷനും തമ്മിലുള്ള സഹജാന്തരം ഇല്ലാതാക്കാൻ കഴിയില്ലല്ലോ. സ്ത്രീയുടേതായ ചില പ്രത്യേകതകൾ കാരണം സമൂഹം അവർക്ക് ചില ആനുകൂല്യങ്ങൾ അംഗീകരിച്ചുകൊടുത്തിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിലും

തൊഴിൽശാലകളിലും സ്ത്രീയ്ക്ക് അനുവദിച്ചിട്ടുള്ള പ്രസവാവധിയും മറ്റു ആനുകൂല്യങ്ങളും തങ്ങൾക്കും ലഭിക്കണമെന്നു പുരുഷന് അവകാശപ്പെടാമോ? അവകാശങ്ങളുടെ സമതുലനമാണ് സാധിക്കേണ്ടിയിരിക്കുന്നത്; ചില കാര്യങ്ങളിൽ സ്ത്രീയ്ക്കാണ് മുൻതൂക്കമെങ്കിൽ മറ്റുചില കാര്യങ്ങളിൽ പുരുഷന് മുൻതൂക്കം. എന്നാൽ, ദൈവദൃഷ്ടിയിലും ജീവിതധർമ്മങ്ങളിലും ആത്മീയലക്ഷ്യപ്രാപ്തിയിലും സ്ത്രീയും പുരുഷനും തുല്യർ. ഇതാണ് ഇസ്ലാമിന്റെ കാഴ്ചപ്പാട്. പുരുഷന്മാർക്ക് സ്ത്രീകളുടെമേൽ അവകാശങ്ങളുള്ളതുപോലെതന്നെ സ്ത്രീകൾക്ക് പുരുഷന്മാരുടെമേലും, അവകാശങ്ങളുണ്ടെന്നാണ് ഖുർആൻ പ്രഖ്യാപിച്ചിട്ടുള്ളത്. പക്ഷേ, വിവാഹമോചനകാര്യത്തിൽ പ്രകൃതിപരവും സാമൂഹികവുമായ പല കാരണങ്ങളാലും പുരുഷനെപ്പോലെ സ്വതന്ത്രമായ തീരുമാനമെടുക്കാൻ സ്ത്രീയെ അനുവദിക്കാതെ അത് ഖാസി അഥവാ നീതിപീഠം മുഖേനയായിരിക്കണമെന്ന നിബന്ധന വെച്ചിരിക്കുന്നു. യഥാർത്ഥത്തിൽ സ്ത്രീക്കനുകൂലമായുള്ള ഒരു സംരക്ഷണനടപടിയാണിത്. സ്ത്രീയ്ക്ക് പുരുഷനിൽനിന്ന് വിവാഹശുൽക്കമായി സ്വത്തവകാശം ലഭിക്കുന്നു. ‘മഹർ’ എന്ന പേരിലുള്ള ആ സ്വത്ത് സ്ത്രീയുടെ സ്വതന്ത്രമായ സ്വത്തവകാശത്തിന്റെ അംഗീകാരം എന്നതിനുപുറമെ, വിവാഹബന്ധത്തിന്റെ ഉറപ്പിനുള്ള ഒരു ജാമ്യത്തുക കൂടിയാകുന്നു. ഈ ജാമ്യത്തുക സ്ത്രീയ്ക്ക് അനുവദിച്ചുകൊടുത്തപ്പോൾ പുരുഷനു നൽകിയിട്ടുള്ള തുല്യവും നീതിപരവുമായ ഒരു അധികാവകാശമാണ് വിവാഹമോചനത്തിനുള്ള സ്വാതന്ത്ര്യം. രണ്ടുഭാഗത്തുനിന്നുള്ള വിവാഹമോചന നടപടികളും ഒരേതരത്തിലുള്ള അനുരഞ്ജനപ്രക്രിയകൾക്ക് വിധേയമാണ്. പുരുഷന് ന്യായാധിപന്റെ ഇടപെടൽകൂടാതെ വിവാഹമോചനം നേരിട്ടുനേടാമെങ്കിലും പ്രകൃത്യാ ചപലയും ദുർബ്ബലയും തന്മൂലം ദുർബോധനയ്ക്കിരയാവാൻ എളുപ്പമുള്ളവളും ആയതുകൊണ്ട് അവൾ വഴിപിഴപ്പിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ നീതിപീഠത്തിന്റെ ഇടപെടൽ നിർബ്ബന്ധമാക്കിയെന്നുമാത്രം. സ്വന്തത്തിൽ തീരുമാനമെടുക്കാനും ആ തീരുമാനത്തിന്റെ ഭവിഷ്യത്തുകൾ സ്വയം അനുഭവിച്ചുകൊള്ളുവാനും പുരുഷന്ന് കരുത്തുണ്ട്. ബഹുഭൂരിഭാഗം സ്ത്രീകൾക്കും

അതില്ലെന്നു മാത്രമല്ല, ഗർഭിണിയോ സാപത്യയോ ആയ ഒരു സ്ത്രീയുടെ കാര്യത്തിൽ അവൾക്ക് മാത്രമല്ലാതെ സമൂഹത്തിനും ഒരു ഉത്തരവാദിത്വമുണ്ടെന്നാണ് ഇതുവഴി വ്യക്തമാക്കിയിട്ടുള്ളത്. ഒരു ദുർബ്ബലനിമിഷത്തിൽ അവളെടുക്കുന്ന തീരുമാനം സ്ത്രൈണ മായ എല്ലാ ദൗർബ്ബല്യങ്ങളുമുള്ള അവൾ ഒരപഥസഞ്ചാരിണിയായി മാറുന്നില്ലെന്നും അവളുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്നില്ലെന്നും ഉറപ്പുവരുത്താൻ സമൂഹവും സർക്കാരും നീതിപീഠവും ബാദ്ധ്യ സ്ഥമാണെന്നാണ് ഈ വ്യതിരേകംകൊണ്ട് ഇസ്‌ലാം ഉദ്ദേശിച്ചിട്ടു ള്ളത്. ഇതിൽ എന്താണ് ആക്ഷേപാർഹം? എവിടെയാണ് യുക്തി രാഹിത്യം?

"പുരുഷന്മാർ സ്ത്രീകളുടെ രക്ഷാധികാരികളാകുന്നു" الرِّجَالُ قَوَّامُونَ عَلَى النِّسَاءِ എന്നു ഖുർആൻ പറഞ്ഞിട്ടുണ്ട് (4:35). സ്ത്രീകളുടെ രക്ഷാകർത്തൃത്വം പൊതുവെ പുരുഷനിൽ നിക്ഷിപ്തമാണ്. ഈ പൊതുനീതിക്ക് അപവാദമെന്നോണം പുരുഷന്റെമേൽ രക്ഷാധി കാരം പുലർത്തുന്ന സ്ത്രീകൾ ഇല്ലെന്നു ഇപ്പറഞ്ഞതിന്നർത്ഥമില്ല. സ്ത്രീകളെ രക്ഷിക്കാനുള്ള ചുമതല പൊതുവെ പുരുഷന്നാണ് എന്നും ചെലവ് ചെയ്യാൻ ബാദ്ധ്യതപ്പെട്ടവൻ അവനാണ് എന്നും ആണ് ഖുർആൻ പ്രസ്താവിച്ചിട്ടുള്ളതിന്റെ അർത്ഥം. മനുഷ്യരിൽ ചിലർ മറ്റുചിലരെ കവച്ചുനിൽക്കുന്നു എന്നും, പുരുഷന്മാർ തങ്ങ ളുടെ ധനത്തിൽനിന്നും ചെലവഴിക്കുന്നു എന്നും തുടർന്നുള്ള വാക്യങ്ങളിൽ പറഞ്ഞുകൊണ്ട് ഖുർആൻ ഇത് വിവരിച്ചുതന്നിട്ടു മുണ്ട്. കുടുംബത്തലവൻ എന്ന സ്ഥാനം പുരുഷനു ഇസ്‌ലാം അംഗീകരിച്ചുകൊടുത്തിരിക്കുന്നു. സ്ത്രീയെ എപ്പോഴും പുരുഷന്റെ അടിമയാക്കിവെക്കണമെന്നാണ് ഖുർആൻ കൽപിച്ചിട്ടുള്ളതെന്ന് ഇതിന് ദുരർത്ഥം നൽകുന്ന കുയുക്തിവാദികളെ കുറിച്ച് എനി ക്കൊന്നും പറയാനില്ല. ഈ ഭാരം സ്ത്രീയെ ഏൽപിക്കണമെന്ന് ഒരൊറ്റ സ്ത്രീയെങ്കിലും, ഒരൊറ്റ മഹിളാസംഘടനയെങ്കിലും ആവശ്യപ്പെടുന്നുണ്ടോ? പുരുഷന്മാരുടെമേൽ ഖുർആൻ ഏൽപ്പിച്ച ഈ ഭരണഭാരം അവർക്ക് നല്കേണ്ടതില്ലെന്നും പുരുഷമേധാവിത്വം എന്ന 'ബാധ'യാണിതെന്നും ആണ് വാദമെങ്കിൽ, വൈവാഹികബ ന്ധത്തിൽ പുരുഷൻ കാണിക്കുന്ന താന്തോന്നിത്തങ്ങളെ പറ്റി പരാ

തിപ്പെടാൻ സ്ത്രീകൾക്ക് അവകാശമില്ലാതെവരും.

## ബഹുഭാര്യത്വം

2. "ബഹുഭാര്യത്വത്തിലൂടെ സ്ത്രീകളുടെ തുല്യാവകാശം നിഷേധിച്ചു." (4:3)

ഖുർആൻ 4-ാം അദ്ധ്യായം 3-ാം വാക്യത്തിൽ ബഹുഭാര്യത്വത്തിനു ചില പ്രത്യേക സാഹചര്യങ്ങളിൽ അനുവാദം നൽകീട്ടുണ്ടെന്നത് ശരിയാണ്. എന്നാൽ, അതുവഴി ഇസ്‌ലാം സ്ത്രീകളുടെ തുല്യാവകാശത്തെ നിഷേധിച്ചു എന്നു പറയുന്നത് ശരിയല്ല. നേരെ മറിച്ച്, ബഹുഭാര്യത്വത്തിലൂടെ സ്ത്രീയുടെ തുല്യാവകാശത്തെ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ബഹുഭാര്യത്വം ഇസ്‌ലാമിൽ സോപാധികമായ ഒരനുവാദമാണ്, നിരുപാധികമായ നിർദ്ദേശമല്ല എന്നു പ്രത്യേകം ഓർക്കേണ്ടതുണ്ട്. അനാഥസംരക്ഷണത്തിനുള്ള സമുദായത്തിന്റെ ഉത്തരവാദിത്വത്തെ കുറിച്ചുണർത്തുന്ന വാചകത്തിലാണ് ഒന്നിലധികം ഭാര്യമാരെ വേട്ടുകൊള്ളുവാൻ അനുവദിച്ചത്. അനാഥകളോടു നീതി പ്രവർത്തിക്കാൻ കഴിയുകയില്ലെന്ന് ഭയപ്പെടുന്നുവെങ്കിൽ അഭിയുക്തകളായ ഒന്നിലധികം സ്ത്രീകളെ അവരുടെ പരിരക്ഷണത്തിന്നുവേണ്ടി വിവാഹം ചെയ്യാവുന്നതാണ്.

ഖുർആൻവാക്യംതന്നെ ഇവിടെ ഉദ്ധരിക്കട്ടെ. "അനാഥർക്ക് അവരുടെ മുതൽ നൽകുവിൻ. നല്ലതിനുവേണ്ടി ചീത്തയെ പകരമാക്കൊല്ലാ. അവരുടെ മുതൽ നിങ്ങളുടെ മുതലിലേക്ക് മാറ്റിമറി നടത്തി വിഴുങ്ങുകയുമരുത്. നിശ്ചയമായും ഇത് വൻപാപമാകുന്നു. അനാഥരിൽ ന്യായംപുലർത്താൻ കഴിയുകയില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നപക്ഷം (അനാഥരല്ലാത്ത) സ്ത്രീകളിൽ നിങ്ങൾക്ക് യോജിച്ച രണ്ടോ മൂന്നോ നാലോ പേരെ വേട്ടുകൊൾവിൻ. എന്നാൽ, നീതി പാലിക്കാൻ കഴിയില്ലെന്നു ഭയപ്പെടുന്നുവെങ്കിൽ (അനാഥരിൽപെട്ട) ഒരു സ്ത്രീയെമാത്രം മതി; അല്ലെങ്കിൽ, നിങ്ങളുടെ വലതുകൈക്കുടമപ്പെട്ടവളെ (ഭൃത്യയെ) നിക്കാഹ് ചെയ്തുകൊള്ളുവിൻ. നിങ്ങൾ അനീതീ കാണിക്കാതിരിക്കുന്നതിലേക്ക് ഏറ്റവും അടുത്തത് ഇതത്രെ" (4:3).

"സ്ത്രീ" എന്ന അദ്ധ്യായത്തിലാണ് ഈ വാക്യം അടങ്ങിയിരിക്കുന്നത്. ഈ അദ്ധ്യായത്തിലെ ആദ്യവാചകം വിവാഹപ്രശ്നം പരാമർശിച്ചുകൊണ്ടാരംഭിക്കുന്നു. 'നിക്കാഹ് ഖുത്ബ'യിൽ ഓതാൻ നബി തിരുമേനി(സ) നിർദ്ദേശിച്ച ആയത്തുകളിൽ ആദ്യത്തേതാണിത്. തുടർന്ന് അനാഥരെ വിവാഹം ചെയ്യുന്ന പ്രശ്നത്തിലേക്ക് കടക്കുന്നു. അനാഥബാലികമാർ സംരക്ഷണവരുതിയിൽ വരുമ്പോൾ ഉണ്ടായേക്കാവുന്ന പ്രലോഭനത്തെക്കുറിച്ചാണ് ഇവിടെ ഉണർത്തുന്നത്. അവരുടെ സ്വത്തുക്കൾ സ്വന്തമാക്കാൻ അവരുമായി വിവാഹവേഴ്ചയിലേർപ്പെടാനുള്ള അഭിനിവേശം ചിലരിൽ ജനിച്ചേക്കാം. എന്നാൽ, ഇക്കാര്യത്തിൽ സൂക്ഷ്മത പാലിക്കേണ്ടതുണ്ട്. നീതിമാർഗ്ഗത്തിൽനിന്ന് വ്യതിചലിക്കയുമരുത്.

'യത്തീമു'കളായ ഒന്നിലധികം സ്ത്രീകളെ വിവാഹം ചെയ്യുമ്പോൾ അവർക്കിടയിൽ നീതിപാലിക്കാൻ കഴിയാതെ വരും. എന്തെന്നാൽ, അനാഥരുടെ കാര്യത്തിൽ അവരുടെ അവകാശങ്ങളെപ്പറ്റി ചോദിക്കാനോ പറയാനോ ആളുണ്ടാവില്ല[27]. ആകയാൽ, സംരക്ഷണവരുതിയിൽവരുന്ന അനാഥകളിൽ ഒരു സ്ത്രീയെ മാത്രമെ വേൾക്കാൻ പാടുള്ളൂ (ഫവാഹിദത്തൻ). അല്ലെങ്കിൽ, ഭൃത്യകളിൽ (മാ മലക്കത്ത് അയ്മാനുക്കും) ആരെയെങ്കിലും നിക്കാഹ് ചെയ്തു അനാഥസംരക്ഷണത്തിന്നുള്ള ഉറപ്പ് വരുത്താവുന്നതാണ്.

ചുരുക്കത്തിൽ, ചില പ്രത്യേക സാഹചര്യങ്ങളിൽ മുഖ്യമായും അനാഥസംരക്ഷണത്തെ മുൻനിർത്തി, വിഹാഹിതരായ പുരുഷന്മാർക്ക് ഒന്നിലധികം സ്ത്രീകളെ വിവാഹം ചെയ്തുകൊള്ളുവാൻ ഖുർആൻ അനുവദിച്ചിരിക്കുന്നു എന്നും ഭാര്യമാരോടു അനീതി ചെയ്യുന്നില്ലെന്ന കാര്യത്തിൽ പ്രത്യേകം ഉറപ്പ് വരുത്തേണ്ടതാണെന്ന തർജ്ജനംകൂടി ഇതിലടങ്ങിയിട്ടുണ്ടെന്നും വ്യക്തമായി. ഇതിലെവിടെയാണ് സ്ത്രീയുടെ അവകാശനിഷേധം? അനാഥരായ കുഞ്ഞുങ്ങൾ അനീതിക്കിരയാവുകയും അവഗണിക്കപ്പെടുകയും അവരുടെ സ്വത്തുക്കൾ അന്യാധീനപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ വിധവമാരെ വിവാഹം ചെയ്തു സ്വന്തം കുട്ടികളെന്നോണം അവരെ പോറ്റിവളർത്താൻ സത്യവിശ്വാസികൾ തയ്യാറാകണമെന്ന ഖുർ

27. തഫ്സീറുസ്സഗീർ- ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ).

ആന്റെ ഉൽബോധനം സ്ത്രീകളുടെ തുല്യാവകാശനിഷേധമാണെന്നാണോ ശ്രീ. കലാനാഥൻ വരുത്തിക്കൂട്ടുന്നത്?

വിവാഹമോചനവും ബഹുഭാര്യത്വവും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. വിവാഹമോചനത്തെ അംഗീകരിക്കുന്ന ഒരു സമൂഹത്തിൽ ബഹുഭാര്യത്വത്തിന്നുള്ള അനുവാദം നിഷേധിക്കുന്നത് നീതിയുക്തമാവില്ലെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. വൈധവ്യത്തെ ഇസ്ലാം പൊറുപ്പിക്കുന്നില്ല. വ്യഭിചാരത്തെ നിരോധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ഭർത്തൃനഷ്ടത്താൽ യൗവ്വനാവസ്ഥയിലോ പ്രൗഢാവസ്ഥയിലോ വൈധവ്യം അനുഭവിക്കേണ്ടിവരുന്ന അംഗനമാർക്ക് പുനർവിവാഹം എളുപ്പമാക്കിത്തീർക്കേണ്ടത് ആവശ്യമായിവരുന്നു. وَانْكِحُوا الأَيَامٰى مِنْكُمْ "നിങ്ങളിലുള്ള വിധവമാരെ വിവാഹം ചെയ്യുവിൻ." എന്ന് ഖുർആൻ കൽപിക്കുന്നു (24:33). അസാമാന്യമായ ത്യാഗബോധവും വിനയബുദ്ധിയും കരുത്തും നിശ്ചയധാർഢ്യവും ധീരതയും ഉള്ള ഒരാളല്ലാതെ ഒരു വിധവയെ, അതും കുട്ടികളുള്ള ഒരു വിധവയെ ഭാര്യയായി സ്വീകരിക്കുവാൻ തയ്യാറാകയില്ല. വിവാഹമുക്തരാകുന്ന സ്ത്രീകളധികവും സമൂഹത്തിൽ കയ്യൊഴിക്കപ്പെടുകയും നിരാധാരരായിത്തീരുകയുമാണ് പതിവ്. പരിത്യക്തകളായ ഇത്തരം സ്ത്രീകൾക്ക് ഭർത്തൃസുഖം നിഷേധിക്കുന്നത് സ്ത്രീകളുടെ തുല്യാവകാശനിഷേധമാവുകയില്ലേ? 'വിധവാ പെൻഷൻ' കൊണ്ടുമാത്രം അവർ ജീവിതം തള്ളിനീക്കണമെന്ന് ശ്രീ. കലാനാഥൻ പറയാതിരുന്നാൽ മതി! ബഹുഭാര്യത്വം അനുവദിക്കപ്പെടുന്ന സമൂഹത്തിൽ വിധവാവിവാഹം സാർവ്വത്രികമായിത്തീരുകയും വ്യഭിചാരം കുറയുകയും ചെയ്യുമെന്നത് അനിഷേധ്യമാണ്. ബഹുഭാര്യത്വം അനുവദിച്ച മുസ്ലിംസമൂഹത്തിൽ വ്യഭിചാരം വളരെ കുരവാണെന്ന യാഥാർത്ഥ്യത്തെ 'ഏഷ്യയിലെ മഹാമതങ്ങൾ' എന്ന പുസ്തകത്തിൽ റവ: ജെ.ടി. സണ്ടർലാണ്ട് ഏറ്റുപറഞ്ഞിട്ടുള്ളത് ഞാനിവിടെ ഉദ്ധരിക്കാം:

"ബഹുഭാര്യത്വം അനുവദിക്കുന്നതിന് നാം മുഹമ്മദ് മതത്തെ

28. 'ഏഷ്യയിലെ മഹാമതങ്ങൾ', ആഗമാനന്ദസ്വാമികൾ; പ്രസാധകർ, രാമകൃഷ്ണാശ്രമം, കാലടി, ഭാ. 30. പരിഭാഷ.

ദുഷിക്കുന്നു...... വാസ്തവത്തിൽ രണ്ട് സംഗതി നാം ഓർക്കേണ്ട തായിട്ടുണ്ട്. ഒന്നാമത്, നമ്മുടെ ബൈബിളിലെ ചില ഭാഗങ്ങൾ ബഹു ഭാര്യത്വം അനുവദിക്കുകയും നീതീകരിക്കുകയും ചെയ്യുന്നു. പര മോൽകൃഷ്ടസ്ഥാനപ്രാപ്തരായി ഘോഷിക്കപ്പെട്ടിരിക്കുന്ന ചിലർ ബഹുഭാര്യവാന്മാരായിരുന്നതായി അതിൽ കാണുന്നു. മറ്റൊന്ന് പുരു ഷന് ഒന്നിലധികം ഭാര്യമാരെ വെച്ചുകൊണ്ടിരിക്കാൻ വിധിയുള്ള മുഹമ്മദീയ സമുദായത്തിൽ അവിവാഹിതകളായ സ്ത്രീകളുടെ എണ്ണവും വേശ്യാവൃത്തിയും ചുരുങ്ങിയിരിക്കുന്നുവെന്നുള്ളതാ ണ്"[28].

ബഹുഭാര്യത്വം ഇസ്‌ലാം നിർദ്ദേശിച്ചത് സമൂഹത്തിൽ വ്യഭി ചാരം ഇല്ലാതാക്കാനാണെന്ന് ശ്രീ. കലാനാഥന് ഇതിൽനിന്ന് മന സ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഖേദിക്കുകയല്ലാതെ ഞാനെന്തു ചെയ്യാനാണ്! ഇവിടെ ഇസ്‌ലാമിന്റെ വലിയൊരു മിത്രമൊന്നുമല്ലാത്ത ക്രിസ്തീയ പാതിരിയാണ് ഇപ്രകാരം പറഞ്ഞിട്ടുള്ളത്. ഇത് തർജമ ചെയ്തു പ്രചരിപ്പിച്ചതാകട്ടെ, മറ്റൊരു മതത്തിന്റെ പ്രചാരണവിഭാ ഗവും! പക്ഷെ, ഇവർക്കൊന്നും യുക്തിവാദികളെപ്പോലെ സത്യം അംഗീകരിക്കുന്ന കാര്യത്തിൽ ഭീരുത ഇല്ലെന്നുമാത്രം!

ബഹുഭാര്യത്വം അനുവദിക്കുകവഴി ഇസ്‌ലാം സ്ത്രീകളുടെ അവകാശങ്ങളെ നിഷേധിക്കുകയാണോ എന്ന് നമുക്കൊന്നു പരി ശോധിക്കാം: ജീവിതസുഖം, സന്താനലബ്ധി, സാമൂഹികഭദ്രത, ബന്ധ വ്യാപനം ഇവയാണ് വൈവാഹികജീവിതത്തിന്റെ മൗലികോദ്ദേശ്യ ങ്ങൾ. സ്ത്രീയ്ക്കും പുരുഷനും ഒരുപോലെ ബാധകമാണ് ഇവ യെല്ലാം. ഈ ഉദ്ദേശ്യങ്ങൾ വിവാഹിതജീവിതത്തിലൂടെ സഫലീക രിക്കുന്നതിന് സ്ത്രീയ്ക്കും പുരുഷനും തുല്യാവകാശമുണ്ട്. ഈ തുല്യാവകാശം നിലനിർത്തുന്നതിനു വേണ്ടിത്തന്നെയാണ് ഇസ്‌ലാം ബഹുഭാര്യത്വം അനുവദിച്ചിട്ടുള്ളത്.

ഒരു പുരുഷന് ഒരു സ്ത്രീ എന്ന സാധാരണതത്ത്വം അംഗീ കരിക്കപ്പെട്ടാൽത്തന്നെ സ്ത്രീയുടെ ജനസംഖ്യ അധികമുള്ള രാജ്യ ങ്ങളിലും പ്രദേശങ്ങളിലും അനേകം സ്ത്രീകൾ അവിവാഹിതരായി കഴിയേണ്ടിവരും. സാമ്പത്തികവും ആരോഗ്യപരവും മറ്റുമായ കാര ണങ്ങളാൽ വിവാഹം ചെയ്യാൻ കഴിയാതെവരുന്നവരും താമസിച്ചു

വിവാഹം കഴിക്കുന്നവരുമായ പുരുഷന്മാരും ഉണ്ടാകും. ഈ സാഹ ചര്യങ്ങളിൽ ജനസംഖ്യയിൽ കവിഞ്ഞുനില്ക്കുന്ന സ്ത്രീകൾക്ക് വിവാഹം ചെയ്യാൻ പുരുഷന്മാരെ കിട്ടുകയില്ല. കുറേ പേരെങ്കിലും ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുകയാവും പ്രശ്നത്തിനുള്ള ഏക പരിഹാരം. ജനസംഖ്യയിൽ സ്ത്രീകൾ ചില പ്രദേശങ്ങളിൽ അധി കമായിവരാറുണ്ട്. ഇതിനുപുറമെ, യുദ്ധംമൂലവും മറ്റും പുരുഷന്മാർ ധാരാളമായി മരണപ്പെടുകയും ജനസംഖ്യയിൽ സ്ത്രീകളുടെ അനു പാതം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യം ഉടലെടുക്കുന്നു. യുദ്ധാനന്തരഘട്ടങ്ങളിൽ ഇത് ദേശീയപ്രശ്നങ്ങൾതന്നെ സൃഷ്ടിക്കു ന്നുണ്ട്. യുദ്ധങ്ങളെ തുടർന്ന് വിധവമാരും അനാഥരും അതോടൊപ്പം അവിവാഹിതരായ യുവതികളും അധിമാകാനിടവരുന്നത് സ്വാഭാ വികമാണ്. ഇത്തരം ഘട്ടങ്ങളിൽ പരിഹാരമാർഗ്ഗമായി ഖുർആൻ നിർദ്ദേശിച്ചിട്ടുള്ള ബഹുഭാര്യത്വത്തിനു പകരമായി ശ്രീ. കലാനാ ഥന് വല്ല നിർദ്ദേശവും ഉന്നയിക്കാനുണ്ടോ? യുക്തിവാദികൾക്ക് വല്ല പരിഹാരമാർഗ്ഗവും നിർദ്ദേശിക്കാനുണ്ടോ?

യുക്തിവാദികളുടെ മഹാചാര്യനായ ബർട്രണ്ട് റസ്സൽ ഒരു പരിഹാരം നിർദ്ദേശിച്ചിട്ടുണ്ട്. വ്യഭിചാരം! അതേ, വ്യഭിചാരംതന്നെ!! മതമില്ലാത്തവനു എന്ത് സദാചാരം? ഗർഭനിരോധവസ്തുക്കൾ (Contraceptives) നിർല്ലോഭം നിർബ്ബാധം ഉപയോഗിച്ച് കൊള്ളാവുന്ന ഒരു സാഹചര്യത്തെ അദ്ദേഹം ശിപാർശ ചെയ്യുന്നു. ആചാര്യന്റെ ഈ നിർദ്ദേശം ശ്രീ. കലാനാഥന് വളരെ വളരെ ഹൃദ്യമായി തോന്നുന്നു ണ്ടാവാം! പിതൃമേധാവിത്വത്തിനുപകരം കുടുംബജീവിതം സ്റ്റേറ്റുട മയിലാവുകയും സ്ത്രീ ഉൽപാദന ഉപകരണമെന്നോണം പൊതു സ്വത്തായി മാറുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയെ ആണല്ലോ സഖാവ് കലാനാഥൻ സ്വപ്നം കാണുന്നത്!

ബർട്രണ്ട് റസ്സൽ ഇപ്രകാരം പറഞ്ഞു:

In view of the above circumstances it is evident that so long as many men for economic reasons find early marriage impossible, while many women cannot marry at all equality as between men and women demands a relaxation in the traditional standars of femi-

nine virtue. If men are allowed prenuptial intercourse (as in fact they are) women must be allowed to it also- and in all countries where there is an excess of women it is an obvious injustice that women who by arithmetical necessity must remain unmarried should be wholly debarred from sexual experience. Donbtless the pioneers of the women's movement had no such consequences in view, but their modern followers percieve them clearly and whoever opposes these deductions must face the fact that he or she is not in favour of justice to the female sex.

"ഈ പരിതസ്ഥിതികളിൽ, സാമ്പത്തികകാരണങ്ങളാൽ, പുരുഷന്മാരിൽ വളരെപ്പേർ നേരത്തെ വിവാഹം ചെയ്യുന്നത് അസാദ്ധ്യമായി കാണുകയും അതേ അവസരത്തിൽ സ്ത്രീകളിൽ വളരെപ്പേർക്ക് വിവാഹം ചെയ്യാൻതന്നെ സാധിക്കാതെ വരികയും ചെയ്യുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നേടത്തോളം സ്ത്രീകൾക്കും പുരുഷന്മാർക്കും ഇടയിലുള്ള തുല്യാവകാശം സ്ത്രീകളുടെ ചാരിത്രത്തെ സംബന്ധിച്ച പാരമ്പര്യാധിഷ്ഠിതമൂല്യങ്ങളിൽ ഒരു അയവ് ആവശ്യമാക്കിത്തീർക്കുകതന്നെ ചെയ്യും. വിവാവഹത്തിനു മുമ്പുള്ള ലൈംഗികവേഴ്ച പുരുഷന്മാർക്ക് അനുവദിക്കപ്പെടുന്നു എങ്കിൽ (യഥാർത്ഥത്തിൽ അവർ അനുവദിക്കപ്പെടുന്നു) സ്ത്രീകൾക്കും അത് അനുവദിച്ചുകൊടുക്കണം. സ്ത്രീകൾ അധികമുള്ള രാജ്യങ്ങളിലെല്ലാം എണ്ണത്തിൽ അവിവാഹിതരായി കഴിയേണ്ടിവരുന്ന അംഗനമാരെ ഒന്നടങ്കം ലൈംഗികാനുഭൂതിയിൽ നിന്ന് ഒഴിച്ചുനിർത്തേണ്ടിവരുന്നത് വ്യക്തമായ ഒരനീതിയാണ്. വനിതാപ്രസ്ഥാനങ്ങളുടെ അഗ്രഗാമികൾക്ക് ഇത്തരം സംഭവവികാസങ്ങളൊന്നും മുന്നിൽകാണാൻ കഴിഞ്ഞിരുന്നില്ലെങ്കിലും അവരുടെ ആധുനികരായ അനുയായികൾ അത് വ്യക്തമായും നോക്കിക്കാണുന്നുണ്ട്. ഈ നിഗമനങ്ങളെ എതിർക്കുന്നവരാരായാലും, അവളോ അവനോ സ്ത്രീവർഗ്ഗത്തോട് നീതി ചെയ്യുന്നതിന് അനുകൂലമല്ലെന്ന യാഥാർത്ഥ്യത്തെ സമ്മതിച്ചുപറയേണ്ടിവരും![29]."

പഴയതും പുതിയതുമായ സദാചാരത്തിന്റെ പ്രശ്നമാണ്

29. Marriage & Morals- Bertrand Russel, p- 59

ഇവിടെ പൊന്തിവരുന്നത്! പെൺകുട്ടികളുടെ ചാരിത്രവും ഭാര്യമാരുടെ വിശ്വസ്തതയും നിർബ്ബന്ധമായി വരാത്ത സാഹചര്യത്തിൽ കുടുംബസംരക്ഷണത്തിന് പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കുകയോ കുടുംബം തകരാൻ വിടുകയോ വേണ്ടി വരുമത്രെ! സന്താനോൽപാദനം വിവാഹവൃത്തത്തിൽ മാത്രം ഒതുക്കണം. വിവാഹബാഹ്യമായ ലൈംഗികവേഴ്ചകൾ മുഴുവനും ഗർഭനിരോധവസ്തുക്കൾ മുഖേന വന്ധ്യവൽക്കരിക്കണം. ഈ പരിതഃസ്ഥിതിയിൽ ഭർത്താക്കന്മാർ സ്വഗൃഹങ്ങളിൽ സ്വന്തംഭാര്യയുടെ കാമുകന്മാരെ പൗരസ്ത്യകൊട്ടാരവാസികൾ ഷണ്ഡന്മാരെയെന്നപോലെ വച്ചുപൊറുപ്പിക്കാൻ ശീലിക്കേണ്ടിവരും!

(In that case husbands might learn to be as tolerant of lovers as orientals are of eunuchs)

റസ്സൽ തുടർന്നുപറയുന്നതു എങ്ങനെയാണ്![30]

സ്ത്രീകളുടെ അവകാശസമത്വത്തിന്റെ പേരിലാണ് അനിയന്ത്രിതമായ സ്ത്രീപുരുഷസംസർഗ്ഗത്തേയും വ്യഭിചാരത്തേയും റസ്സൽ ഇവിടെ ന്യായീകരിച്ചിരിക്കുന്നത്! ശ്രീ കലാനാഥന് എന്തു പറയാനുണ്ട്? ഇസ്ലാം സാർവ്വത്രികവിവാഹം ശിപാർശ ചെയ്യുമ്പോൾ കുറേ പേർക്കെങ്കിലും സാപത്ന്യം നിർദ്ദേശിക്കുമ്പോൾ നിർമ്മതന്മാർക്കും യുക്തിവാദികൾക്കും നിർദ്ദേശിക്കാനുള്ളത് വ്യഭിചാരവും വേശ്യാലയങ്ങളും!! എന്നിട്ടും സ്ത്രീയുടെ തുല്യാവകാശത്തെപ്പറ്റി സുന്ദരമായി പ്രസംഗിക്കുകയും ചെയ്യുന്നു! പോരാഞ്ഞിട്ടു ഇസ്ലാമിന്റെ നേരെ ഒരു പുച്ഛവും! പരിഹാസ്യമായിരിക്കുന്നു സാർ, പരമപരിഹാസ്യം!!

സന്താനലബ്ധിയാണ് വിവാഹത്തിന്റെ മറ്റൊരു ഉദ്ദേശ്യം! കുട്ടികളില്ലാഞ്ഞാൽ എന്തു ചെയ്യണം? വിവാഹമോചനം ആണ് റസ്സൽ നിർദ്ദേശിക്കുന്നത്.

Where a marriage is childless, divorce may be often the right solution even when both parties are doing their best to behave de-

30. Marriage & Morals- Bertrand Russel, p- 60.
31. Marriage & Morals- Bertrand Russel, p- 96.

cently.

"വിവാഹത്തിൽ സന്താനങ്ങളുണ്ടാകുന്നില്ലെങ്കിൽ, ഇരുവരും അന്തസ്സായി പെരുമാറാൻ അങ്ങേയറ്റം ശ്രദ്ധിക്കുന്നുണ്ടെന്ന് വന്നാലും വിവാഹമോചനം തന്നെയാവും ഏറ്റവും നല്ല പരിഹാരം രം[31].

കുട്ടികളുണ്ടാകുന്നില്ലെന്ന കാരണത്താൽ ഒരു സ്ത്രീയെ മൊഴിചൊല്ലിപ്പിരിക്കാൻ യുക്തിവാദികളുടെ മഹാചാര്യനായ റസ്സൽ ഉപദേശിക്കുമ്പോൾ അവളെ വിധവയാക്കാതെ, തള്ളിക്കളയാതെ, ഭാര്യാപദത്തിൽത്തന്നെ നിറുത്തിക്കൊണ്ട് മറ്റൊരുവളെക്കൂടി വിവാഹം ചെയ്യാൻ ഇസ്ലാം ഉപദേശിക്കുന്നു. മച്ചിപ്പെണ്ണെന്ന കാരണം പറഞ്ഞു വിവാഹമോചനം ചെയ്യപ്പെടുന്ന സ്ത്രീയുടെ നിലയെക്കുറിച്ച് ഒന്നോർത്തുനോക്കുക! ഇപ്രകാരംതന്നെ വ്യാധികളും മറ്റും കാരണമായും വിവാഹമോചനം ചെയ്യപ്പെടുന്ന സ്ത്രീകളുടെ നിലയും പരിഗണനീയമാണ്. മാനുഷ്യകത്തിന് മുൻതൂക്കം നൽകിക്കൊണ്ട് അത്തരം സ്ത്രീകളെ കയ്യൊഴിക്കാതെ തന്നെ കഴിവുള്ളവർ വേറെയും വിവാഹം ചെയ്യാൻ തയ്യാറാകണമെന്നു ഖുർആൻ നിർദ്ദേശിച്ചത് വൈവാഹികബന്ധങ്ങളിൽ സ്ത്രീകളുടെ തുല്യാവകാശത്തെ ഉയർത്തിപ്പിടിക്കാനല്ലാതെ മറ്റൊന്നിനുമല്ല. സ്ത്രീയെ അടിമയായി കരുതുന്നവരാണ്, എരുതുകളെപ്പോലെ കരുതുന്നവരാണ് ഇത്തരം ഘട്ടങ്ങളിൽ അവളെ ഉപേക്ഷിക്കാനും ഉൽപാദനഉപകരണമെന്നോണം കൈമാറ്റം ചെയ്യാനും തയ്യാറാവുക. ഇസ്ലാം സ്ത്രീപുരുഷബന്ധം അടിമയും ഉടമയും തമ്മിലുള്ള ബന്ധമായി കരുതാത്തതുകൊണ്ട്, സ്ത്രീയ്ക്ക് സമ്മാന്യമായ സ്ഥാനം കൽപിക്കുന്നതുകൊണ്ട്, സ്ത്രീയെ ആദരിക്കാൻ പഠിപ്പിക്കുന്നതുകൊണ്ട്, ഇത്തരം ഘട്ടങ്ങളിൽ കഴിയുന്നതും അവളെ ഉപേക്ഷിക്കാതെ മറ്റൊരു വിവാഹംകൂടി നടത്താൻ ആവശ്യപ്പെടുകയാണ് ചെയ്യു

32. ഒരു പുത്രനുവേണ്ടിയുള്ള ഉൽക്കടമായ ആഗ്രഹവും ഇവിടെ പരിഗണിക്കപ്പെടേണ്ടതുണ്ട്. നബിതിരുമേനി(സ) ബഹുഭാര്യത്വം സ്വീകരിച്ചതിനെ ക്രിസ്ത്യാനികൾ ആക്ഷേപിക്കുന്നുണ്ടെങ്കിലും ഇസ്ലാമിന്റെ ഒരു കടുത്ത വിമർശകനായിരുന്ന റവ:മാർഗോലിയത്ത് (Rev. Margoliath) നബിയുടെ വിവാഹങ്ങളെ ഈ അടിസ്ഥാനത്തിൽ ന്യായീകരിച്ചിട്ടുണ്ട്. നബി(സ) ഒരു ആൺകുട്ടിയെ ആഗ്രഹിച്ച കാര്യം അദ്ദേഹം ചൂണ്ടിക്കാട്ടി. തനിയ്ക്കൊരു പുത്രൻ ഇല്ലാതിരിക്കുകയും ജനിച്ച പുത്രനായ ഇബ്റാഹിം മരണപ്പെടുകയും ചെയ്ത സാഹചര്യത്തിൽ മറ്റൊരു പുത്രനെ കിട്ടാൻ ആഗ്രഹിച്ചുകൊണ്ട് ആ മഹാത്മാവ് വേറെയും വിവാഹം ചെയ്തു എന്നത് ന്യായീകരിക്കാവുന്നതേയുള്ളൂവെന്ന് റവ: സമർത്ഥിക്കയുണ്ടായി.

ന്നത്, സ്ത്രീയുടെ മാനം രക്ഷിക്കാനും സ്ത്രീയുടെ അന്തസ്സുയർത്താനും അവളുടെ അവകാശങ്ങൾ സുരക്ഷിതമാക്കാനും ആ അവകാശങ്ങളെ പുരുഷന്മാരുടേതിനോടൊപ്പം ഉയർത്തിക്കാട്ടാനും തന്നെയാണ് ഇസ്ലാം ബഹുഭാര്യത്വം അനുവദിച്ചിട്ടുള്ളതെന്ന് ഇത്രയുംകൊണ്ട് വ്യക്തമാകുമെന്ന് ഞാൻ കരുതുന്നു.

സന്താനരാഹിത്യത്തിനു പുരുഷന്റെ വൈകല്യമാണ് കാരണമായിട്ടുള്ളതെങ്കിൽ സ്ത്രീ വിവാഹമോചനം നേടുന്നതുതന്നെയാണ് അവൾ അപത്യാർത്ഥിനിയായിരിക്കുന്നപക്ഷം ഏകപരിഹാരം. അപ്പോൾ, അവളോട് അന്യായം ചെയ്യപ്പെടുന്ന പ്രശ്നം ഉൽഭവിക്കുന്നുമില്ല. സ്ത്രീയുടെ സംരക്ഷയിലല്ലാത്തതിനാൽ പുരുഷനെ സംബന്ധിച്ചിടത്തോളം വിവാഹമോചനത്തിൽ സഹതാപത്തിനു പ്രസക്തിയില്ലല്ലോ![32]

## ബഹുഭർത്തൃത്വം

ഇസ്ലാം ബഹുഭാര്യത്വത്തിലൂടെ സ്ത്രീയുടെ തുല്യാവകാശത്തെ നിഷേധിച്ചു എന്നു പറഞ്ഞപ്പോൾ പുരുഷന്മാർക്ക് ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാനുള്ള അവകാശംപോലെതന്നെ സ്ത്രീയ്ക്ക് ഒന്നിലധികം ഭർത്താക്കന്മാരെ സ്വീകരിക്കാനുള്ള അവകാശവുമുണ്ടെന്നും ഖുർആൻ അത് നിഷേധിക്കുന്നു എന്നും ആണോ ശ്രീ. കലാനാഥൻ അർത്ഥമാക്കിയത്? ആണെന്ന് എനിയ്ക്കു തോന്നുന്നി

---

ഒരു പുത്രനെ മോഹിച്ചു ഇറാനിലെ ശാ ഈജിപ്ത്കാരിയായ സുറയ്യാറാണിയെ ഉപേക്ഷിച്ചു. ശാ വിവാഹമോചനം ചെയ്ത രണ്ടാമത്തെ ഭാര്യയാണിത്. ഫൗസിയയെയാണ് ആദ്യം ഉപേക്ഷിച്ചത്. സുറയ്യാക്ക് 25,000 പവൻ 'മഹർ' നിശ്ചയിച്ചിരുന്നു. 50,000 പവൻ നൽകിയാണ് സുറയ്യയെ പിരിച്ചത്. 150 പവൻ പ്രതിമാസം 'മതാഅ്' നൽകാനും ശാ നിശ്ചയിക്കുകയുണ്ടായി.

ശാ ചെയ്തതു യുക്തിവാദികളുടെ ദൃഷ്ടിയിൽ ശരിയോ തെറ്റോ? ഇറാൻ ചക്രവർത്തിയുടെ ഭാര്യാപദത്തിലിരിക്കാനുള്ള അവകാശം ഫൗസിയക്കും സുറയ്യാക്കും ഉണ്ടായിരുന്നില്ലേ? അവരുടെതല്ലാത്ത തെറ്റിന് അവരെന്തിന് ഉപേക്ഷിക്കപ്പെടണം? അവരെ മൊഴിചൊല്ലിപ്പിരിക്കേണ്ടതുണ്ടായിരുന്നുവോ? ഇറാനിലെ രാജാവിന് രണ്ട് വിവാഹംകൂടി ചെയ്യാമായിരുന്നു. 'ശരീഅത്ത്' അനുസരിച്ച്! ഭാര്യമാരെ പോറ്റാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നുതാനും. തന്റെ പിന്തുടർച്ചാവകാശിയായി, അല്ല, സ്വാഭാവികമായിത്തന്നെ, ഒരു പുത്രനെ ആഗ്രഹിച്ച ശായുടെ മാനസികപ്രശ്നത്തിന് യുക്തിവാദത്തിൽ എന്താണ് പരിഹാരം? ഫൗസിയായുടെയും സുറയ്യായുടെയും കാര്യത്തിൽ യുക്തിവാദിക്ക് അനുകമ്പയില്ല! ഇറാനിലെ ശാ ഇസ്ലാമികപാഠങ്ങൾ അനുവർത്തിക്കാൻ തയ്യാറായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പ്രശ്നം മാത്രമല്ല, ഫൗസിയായുടെയും സുറയ്യായുടെയും പ്രശ്നങ്ങളും പരിഹരിക്കാമായിരുന്നു! ഗ്ര.

33. യുക്തിവാദി, മാർച്ച് , 1969.

ല്ല. എങ്കിലും, ശ്രീ. എം.സി. ജോസഫ് ഇതൊരനീതിയായി ഒരിടത്ത് സൂചിപ്പിച്ചതുകൊണ്ട്[33] ഞാനതിന് കൂടി മറുപടി പറഞ്ഞുകൊള്ളാം.

ബഹുഭാര്യത്വം അംഗീകരിക്കപ്പെടേണ്ടതാണെന്നു പറയുമ്പോൾ സാധാരണ ഉന്നയിക്കാറുള്ള ചോദ്യമാണ് അങ്ങനെയാണെങ്കിൽ സ്ത്രീയ്ക്ക് ഒന്നിലധികം ഭർത്താക്കന്മാരെ അംഗീകരിക്കുമോ എന്നത്. വളരെയൊന്നും ചിന്തിക്കാതെയാണ് ചിലർ ഈ ചോദ്യം എടുത്തിടാറുള്ളത്. ബഹുഭാര്യത്വംപോലുള്ള ഒരവകാശമല്ല ബഹുഭർത്തൃത്വം(Polyandry). ബഹുഭാര്യത്വത്തിലൂടെ ഞാൻ ചൂണ്ടിക്കാണിച്ച പ്രകാരം സ്ത്രീയ്ക്ക് സംരക്ഷണം ലഭിക്കുകയും സാമൂഹികമായ ചില പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുകയും ചെയ്യുന്നു. എന്നാൽ, ബഹുഭർത്തൃത്വം മുഖേന സ്ത്രീയുടെയോ പുരുഷന്റെയോ ഒരവകാശവും സംരക്ഷിക്കപ്പെടുന്നില്ല എന്നുമാത്രമല്ല, കുടുംബജീവിതം തകരാറിലാവുകയും സാമൂഹികഭദ്രത അപകടത്തിലാകുകയും സ്ത്രീയുടെ നിലവാരം ഇടിയുകയും സ്ത്രീ കൂടുതൽ അടിമയായി അധഃപതിക്കുകയും അങ്ങനെ സമൂഹത്തിൽ അനേകം പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. വൈവാഹികജീവിതത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങളിൽ ഒന്നുപോലും ബഹുഭർത്തൃത്വം മുഖേന നിറവേറ്റപ്പെടുന്നില്ല എന്നതാണ് മൗലികമായ ഒരു വസ്തുത.

ബഹുഭർത്തൃത്വവ്യവസ്ഥയിൽ സ്ത്രീ പൊതുസ്വത്ത് (Common Property) ആയിത്തീരുന്നു. സ്ത്രീ ഒരു പുരുഷന്റെ ആശ്രതയായിരിക്കുന്നതിന്നുപകരം അനേകം പുരുഷന്മാരുടെ അടിമയായി മാറുന്നു. ബഹുഭർത്തൃത്വം ഇന്ന് ലോകത്തെവിടെയും പ്രാബല്യത്തിലില്ല. അതൊരു പരിഹാരം എന്നതിനേക്കാൾ ഒരു പ്രശ്നമാകുന്നു. ഒരു പാംസുലയുടെ ജീവിതസുഖം മാത്രമെ ഒരു സ്ത്രീയ്ക്ക് ഇവിടെ അനുഭവിക്കാനൊക്കൂ. സന്താനലബ്ധിയെ സംബന്ധിച്ചിടത്തോളം ബഹുഭർത്തൃത്വംകൊണ്ട് ഒന്നും നേടാനില്ല. ഒരാളായാലും പത്തുപേരായാലും ഒരു സ്ത്രീയിൽ ഒരേഒരു വ്യക്തിയുടെ ബീജത്തിൽനിന്ന് മാത്രമെ മനുഷ്യപ്രജ ജന്മമെടുക്കുകയുള്ളൂ خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ എന്ന് ഖുർആൻ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചി

രിക്കുന്നു (4:2). ഒന്നിലധികം ആളുകളുടെ ബീജങ്ങൾ ചേർന്നു കുട്ടികൾ ഉണ്ടാകാറില്ല. നേരെമറിച്ച്, ഒന്നിലധികം ഭാര്യമാരെ വേൾക്കുമ്പോൾ ഓരോ ഭാര്യയിൽ നിന്നും സന്താനലാഭമുണ്ടാകാം, ബഹുഭർത്തൃവ്യവസ്ഥയിൽ കുട്ടിയുടെ പിതൃത്വവും പിന്തുടർച്ചാവകാശവും സംരക്ഷണബാദ്ധ്യതയും പ്രശ്നങ്ങൾ സൃഷ്ടിച്ചുവിടുന്നു. പിതൃത്വം നിർണ്ണയിക്കാൻ ഇന്ന് ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കാമെന്ന് വന്നാലും അതോടെ പിന്തുടർച്ചാവകാശത്തെ സംബന്ധിച്ച ശണ്ഠകൾ ആരംഭിക്കും. കുടുംബഭദ്രതയും തുടർന്ന് സാമൂഹികഭദ്രതയും തകരാറിലാക്കുന്ന നൂറായിരം പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടും. ഒന്നിലധികം ഭർത്താക്കന്മാർക്ക് പെരുമാറ്റച്ചട്ടങ്ങൾ വേണ്ടിവരും. ദ്രൗപദിയുടെ ഭർത്താക്കന്മാരായ പഞ്ചപാണ്ഡവന്മാരിൽ ഓരോരുത്തർക്കും രണ്ടരമാസക്കാലം വീതം ഭാര്യയൊന്നിച്ചു കഴിച്ചുകൂട്ടാമെന്നു വ്യവസ്ഥപ്പെടുത്തിയിരുന്നുവത്രെ. ഒരാൾക്ക് അനുവദിക്കപ്പെട്ട കാലത്തിനുള്ളിൽ മറ്റൊരാൾക്ക് സമീപിച്ചുകൂടായിരുന്നു. ഒരിക്കൽ ദ്രൗപദിയുടെ മുറിയിൽ വെച്ചുമറന്ന അമ്പുംവില്ലും എടുക്കാൻ അർജ്ജുനൻ അവിടെ കടന്നുചെന്നപ്പോൾ അകത്ത് യുധിഷ്ഠിരൻ ഉണ്ടായിരുന്നു. വ്യവസ്ഥ തെറ്റിച്ചു അകത്തുകടന്നതിന് അർജ്ജുനൻ ശിക്ഷ സ്വയം വരിച്ചുകൊണ്ട് 12 കൊല്ലം വനവാസം ചെയ്തുവെന്നാണ് കഥ. മഹാഭാരതത്തിലെ ഈ കഥ ബഹുഭർത്തൃവ്യവസ്ഥയിലെ അപാകങ്ങളും അപ്രായോഗികതകളും വിവരിച്ചുകാട്ടുന്നു. ഇത് പ്രശ്നമാണെങ്കിൽ പരിഹാരം ശ്രീകൃഷ്ണന്റെ ജീവിതത്തിൽ കാണാം. ശ്രീകൃഷ്ണന് എട്ടു ഭാര്യമാരാണുണ്ടായിരുന്നത്.[34] ഏതായാലും മഹാഭാരതത്തിൽ ദ്രൗപദിയുടെയും ശ്വേതകേതുവിന്റെയും കഥകൾ മാത്രമെ ബഹുഭർത്തൃത്വത്തിന് ഉദാഹരണമായുള്ളൂ. വൈദികകാലത്ത് ബഹുഭർത്തൃത്വം ഉണ്ടായിരുന്നില്ലെന്നും തൈത്തരീയ സംഹിതയിലും ഐതരേയ ബ്രാഹ്മണത്തിലും ബഹുഭാര്യത്വത്തെപ്പറ്റിയാണ് പറഞ്ഞിട്ടുള്ളതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു[35]. സന്താനലാഭാർത്ഥം ഭാര്യയെ പത്തോളം പരപുരുഷന്മാരെ സമീപിച്ചുകൊള്ളാൻ അനുവദിക്കുന്ന 'നിയോഗം' വൈദി

34. രുഗ്മിണി, സത്യ, ജാംബവതി, സത്യഭാമ, കാളിന്ദി, ലക്ഷണ, മിത്രാവിന്ദ, ഭദ്ര എന്നിവർ (ഭാഗവതം, സ്കന്ധം 10, അദ്ധ്യായം 61)
35. Sex Life Under Indian Rulers- R. N. Saletore, p. 109.
36. സത്യാർത്ഥപ്രകാശം, ഭാ. 182–190.

കധർമ്മങ്ങളനുസരിച്ച് അനുവദനീയമാണെന്നു സ്വാമി ദയാനന്ദസരസ്വതി 'സത്യാർത്ഥപ്രകാശ'ത്തിൽ സമർത്ഥിച്ചിട്ടുണ്ടല്ലോ[36]. ഇന്ദ്രന്റെ ഭാര്യയായ ഇന്ദ്രാണി സപത്നികൾക്കെതിരെ നടത്തിയ പ്രാർത്ഥനകളെ മുൻനിറുത്തി ബഹുഭാര്യത്വം വേദാനുസൃതമാണെന്ന് സർദാർ കെ.എം.പണിക്കർ വള്ളത്തോളിന്റെ ഋഗ്വേദഭാഷ്യത്തിന്റെ മുഖവുരയിൽ പറയുന്നു. 'അധിവേദന'ത്തെപ്പറ്റി 'മനുസ്മൃതി'യിൽ പറഞ്ഞുകാണാം. ഭാര്യ മലടിയോ മൃതപ്രജയെ പ്രസവിക്കുന്നവളോ അപ്രിയം പറയുന്നവളോ ആണെങ്കിൽ മറ്റു സ്ത്രീകളെ വേട്ടുകൊള്ളുവാൻ അനുവദിക്കുന്നതാണ് അധിവേദനം. ഇതു തന്നെയാണല്ലോ ബഹുഭാര്യത്വം!

'മനുസ്മൃതി'യിൽ ഇപ്രകാരം പറയുന്നു:

> മദ്യപാ സാധുവൃത്താ ച പ്രതികൂലാ ച യാഭവേൽ
> വ്യാധിതം വാധിവേത്തവ്യാ ഹിംസാർത്ഥഘ്നി ച സർവ്വദാ
> വന്ധ്യാഷ്ടമേധിവേദ്യാബ്ദേ ദശമേ തു മൃതപ്രജാ
> ഏകാദശേ സ്ത്രീജനനീ സദ്യസ്ത്വപ്രിയവാദിനി[37]

"മദ്യപാനാസക്തയോ ദുരാചാരയോ ഭർത്താവിനു എതിരായി പ്രവർത്തിക്കുന്നവളോ രോഗിണിയോ എപ്പോഴും ഭൃത്യാദികളെ പീഡിപ്പിക്കുന്നവളോ ദുർവ്യയകാരിണിയോ ആയ ഭാര്യ ഉള്ളപ്പോൾ തന്നെ വേറെ വിവാഹം കഴിക്കാവുന്നതാണ്. ഭാര്യ വന്ധ്യയാണെങ്കിൽ എട്ടുവർഷം കഴിഞ്ഞ് പുനർവിവാഹം കഴിക്കാം. ശിശുക്കളെല്ലാം മരിക്കുന്നവളാണെങ്കിൽ പത്താം വർഷത്തിലും പെണ്ണിനെ മാത്രം പ്രസവിക്കുന്നവളെങ്കിൽ പതിനൊന്നാം വർഷത്തിലും അപ്രിയം പറയുന്ന കലഹശീലയാണെങ്കിൽ ഉടൻതന്നെയും പുനർവിവാഹം ചെയ്യാം. രോഗിണിയെങ്കിലും പതിഹിതകാരിണിയും ശീലവതിയുമായ ഭാര്യയെ സമ്മതിപ്പിച്ചിട്ടേ വീണ്ടും വിവാഹം കഴി

---

37. മനുസ്മൃതി അ. 9, ശ്ലോ. 80, 81.
38. മനു-മനുസ്മൃതി (വിശ്വസാഹിത്യമാല. 26) സംസ്കൃത പുനരാഖ്യാനം; പ്രഫസർ എൻ. ഗോപിനാഥൻ നായർ, ഡി.സി. ബുക്സ്, കോട്ടയം, ഭാ. 143. 144.
രാജറാം മോഹൻറോയി പറയുന്നു: ബ്രാഹ്മണ ജാതിക്കാർ ഇരുപതും മുപ്പതും സ്ത്രീകളെ വിവാഹം ചെയ്തുപോന്നു. ഇത് അസഹ്യമാംവിധം വേദനാജനകമായിത്തീർന്നപ്പോൾ തിർഹുത്ത് രാജാവായിരുന്ന മാധവസിംഗ് ബ്രാഹ്മണർക്ക് നാലുവരെ ഭാര്യമാർ ആകാമെന്ന് ക്ലിപ്തപ്പെടുത്തി. (Selected Works of Raja Ram Mohan Roy, Publication Dvn. Govt of India, p. 171)

ക്കാവൂ. ഒരിക്കലും അവളെ അപമാനിക്കരുത്. പുനർവിവാഹം നടത്തുമ്പോൾ കോപിച്ചു വീടു വിട്ടിറങ്ങുന്നവളെ തടഞ്ഞുനിറുത്തണം. അഥവാ പിതൃകുലസമക്ഷം ഉപേക്ഷിക്കണം."[38]

ജേഷ്ഠസഹോദരന്റെ ഭാര്യയുമായി മറ്റു സഹോദരങ്ങളെ ബന്ധം പുലർത്താൻ അനുവദിക്കുന്ന കുടുംബവിവാഹം (Levirate marriage) കേരളത്തിൽ ഹിന്ദുക്കൾക്കിടയിൽ പ്രത്യേകിച്ചും നായന്മാർക്കിടയിൽ നടപ്പുണ്ടായിരുന്ന ബഹുഭർത്തൃത്വം തന്നെയാണിത്. പിന്തുടർച്ചാവകാശത്തിന്റെയും സ്വത്തവകാശത്തിന്റെയും പ്രശ്നങ്ങൾ ഉദിക്കുന്നതുകൊണ്ടാണ് ഒരേ കുടുംബത്തിൽപെട്ടവർതന്നെ ഇപ്രകാരം ഒരു സ്ത്രീയുമായി ബന്ധം പുലർത്തിപ്പോന്നത്. കേരളത്തിൽ ഹിന്ദുക്കളിൽ നിലവിലുണ്ടായിരുന്ന ബഹുഭർത്തൃത്വത്തിന്നെതിരെ ടിപ്പുസുൽത്താൻ താക്കീത് നൽകിയിരുന്നു. ഈ ദുഷിച്ച സമ്പ്രദായത്തെ ഇല്ലായ്മ ചെയ്യുന്ന സാമൂഹികപരിഷ്കരണ നടപടി സ്വീകരിച്ചതിനു സർദാർ കെ.എം. പണിക്കർ ടിപ്പുവെ സ്തുതിക്കുകയുണ്ടായി. ചുരുക്കത്തിൽ, ബഹുഭർത്തൃത്വം ബഹുഭാര്യത്വത്തെപോലെ സമൂഹത്തിൽ സംസ്കരണം ഉണ്ടാക്കുന്ന ഒരു സമ്പ്രദായമല്ലാത്തതിനാൽ ഇസ്‌ലാം അതിനെ അംഗീകരിക്കുന്നില്ല.

സ്ത്രീകൾ കുറയുകയും പുരുഷന്മാർ വർദ്ധിക്കുകയും ചെയ്തിട്ടുള്ള സമൂഹങ്ങളിൽ എണ്ണത്തിൽ മുന്തിനിൽക്കുന്ന പുരുഷന്മാരെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമിൽ പരിഹാരമുണ്ട്. പുരുഷന്മാർക്ക് നാടുവിടാം. പുറദേശത്ത് പോയി ഭാര്യമാരെ കണ്ടെത്താം. '***സീറൂ ഫിൽ അർള്***' 'നിങ്ങൾ ഭൂമിയിൽ സഞ്ചാരം ചെയ്യുവിൻ' എന്നത് ഖുർആന്റെ ഒരു അനുജ്ഞയാണ്. സഞ്ചാരത്തിലൂടെ അനേകം പ്രശ്നങ്ങൾക്ക് പരിഹാരം കാണാം. പുറദേശങ്ങളിൽ കുറേക്കാലം ഉപജീവനാർത്ഥം കഴിച്ചുകൂട്ടേണ്ടിവരുന്നവരെ സംബന്ധിച്ചിടത്തോളവും ബഹുഭാര്യത്വം ആവശ്യമായിവരും. 'വ്യഭിചാരത്തെ സമീപിക്കരുത്' എന്ന ഖുർആന്റെ കല്പന അനുസരിക്കുന്നവർക്ക് ദീർഘകാലം പുറംദേശത്ത് വസിക്കേണ്ടി വരുമ്പോൾ വിവാഹബന്ധത്തിലേർപ്പെടാൻ സാധിക്കുമാറാകണം.

കുടുംബബന്ധങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം ബഹുഭർത്തൃത്വവും കുടുംബവിവാഹവും വ്യഭിചാരവും ബഹുഭാര്യത്വത്തിനു പകരം സ്വീകാര്യമാണെന്ന് ശ്രീ. കലാനാഥന് തോന്നുന്നുവെങ്കിൽ എനിയ്ക്കൊന്നും പറയാനില്ല. എന്നാൽ, സ്ത്രീകളുടെ തുല്യാവകാശത്തിന്റെ പേരിലാണ് ഇത് ഉന്നയിക്കുന്നതെങ്കിൽ ഒന്നുമാത്രം പറഞ്ഞുകൊള്ളാം. ശ്രീ. കലാനാഥനെപോലുള്ള യുക്തിവാദികൾ സ്ത്രീകളുടെ അവകാശങ്ങളിൽ കയ്യേറ്റം നടത്തരുത്. ബഹുഭർത്തൃത്വം ഗുണകരമാണെങ്കിൽ, അതൊരു പരിഹാരമാണെങ്കിൽ, അത് ആവശ്യമാണെങ്കിൽ ആ ആവശ്യം ഉന്നയിക്കാനും അതിനുവേണ്ടി വാദിക്കാനുമുള്ള അവകാശവും ദയവായി സ്ത്രീകൾക്ക് വിട്ടുകൊടുത്തേക്കണം. അവിടെയും പുരുഷമേധാവിത്വം പ്രയോഗിക്കേണ്ട കാര്യമില്ല. സ്ത്രീസംഘടനകൾതന്നെ ഈ ആവശ്യം ഉന്നയിക്കുകയും അതിന്നുള്ള ന്യായീകരണങ്ങൾ നിരത്തിക്കാണിക്കുകയും ചെയ്യട്ടെ! അപ്പോൾ നമുക്കതിനെപ്പറ്റി വിസ്തരിച്ച ചർച്ച തുടരാം!

## സ്ത്രീ– കൃഷിപ്പാടം

3. "സ്ത്രീയെ ഉൽപാദന ഉപകരണം മാത്രമാക്കി" (2:223).

സ്ത്രീയെ ഉൽപാദനഉപകരണമായിക്കാണുവാൻ ഖുർആൻ നിർദ്ദേശിച്ചിട്ടില്ല. രണ്ടാം അദ്ധ്യായം 223–ാം വാക്യത്തിലും അങ്ങനെ പറഞ്ഞിട്ടില്ല. ദുരുദ്ദേശ്യപൂർണ്ണമായ ഒരു ആരോപണം മാത്രമാണിത്.

ഖുർആൻ രണ്ടാം അദ്ധ്യായം 223–ാം വചനത്തിൽ نِسَآؤُكُمْ حَرْثٌ لَّكُمْ "നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് ഒരു കൃഷിയിടമാണ്" എന്ന് പറഞ്ഞിട്ടുണ്ട്. ഖുർആനിൽ ഭാര്യയെ കൃഷിനിലത്തോടു മാത്രമല്ല, വസ്ത്രത്തോടും ഉപമിച്ചുപറഞ്ഞിട്ടുണ്ട്. ഓരോരുത്തർക്കും മനോവിലാസംപോലെ ഉപമകളെ വ്യാഖ്യാനിക്കാൻ കഴിയും. എന്നാൽ, ഖുർആനിക വാക്യങ്ങളെ ഖുർആനിലെ മറ്റു വ്യക്തമായ ആദേശങ്ങൾക്കൊപ്പിച്ചുവേണം വ്യാഖ്യാനിക്കാൻ. ഖുർആൻ ഭാര്യയെ കൃഷിയിടത്തോടു ഉപമിച്ചതുകൊണ്ട് കൃഷിനിലം ചവിട്ടിമെതിക്കുന്നതുപോലെ ഭാര്യയെ എപ്പോഴും ചവിട്ടുവാൻ ഖുർ

ആൻ കല്പിച്ചിരിക്കുന്നു എന്നും കൃഷിനിലം വില്പന നടത്തുന്നതുപോലെ ഭാര്യയെ വില്ക്കാൻ ഖുർആൻ അനുവദിക്കുന്നു എന്നും ശ്രീ. കലാനാഥനെപ്പോലുള്ളവർക്ക് പറയാം. വസ്ത്രത്തോടു ഉപമിച്ചതിനാൽ വസ്ത്രം മാറ്റുന്നതുപോലെ സ്ത്രീയെ കൈമാറ്റാമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നതെന്ന് വരുത്തിക്കൂട്ടുകയും ചെയ്യാം. കുളിർമ്മയും പ്രഭയും ചൊരിയുന്ന ചന്ദ്രക്കലയിൽ കുടിലതമാത്രം കാണുന്നവരുമുണ്ടല്ലോ എന്ന് സമാധാനിക്കുകയല്ലാതെ ഇത്തരം യുക്തിവാദങ്ങൾക്ക് എന്തു മറുപടി പറയാൻ?

എങ്കിലും ഞാൻ മറുപടി പറയട്ടെ: هُنَّ لِبَاسٌ لَّكُمْ "ഭാര്യമാർ നിങ്ങൾക്ക് വസ്ത്രമാണ്" എന്നു ഖുർആൻ പറഞ്ഞിട്ടുണ്ട്. ദൃഷ്ടിയിൽ പെടാതിരിക്കേണ്ട ശരീരഭാഗങ്ങളെ മറയ്ക്കുന്നതാണ് വസ്ത്രം. അത് മനുഷ്യന് അന്തസ്സും സൗന്ദര്യവും ആനന്ദവും വർദ്ധിപ്പിക്കുന്നു. ശരീരവുമായി ഒട്ടിച്ചേർന്നു നിൽക്കുന്നതിനാൽ ഏറ്റവും അടുപ്പമുള്ള വസ്തുവാണ് അത്. ശീതോഷ്ണസ്ഥിതിയുടെയും കാലാവസ്ഥയുടെയും അസുഖകരമായ അനുഭവങ്ങളിൽനിന്നും ഹാനികരമായ വസ്തുക്കളിൽനിന്നും വസ്ത്രം ശരീരത്തിനു സംരക്ഷണവും ആശ്വാസവും നൽകുന്നു لِبَاسُ التَّقْوٰى 'ഭക്തിയുടെ വസ്ത്രം' എന്ന പ്രയോഗവും ഖുർആനിൽ കാണാം. ഭാര്യയെ വസ്ത്രത്തോടു ഉപമിച്ചപ്പോൾ ഭക്തിയുടെ ഒരടയാളവും ഭക്തിയിലേക്കുള്ള മാർഗ്ഗവുമായി സ്ത്രീയെ വിശേഷിപ്പിക്കുകയാണ് ചെയ്തത്. ദാമ്പത്യബന്ധത്തെ ഇതിലധികം യുക്തിയുക്തമായും യഥാർത്ഥമായും വിവരിക്കാൻ പ്രയാസമാണ്. ദോഷൈകദൃക്കുകൾ മറിച്ച് വ്യാഖ്യാനിച്ചതുകൊണ്ട് ഖുർആനു എന്തു ചേതം?

ശ്രീ. കലാനാഥൻ ചൂണ്ടിക്കാണിച്ച വാചകത്തിൽ ഖുർആൻ ഭാര്യയെ കൃഷിപ്പാടത്തോടുപമിച്ചപ്പോൾ ഉൽപാദനഉപകരണമായി തരം താഴ്ത്തിക്കളഞ്ഞു എന്നാണല്ലോ അദ്ദേഹത്തിന്റെ ആക്ഷേപം! ഉൽപാദന ഉപകരണത്തോടു മാർക്സിയൻ ഭൗതികവാദികൾക്ക് എന്ന് മുതൽക്കാണ് ഈ അറപ്പ് തുടങ്ങിയത്? ഉൽപാദന ഉപകരണങ്ങളെ സ്വന്തമാക്കാനുള്ള വെപ്രാളമാണല്ലോ കമ്മ്യൂണിസ്റ്റുകൾ എങ്ങും പ്രകടിപ്പിക്കാറുള്ളത്? ഉൽപാദനഉപകരണങ്ങൾ പൊതുവു

ടമയിലാക്കാനും സ്വന്തമാക്കി ചൂഷണം ചെയ്യുന്നവർക്കെതിരെ വിപ്ലവം സംഘടിപ്പിക്കാനും ബന്ധപ്പെടുന്നവർ ഉൽപാദന ഉപകരണത്തെ ഇങ്ങനെ തരംതാഴ്ത്തിക്കാണുന്നത് ശരിയാണോ? ഖുർആൻ സ്ത്രീയെ ഉൽപാദനഉപകരണമായി വിശേഷിപ്പിച്ചെങ്കിൽത്തന്നെ ഈ കാലഘട്ടത്തിൽ അധ്വാനിക്കുന്ന ജനകോടികൾക്ക് ഏറ്റവും പ്രിയങ്കരമായിട്ടുള്ള ഒന്നിനോട്, അവർ സ്വന്തമാക്കാനും അനുഭവിക്കാനും എപ്പോഴും കാംക്ഷിക്കുന്ന വിലപ്പെട്ട ഒന്നിനോടു സ്ത്രീയെ ഉപമിച്ചുകൊണ്ട് സ്ത്രീയെ പ്രിയങ്കരമാക്കിക്കാണിച്ചു എന്നേവരൂ!

കൃഷിയിടത്തോടു കൃഷിക്കാരൻ എത്തരത്തിലുള്ള ബന്ധമാണ് പുലർത്തുന്നതെന്ന് കൃഷിക്കാരനോടും കർഷകതൊഴിലാളിയോടും ചോദിച്ചുനോക്കൂ! മണ്ണിന്റെ മഹത്വവും മണ്ണിനോടുള്ള കൂറും കൃഷിക്കാരനല്ലാതെ മറ്റാർക്ക് പറയാൻ കഴിയും? കൃഷിയിടത്തിനുവേണ്ടി കൃഷിക്കാരൻ മരിക്കും. മണ്ണിനെ അവൻ പൊന്നിനേക്കാളും സ്നേഹിക്കും. മണ്ണും പെണ്ണും അവന്ന് ഒന്നാണ്. അപ്പോൾ മണ്ണിന്റെ ഭാഷയിൽ പറഞ്ഞാലേ കൃഷിക്കാരന് പെണ്ണിനെ മനസ്സിലാകൂ. ആകയാൽ, മണ്ണിനോടെന്നപോലെ പെണ്ണിനോട് പെരുമാറണമെന്ന് ഖുർആൻ ഉപദേശിച്ചതിൽ എന്താണ് തെറ്റ്? കർഷകന്റെ ഭാഷയിൽ കുടുംബബന്ധത്തെ ഖുർആൻ വിവരിച്ചത് ഈ കാലഘട്ടത്തിന് യോജിച്ചതല്ലെന്നാണോ ശ്രീ. കലാനാഥൻ പറയുന്നത്? മണ്ണെന്നു കേൾക്കുമ്പോൾ കൃഷിക്കാരനും കർഷകതൊഴിലാളിയും വികാരതരളിതനാകും. അത്രയും പ്രിയങ്കരമായി കൃഷിക്കാരന് മറ്റൊന്നില്ല. ‘വാഴക്കുല’യിലെ മലയപ്പുലയന്റെ കഥ സഖാവ് കലാനാഥൻ ഓർക്കുന്നില്ലേ? എസ്.കെ. പൊറ്റക്കാട്ടിന്റെ ‘വിഷകന്യക’ ശ്രീ കലാനാഥൻ വായിച്ചിട്ടില്ലേ? തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ മലബാറിന്റെ മലയോരങ്ങളിൽ മലമ്പനിയുമായി മല്ലിട്ടുകൊണ്ട് മണ്ണിനുവേണ്ടി മരിച്ചുവീണ മഹായജ്ഞത്തിന്റെ മനോഹരമായ കഥ? അതിൽ മണ്ണിനെ പെണ്ണിനോടുപമിച്ചു. ഖുർആൻ പെണ്ണിനെ മണ്ണിനോടുപമിച്ചതാണോ തെറ്റായിപ്പോയത്?

പക്ഷേ, ഖുർആനിലെ മുഴുവൻ വാചകവും ഉദ്ധരിച്ചെങ്കിൽ സ്ത്രീയാകുന്ന കൃഷിയിടത്തിലൂടെ നന്മകൾ കൊയ്തെടുക്കാനുള്ള

ആഹ്വാനമാണ് അതിലടങ്ങിയിട്ടുള്ളതെന്ന് ബുദ്ധിയുള്ള അനുവാചകർക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു. അനാഥരോടും സ്ത്രീകളോടും ഔദാര്യത്തോടും അന്തസ്സിലും പെരുമാറേണ്ടതിനെ കുറിച്ചാണ് ഖുർആനിൽ ഈ ഖണ്ഡികയിലുടനീളം പ്രതിപാദിച്ചിട്ടുള്ളത്. “നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് കൃഷിനിലമാണ്. നിങ്ങൾ ഇഷ്ടപ്പെടുന്ന അവസരത്തിലും രീതിയിലും നിങ്ങൾ നിങ്ങളുടെ കൃഷിയിടങ്ങളിൽ പ്രവേശിച്ചുകൊള്ളുവിൻ. നിങ്ങളുടെ ആത്മാക്കൾക്ക് വേണ്ടി നിങ്ങൾ നന്മകൾ മുൻകൂട്ടി ഒരുക്കികൊൾവിൻ. നിങ്ങൾ ദൈവത്തെ ഭയപ്പെടുവിൻ. അവനെ എങ്ങനെയാണ് അഭിമുഖീകരിക്കേണ്ടതെന്ന് അറിഞ്ഞുകൊള്ളുവിൻ. സത്യവിശ്വാസികൾക്ക് സുവിശേഷമറിയിക്കുകയും ചെയ്യുവിൻ” എന്നാണ് ഖുർആൻ വാചകം!

പിന്നെ, ആരാന്റെ കൃഷിയിടത്തിൽ വിത്തിറക്കരുത്. സ്വന്തം കൃഷിയിടത്തിൽ ആരാനെ വിത്തിറക്കാൻ വിടുകയുമരുത്. ഒരേ അവസരത്തിൽ രണ്ട് കൃഷിക്കാർ ഒരേ കൃഷിയിടത്തിൽ രണ്ടുതരം വിത്തിറക്കാൻ പറ്റുകയില്ല. കൊയ്ത്തുതർക്കം വരും. കൃഷിഭൂമി കൃഷിക്കാരനാണ്. ഇടത്തട്ടുകാരെ അനുവദിക്കരുത്. കൃഷിഭൂമി പാഴാക്കരുത്. തരിശിടരുത്; ജലസേചനം ചെയ്യണം. വളമിടണം. മണ്ണിന്റെ ഗുണം കൂട്ടണം. മണ്ണൊലിപ്പ് തടയണം. ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളവിധം കൃഷിയിടത്തിൽ പ്രവേശിക്കാം. അതിനൊത്ത ഫലം കൊയ്തെടുക്കുകയും ചെയ്യാം. സൽഫലങ്ങൾ കൊയ്തെടുക്കാൻ കഴിയുമാറ് ത്യാഗപൂർണ്ണമായി പ്രവർത്തിക്കണം. ഇന്നേയ്ക്കുവേണ്ടി മാത്രമല്ല, നാളേയ്ക്കുവേണ്ടിയും!

ഖുർആനെ കരിതേച്ചുകാണിക്കാനാണല്ലോ മി. കലാനാഥൻ ഇതെടുത്തുപറഞ്ഞത്. വേറെയും ചില യുക്തിവാദികൾ,- ചിലർ സർവ്വജ്ഞാനപിരംഗതരാണെന്ന് അഹങ്കരിക്കുന്നവരാണ്!- ഖുർആനിലെ ഈ വാചകം എടുത്തുവിളമ്പിയാൽ ഇസ്‌ലാം തകർന്നമർന്നുപോകുമെന്നമട്ടിൽ കുതൂഹലത്തോടെ പുസ്തകത്തിന്റെ പുറംചട്ടയിൽ പ്രദർശിപ്പിച്ച് വീരസ്യം നടിക്കുകയാണ്! വിവരക്കേട് എന്നല്ലാതെ എന്തുപറയാൻ!

എന്നാൽ, ഇത് ഖുർആനിലെമാത്രം ഉപമയല്ല. മനുസ്മൃതി യിലും ഇത് പറഞ്ഞിട്ടുണ്ട്. ആർഷസംസ്കാരത്തിൽ അഭിമാനം കൊള്ളുന്നവർക്ക് ഇത് മനസ്സിലാകും! മുഹമ്മദ്നബി(സ) 'മനുസ്മൃ തി'യിൽനിന്ന് കട്ടെടുത്തതാണെന്ന് ഏതായാലും ശ്രീ. കലാനാഥ നെങ്കിലും പറയില്ലെന്ന് ഞാനുറപ്പിക്കട്ടെ!

"സ്ത്രീ ക്ഷേത്രവും (വയൽ) പുരുഷൻ ബീജവും (വിത്ത്) ആണെന്ന് മുനിമാർ പറയുന്നു. ക്ഷേത്രബീജസംയോഗം കൊണ്ടാണ് സകല പ്രാണികളും ഉണ്ടാകുന്നത്. ബീജക്ഷേത്രങ്ങളിൽ ബീജമാണ് പ്രധാനം. ഒരുക്കിയ കണ്ടത്തിൽ ഉചിതസമയത്ത് വിതയ്ക്കുന്ന വിത്തിനു അനുരൂപമായ വർണ്ണാദിഗുണങ്ങളോടുകൂടിയ സസ്യം മുളയ്ക്കുന്നു. വയലിൽ മുളയ്ക്കുന്ന ബീജം ക്ഷേത്രധർമ്മത്തെ ഭജി ക്കുന്നില്ല. അതിനാൽ വേദശാസ്ത്രജ്ഞനും ആയുഷ്കാമനുമായ വിദ്വാൻ ഒരിക്കലും പരക്ഷേത്രത്തിൽ പുത്രോത്പാദനം ചെയ്യരുത്. പശു, പെൺകുതിര, പെണ്ണാട്, എരുമ, അടിമപ്പെണ്ണ് മുതലായവ യിൽ സന്താനോൽപാദനം നടത്തുന്ന ആണിന് (കാള, കുതിര മുത ലായവയ്ക്ക്) സന്താനത്തിന്മേലവകാശമില്ലാത്തതുപോലെ പരസ്ത്രീ യിൽ ഉൽപാദിപ്പിക്കപ്പെടുന്ന സന്താനത്തിന്മേലും അവകാശമുണ്ടാ യിരിക്കുന്നതല്ല. അന്യന്റെ വയലിൽ വിത്തുവിതച്ചവനു ഉണ്ടാകുന്ന സസ്യത്തിന്റെ ഫലം ഒരിക്കലും ലഭിക്കുകയില്ലല്ലോ"[39].

അപ്പോൾ മി. കലാനാഥൻ! സ്ത്രീ ഒരു വയൽ അഥവാ കൃഷി പ്പാടം തന്നെയാണ്. എത്ര സുന്ദരമായ ഉപമ! ഏറ്റവും നല്ല കലാനാ ഥനും അല്ലാഹുതന്നെ!!

## സ്ത്രീയ്ക്ക് സ്വത്തവകാശം

4. "പുരുഷന്ന് കിട്ടുന്നതിന്റെ പകുതി മാത്രമെ സ്ത്രീക്ക് സമ്പത്ത് കിട്ടുകയുള്ളൂ." (*4:11*)

പുരുഷന്ന് നേടാവുന്ന സമ്പത്തിന്റെ പകുതി മാത്രമേ സ്ത്രീയ്ക്ക് സമ്പാദിക്കാൻ പാടുള്ളൂ എന്നൊരു നിയമം ഇസ്ലാ മിൽ ഇല്ല. ഖുർആനിൽ എവിടെയും അങ്ങനെ പറഞ്ഞിട്ടില്ല. പുരു ഷന്റേതിലും കൂടുതലോ അതിന്റെ ഇരട്ടിയോ നൂറിരട്ടിയോ സമ്പാ

39. മനുസ്മൃതി- മനു, ഡി.സി. ബുക്സ്, ഭാ. 140,141

ദിക്കാം. ഒരു തടസ്സവുമില്ല. അതിന്റെയെല്ലാം ഉടമാവകാശം ഭർത്താവിൽ വന്നുചേരുന്നതുമല്ല. സ്വതന്ത്രമായ സ്വത്തുടമാവകാശവും കൈവശാവകാശവും സ്ത്രീക്ക് ഇസ്ലാം അംഗീകരിച്ചുകൊടുത്തിട്ടുണ്ട്. അതിൽ ആർക്കും കൈവെക്കാൻ അധികാരമില്ലാത്തവിധം നിയമേന സുരക്ഷിതമാണ് ആ അവകാശം.

പിന്തുടർച്ചാവകാശത്തെക്കുറിച്ചാണ് 4-ാം അദ്ധ്യായം 11-ാം വചനത്തിൽ പറഞ്ഞിട്ടുള്ളത്. ഇസ്ലാമിലെ പിന്തുടർച്ചാവകാശ നിയമപ്രകാരം നിശ്ചിത അവകാശികൾക്ക് നിശ്ചിതമായ ഓഹരികൾ കിട്ടും. അതിൽ ആർക്കും നീക്കുപോക്കുകൾ വരുത്താൻ സാധ്യമല്ല. സാധാരണഗതിയിൽ ഒരു പുരുഷന്ന് സ്ത്രീയുടെ ഇരട്ടികിട്ടും. എന്നാൽ എപ്പോഴും അങ്ങനെയല്ലതാനും. അവകാശികളുടെ ഭാവാഭാവങ്ങളിൽ ഉടലെടുക്കുന്ന ചില പ്രത്യേകസാഹചര്യങ്ങളിൽ മരിച്ച ആളുടെ ഒരു പുരുഷാവകാശിക്ക് ലഭിക്കുന്ന ഓഹരിക്ക് തുല്യമായിത്തന്നെ തുല്യബന്ധത്തിലുള്ള ഒരു സത്രീക്കും ലഭിച്ചെന്നുവരും.

രാഷ്ട്രാന്തരീയനിയമങ്ങളിലെന്നപോലെ ഇസ്ലാമിക നിയമങ്ങളിലും അപാരപണ്ഡിതനും ലോകകോടതിയുടെ പ്രസിഡന്റുമായിരുന്ന സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ ഇപ്രകാരം പറയുന്നു:

“പെൺഅവകാശിക്ക് സാധാരണഗതിയൽ ലഭ്യമാകുന്ന ഓഹരിയും മരിച്ച ആളുടെ തുല്യബന്ധത്തിലുള്ള ഒരു പുരുഷാവകാശിക്കുള്ള ഓഹരിയും തമ്മിലുള്ള അന്തരം യഥാർത്ഥത്തിൽ സ്ത്രീഅവകാശിക്കെതിരായുള്ള വിവേചനമാണെന്നു ഒരിക്കലും പറഞ്ഞുകൂടാ. പലപ്പോഴും അനുഭവപ്പെടാറുള്ളതുപോലെ ഭാര്യയുടെ സ്വകാര്യവരുമാനം ഭർത്താവിന്റേതിനേക്കാൾ അധികമാണെന്നുവന്നാലും ഇസ്ലാമികവ്യവസ്ഥിതിപ്രകാരം കുടുംബസംരക്ഷണത്തിന് എല്ലായ്പ്പോഴും ഭർത്താവ് തന്നെയാണ് പൂർണ്ണമായും ബാദ്ധ്യസ്ഥനായിരിക്കുന്നത്. കുടുംബത്തോടുള്ള ഈ ബാദ്ധ്യതകൾ നിറവേറ്റാൻ പ്രാപ്തനാക്കിത്തീർക്കുന്നതിന്നാണ് ഒരു പുരുഷന്ന് മരിച്ച അയാളുടെ തുല്യബന്ധത്തിലുള്ള സ്ത്രീയുടെ ഇരട്ടി ഓഹരി ഇസ്ലാം നിശ്ചയി

40. ‘ഇസ്ലാമും മനുഷ്യാവകാശങ്ങളും’- സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ, ഭാ. 74
41. ‘ഇസ്ലാമും മനുഷ്യാവകാശങ്ങളും’- സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ, ഭാ. 185

ച്ചിട്ടുള്ളത്. ഇത് സ്ത്രീയ്ക്ക് പ്രതികൂലമായ ഒരു നിലപാടല്ല. മറിച്ച്, ആപേക്ഷികമായി നോക്കുമ്പോൾ അവൾക്ക് എത്രയോ അനുകൂല മായുള്ളതാണെന്ന് കാണാം. എന്തെന്നാൽ, കുടുംബപരമായ സാമ്പ ത്തിക ബാദ്ധ്യതകൾ അവൾക്ക് ഏൽക്കേണ്ടി വരുന്നില്ല"[40].

വീണ്ടും പറയുന്നു: "ഇസ്‌ലാമികവ്യവസ്ഥിതിയിൽ ഒരു സ്ത്രീയ്ക്ക് തന്റെ മാതാപിതാക്കളുടെയും ഭർത്താവിന്റെയും മക ളുടെയും പിന്തുടർച്ചാവകാശിനി എന്ന നിലയിലും, വിവാഹകരാ റിന്റെ ഒരു ഭാഗമായുള്ള നിശ്ചയപ്രകാരം സിദ്ധിക്കുന്ന മുതലിന്റെ അവകാശി എന്ന നിലയിലും താരതമ്യേന കൂടുതൽ സുരക്ഷിതമായ സാമ്പത്തികസ്ഥിതി കൈവരിക്കാൻ കഴിയുന്നതാണ്"[41].

അദ്ദേഹം ഇപ്രകാരം തുടരുന്നു: "മാതാവിന്റെയും കുട്ടിയു ടെയും സംരക്ഷണച്ചെലവുകൾ വഹിക്കാൻ ഇസ്‌ലാം പിതാവിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ചെലവിന്റെ യാതൊരു ഭാഗവും മാതാവ് വഹിക്കേണ്ടതായിട്ടില്ല. ഈ ചുമതല വഹിക്കാൻ പിതാവ് അശക്തനാണെങ്കിൽ ഇസ്‌ലാമികനിയമപ്രകാരം സ്റ്റേറ്റാണ് ചെലവ് വഹിക്കേണ്ടത്. മാതാവിന് സ്വന്തമായി അതിന് നിവൃത്തിയുണ്ടെ ങ്കിൽ അവളിഷ്ടപ്പെടുന്ന ചെലവ് നടത്താവുന്നതാണെങ്കിലും അപ്ര കാരം ചെലവഴിക്കാൻ ഒരു പ്രകാരത്തിലും അവൾ ബാദ്ധ്യസ്ഥയാ യിത്തീരുന്നില്ല.

"കുടുംബത്തെ സംരക്ഷിക്കുകയും കുടുംബത്തിന്റെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിച്ചുകൊടുക്കുകയും ചെയ്യേണ്ട ബാദ്ധ്യത ഭർത്താവിനുള്ളതാകുന്നു. അന്യോന്യം ബാദ്ധ്യത യുൾക്കൊള്ളുന്ന ഒരു പാർട്നർഷിപ്പ് വ്യവസ്ഥയിൽ കൂടുതൽ ഉത്ത രവാദിത്തം ഏൽക്കുന്ന ഒരു പാർട്നർക്ക് ആ ഉത്തരവാദിത്തങ്ങ ളുടെ നിർവ്വഹണകാര്യത്തിൽ അന്തിമതീരുമാനമെടുക്കുമ്പോൾ കൂടുതൽ പറയാനവകാശമുണ്ടായിരിക്കുമല്ലോ. ഭർത്താവോ പിതാവോ ആയിരിക്കുന്ന ഒരാൾ, അയാളുടെ കായികശക്തിയും കരുത്തും മറ്റു കഴിവുകളും മുൻനിറുത്തി കുടുംബസംരക്ഷണ ത്തിന്റെ ചുമതലയേൽക്കാൻ ബാദ്ധ്യസ്ഥനാകുന്നു. അയാൾ തന്നെ യാണ് സംരക്ഷകനായിരിക്കേണ്ടതും. അയാളുടെ സാമ്പത്തികബാ

42. 'ഇസ്‌ലാമും മനുഷ്യാവകാശങ്ങളും'- സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ, ഭാ. 144-145

ദ്ധ്യതകൾ കാരണം ചെലവുകൾ നിയന്ത്രിക്കാനുള്ള അവകാശവും അയാൾക്കാകുന്നു. പുരുഷന്മാർ സ്ത്രീകളുടെമേൽ സംരക്ഷണാധികാരമുള്ളവരത്രെ. അവരിൽ ചിലരെ മറ്റു ചിലരേക്കാൾ ഉയർന്നവരാക്കിയതിനാലും തങ്ങളുടെ മുതലുകളിൽനിന്നും ചെലവഴിക്കേണ്ടതുള്ളതിനാലുംതന്നെ. (*ഖുർആൻ, 4:35*)

"വിവാഹസംബന്ധമായുള്ളതും വിവാഹത്തെ തുടർന്നുള്ളതുമായ സാമ്പത്തികബാദ്ധ്യതകൾ നിറവേറ്റുവാൻ ഭർത്താവിനു സാദ്ധ്യമാകുന്നതിനു- കുടുംബ പരിരക്ഷണച്ചെലവടക്കം എല്ലാകാര്യങ്ങളിലും ഒരു തീരുമാനത്തിലെത്തേണ്ടത് ഭാര്യയുടെ ചുമതലയാണ് (4:5)- പിന്തുടർച്ചാവകാശത്തിൽ ഒരു പുരുഷന്റെ ഓഹരി ആനുപാതികമായി തുല്യബന്ധത്തിലുള്ള സ്ത്രീയുടേതിനേക്കാൾ ഇരട്ടിയായി നിശ്ചയിച്ചിരിക്കുന്നു. എന്നാലും, മാതാവിനെയും പിതാവിനെയും സംബന്ധിച്ചേടത്തോളം മിക്ക ഘട്ടങ്ങളിലും തുല്യമായ ഓഹരി നിശ്ചയിച്ചുകൊണ്ട് ഇതിലൊരു വ്യതിയാനം വരുത്തീട്ടുണ്ട്"[42].

അപ്പോൾ വസ്തുതകൾ ഇതാണ്:-

a) സ്ത്രീയ്ക്ക് സ്വതന്ത്രമായ സ്വത്തുടമാവകാശം ഇസ്‌ലാം അംഗീകരിക്കുന്നു. എത്ര വേണമെങ്കിലും സമ്പാദിക്കാം. അതിൽ പുരുഷനു കൈവെക്കാൻ അധികാരമോ അവകാശമോ ഇല്ല.

b) കുടുംബസംരക്ഷണം ഇസ്‌ലാമിൽ പുരുഷന്റെ ചുമതലയാണ്. ഭാര്യയുടെയും കുട്ടികളുടെയും ചെലവുകൾ വഹിക്കാൻ പുരുഷൻ നിയമപരമായി ബാദ്ധ്യസ്ഥനാകുന്നു. വിവാഹമോചനം ചെയ്യപ്പെട്ടാലും പ്രക്രിയ പൂർത്തിയാകുന്നതുവരെ സ്ത്രീയുടെയും കുട്ടികളുടെയും, പൂർത്തിയായാൽ കുട്ടികളുടെയും സംരക്ഷണച്ചെലവ് പുരുഷൻതന്നെ വഹിക്കേണ്ടതാണ്.

c) ഒരു പരിതസ്ഥിതിയിലും സ്ത്രീയുടെയോ കുട്ടികളുടെയോ

43. "വിവാഹമോചനത്തിനുശേഷം ഒരു കക്ഷി പുനർവിവാഹം ചെയ്യാതിരിക്കുകയും സംരക്ഷണത്തിനു ക്ലേശിക്കുകയും ചെയ്താൽ മറ്റേകക്ഷി സഹായിക്കണം." എന്ന് ചൈനീസ് റിപ്പബ്ലിക്കിലെ വിവാഹ നിയമത്തിലെ ഏഴാം അദ്ധ്യായം 25-ാം വകുപ്പിൽ പറയുന്നു. ഇതനുസരിച്ച് പുരുഷന് ചെലവിന് നൽകാൻ സ്ത്രീയും ബാദ്ധ്യസ്ഥയാണ്." (ചൈനയിലെ പുതിയ വിവാഹനിയമങ്ങൾ- ചിംഗ്-ചി-യാങ്ങ് & ടെങ്ങ് യാങ്ങ് ചാപോ, ഭാ. 17)

മാതാപിതാക്കളുടെയോ ചെലവ് വഹിക്കാൻ സ്ത്രീ മുസ്‌ലിം നിയമപ്രകാരം ബാദ്ധ്യസ്ഥയല്ല[43].

d) പൊന്നായ പൊന്നെല്ലാം സ്ത്രീക്കുള്ളതാണ്. അവളുടെ ഉടമസ്ഥതയിലുമാണ്. പുരുഷന്റെ ബേങ്കായിട്ടാണ് സ്ത്രീ പ്രവർത്തിക്കുന്നത്.[43]

e) സ്ത്രീക്ക് വിവാഹാവസരത്തിൽ ഭർത്താവിൽനിന്ന് 'മഹർ' എന്ന പ്രത്യേകധനം (സ്വത്ത്) നൽകാൻ ഇസ്‌ലാം നിർബ്ബന്ധിക്കുന്നു. ഇത് കോടതി നടപടികളിലൂടെ അവൾക്ക് നേടിയെടുക്കാവുന്ന ഒരവകാശമാണ്. പുരുഷന് സ്ത്രീയിൽനിന്ന് ഇത് അവകാശപ്പെട്ടുകൂടാ.

f) വിവാഹമോചനം ചെയ്യുമ്പോൾ സ്ത്രീയുടെ നേരെ സാമ്പത്തികമായി ഔദാര്യം കാണിക്കണമെന്നും ഖുർആൻ അനുശാസിക്കുന്നു.

g) വിവാഹമുക്തയായ സ്ത്രീയ്ക്ക് 'മതാഅ്' അഥവാ ജീവനാംശം ഉറപ്പുവരുത്തേണ്ടത് സധർമ്മികളുടെ കടമയാണെന്ന് ഖുർആൻ അനുശാസിച്ചിട്ടുണ്ട്. ഇതനുസരിച്ച്, വിവാഹമോചനം നടന്നാൽ, അവൾ ഇഷ്ടപ്പെടുന്നപക്ഷം, അവളുടെ ഭാവിജീവിതത്തിനു സഹായകമായതരത്തിൽ ന്യായയുക്തമായ സംരക്ഷണ സംവിധാനം ഏർപ്പെടുത്താൻ ഭയഭക്തിയുള്ളവർ ബാദ്ധ്യസ്ഥരാകുന്നു.

ഇത്രയും സ്ത്രീയ്ക്ക് അനുകൂലമായി ഇസ്‌ലാം നിഷ്കർഷിച്ചിരിക്കേ അവൾക്ക് പിന്തുടർച്ചാസ്വത്തുകൂടി ലഭിക്കേണ്ടതുണ്ടോ? ചെലവഴിക്കാൻ സ്ത്രീയെ ബാധ്യതപ്പെടുത്തിയിട്ടില്ലാത്ത പരിതസ്ഥിതിയിൽ സ്വത്തവകാശം അവൾക്ക് നൽകേണ്ടതില്ലെന്ന് നീതിമാന്മാരായ എല്ലാവരും തലകുലുക്കി സമ്മതിക്കും. എന്നാൽ, പിന്തുടർച്ചാവകാശത്തിൽ സാധാരണഗതിയിൽ സ്ത്രീസന്താനങ്ങൾക്ക് പുരുഷന്റെ പകുതി ഓഹരിയും തുല്യദൗർബ്ബല്യത്തിന്റെയും തുല്യഅവശതയുടെയും പരിഗണനവെച്ച് മാതാപിതാക്കൾക്ക് തുല്യ ഓഹരിയും വീതിക്കണമെന്ന് ഇസ്‌ലാം കല്പിച്ചു. ഇതാണോ തെറ്റ്? പുരു

44. സോവ്യറ്റ്‌യൂനിയൻ- വസ്തുതകളും കണക്കുകളും- സോവ്യറ്റ് ഗ്രന്ഥമാല, മദ്രാസ്, 1974, ഭാ. 289, 290

ഷനെ അപേക്ഷിച്ച് ഇസ്‌ലാം സ്ത്രീയുടെ നേരെ അന്യായമായ ഔദാര്യം കാണിക്കുകയും അവൾക്ക് അവകാശത്തിൽ മുൻതൂക്കം നൽകുകയും ചെയ്തു എന്നാണ് ശ്രീ. കലാനാഥന്റെ ആക്ഷേപം എന്ന് ഞാൻ തെറ്റിദ്ധരിക്കട്ടെയോ!

സ്ത്രീപുരുഷന്മാർക്ക് തുല്യമായ സ്വത്തവകാശം തത്വത്തിലും പ്രയോഗത്തിലും സോവിയറ്റ്‌യൂനിയനിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടോ? ഇല്ല, ഇല്ല!!

"വിവാഹജീവിതകാലത്ത് ആർജ്ജിച്ച സ്വത്തുക്കളിന്മേൽ ഇരുപങ്കാളികൾക്കും തത്ത്വത്തിൽ തുല്യമായ അവകാശങ്ങളാണുള്ളത്. ചില കേസ്സുകളിൽ ഓരോ പങ്കാളിയ്ക്കും തുല്യമായ ഓഹരി എന്ന തത്ത്വത്തിൽനിന്ന് വ്യതിചലിക്കാൻ നിയമം അനുവദിക്കുന്നുണ്ട്. സാധാരണയായി കുട്ടികളെ നോക്കി രക്ഷിക്കുന്നത് മാതാപിതാക്കളിലാരോ ആ ആൾക്കാണ് മുൻതൂക്കം നൽകപ്പെടുന്നത്"[44].

അപ്പോൾ, സ്വത്ത് ഓഹരിവെക്കുന്നതിൽ സംരക്ഷണച്ചെലവ് ഒരു നിർണ്ണായകവസ്തുതയായി സോവ്യറ്റ് യൂണിയൻ നിയമവ്യവസ്ഥ അംഗീകരിക്കുന്നുണ്ടെന്നു വന്നു. ഭാര്യയുടെയും കുട്ടികളുടെയും സംരക്ഷണബാദ്ധ്യത ജീവിതകാലം മുഴുവൻ നിയമപരമായി ഏറ്റെടുത്ത പുരുഷനു പിൻതുടർച്ചാസ്വത്തിൽ സ്ത്രീയുടെ ഇരട്ടി ഇസ്‌ലാം നിശ്ചയിച്ചതിൽ യാതൊരു അപാകവും തെറ്റും നീതികേടും ഇല്ലെന്ന് ശ്രീ. കലാനാഥന്റെ യുക്തിബോധം ഇപ്പോൾ അംഗീകരിച്ചുതരുമോ? സോവ്യറ്റ്‌യൂനിയനിൽ കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നതു മാതാവാകുമ്പോൾ സ്വത്തവകാശത്തിൽ അവൾക്ക് മുൻതൂക്കം നൽകുന്നത് ന്യായമാണെങ്കിൽ, ജീവിതകാലം മുഴുവൻ കുട്ടികളുടെ സംരക്ഷണത്തിന് നിയമപരമായ ബാദ്ധ്യതയേൽക്കുന്ന പുരുഷന് ഇസ്‌ലാമിൽ സ്വത്തവകാശത്തിൽ മുൻതൂക്കം നൽകിയത് നീതിവിരുദ്ധമാണെന്ന് പറയാൻ നാക്ക് പൊന്തുന്നത് ഉളുപ്പില്ലായ്മ കൊണ്ടല്ലേ? അവശയായ ഭർത്താവിനെ സംരക്ഷിക്കേണ്ട ബാദ്ധ്യത സ്ത്രീയുടെമേൽ അടിച്ചേൽപിക്കുന്ന നിയമം മുതലാളിത്ത അമേരിക്കയിൽ നിലവിലുണ്ട്. വിവാഹമോചനം ചെയ്യപ്പെട്ടാലും പുനർവിവാഹം ചെയ്തിട്ടില്ലെങ്കിൽ അവശയായ മുൻഭർത്താവിനെ രക്ഷിക്കാൻ സോഷ്യലിസ്റ്റ് ചൈനയിലെ നിയമം സ്ത്രീയെ

നിർബ്ബന്ധിക്കുന്നുണ്ട്. ഇതനുസരിച്ച് പുരുഷന് ചെലവിന് നൽകാൻ സ്ത്രീയും ബാദ്ധ്യസ്ഥയാണ്. ഇത്തരം ബാദ്ധ്യതയൊന്നും സ്ത്രീയിൽ അടിച്ചേൽപിക്കാതെ അവളെ പരമസ്വതന്ത്രയും അക്ഷരത്തിലും അർത്ഥത്തിലും ജീവിതകാലമത്രയും സംരക്ഷണീയയും ആയി പ്രഖ്യാപിച്ച ഇസ്ലാമിൽ സ്ത്രീയ്ക്ക് സ്വത്തവകാശത്തിൽ പകുതിയോളവും നിർണ്ണയിച്ചനുവദിച്ചതിനെ ആക്ഷേപിക്കാൻ പുറപ്പെട്ട സഖാവ് കലാനാഥനോട് എനിയ്ക്കനുകമ്പ തോന്നുന്നു!

'മുസ്ലിം വ്യക്തിനിയമം' (Muslim Personal Law) ബലത്തിലുള്ള ഇന്ത്യൻ യൂനിയനിൽ മുസ്ലിം സ്ത്രീയ്ക്ക് ഇസ്ലാംശരീഅത്ത് അനുസരിച്ച് സ്വത്തവകാശമുണ്ട്. 'മുസ്ലിം പർസണൽ ലോ' ബാധകമല്ലാത്ത- ഇന്ത്യൻ ഭരണഘടനയിലെ മിക്ക വകുപ്പുകളും ബാധകമല്ലാത്ത- കശ്മീരിൽ മുസ്ലിംസ്ത്രീയ്ക്ക് സ്വത്തവകാശം തന്നെയില്ല. ഇന്ത്യയുടെ ഭാഗമായിട്ടും ഡോഗ്രാഭരണത്തിലെ നിയമങ്ങൾ ഇന്നും പിന്തുടരേണ്ടിവരുന്ന കശ്മീരിൽ 'മുസ്ലിം പർസണൽ ലോ' മുസ്ലിംസ്ത്രീകൾക്ക് ബാധകമാക്കിക്കിട്ടാനും അതനുസരിച്ചുള്ള സ്വത്തവകാശം നേടിക്കൊടുക്കാനും ശ്രീ. കലാനാഥനും യുക്തിവാദികളും 'ഗുരുവായൂർമാതൃക'യിൽ ഒരു കൂട്ടസത്യാഗ്രഹം സംഘടിപ്പിക്കുമോ? മുസ്ലിം വ്യക്തിനിയമത്തിൽ മാറ്റം വരുത്തരുതെന്നും പൊതുസിവിൽകോഡ് ഈ ഘട്ടത്തിൽ ആവശ്യമില്ലെന്നും ഇന്ത്യൻമുസ്ലിംകൾ മുരശടിച്ചു വാദിക്കുന്നത് വ്യക്തിനിയമമനുസരിച്ച് മുസ്ലിംസ്ത്രീകൾ ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യങ്ങളും ആശ്വാസങ്ങളും നഷ്ടപ്പെടുത്തരുതെന്നു അവർ ആഗ്രഹിക്കുന്നതുകൊണ്ടുതന്നെയാണ്.

സ്ത്രീയുടെ തുല്യാവകാശത്തെപ്പറ്റി പുരോഗമനവാദികളെന്നു അവകാശപ്പെടുന്നവർ ഒച്ചയിടുന്നു. എന്നുമുതൽക്കാണ് സ്ത്രീയ്ക്ക് സ്വത്തവകാശം ലഭിച്ചുതുടങ്ങിയത്? പരിഷ്കൃതമെന്ന് പെരുമ്പറയടിക്കപ്പെടുന്ന രാജ്യങ്ങളിലെ നിയമപുസ്തകങ്ങൾ ഒന്നു മറിച്ചുനോക്കാൻ ശ്രീ. കലാനാഥൻ മിനക്കെടുമോ? ആരാണ് സ്ത്രീയ്ക്ക് ആദ്യം സ്വത്തവകാശം അംഗീകരിച്ചത്? സോവ്യറ്റ് സോഷ്യലിസ്റ്റ് പരിഷ്ക്കാരത്തിനു വയസ്സ് അറുപതേ ആയിട്ടുള്ളൂ. 1917-ലെ ഒക്ടോബർ വിപ്ലവത്തിന് ശേഷമാണ് അവിടെത്തെ പുതിയ നിയമങ്ങൾ

അംഗീകരിക്കപ്പെട്ടത്. 1927 ജനുവരി 1-ന് സോവ്യറ്റ്റഷ്യയിൽ ഫേമിലികോഡ് നിലവിൽ വന്നു. 1950 മെയ് 1-നാണ് ജനകീയ ചീനാ റിപ്പബ്ലിക്കിൽ കുടുംബനിയമങ്ങൾ പ്രാബല്യത്തിൽ വന്നത്. അമേരിക്കയിൽ സ്ത്രീയ്ക്ക് സ്വത്തവകാശമുണ്ടെങ്കിലും, പുരുഷന്റെ നില ഭദ്രമാക്കിയിട്ടുണ്ട്. ഭർത്താവ് നിത്യരോഗിയും അവശനുമാണെങ്കിൽ ഭാര്യ അയാളെ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥയാണെന്നു അമേരിക്കയിലെ മിക്ക സ്റ്റേറ്റുകളിലും നിയമമാണ്. യൂറോപ്പിലെ അധികരാജ്യങ്ങളിലും സ്ത്രീയ്ക്ക് സ്വതന്ത്രമായ സ്വത്തുടമാവകാശമില്ല. ഇറ്റലിയിൽ 1919-ൽ നടപ്പാക്കിയ നിയമമനുസരിച്ചാണ് സ്ത്രീയ്ക്ക് സ്വത്തവകാശം ലഭിച്ചുതുടങ്ങിയത്. യൂറോപ്പിൽ സ്ത്രീയ്ക്കുണ്ടായിരുന്ന അല്പമാത്രമായ സ്വാതന്ത്ര്യങ്ങളും ക്രിസ്തീയ ഭരണങ്ങൾക്ക് കീഴിൽ നഷ്ടപ്പെടുകയുണ്ടായി. ഫ്രഞ്ച്‌വിപ്ലവത്തിലെ സ്വതന്ത്രചിന്തകന്മാരുടെ നിരന്തരസമരത്തിന്റെ ഫലമായിട്ടാണ് യൂറോപ്പിലെ സ്ത്രീകൾക്ക് പിന്തുടർച്ചാവകാശം അതിന്റെ വികൃതരൂപത്തിൽപോലും സ്വായത്തമായത്. പാശ്ചാത്യപരിഷ്ക്കാരത്തിന്റെ കേന്ദ്രമായ ഇംഗ്ലണ്ടിൽ 1882-ൽ മാത്രം ബലത്തിൽ വന്ന Married Women's Property Act അനുസരിച്ചാണ് സ്ത്രീയ്ക്ക് സ്വത്തവകാശം കൈവന്നത്. അതിന്നുമുമ്പ് ഒരു സ്ത്രീയുടെ ഉടമസ്ഥതയിലുള്ള സ്വത്തുക്കളുടെ കൈകാര്യകർത്തൃത്വം ഭർത്താവിന്നായിരുന്നു! ബർട്രണ്ട് റസ്സൽ ചൂണ്ടിക്കാണിച്ച ഒരു യാഥാർത്ഥ്യമാണിത്. പക്ഷേ, ഇസ്‌ലാം 1400 കൊല്ലം മുമ്പ് വിശുദ്ധഖുർആനിലൂടെ സ്ത്രീയ്ക്ക് സ്വത്തവകാശവും പിന്തുടർച്ചാവകാശവും അംഗീകരിച്ചുകൊടുക്കുകയും അവളെ സംരക്ഷിക്കേണ്ടതിന്ന് പുരുഷനെ നിയമപരമായി ബാദ്ധ്യതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വസ്തുതകൾ ഇതായിരിക്കെ, "പുരുഷനു കിട്ടുന്നതിന്റെ പകുതി മാത്രമെ സ്ത്രീയ്ക്ക് സമ്പത്ത് കിട്ടുകയുള്ളൂ" എന്ന് ശ്രീ കലാനാഥൻ ആക്ഷേപിക്കുന്നത് യുക്തിപൂർവ്വമാണോ?

## സ്ത്രീയ്ക്കു പ്രഹരശിക്ഷ

5. "സ്ത്രീകളെ അടിക്കാനുള്ള സ്വാതന്ത്ര്യം പുരുഷന് നൽകുന്നു." (4:34)

സ്ത്രീകളെ അടിക്കാൻ ഇസ്ലാം പുരുഷന് സ്വാതന്ത്ര്യം നൽകുന്നുവെന്നോ? ശ്രീ. കലാനാഥന്റെ ആക്ഷേപം കേട്ടാൽ തോന്നും കെട്ടിച്ചുകൊടുത്ത പിറ്റെന്നാൾ തുടങ്ങി മുസ്ലിംകൾ കെട്ടിയോളെ തല്ലാൻ തുടങ്ങുമെന്ന്! പിന്നെ മുറയ്ക്ക് തല്ലാണ്! മൊഴി ചൊല്ലിപ്പിരിക്കുന്നതുവരെ തല്ല്! ഇസ്ലാം എത്ര അപരിഷ്കൃതമായ മതം!!!

വിശുദ്ധഖുർആൻ 4-ാം അദ്ധ്യായം 34-ാം വചനത്തിൽ പുരുഷന് സ്ത്രീയെ അടിക്കാനുള്ള സ്വാതന്ത്ര്യം അനുവദിച്ചിട്ടില്ല. ധിക്കാരം കാണിക്കുന്ന, സദാചാരവിരുദ്ധമായി പെരുമാറുന്ന, കുറ്റവാസനയുള്ള ഒരു സ്ത്രീയെ പുരുഷൻ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ആ വാചകത്തിൽ നിർദ്ദേശിക്കുന്നുണ്ട്. ഖുർആൻ വാചകം ഇതാ:

فَاالصَّالِحٰتُ قَانِتَاتٌ حَافِظَاتٌ لِّلْغَيْبِ بِمَا حَفِظَ اللهُ وَالّٰتِى
تَخَافُوْنَ نُشُوْزَهُنَّ فَعِظُوْهُنَّ وَاهْجُرُوْهُنَّ فِى الْمَضَاجِعِ
وَاضْرِبُوْهُنَّ فَاِنْ اَطَعْنَكُمْ فَلاَ تَبْغُوْعَلَيْهِنَّ سَبِيلاً اِنَّاللهَ كَانَ عَلِيًّا كَبِيرًا

"ആകയാൽ, ഉത്തമസ്ത്രീകൾ അനുസരണമുള്ളവരാകുന്നു; അല്ലാഹു സംരക്ഷിച്ചിട്ടുള്ളതിനെ പരോക്ഷമായും സൂക്ഷിച്ചുകൊള്ളുന്നവരും അത്രെ! അവരിൽനിന്ന് ധിക്കാരവും എതിർഭാവവും നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ നിങ്ങൾ ശാസിക്കുകയും സഹശയനം ഉപേക്ഷിക്കുകയും അടിക്കുകയും ചെയ്വിൻ. അവർ നിങ്ങളെ അനുസരിച്ചാൽ, അവർക്കെതിരെ മറ്റു മാർഗ്ഗങ്ങൾ ഒന്നും അവലംബിക്കരുത്. തീർച്ചയായും അല്ലാഹു സർവ്വോന്നതനും മഹത്വപൂർണ്ണനും അത്രെ."

ദുർമാർഗ്ഗത്തിലേക്ക് തിരിയുന്ന ധാർഷ്ട്യവതിയായ ഭാര്യയെ ഭക്തനും സൗമ്യനുമായ ഒരു സൽപുരുഷൻ മൂന്നുമാർഗ്ഗത്തിൽ നന്നാക്കിയെടുക്കണമെന്നു ഖുർആൻ ഇവിടെ നിർദ്ദേശിക്കുന്നു:-

ഒന്നാമതായി, ശാസിക്കുക. രണ്ടാമതായി, സഹശയനം ഉപേക്ഷിക്കുകയും അവളിൽ നിന്നു അകന്നുനിന്ന് നിരീക്ഷിക്കുകയും

ചെയ്യുക. ഒടുവിലായി, അവളെ അടിക്കുക.

സദാചാരവിരുദ്ധമായി പെരുമാറുന്ന ഒരു സ്ത്രീയുടെ നേരെ സ്വീകരിക്കേണ്ട ഏറ്റവും കടുത്ത നടപടിയെക്കുറിച്ചാണ് ഖുർആൻ ഇവിടെ പറയുന്നത്. “അവൾ നിങ്ങളെ അനുസരിക്കുകയാണെങ്കിൽ മറ്റു മാർഗ്ഗങ്ങൾ അവലംബിക്കരുത്” എന്ന് പറഞ്ഞുകൊണ്ട് അവളെ വിവാഹമോചനം ചെയ്ത് നിരാലംബയാക്കിക്കളയരുതെന്നാണ് തൊട്ടടുത്ത വാചകത്തിൽ നിർദ്ദേശിക്കുന്നത്. ഇത്രയും ഗുരുതര മായ ഒരു കുറ്റം ഒരു ഭാര്യയിൽ കണ്ടെത്തിയാൽ ഉപദേശിച്ചും ശാസിച്ചും കൂടിയാൽ നാലുമാസക്കാലംവരെ സഹശയനം ഉപേ ക്ഷിച്ച് അവളിൽനിന്ന് അകന്നുമാറിയും, വളരെ ആവശ്യമാണെന്ന് കാണുന്നപക്ഷം അറ്റകൈയ്ക്ക് അവളെ അടിച്ചും നേർമാർഗ്ഗത്തി ലേക്ക് കൊണ്ടുവരാൻ ഒരു ഭർത്താവ് ശ്രമിക്കണമെന്ന് ഇസ്‌ലാം നിർദ്ദേശിക്കുന്നു. ഇത്തരം ഘട്ടങ്ങളിൽ സംസ്കാരികമായി ഏറ്റവും ഉന്നതക്കിടയിൽ വർത്തിക്കുന്നവർപോലും സ്ത്രീയെ അടിക്കാ നാണ് ബദ്ധപ്പെടുക. ക്ഷോഭവികാരങ്ങൾക്കടിപ്പെടുന്ന ഒരു ഭർത്താവ് പെട്ടെന്നു കൈ ഓങ്ങുന്നുവെങ്കിൽ അത് സ്വാഭാവികവുമാണ്. എന്നാൽ, ഖുർആൻ പറയുന്നത് അത് പാടില്ലെന്നും ഉപദേശിച്ചും ശാസിച്ചും, ഏറിയാൽ നാലുമാസക്കാലംവരെ അവളിൽനിന്ന് അക ന്നുനിന്നും അവളിൽ പശ്ചാത്താപബോധം വീണ്ടെടുക്കാൻ ശ്രമി ക്കുകയും ഒടുവിലായി അടിച്ചുനേർക്കാക്കാൻ നോക്കുകയും വേണ മെന്നാണ്. എന്നിട്ടും അവൾ നന്നാവുന്നില്ലെങ്കിൽ മാത്രമെ അവളെ വിവാഹമോചനം ചെയ്യാവൂ എന്നാണ് ഖുർആൻ ഇവിടെ നിർദ്ദേ ശിച്ചിട്ടുള്ളത്. ഇതിൽ തെറ്റുണ്ടോ? ഇസ്‌ലാം ഇപ്രകാരം കല്പിച്ച പ്പോൾ മനുഷ്യപ്രകൃതിയെ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ള ത്. സ്ത്രീയുടെ മനഃശാസ്ത്രം പഠിച്ചിട്ടുള്ളവർ ഇത് ശരിയല്ലെന്നു പറയുമെന്ന് തോന്നുന്നില്ല.

ഇത്തരം ഘട്ടങ്ങളിൽ ഒരു പുരുഷന് എന്തു നടപടികളാണ് സ്വീകരിക്കാവുന്നത്?

1. അവളെ മൊഴിചൊല്ലിപ്പിരിക്കാം.

2. പോലീസും കോടതിയും മുഖേന അവളെ ശിക്ഷയ്ക്കിര

യാക്കാം.

3. അവളെ അടിച്ചു ശരിപ്പെടുത്താം.

ഇതിൽ ഏറ്റവും ലഘുവായിട്ടുള്ളതും ബുദ്ധിമാനും നല്ലവനുമായ ഭർത്താവ് അവലംബിക്കുന്നതുമായ നടപടി ഏറ്റവും ഒടുവിലായി പറഞ്ഞതായിരിക്കുമെന്ന് വ്യക്തമാണല്ലൊ! ഈ നടപടി ശ്രീ. കലാനാഥൻ അംഗീകരിക്കുന്നില്ലെങ്കിൽ എന്തു നടപടിയാണ് ബുദ്ധിമാനായ ഒരു ഭർത്താവ് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതെന്ന് അദ്ദേഹമൊന്ന് പറഞ്ഞുതരുമോ? ഭാര്യയുടെ കാമുകന്റെനേരെ നപുംസകത്തോടെന്നപോലെ പൊറുമ കാണിക്കണമെന്നാവുമോ? തീർച്ചയായും അത് യുക്തിപൂർവ്വംതന്നെ! പക്ഷേ, ഭക്തി ഇവിടെ വച്ചു വഴിമാറുന്നു!

തെറ്റുകാരനായ ഭർത്താവിനോടും തുല്യനിലയിൽ പെരുമാറുവാൻ അനുവദിക്കാത്ത ഇസ്ലാം നീതിയുടെ മതമല്ലെന്നു ഒരു ജർമ്മൻ വനിത അഭിപ്രായപ്പെട്ടിട്ടുണ്ട്. സ്ത്രീക്ക് തിരിച്ചടിക്കാനുള്ള സ്വാതന്ത്ര്യം നൽകണമെന്നാണ് പ്രമേയം! സ്ത്രീയുടെ സമാവകാശത്തെക്കുറിച്ച് ഘോഷിക്കുന്ന ശ്രീ. കലാനാഥൻ ഈ പ്രമേയത്തെ പിന്താങ്ങുന്നുണ്ടോ?

വ്യക്തിപരമായി ഞാൻ ആ പ്രമേയത്തെ അനുകൂലിച്ചു വോട്ടു ചെയ്യാൻ തയ്യാറാണ്! ഇതുവരെ നാം ചർച്ചചെയ്തത് നല്ലവനായ ഒരു ഭർത്താവും ദുർവൃത്തയായ ഒരു ഭാര്യയും തമ്മിലുള്ള പ്രശ്നമാണ്. നമുക്കിനി തെമ്മാടിയായ ഒരു ഭർത്താവും സുചരിതയും സുശീലയുമായ ഒരു ഭാര്യയും തമ്മിലുള്ള പ്രശ്നം കൈകാര്യം ചെയ്യാം! ഭർത്താവിനെ അടിക്കാൻ ഭാര്യയ്ക്കും അനുവാദം നൽകാം! സ്ത്രീകളെ പളുങ്കുകളെപോലെ പരിഗണിക്കണമെന്ന് നബിതിരുമേനി(സ) താക്കീത് ചെയ്തിട്ടുള്ളതിനാൽ പക്ഷേ, അനന്തരസംഭവങ്ങൾക്ക് സാക്ഷി നിൽക്കാൻ ഞാനില്ല! മാപ്പ്!!

## ശിക്ഷാനിയമങ്ങൾ

ആക്ഷേപം:-9. ഇസ്ലാമിലെ ശിക്ഷാനിയമം മനുഷ്യത്വരഹിതവും അപരിഷ്കൃതവുമാണ്.

ഉദാഹരണം:- 'കണ്ണിനു കണ്ണ്, പല്ലിനു പല്ല്' എന്ന നിയമം ക്രൂരമാണ് (*5:45*). 2. കട്ടവന്റെ കൈ വെട്ടുന്ന രീതി അപരിഷ്കൃതവും (*5:38*). 3. വ്യഭിചാരത്തിന് കല്ലെറിഞ്ഞുകൊല്ലൽ നികൃഷ്ടമായ ശിക്ഷാരീതിയാണ്. വ്യഭിചരിക്കുന്നവനെ 100 വീതം അടിക്കണം പോലും (*24:2*).

**മറുപടി 1 :** "കണ്ണിനു കണ്ണ് പല്ലിനു പല്ല്" എന്ന നിയമം ക്രൂരമാണെന്ന് ശ്രീ. കലാനാഥൻ പറയുന്നു. ഞാനും അത് ഏറ്റുപറയട്ടെ! അത്തരത്തിൽ പകരം വീട്ടുന്നത് നീതിനിർവ്വഹണമാണ് എന്നതുകൊണ്ട് അത് അനീതിപരമാണെന്ന് പക്ഷേ, ഞാൻ സമ്മതിച്ചുതരില്ല. ക്രൂരമാണെങ്കിലും അതിക്രമത്തെ ഇല്ലായ്മ ചെയ്യാനുള്ള അനിവാര്യമായ ഒരു നടപടിയാണത്.

ഖുർആനിൽ പറഞ്ഞതുതന്നെയാണ് ഇതെങ്കിലും മുസ്ലിംകൾക്കുള്ള ഖുർആന്റെ നിർദ്ദേശമല്ലെന്ന കാര്യം ശ്രീ. കലാനാഥൻ മനസ്സിലാക്കേണ്ടതുണ്ട്. ഇസ്റായീല്യർക്കായി അപ്രകാരം വിധിച്ചിട്ടുണ്ടെന്നാണ് ഖുർആൻ പറഞ്ഞത്! അത്യുന്നതധാർമ്മികനിലവാരം പുലർത്താൻ ബാദ്ധ്യതപ്പെട്ട മുസ്ലിംകൾക്ക് വിധിച്ചതല്ല 'കണ്ണിന് കണ്ണ് പല്ലിന് പല്ല്' എന്ന തത്ത്വം! ഇസ്റായീല്യർക്ക് പ്രാഥമികനീതി പഠിപ്പിക്കാനായി മോശെ മുഖാന്തിരം നടപ്പാക്കപ്പെട്ട ശിക്ഷാസമ്പ്രദായമാണിത്. പ്രാഥമികനീതി അറിഞ്ഞുകൂടാത്ത അപരിഷ്കൃതന്മാർക്ക് ഇക്കാലത്തും അത് പക്ഷേ, പ്രായോഗികംതന്നെ. ഖുർആൻ ഇപ്രകാരമാണ് പറയുന്നത്:

"തീർച്ചയായും നാംതന്നെ തൗറാത്ത് ഇറക്കി. അതിൽ മാർഗ്ഗദർശനവും വെളിച്ചവും ഉണ്ട്. അല്ലാഹുവിന് സ്വയം സമർപ്പിച്ച പ്രവാചകന്മാർ അതുമൂലം യഹൂദന്മാർക്ക്വേണ്ടി വിധി കല്പിച്ചു..... ജീവന്നു ജീവൻ, കണ്ണിനു കണ്ണ്, മൂക്കിന് മൂക്ക്, കാതിന് കാത്, പല്ലിന് പല്ല്, മുറിവുകൾക്ക് തത്തുല്യമായ ശിക്ഷയും എന്ന് അതിൽ അവർക്ക് നാം വിധിക്കുകയും ചെയ്തു. എന്നാൽ, ആർ ഇത് ധർമ്മമായി ഇളവ് കൊടുക്കുന്നുവോ അപ്പോൾ അത് അവന്നു പ്രായശ്ചിത്തമായിരിക്കും. അല്ലാഹു ഇറക്കിത്തന്നിട്ടുള്ളതുമൂലം ആരു വിധി കൽപിക്കുന്നില്ലയോ അപ്പോൾ അവർ തന്നെയത്രെ തെറ്റുകാർ" (5:45,46).

'കണ്ണിന് കണ്ണ്, പല്ലിന് പല്ല്' എന്ന നീതിനിർവ്വഹണനടപടി ഇസ്റായീല്യർക്കായി തൗറാത്തിൽ വിധിക്കപ്പെട്ടതാണെന്നാണ് ഖുർ ആൻ വ്യക്തിമാക്കിയിട്ടുള്ളത്. മോശയെ തുടർന്ന് പ്രത്യക്ഷനായ യേശു 'ഇഞ്ചീ'ലിൽ (സുവിശേഷത്തിൽ) പഠിപ്പിച്ചത് ഒരുചെകിട ത്തടിച്ചാൽ മറ്റെ ചെകിടും കാണിച്ചുകൊടുക്കണമെന്ന അതിവിനയ സിദ്ധാന്തമാണ്. പ്രതികാരപരമായ ആത്യന്തികത സ്വീകരിച്ച യഹൂ ദരെ പൊറുമയുടെ അപരാഗ്രത്തിലേക്ക് മാടിവിളിക്കുകയായിരുന്നു യേശു. ഇതുസംബന്ധിച്ച് അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരായ ഹസ്റത്ത് അഹ്മദ്(അ) ഇപ്രകാരം പറയുന്നു:

"ഹസ്റത്ത് ഈസായുടെ ധാർമ്മികാദ്ധ്യാപനം യഹൂദർക്ക് മാത്രമുള്ളതായിരുന്നു. 'തൗറാത്തി'ൽ മോശയുടെ നിയമസംഹിത യിൽ നിഷ്കർഷിക്കപ്പെട്ടിട്ടുള്ളത് കണ്ണിനു പകരം കണ്ണ്, പല്ലിനു പ കരം പല്ല്, മൂക്കിനു പകരം മൂക്ക് എന്ന തരത്തിലുള്ള ശിക്ഷാനിയ മമായിരുന്നു. ഈ അദ്ധ്യാപനത്തിന്റെ ഉദ്ദേശ്യം യഹൂദരുടെ ഇട യിൽ നീതിയും ന്യായവും നിലനിറുത്തുകയും അതിക്രമ ത്തിൽനിന്ന് അവരെ തടഞ്ഞുനിറുത്തുകയും ചെയ്യുക ആയിരുന്നു. കാരണം, നാനൂറ് വർഷത്തോളം അടിമത്തത്തിൽ വസിക്കുകയാൽ അവർ കഠിനഹൃദയരും നീചമനസ്കരും ആയി അധഃപതിക്കുകയും അനീതിയും നെറികേടും അവരുടെ പ്രത്യേകസ്വഭാവചിഹ്നങ്ങളായി ത്തീരുകയും ചെയ്തിരുന്നു. അതേപ്രകാരംതന്നെ യേശുവിന്റെ അവ താരകാലത്ത്, ശിക്ഷാനടപടിയിലുള്ള യഹൂദരുടെ അതിരുകവിഞ്ഞ കണിശതാസ്വഭാവത്തിന് പരിഹാരം കാണേണ്ടതിനു സൗമ്യത യേയും കരുണയേയും കുറിച്ച് കർശനമായി നിഷ്കർഷിക്കുന്ന ഒരു സദാചാരധർമ്മം അത്യാവശ്യമായിത്തീർന്നു. അതിന്മണ്ണം യേശുമ ശീഹാ(അ) ക്ഷമയെക്കുറിച്ച് നിഷ്കൃഷ്ടമായി ഉപദേശിച്ചുതുടങ്ങി. ആകയാൽ, ഇഞ്ചീലിൽ ഉൾക്കൊണ്ട ധർമ്മോപദേശം യഹൂദരെ മാത്രം ഉദ്ദേശിച്ചുള്ളതാണ്. ലോകത്തെ ആകമാനം സംബോധന ചെയ്തുള്ളതല്ല. എന്തെന്നാൽ, യേശുവിന് ഇതരജാതിക്കാരുമായി യാതൊരു ബന്ധവുമില്ലായിരുന്നു.

".... തൗറാത്ത് അങ്ങേയറ്റത്തെ പ്രതിക്രിയാനടപടിയെക്കുറിച്ച് നിഷ്കർഷിക്കുമ്പോൾ, 'ഇഞ്ചീൽ' സർവ്വഥാ ക്ഷമയും സഹനവും കൈക്കൊള്ളൽ ഉൽബോധിപ്പിക്കുന്നു. ഈ രണ്ട് ധർമ്മസംഹിത

കളും മാനുഷവൃക്ഷത്തിന്റെ സർവ്വശാഖകളുടെയും അഭിവൃദ്ധിയെ ലക്ഷീകരിച്ചുള്ളവയല്ല. 'തൗറാത്ത്' ഈ വൃക്ഷത്തിന്റെ ഒരു ശാഖയെ പോഷിപ്പിക്കവെ ഇഞ്ചീൽ അതിന്റെ മറ്റൊരു ശാഖയെ സ്പർശിക്കുന്നു. അങ്ങനെ അവ രണ്ടിന്റേയും അദ്ധ്യാപനം രണ്ട ഗ്രങ്ങളിലായി പ്രവർത്തിക്കുന്നതും സർവ്വോചിതമായ മദ്ധ്യമാർഗ്ഗത്തിൽനിന്ന് നിപതിക്കുന്നതും ആയിരിക്കുന്നു. എല്ലാ കാലത്തും ഏതവസ്ഥയിലും അപരാധത്തിനു ശിക്ഷ കൊടുത്തേതീരൂ എന്ന പ്രതിക്രിയാനിഷ്ഠ സന്ദർഭോചിതമായ സ്വഭാവരൂപീകരണത്തിനും നൈതികധർമ്മത്തിന്റെ വളർച്ചയ്ക്കും അനുയോജ്യമല്ലെന്നതുപോലെതന്നെ എല്ലായ്പ്പോഴും ഏതുനിലയിലും അപരാധം ക്ഷമിച്ചുകൊടുക്കുക എന്നതും മനുഷ്യന്റെ ഉൽകൃഷ്ടമായ സ്വഭാവ സംസ്കരണത്തിന് അനുകൂലമായിട്ടുള്ളതല്ല. അതുകൊണ്ടുതന്നെയാണ് വിശുദ്ധഖുർആൻ വിരുദ്ധാഗ്രങ്ങളിൽ നിലകൊള്ളുന്ന പ്രസ്തുത അദ്ധ്യാപനങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഇങ്ങനെ നിർദ്ദേശിച്ചിരിക്കുന്നത്:

وَجَزَآءُ سَيِّئَةٍ سَيِّئَةٌ مِّثْلُهَا فَمَنْ عَفَا وَاَصْلَحَ فَاَجْرُهٗ عَلَى اللّٰهِ

"തിന്മയ്ക്കുള്ള പ്രതിക്രിയ തത്തുല്യമായ തിന്മയാകുന്നു. എന്നാൽ, ആർ മാപ്പ് നൽകുകയും ദോഷപരിഹാരം നേടുകയും ചെയ്യുന്നുവോ അവന്ന് ദൈവത്തിങ്കൽ പ്രതിഫലമുണ്ട്."(വിശുദ്ധഖുർആൻ, 42:41). അതായത്, തൗറാത്ത് പ്രബോധിക്കുന്നതുപോലെ, അതിക്രമത്തിനുള്ള പ്രതിക്രിയ തത്തുല്യമായ ശിക്ഷതന്നെയാണ്. ഇഞ്ചീൽ പഠിപ്പിക്കുന്നതിൻവണ്ണം മാപ്പ് കൊടുക്കുകയും തദ്വാരാ നന്മ വരുത്തുകയും ചെയ്യുന്നുവെങ്കിൽ അതൊരു സദ്‌വൃത്തിയാകുന്നു. ഈ ക്ഷമാശീലം ദോഷപരിഹരണത്തെ ഉദ്ദേശിച്ചായിരിക്കയും അതുവഴി അപരാധിയിൽ പരിവർത്തനം ഉണ്ടായിരിക്കയും ചെയ്യുമ്പോഴാണ് അത് ശ്ലാഘ്യമായിത്തീരുന്നത്. അല്ലെങ്കിൽ, തൗറാത്തിൽ പ്രസ്താവിച്ചിട്ടുള്ളതുതന്നെയാണ് നിയമം"[45].

ഹസ്റത്ത് അഹ്മദ്(അ) മറ്റൊരിടത്ത് ഇപ്രകാരം പറയുന്നു:

"അന്യർക്ക് നന്മ ചെയ്യുന്നതിനു നിർദ്ദിഷ്ടമായ സൽഗുണങ്ങ

45. മൈത്രീസന്ദേശം- ഹസ്റത്ത് അഹ്മദ്(അ), പരിഭാഷ- എൻ. ഹാമിദ്, ഭാ. 60-62.

ളിൽ ഒന്നാമത്തേത് 'അഫ്വ്' (عَفْوٌ) അഥവാ ക്ഷമാഗുണം ആകുന്നു. അതായത്, കുറ്റത്തെ ക്ഷമിച്ചുകൊടുക്കുന്ന സ്വഭാവം. ദ്രോഹം ചെയ്യുന്നവൻ യഥാർത്ഥത്തിൽ ഒരു കുറ്റം ചെയ്യുകയാകുന്നു. ആ കുറ്റത്തിന് അവനെ ന്യായവിധികൊണ്ട് ശിക്ഷിപ്പിക്കുകയോ തടവിലിടുവിക്കുകയോ പിഴയിടുവിപ്പിക്കുകയോ അഥവാ സങ്കടക്കാരൻ താൻതന്നെ അവനെ ശിക്ഷിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ, അവന് കുറ്റം ക്ഷമിച്ചുകൊടുക്കുന്നത് നന്നായിരിക്കുമെങ്കിൽ പ്രതിക്രിയയ്ക്കുള്ള അവകാശം ഉപേക്ഷിച്ചു മാപ്പ് ചെയ്യുന്നത് പരമാർത്ഥത്തിൽ അവന്ന് ചെയ്യുന്ന ഒരു നന്മയായിരിക്കും. ഇതിനെക്കുറിച്ച് വിശുദ്ധഖുർആൻ നൽകുന്നപാഠം ഇതാണ്:

"സന്ദർഭം നോക്കി ക്രോധത്തെ അടക്കുന്നവരും കുറ്റങ്ങൾ ക്ഷമിച്ചുകൊടുക്കുന്നവരും നന്മ ചെയ്യുന്നവരാകുന്നു." (*3:134*) വീണ്ടും പറയുന്നു 'ദോഷത്തിനുള്ള പ്രതിക്രിയ തത്തുല്യമായ ശിക്ഷയാകുന്നു. എന്നാൽ, ഏതൊരുവൻ മാപ്പ് നൽകുകയും അതുവഴി നന്മവരുത്തുകയും ചെയ്യുന്നുവോ- മാപ്പ് ചെയ്യേണ്ട ശരിയായ ഘട്ടത്തിൽ ക്ഷമിച്ചുകൊടുക്കുന്നുവോ- അവന് ദൈവത്തിന്റെ പക്കൽ അതിനുള്ള പ്രതിഫലമുണ്ട്."[46]

ഖുർആൻ ഇപ്രകാരവും നിർദ്ദേശിക്കുന്നുണ്ട്. اِدْفَعْ بِالَّتِى هِىَ اَحْسَنُ السَّيِّئَةُ "തിന്മയെ ഏറ്റവും ഉത്തമമായിട്ടുള്ളതിനെക്കൊണ്ട് തടയുക." (23:97)

ഇസ്ലാമിലെ ശിക്ഷാസമ്പ്രദായം 'കണ്ണിനു കണ്ണ് പല്ലിന് പല്ല്' എന്ന തത്ത്വത്തിൽ അധിഷ്ഠിതമല്ലെന്നും ഔചിത്യദീക്ഷയിലും മദ്ധ്യമാർഗ്ഗത്തിലുമാണ് അത് ഊന്നിനിൽക്കുന്നതെന്നും ഇപ്പോൾ സഖാവിന്ന് മനസ്സിലായിട്ടുണ്ടാവുമെന്ന് ഞാൻ വിശ്വസിക്കട്ടെയോ?

അതെല്ലാം അവിടെ നിൽക്കട്ടെ! 'കണ്ണിന് കണ്ണ് പല്ലിന് പല്ല്' എന്ന തത്ത്വത്തിൽ എന്താണ് തെറ്റ്? അത് നീതിമാർഗ്ഗത്തിലുള്ള ഒരു ശിക്ഷാനടപടിയല്ലേ? അടിക്കുന്നവനെ തിരിച്ചടിക്കുന്നത് ശരിയല്ലെന്നാണോ സഖാവ് കലാനാഥന്റെ പക്ഷം? ഒരു ചെകിടത്തടി

46. ഇസ്ലാംമത തത്ത്വജ്ഞാനം- ഹസ്റത്ത് അഹ്മദ്(അ), പരിഭാഷ- എൻ. ഹാമിദ്, ഭാ. 71 ആറാം പതിപ്പ്.

ച്ചാൽ മറ്റേ ചെകിടും കാണിച്ചുകൊടുക്കണമെന്ന അതിവിനയസി ദ്ധാന്തത്തെയാണോ പിന്നെ മാർക്സിസം പിന്താങ്ങുന്നത്? ഈ അന്തസ്സുകെട്ട പാഠം ലോകത്തിന് നൽകിയതാണ് ക്രിസ്തുവിനോട് തനിയ്ക്കുള്ള അറപ്പും പ്രതിഷേധവുമെന്ന് ക്രൂഷ്ച്ചേവ് പറഞ്ഞിട്ടു ണ്ടല്ലോ! വർഗ്ഗശത്രുവിനോടു എങ്ങനെ പെരുമാറണം? എന്താണ് മഹാനായ ലെനിനും 'തൊഴിലാളി വർഗ്ഗത്തിന്റെ അനിഷേധ്യനേ താവായ' സഖാവ് സ്റ്റാലിനും പഠിപ്പിച്ചത്? നീതിമാർഗ്ഗമാണോ? അതോ കാട്ടാളത്തമോ? 'അടിക്ക് അടി' എന്നല്ലാ 'ഒരടിക്ക് പത്തടി' എന്നല്ലേ ആചാര്യന്മാർ പഠിപ്പിച്ചത്? ഇതല്ലേ, സോഷ്യലിസ്റ്റ് സന്മാർഗ്ഗം? ഇതല്ലേ സോവ്യറ്റ് ശിക്ഷാസമ്പ്രദായത്തിന്റെ ആധാര ശില? അപ്പോൾ ഇത്തരം തീവ്രവാദികളെ നിലയ്ക്കു നിർത്താനും അവർക്ക് നീതി പഠിപ്പിക്കാനും 'കണ്ണിനു കണ്ണ് പല്ലിന് പല്ല്' എന്ന പ്രതികാരപാഠം ഇക്കാലത്തും സംഗതമാണ്, പ്രായോഗികമാണ്, ശരി യാണ്! സഖാവ് എന്ത് പറയുന്നു?

## കൈ മുറിക്കൽ

2. "കട്ടവന്റെ കൈവെട്ടുന്ന രീതി അപരിഷ്കൃതമാണ്."

മോഷണത്തിന് കൈ മുറിക്കൽ ശിക്ഷ ഖുർആൻ നിർദ്ദേശി ച്ചിട്ടുള്ളതുതന്നെയാണ്(*5:39*). അത് പക്ഷേ, ആവർത്തിച്ചു കുറ്റം ചെയ്യുന്നവർക്ക് (Habitual Offenders) കുറ്റം ആവർത്തിക്കാതിരിക്കാ നുള്ള ശിക്ഷ (Deterrant) എന്ന നിലയിലുള്ളതാണ്. ഖുർആനിൽ ഇത് സംബന്ധിച്ചുള്ള വാചകത്തിൽത്തന്നെ അത് വ്യക്തമാക്കപ്പെ ട്ടിട്ടുണ്ട്. فَاقْطَعُوْا اَيْدِيَهُمَا "അവരുടെ രണ്ട് കൈകളും മുറിക്കുക" എന്ന് പ്രത്യക്ഷാർത്ഥം നൽകാവുന്ന പദങ്ങൾതന്നെയാണ് ഖുർആനിൽ പ്രയുക്തമായിട്ടുള്ളത്. എന്നാൽ ഈ ശിക്ഷകൾ നടപ്പാക്കുന്ന രീതി കളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനെ ഖുർ ആൻ വിരോധിച്ചിട്ടില്ല. ശിക്ഷകൾ വിധിക്കുമ്പോഴും അത് നടപ്പാ ക്കുമ്പോഴും കുറ്റവാളിക്ക് ആശ്വാസം നൽകുന്ന ഘടകങ്ങൾ പര മാവധി കണ്ടെത്തുന്നതിനെ ഖലീഫാ ഉമർ(റ) ഒരു തത്ത്വമായി അംഗീകരിച്ചിരുന്നു. "കൈകൾ മുറിക്കുക എന്ന് പറഞ്ഞേടത്ത്

---

47. ഇസ്‌ലാമും മനുഷ്യാവകാശങ്ങളും-സർ സഫറുല്ലാഹ്ഖാൻ.

ശൈലീപരമായ അർത്ഥമാണ് നൽകപ്പെടേണ്ടത് എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. 'അയ്ദീ' എന്ന പദത്തിന് പ്രവർത്തനശേഷി എന്നർത്ഥവും നൽകാം. '***ഖത്തഉല്ലിസാൻ***' എന്നു പറഞ്ഞാൽ 'നാവറുക്കൽ' തന്നെയല്ല. നിശ്ശബ്ദനാക്കൽ, സംസാരം നിയന്ത്രിക്കൽ എന്നൊക്കെയും അർത്ഥമാവാം. മോഷണം നടത്തുന്ന ആളുടെ പ്രവർത്തനശേഷി തടയുക എന്നാണ് സൂചന എന്നു പറഞ്ഞാൽ അത് തെറ്റാണെന്ന് വരണമെന്നില്ല[47].

കുപ്രസിദ്ധരായ കൊള്ള-കവർച്ചത്തലവന്മാരുടെ കാര്യത്തിൽ ഈ ശിക്ഷ അക്ഷരാർത്ഥത്തിൽത്തന്നെ നൽകപ്പെടുന്നതിൽ വലിയ തെറ്റൊന്നുമില്ല. അത്തരം കുറ്റവാളികൾ തോക്കും മെഷീൻഗണ്ണും ഉപയോഗിച്ചു കൂട്ടക്കവർച്ച നടത്തുന്ന ഇക്കാലത്ത് പ്രത്യേകിച്ചും അത് ആവശ്യമായി വരും. അവർക്കുള്ള മാതൃകാപരവും കുറ്റം ആവർത്തിക്കാൻ അനുവദിക്കാത്തതുമായ ശിക്ഷയാണ് ഖുർആൻ നിർദ്ദേശിച്ചത്. അത് സന്ദർഭം നോക്കി പ്രയോഗപ്പെടുത്തിയാൽ മതി. തന്റെ മകൾ ഫാത്തിമയാണ് ഈ കുറ്റം ചെയ്തതെങ്കിൽ ഇതേ ശിക്ഷ നൽകാൻ മടിക്കുകയില്ലെന്ന് നബി(സ) പറഞ്ഞിട്ടുള്ളതും ഈ അർത്ഥത്തിൽ തന്നെയാവണം.

فَمَنْ تَابَ مِنْ بَعْدِ ظُلْمِهِ وَاَصْلَحَ فَاِنَّ اللهَ
يَتُوْبُ عَلَيْهِ اِنَّ اللهَ غَفُوْرٌ رَّحِيمٌ

"കുറ്റകൃത്യത്തിനുശേഷം പശ്ചാത്തപിക്കുകയും സ്വയം നന്നാവുകയും ചെയ്യുന്നുവെങ്കിൽ അല്ലാഹു അയാളുടെ നേരെ ദയാപരമായി തിരിയുന്നു. അല്ലാഹു അങ്ങേയറ്റം പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയും ആകുന്നു." (5:40) എന്നാണ് തൊട്ടടുത്ത ആയത്തിൽ തുടർന്ന് പറയുന്നത്.

പശ്ചാത്തപിക്കാനും സ്വയം നന്നാവാനുമുള്ള അവസരം നൽകപ്പെട്ടശേഷം മാത്രമേ ശിക്ഷ നടത്താവൂ എന്ന് ഈ ആയത്തിൽനിന്ന് സുഗ്രഹമാകുന്നുണ്ടല്ലോ. ഇക്കാര്യത്തിൽ മാനുഷിക മൂല്യങ്ങൾക്ക് പരമാവധി പരിഗണന നൽകണമെന്നാണ് ഇപ്പറഞ്ഞ

48. ഇസ്ലാമും മനുഷ്യാവകാശങ്ങളും- സർ സഫറുല്ലാഹ്ഖാൻ.

തിന്റെ അർത്ഥം.

ഇംഗ്ലണ്ടിൽ 1861 വരെ, ഒരു ഷില്ലിംഗിനു മുകളിൽ വിലവരുന്ന വസ്തുക്കളുടെ മോഷണം 'ഫെലണി' (Felony) ഇനത്തിൽപെടുന്ന കുറ്റമായി പരിഗണിക്കപ്പെട്ടിരുന്നു. മരണശിക്ഷവരെ നൽകാവുന്ന കുറ്റമാണ് ഫെലണി[48].

സോവ്യറ്റ് യൂനിയനിൽ മോഷണമടക്കം ചില കുറ്റങ്ങൾക്ക് വധശിക്ഷയാണ് നൽകപ്പെടുന്നത്! ഇത് സംബന്ധിച്ച് അനേകം വാർത്തകൾ വന്നിട്ടുണ്ട്. ഉദാഹരണമായി,

കൈക്കൂലി വാങ്ങിയതിന് കൊലശിക്ഷ- ടാസ്സ് (*മാതൃഭൂമി, 26.7.1962*)

കൊള്ളലാഭത്തിന് 5 പേർക്ക് വധശിക്ഷ- മോസ്കോ (മാതൃഭൂമി, 22.2.1963)

കൈക്കൂലിക്ക് വധശിക്ഷ- മോസ്കോ (മാതൃഭൂമി, 21.2.1963).

കരിഞ്ചന്തയ്ക്ക് മരണശിക്ഷ- മോസ്കോ (മലയാള മനോരമ, 10.7.1963)

സ്വർണ്ണം കട്ടുവിറ്റതിന് വധശിക്ഷ- മോസ്കോ (ചന്ദ്രിക, 19.1.1974)

വഞ്ചനയ്ക്ക് വധശിക്ഷ- മോസ്കോ (എക്സ്പ്രസ്സ്, 30.12.1975)

വൻതോതിൽ കൈക്കൂലി വാങ്ങിയ സംഭവവുമായി ബന്ധപ്പെട്ടു എന്നതിനു വധശിക്ഷ- മോസ്കോ (മാതൃഭൂമി, 30.11.1983)

പൊതുസ്വത്ത് വൻതോതിൽ ദുരുപയോഗപ്പെടുത്തിയതിന് വധശിക്ഷ- മോസ്കോ (പ്രാവ്ദ റിപ്പോർട്ട്- ശബാബ്. 20.12.1984)

പിന്നെ, രാഷ്ട്രീയപ്രതിഷേധങ്ങൾക്ക് മെഷിൻഗൺ പ്രയോഗവും!

സി.അച്ചുതമേനോൻ ഇപ്രകാരം പറയുന്നു:

“കളവ്, ചതി, തട്ടിപ്പറി, കൊലപാതകം മുതലായ കുറ്റങ്ങൾ

49. സോവ്യറ്റ് നാട്- സി. അച്ചുതമേനോൻ.

ചെയ്യുന്നത് ജന്മനാ ആളുകൾ അത്തരക്കാരായതുകൊണ്ടല്ലെന്നും സാമൂഹികമായ പരിതസ്ഥിതികൾ നിർബ്ബന്ധിക്കുമ്പോൾ അത് തടുക്കാൻ ശക്തിയില്ലാതെ അവരതിന് അടിപ്പെടുകയാണെന്നുമുള്ള ആധുനികതത്ത്വത്തെയാണ് സോവ്യറ്റ് ഗവർമ്മെന്റ് അവരുടെ ജീവിത-ഭരണപരിപാടിയായി സ്വീകരിച്ചിട്ടുള്ളത്"[49].

സോവ്യറ്റ് സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ചെയ്യുന്ന കുറ്റങ്ങളായിട്ടും കൊന്ന് നന്നാക്കുന്ന ശിക്ഷാരീതികളാണവിടെ! ദുൻയാവിലുള്ള സകല കുറ്റങ്ങളും അവയുടേതായ ഉഗ്രരൂപത്തിൽ അവിടെയുമുണ്ട്താനും! ഒരുവേള സാമൂഹികമായ പരിതസ്ഥിതികൾ അവിടെ കക്കാൻ പ്രേരിപ്പിക്കുന്നില്ല എന്നതാവാം തട്ടുത്തരം!!

കട്ടവനെ കൊല്ലലാണ്, 'എലിമിനേറ്റ്' ചെയ്യലാണ് റഷ്യയിലെ നിയമം. എന്നിട്ടും, കൊള്ളത്തലവന്റെ കൈ മുറിക്കുന്നതും (ഇതു പക്ഷേ, അക്ഷരാർത്ഥത്തിൽ വേണ്ടതില്ലെന്ന പക്ഷാന്തരവുമുണ്ട്) വ്യഭിചാരിയെ അടിക്കുന്നതും ക്രൂരവും മനുഷ്യത്വരഹിതവുമാണ് പോലും! ഓ, ഇവരുടെ ഒരു മനുഷ്യസ്നേഹം! കൈമുറിച്ചാൽത്തന്നെ പ്ലാസ്റ്റിക്ക് സർജറിയുടെ ഈ കാലഘട്ടത്തിൽ അവയവങ്ങൾ പുനർഘടിപ്പിക്കാം. കൊന്നാൽ ജീവൻ തിരിച്ചുകിട്ടുമോ? ജീവൻ പോയാൽപ്പിന്നെ എന്തു മാനസാന്തരം ശ്രീമൻ!!

## എറിഞ്ഞുകൊല്ലൽ

3. "വ്യഭിചാരത്തിനു കല്ലെറിഞ്ഞുകൊല്ലൽ നികൃഷ്ടമായ ശിക്ഷാരീതിയാണ്."

കല്ലെറിഞ്ഞുകൊല്ലൽ നികൃഷ്ടവും മനുഷ്യത്വരഹിതവുമായ ശിക്ഷാരീതിയാണെന്ന് ഞാനും ഏറ്റുപറയുന്നു! വ്യഭിചാരിക്ക് എറിഞ്ഞുകൊല്ലൽ ഖുർആൻ വിധിച്ചിട്ടില്ല[50]. വ്യഭിചാരിയെയായാലും മതം മാറിയവനെയായാലും എറിഞ്ഞുകൊല്ലൽ ശിക്ഷ ന്യായീകരിക്കപ്പെടാവുന്നതല്ല. ഖുർആൻ ആ ശിക്ഷാരീതിയെതന്നെ അംഗീകരിച്ചിട്ടില്ല. പഴയനിയമത്തിൽ നിർദ്ദേശിക്കപ്പെട്ട യഹൂദമുറപ്രകാരമുള്ള

50. Punishment of Adultery in Islam- Sir Zafrullah Khan, p.8. വ്യഭിചാരിണിക്കും വ്യഭിചാരിക്കും ഖുർആൻ നൂറടി ശിക്ഷയാണ് വിധിച്ചിട്ടുള്ളത് (24:3). സ്വതന്ത്രയല്ലാത്ത സ്ത്രീയ്ക്ക് സ്വതന്ത്രസ്ത്രീയുടെ പകുതിയാണ് ശിക്ഷ (4:25). എന്നുവെച്ചാൽ വ്യഭിചാരക്കുറ്റത്തിന് പകുതിയാക്കാവുന്ന ശിക്ഷയാണെന്ന്! എറിഞ്ഞുകൊല്ലൽ പകുതിയാക്കാനാവില്ലല്ലോ!

ഒരു ശിക്ഷാരീതിയാണിത്. ഖുർആനിലെവിടെയും സൂചനാരൂപത്തിൽപോലും അത് പറഞ്ഞിട്ടില്ല. ഖുർആൻ സൂക്തങ്ങളുടെ സൂചന ശ്രീ. കലാനാഥനും കാണിക്കാൻ കഴിഞ്ഞിട്ടില്ലല്ലോ. യഹൂദരുടെ ആ ശിക്ഷാസമ്പ്രദായം മുസ്ലിംകളിലും കടന്നുകൂടിയതിന് ചരിത്രപരമായ ചില കാരണങ്ങളുണ്ട്. യഹൂദന്മാരെ തങ്ങളുടെ വ്യക്തി നിയമം അനുസരിച്ചുകൊള്ളാൻ നബിതിരുമേനി അനുവദിച്ചിരുന്നു. ഖുർആനിലെ ശിക്ഷാനിയമം അവതരിക്കുന്നതിനുമുമ്പ് 'അഹ്ലുകിതാബ്' എന്ന നിലയിൽ യഹൂദരുടെ ശിക്ഷാമുറകൾ തിരുമേനി അനുവർത്തിച്ചിരുന്നതുമാണ്. വ്യവസ്ഥാപിതമായ സിവിൽ ക്രിമിനൽ നടപടി നിയമമെന്ന നിലയിൽ യഹൂദ ശിക്ഷാ ക്രമങ്ങൾ മാത്രമെ അന്ന് നിലവിൽ ഉണ്ടായിരുന്നുള്ളൂ എന്ന കാര്യം മറന്നുകൂടാത്തതാണ്. യഹൂദപാരമ്പര്യമുള്ളവർ ആ നിയമസംഹിതയോടു ഒട്ടിനിന്നിരുന്നുവെന്ന വസ്തുതയും ഓർക്കേണ്ടതുണ്ട്. മുസ്ലിം ശിക്ഷാരീതികൾ വ്യവസ്ഥാപിതമായി ഉരുത്തിരിഞ്ഞുവരുന്നതിനു മുമ്പ് ചിലരുടെമേൽ ഇത്തരം ശിക്ഷാനടപടികൾ ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെ വ്യക്തമായ ഖുർആനികസൂക്തങ്ങളുടെ അവതാരത്തിനുശേഷം അത്തരം നടപടികൾ പ്രമാണപരമാകുന്നതല്ലതന്നെ.

അനിസ്ലാമികമായ പല ആചാരമുറകളും സമ്പ്രദായങ്ങളും ഇസ്ലാമിൽ കടന്നുകടുകയും ചില ഭൗതികപ്രേരണകളാൽ സമൂഹത്തിൽ ഉറച്ചുപോകുകയും ചെയ്തിട്ടുണ്ട് എന്ന കാര്യം നിഷേധിക്കാനാവില്ല. പരിപൂർണ്ണമായ മതസ്വാതന്ത്ര്യവും മനഃസാക്ഷിസ്വാതന്ത്ര്യവും ഖുർആൻ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടും ഇസ്ലാം മതം ഉപേക്ഷിക്കുന്നവനെ എറിഞ്ഞുകൊല്ലണമെന്ന് ഇസ്ലാമിൽ വിധിച്ചിട്ടുണ്ടെന്ന് 'ജമാഅത്തെ ഇസ്ലാമി' എന്ന ഫാസിസ്റ്റ് സംഘടനയുടെ സ്ഥാപകനേതാവായ മുല്ലാ മൗദൂദി ഉൾപ്പെടെയുള്ള ചില മുസ്ലിം പണ്ഡിതന്മാർ ഇന്നും ഘോഷിക്കുന്നുണ്ടല്ലോ[51]. ഇതിന് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയും വിശുദ്ധഖുർആനും ഉത്തരവാദിയല്ല. സൗദി അറേബ്യയിൽ വ്യഭിചരിച്ചവനെ എറിഞ്ഞുകൊല്ലുന്നുണ്ട്. അഫ്ഘാനിസ്ഥാനിൽ അഹ്മദികളെ 'മുർത്തദ്ദുകൾ' (ഇസ്ലാംമതം ഉപേക്ഷിച്ചവർ) എന്നാരോപിച്ച് എറിഞ്ഞുകൊന്നിട്ടുണ്ട്.

51. മൂർത്തദ്ദ് കീ സസാ ഇസ്ലാമീ ഖാനൂൻ മെ- മൗദൂദി.

ഈ പൈശാചികശിക്ഷാരീതിയെ, മനുഷ്യത്വത്തിന്റെയും ഉദാത്ത ധാർമ്മികതയുടെയും അത്യുൽക്കൃഷ്ടമതമായ പ്രബുദ്ധതയുടെ മതമായ– ഇസ്ലാമും അതിന്റെ അടിയാധാരമായ വിശുദ്ധഖുർആനും അനുകൂലിക്കുന്നില്ലെന്നു പറഞ്ഞാൽ, ഒരു മറുചോദ്യത്തിനു പ്രസക്തിയില്ല.

## അടിശിക്ഷ

4. "വ്യഭിചരിക്കുന്നവരെ 100 വീതം അടിക്കണംപോലും!" (24:2)

"വ്യഭിചാരിണിയേയും വ്യഭിചാരിയേയും ഓരോരുത്തരേയും നൂറുവീതം അടിക്കുക; അല്ലാഹുവിന്റെ ഈ വിധി നടപ്പാക്കുന്നതിൽ ഇരുവരുടേയും നേരെയുള്ള അനുകമ്പ നിങ്ങളെ തടയാതിരിക്കട്ടെ. അല്ലാഹുവിലും അന്ത്യനാളിലും നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ; ആ ശിക്ഷാനടപടിക്ക് വിശ്വാസികളിൽ ഒരുവിഭാഗം സാക്ഷി നിൽക്കട്ടെ!" ഇതാണ് ഖുർആൻ വാചകം.

ഒരാൾക്ക് പരമാവധി നാലുവരെ വിവാഹം ചെയ്യാൻ അനുവാദം നൽകുന്ന മുസ്ലിം സൊസൈറ്റിയിൽ വ്യഭിചാരം ഒരു വൻകുറ്റമായി ഗണിക്കപ്പെടുന്നു. സ്ത്രീപുരുഷന്മാരുടെ വ്യഭിചാരക്കുറ്റത്തിന് ഖുർആൻ നൂറടി ശിക്ഷയാണ് നിർദ്ദേശിച്ചിട്ടുള്ളത് (23:3). വിവാഹിതരായ വ്യഭിചാരികളെയും (Adulterers)അവിവാഹിതരായ വ്യഭിചാരികളെയും (Fornicators) ഇവിടെ തരംതിരിച്ചു പറഞ്ഞിട്ടില്ല. എന്നാൽ, ശിക്ഷിക്കപ്പെടണമെങ്കിൽ കുറ്റകൃത്യത്തിന് നാലാൾ സാക്ഷ്യം വഹിക്കേണ്ടതുണ്ട്. കുറ്റം വ്യക്തമായി തെളിയിക്കപ്പെടേണ്ടതുണ്ടെന്നർത്ഥം. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള രഹസ്യവേഴ്ച അത്രവേഗം തെളിയിക്കപ്പെടാവതല്ലല്ലോ. അത്തരം വേഴ്ചകൾ മിക്കതും ലോകം ഒരിക്കലും അറിയുന്നില്ലതാനും.

പോകട്ടതൊക്കെ അഥവാ യുവലോകമേലു<br>
മേകാന്തമാം ചരിതമാരറിയുന്നു പാരിൽ?

എന്നു കവി പാടിയത് സത്യമാണ്. ഇവിടെ വ്യഭിചാരക്കുറ്റത്തിന് നാലുപേർ സാക്ഷ്യം വഹിക്കണം. നാലുപേർ സാക്ഷ്യം വഹിക്കാവുന്ന വ്യഭിചാരക്കുറ്റം എങ്ങനെയുള്ളതായിരിക്കും? വ്യഭിചാരം

തൊഴിലാക്കിയവരെ സംബന്ധിച്ചിടത്തോളം അത് സാധ്യമാണ്. കുപ്രസിദ്ധനായ ഒരു വ്യഭിചാരിയുടെ കാര്യത്തിലും ഒരു വേശ്യാ സ്ത്രീയുടെ കാര്യത്തിലും ഇത് എളുപ്പം സാധിക്കുമായിരിക്കാം. ഇസ്‌ലാമിക സൊസൈറ്റിയിൽ പക്ഷേ, വേശ്യാലയങ്ങൾ (Brothels) അനുവദിക്കപ്പെടുകയില്ല. നാലാൾ അറിയുംവിധം പരസ്യമായോ, സാമൂഹികഭദ്രത അപകടപ്പെടുത്തുമാറ് ആവർത്തിച്ചാവർത്തിച്ചോ വ്യഭിചരിക്കുന്നവരുടെ കാര്യത്തിൽ മാത്രമെ കുറ്റം സ്ഥാപിക്കാനാവുകയുള്ളൂ എന്നത് വ്യക്തമാണ്. ചാരിത്രവതിയായ ഒരു സ്ത്രീയുടെ മേൽ അന്യായമായി വ്യഭിചാരക്കുറ്റം ചുമത്തുന്ന ഒരാൾക്ക് എൺപത് അടി ശിക്ഷ നൽകണമെന്നുകൂടി ഖുർആൻ തുടർന്ന് വിധിച്ചിട്ടുള്ളതിനാൽ ആരുടെമേലും കളവായി ഈ കുറ്റമാരോപിക്കാൻ സാദ്ധ്യമല്ല. വ്യഭിചരിച്ചാൽ നൂറടിയും വ്യഭിചരിച്ചു എന്ന് ചാരിത്രവതിയായ ഒരു സ്ത്രീയുടെമേൽ കള്ളക്കുറ്റം ആരോപിച്ചാൽ അത്രതന്നെ കടുത്തനിലയിൽ എൺപത് അടിയും ശിക്ഷ നൽകണമെന്ന് ഖുർആനിൽ വ്യക്തമായി വിധിച്ചിരിക്കുന്നു. കള്ളക്കുറ്റം ആരോപിക്കുന്നവരുടെ സാക്ഷ്യം ഒരിക്കലും സ്വീകരിക്കരുതെന്നും ഖുർആൻ തുടർന്ന് വിധിക്കുന്നുണ്ട്. സമൂഹത്തിൽ ചാരിത്രശുദ്ധിയും അപ്പോലെതന്നെ സ്ത്രീകളോടുള്ള ബഹുമാനവും സത്യസന്ധതയും നിലനില്ക്കുമാറാകണമെന്നതാണ് ഈ ശിക്ഷകളുടെ ഉന്നമെന്നത് പ്രത്യക്ഷമാണ്.

വ്യഭിചരിച്ചവരെ എറിഞ്ഞുകൊല്ലണമെന്നാണ് 'പഴയനിയമം' വിധിച്ചത്. (ആവർത്തനം 23:18–24). വേശ്യാസ്ത്രീയെ എറിഞ്ഞുകൊല്ലലാണ് യഹൂദമുറ. വിവാഹിതയായ ഒരു സ്ത്രീയെ ഭർത്താവിനു പകരം ആൾമാറാട്ടം നടത്തി സംഭോഗം ചെയ്താൽ അയാളുടെ കൈകൾ മുറിക്കണമെന്ന് കൗടില്യൻ വിധിച്ചിട്ടുണ്ട്. ഒരു ക്ഷത്രിയൻ ബ്രാഹ്മണസ്ത്രീയെ വ്യഭിചരിച്ചാൽ പിഴയിടണം. വൈശ്യൻ വ്യഭിചരിച്ചാൽ അവന്റെ സ്വത്തുക്കൾ കണ്ടുകെട്ടണം. ശൂദ്രൻ വ്യഭിചരിച്ചാൽ പായയിൽ ചുരുട്ടി അവനെ ചുട്ടുകളയണം. വൈദിക നിയമങ്ങളിൽ ബ്രാഹ്മണന് ശിക്ഷ നിർദ്ദേശിച്ചിട്ടില്ല. നാട്ടിലെ രാജ്ഞിയുമായി വേഴ്ച നടത്തിയാൽ ഉരുളിയിലിട്ടു വറുത്തുകളയണം (കുംഭീപാകം) എന്നാണ് വിധി!

52. Sex Life Under Indian Rulers- R.N. Saletore, P. 29-33.

Quranic Injunction was much milder in respect to adultery than the Hindu dreetions. (ഹിന്ദുമതത്തിലെ നിർദ്ദേശങ്ങളെ അപേക്ഷിച്ചു ഇസ്ലാമിക കല്പന എത്രയോ ലഘുവായിട്ടുള്ളതാണ് എന്ന് ആർ. എൻ. സാലെടോർ ചൂണ്ടിക്കാട്ടുന്നു[52].

وَلاَ تَقْرَبُواالزِّنٰى اِنَّهُ كَانَ فَاحِشَةً وَسَآء سَبِيْلاً

"വ്യഭിചാരത്തെ സമീപിക്കൊല്ലാ. നിശ്ചയമായും അത് നികൃഷ്ടകൃത്യവും ചീത്ത വഴിയുമാകുന്നു" എന്നാണ് ഖുർആന്റെ അനുശാസനം (17:33).

وَلا تَقْرَبُوا الْفَوَاحِشَ مَاظَهَر مِنْهَا وَمَابَطَنَ

"രഹസ്യത്തിലായാലും വ്യക്തമായ യാതൊരു ദുർവൃത്തിയെക്കൊള്ളയും നിങ്ങൾ അടുക്കരുത്!" എന്നും ഖുർആൻ ആജ്ഞാപിക്കുന്നു (6:152). സ്ത്രീകളോട് അവർ തങ്ങളുടെ മൊഞ്ച് പുറമെ പ്രദർശിപ്പിക്കരുതെന്നും, പുരുഷന്മാരോട് അവർ കണ്ണ് കീഴ്പോട്ടാക്കി ശാന്തരായും അന്തസ്സിലും നടക്കണമെന്നും ഖുർആൻ കല്പിക്കുന്നു. വ്യഭിചാരത്തിലേക്ക് നയിക്കുന്ന ചലനങ്ങളും നീക്കങ്ങളും തന്നെ ഉണ്ടാവരുതെന്നാണ് ഉൽബോധനം. വ്യഭിചാരത്തെ ഇത്രയും അറപ്പോടെയും കുറ്റകരമായും കാണുന്ന ഒരു സമൂഹത്തിൽ ആ കുറ്റം ചെയ്യുന്നവർക്ക് കഠിനമായ ഈ ശിക്ഷ നിർദ്ദേശിച്ചത് സാധൂകരിക്കപ്പെടുകയേയുള്ളൂ. ഇത്തരം കുറ്റങ്ങൾക്ക് ഏറ്റവും ഫലപ്രദവും മാതൃകാപരവുമായ ശിക്ഷ ശാരീരികപീഡനം മാത്രമാണ്. അതായത് അടിശിക്ഷ. സാമൂഹികഭദ്രതയെ ഹാനിപ്പെടുത്തുന്നതും സമാധാനജീവിതത്തെയും സുരക്ഷിതത്വത്തെയും അപകടപ്പെടുത്തുന്നതുമായ ഒരു കുറ്റമാണിത്. വ്യഭിചാരത്തെ ആരംഭദശയിൽത്തന്നെ വളരാനനുവദിക്കാതെ നുള്ളിക്കളെയുന്നപക്ഷം സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, ബലാത്സംഗം തുടങ്ങിയ കുറ്റങ്ങൾ ഒരിക്കലും സംഭവിക്കുകയില്ല. ഇത്തരം കുറ്റങ്ങൾ മുസ്ലിം സമൂഹത്തിൽ കേട്ടുകേൾവിപോലും ഇല്ലാത്തതാണെന്നു ഇസ്ലാമികസദാചാരത്തിന്റെ ചരിത്രമെഴുതീട്ടുള്ള യൂറോപ്യൻ വിദ്വാന്മാർ പലരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ജെ.ടി. സണ്ടർലാണ്ട് പറഞ്ഞതു ഞാൻ നേരത്തെ

തൊഴിലാക്കിയവരെ സംബന്ധിച്ചിടത്തോളം അത് സാധ്യമാണ്. കുപ്രസിദ്ധനായ ഒരു വ്യഭിചാരിയുടെ കാര്യത്തിലും ഒരു വേശ്യാ സ്ത്രീയുടെ കാര്യത്തിലും ഇത് എളുപ്പം സാധിക്കുമായിരിക്കാം. ഇസ്‌ലാമിക സൊസൈറ്റിയിൽ പക്ഷേ, വേശ്യാലയങ്ങൾ (Brothels) അനുവദിക്കപ്പെടുകയില്ല. നാലാൾ അറിയുംവിധം പരസ്യമായോ, സാമൂഹികഭദ്രത അപകടപ്പെടുത്തുമാറ് ആവർത്തിച്ചാവർത്തിച്ചോ വ്യഭിചരിക്കുന്നവരുടെ കാര്യത്തിൽ മാത്രമെ കുറ്റം സ്ഥാപിക്കാനാവുകയുള്ളൂ എന്നത് വ്യക്തമാണ്. ചാരിത്രവതിയായ ഒരു സ്ത്രീയുടെ മേൽ അന്യായമായി വ്യഭിചാരക്കുറ്റം ചുമത്തുന്ന ഒരാൾക്ക് എൺപത് അടി ശിക്ഷ നൽകണമെന്നുകൂടി ഖുർആൻ തുടർന്ന് വിധിച്ചിട്ടുള്ളതിനാൽ ആരുടെമേലും കളവായി ഈ കുറ്റമാരോപിക്കാൻ സാദ്ധ്യമല്ല. വ്യഭിചരിച്ചാൽ നൂറടിയും വ്യഭിചരിച്ചു എന്ന് ചാരിത്രവതിയായ ഒരു സ്ത്രീയുടെമേൽ കള്ളക്കുറ്റം ആരോപിച്ചാൽ അത്രതന്നെ കടുത്തനിലയിൽ എൺപത് അടിയും ശിക്ഷ നൽകണമെന്ന് ഖുർആനിൽ വ്യക്തമായി വിധിച്ചിരിക്കുന്നു. കള്ളക്കുറ്റം ആരോപിക്കുന്നവരുടെ സാക്ഷ്യം ഒരിക്കലും സ്വീകരിക്കരുതെന്നും ഖുർആൻ തുടർന്ന് വിധിക്കുന്നുണ്ട്. സമൂഹത്തിൽ ചാരിത്രശുദ്ധിയും അപ്പോലെതന്നെ സ്ത്രീകളോടുള്ള ബഹുമാനവും സത്യസന്ധതയും നിലനില്ക്കുമാറാകണമെന്നതാണ് ഈ ശിക്ഷകളുടെ ഉന്നമെന്നത് പ്രത്യക്ഷമാണ്.

വ്യഭിചരിച്ചവരെ എറിഞ്ഞുകൊല്ലണമെന്നാണ് 'പഴയനിയമം' വിധിച്ചത്. (ആവർത്തനം 23:18-24). വേശ്യാസ്ത്രീയെ എറിഞ്ഞുകൊല്ലലാണ് യഹൂദമുറ. വിവാഹിതയായ ഒരു സ്ത്രീയെ ഭർത്താവിനു പകരം ആൾമാറാട്ടം നടത്തി സംഭോഗം ചെയ്താൽ അയാളുടെ കൈകൾ മുറിക്കണമെന്ന് കൗടില്യൻ വിധിച്ചിട്ടുണ്ട്. ഒരു ക്ഷത്രിയൻ ബ്രാഹ്മണസ്ത്രീയെ വ്യഭിചരിച്ചാൽ പിഴയിടണം. വൈശ്യൻ വ്യഭിചരിച്ചാൽ അവന്റെ സ്വത്തുക്കൾ കണ്ടുകെട്ടണം. ശൂദ്രൻ വ്യഭിചരിച്ചാൽ പായയിൽ ചുരുട്ടി അവനെ ചുട്ടുകളയണം. വൈദിക നിയമങ്ങളിൽ ബ്രാഹ്മണന് ശിക്ഷ നിർദ്ദേശിച്ചിട്ടില്ല. നാട്ടിലെ രാജ്ഞിയുമായി വേഴ്ച നടത്തിയാൽ ഉരുളിയിലിട്ടു വറുത്തുകളയണം (കുംഭീപാകം) എന്നാണ് വിധി!

52. Sex Life Under Indian Rulers- R.N. Saletore, P. 29-33.

ങ്കിലോ? നിത്യനരകശിക്ഷയാണ് ഫലം (4:153), ഒന്നുകിൽ സ്വർഗ്ഗം കാട്ടി പ്രീണിപ്പിച്ചു വശത്താക്കാൻ ശ്രമിക്കും (2:186) അല്ലെങ്കിൽ നരകം കാട്ടി ഭീഷണിപ്പെടുത്തും (2:39)"

മറുപടി:- സ്വതന്ത്രചിന്ത എന്നു പറയുന്നതു ഒരു ഭോഷ്ക് മാത്രമാണ്! അങ്ങനെ ആരും സ്വതന്ത്രമായി ചിന്തിക്കുന്നില്ല. ഒരാളുടെ മനസ്സിൽ അടിഞ്ഞുകൂടിയ ആശയങ്ങളുടേയും വിശ്വാസങ്ങളുടേയും സ്വാധീനത്തിൽ മാത്രമെ ആർക്കും ചിന്തിക്കാനാകൂ. അതൊക്കെ ഒരിടത്ത് മാറ്റിവച്ചു ആരെങ്കിലും ചിന്തിക്കാറുണ്ടോ? യുക്തിവാദികളെന്നു ഞെളിയുന്നവരും അങ്ങനെയല്ല ചിന്തിക്കാറുള്ളത്! യുക്തിപൂർവ്വമായ ആശയങ്ങൾ സ്വന്തം വിശ്വാസങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ മനസ്സിലുണ്ടാകുന്ന സംഘട്ടനം പഴയവ കൈവിടാനും പുതിയവ സ്വീകരിക്കാനും പ്രേരിപ്പിക്കുകയാണ്. പുതിയവ ഉൾക്കൊള്ളാൻ ബുദ്ധിയുടെ വാതായനങ്ങൾ തുറന്നുവെക്കുകയാണ് വേണ്ടത്. കൂടുതൽ കൂടുതൽ അറിവുകളുടെ അടിസ്ഥാനത്തിൽ ഉല്പത്തിഹീനമായി തെളിയുന്ന വിശ്വാസങ്ങളും ആശയങ്ങളും താനേ ഉപേക്ഷിക്കപ്പെടും. ഇരുട്ടെല്ലാം മാറ്റിവെച്ചിട്ടു ആരെങ്കിലും വിളക്ക് കത്തിക്കാറുണ്ടോ? വിളക്ക് കത്തിക്കുമ്പോൾ ഇരുട്ട് താനേ നീങ്ങിക്കൊള്ളും. വിളക്കുകൾ കൂടുമ്പോൾ വെളിച്ചവും കൂടുന്നു. സൂര്യൻ ഉദിച്ചാൽ പകലായി. രാത്രിയെ ഉന്തിനീക്കി പകലിനെ ഉദിപ്പിക്കാറില്ലല്ലോ! അതുകൊണ്ട് പഴയവിശ്വാസങ്ങളും ആശയങ്ങളും മാറ്റിവെച്ചാലേ സ്വതന്ത്രചിന്ത സാദ്ധ്യമാകൂ എന്ന് പറയുന്നത് ഒരുതരം തട്ടിപ്പും ബുദ്ധിപരമായ പാപ്പരത്തത്തിന്റെ പ്രതിഫലനവും ആകുന്നു. പുതിയ അറിവുകളും പുതിയ ആശയങ്ങളും പ്രവേശിക്കുമ്പോൾ ബുദ്ധി തെളിയും. അതുകൊണ്ടുതന്നെയാണ് കൂടുതൽ കൂടുതൽ അറിവുതേടാനും നേടാനും ഇസ്ലാം അനുശാസിച്ചിട്ടുള്ളത്. അറിവു മുഴുവനും ഖുർആനിൽ അടങ്ങിയിട്ടുള്ളതിനാൽ വേറെ ജ്ഞാനങ്ങളും ഗ്രന്ഥങ്ങളും ആവശ്യമില്ലെന്നു ഇസ്ലാം പഠിപ്പിക്കുന്നതായി പടുജാഹിലീങ്ങളായ ചില യുക്തിവാദികൾ പറയാറുണ്ട്. മറുപടി അർഹിക്കാത്ത മണ്ടത്തരം.

"ബുദ്ധി ഉപയോഗിക്കണമെന്ന് ഖുർആൻ പറയുന്നു എന്ന് സമ്മതിച്ചതിന് ശ്രീ. കലാനാഥനോട് എനിക്ക് നന്ദിയുണ്ട്. ഖുർആൻ

വാക്യങ്ങൾ ഉദ്ധരിക്കാൻ ഞാൻ മിനക്കെടേണ്ടതില്ലല്ലോ! പിന്നെ അത് ഖുർആനനുകൂലമായിട്ടു മാത്രമേ ഉപയോഗിക്കാവൂ എന്നുണ്ടത്രെ! എവിടെയാണങ്ങനെ പറഞ്ഞതെന്നു ഉദ്ധരിച്ചു കാണിച്ചില്ല. പക്ഷേ, ഖുർആൻ മുഴുവനും പരമസത്യങ്ങളാണെന്ന് അതവകാശപ്പെടുന്ന നിലയ്ക്ക് ആ സത്യങ്ങൾ മനസ്സിലാക്കാൻ ബുദ്ധി ഉപയോഗിക്കണമെന്ന് പറയുന്നതിൽ എന്താണ് തെറ്റ്? സത്യമായിരിക്കയാൽ ബുദ്ധി ഉപയോഗിക്കേണ്ട ആവശ്യമില്ലെന്നും കണ്ണടച്ചു വിശ്വസിക്കണമെന്നും പറഞ്ഞില്ലല്ലോ! വൈജ്ഞാനികമായ കൗതുകമാണ് ചിന്താശീലത്തിന്റെ ലക്ഷണം. ഏത് ചിന്താഗതികളേയും സ്വാഗതം ചെയ്യാനും അവയെക്കുറിച്ച് ചർച്ചനടത്താനുമുള്ള സന്നദ്ധതയാണ് യഥാർത്ഥത്തിൽ സ്വതന്ത്രചിന്ത. ബുദ്ധിപരമായ ഈ സംസ്കാരം മുസ്ലിംകൾക്കുണ്ടായിരുന്നു. അജ്ഞരായ അറബികൾക്ക് ഖുർആനിലൂടെ കൈവന്ന ധൈഷണികബുഭുക്ഷ (Intellectual Gluttony) കാരണമായിട്ടാണ് അവർ ലോകത്തിന്റെ കോണുകളിലോളം ചെന്നെത്തി പുതിയ അറിവുകളും ജ്ഞാനങ്ങളുമായി ഇണങ്ങിച്ചേരാനും അവ സാത്മീകരിക്കാനും പ്രചോദിതരായിത്തീർന്നത്.

മുസ്ലിംകളെപറ്റി നെഹ്റു ഇപ്രകാരം പറഞ്ഞു: "എട്ടും ഒമ്പതും നൂറ്റാണ്ടുകളിലെ അറബികളുടെ ബുദ്ധിപരമായ അഭിനിവേശവും യുക്തിപരമായ വിചിന്തനവും ശാസ്ത്രീയമായ അന്വേഷണത്വരയും വളരെ ശ്രദ്ധേയമായിരുന്നു. മതവിശ്വാസം അറബികളെ ലോകത്തിന്റെ അറ്റങ്ങളിലോളം എത്തിച്ചു. ആ വിജയലഹരി തന്നെ അവരുടെ മതവിശ്വാസത്തെ ഊട്ടിഉറപ്പിച്ചിരിക്കും. എന്നിട്ടും അവർ പ്രമാണവിശ്വാസങ്ങളുടെ അതിരുകൾ കടന്നു നീങ്ങുന്നതായിട്ടുപോലും നാം കാണുന്നു. അവർ അജ്ഞേയവാദചർച്ചകളിലേർപ്പെടുകയും തങ്ങളുടെ എരിവും ആവേശവും ചിന്താപരമായ സാഹസങ്ങളിലേക്ക് തിരിച്ചുവിടുകയും ചെയ്തു. മഹാന്മാരായ അറബി സഞ്ചാരികൾ ഇതരജനങ്ങൾ എങ്ങനെ പ്രവർത്തിക്കുകയും ചിന്തിക്കയും ചെയ്യുന്നു എന്ന് മനസ്സിലാക്കാനും അവരുടെ ജ്ഞാനങ്ങളും ശാസ്ത്രങ്ങളും ജീവിതരീതികളും പഠിച്ചറിയുവാനും

54. Discovery of India,Nehru, P. 226.
55. വിശ്വചരിത്രാവലോകം, നെഹ്റു, ഭാ. 250.

അങ്ങനെ തങ്ങളുടെതന്നെ ചിന്താഗതികളെ വികസിപ്പിക്കാനുമായി ദൂരദൂരദേശങ്ങളിൽ താണ്ടിയെത്തി."[54]

ഖലീഫ അൽമൻസൂറിന്റെ കാലത്ത് ബഗ്ദാദിൽ ഒരു ഗവേഷണ-വിവർത്തനകേന്ദ്രം സ്ഥാപിച്ചു. ഗ്രീക്ക്, സിറിയ, ഴെൻദ്, ലത്തീൻ, സംസ്കൃതം തുടങ്ങിയ ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ തർജ്ജമ ചെയ്യിക്കാൻ ഏർപ്പാടുകൾ ചെയ്തിരുന്നു. ഇന്ത്യയിൽനിന്ന് ഗണിതശാസ്ത്രവും വാനശാസ്ത്രവും വൈദ്യവും അറബികൾ പഠിച്ചു. ഖലീഫ അൽമാമൂന്റെ കാലത്ത് വിവിധ മതസ്ഥരും ചിന്താഗതിക്കാരുമായ മഹാപണ്ഡിതന്മാരെ വരുത്തി സിംപോസിയങ്ങൾ സംഘടിപ്പിച്ചിരുന്നുവെന്നും നിരീശ്വരന്മാരും നിർമ്മതരുമായ പണ്ഡിതന്മാരും അതിലേക്ക് ക്ഷണിക്കപ്പെട്ടിരുന്നുവെന്നും നെഹ്റു 'വിശ്വ ചരിത്രാവലോക'ത്തിൽ എടുത്തുപറയുന്നുണ്ട്[55]. മതവിശ്വാസത്തിൽ അടിയുറച്ച അറബികൾ നാസ്തികവാദവും അജ്ഞേയവാദവുമെല്ലാം ചർച്ചചെയ്തു തള്ളിയവയാണെന്നു സാരം! മതവിശ്വാസികൾക്ക് 'സ്വതന്ത്രമായി' ചിന്തിക്കുവാൻ കഴിയുകയില്ലെന്ന ബുദ്ധിമോശം യുക്തിവാദികൾ ദയവായി എഴുന്നള്ളിക്കാതിരിക്കണം!

മുസ്‌ലിംഅറബികൾ മുഖേനയാണ് 'ഇരുണ്ടയുഗ'ത്തിൽ യൂറോപ്പിൽ ആദ്യമായി വിജ്ഞാനത്തിന്റെ വെളിച്ചം പരന്നതും സ്വതന്ത്രചിന്തയുടെ ശുദ്ധവായു വീശിയതും. യൂറോപ്പിൽ നവോത്ഥാനത്തിന്റെ (Renaissance) വിത്ത് പാകിയത് യഥാർത്ഥത്തിൽ അവരായിരുന്നു. അതിന്റെ തുടർച്ചയെന്നോണമാണ് പതിനേഴാം നൂറ്റാണ്ടിൽ യൂറോപ്പിൽ യുക്തിവാദപ്രസ്ഥാനം ചിറകുവിരുത്തി ഉയർന്നത്. ശ്രീ. കലാനാഥൻ ദയവായി ലോകചരിത്രത്തിന്റെ താളുകൾ മറിച്ചുനോക്കാൻ മിനക്കെടുമോ? ഇസ്‌ലാമിനോടു വലിയ പ്രതിപത്തിയൊന്നും കാണിച്ചിട്ടില്ലാത്ത എച്ച്.ജി.വെൽസിന് ഇപ്രകാരം സമ്മതിച്ചുപറയേണ്ടിവന്നിട്ടുണ്ട്:

The Arab intelligence had been flung across the worlds more swiftly and dramatically than had the Greeks a thousand years before. The intellectuel stimulation of the whole world west of China

56. A Short History of the World- H.G. Wells, P. 174.

the break up of old ideas and developement of new ones was enormous.

"ഒരായിരം കൊല്ലംമുമ്പ് ഗ്രീക്കുകാർ പരത്തിവിട്ടതിനേക്കാൾ കൂടുതൽ ശീഘ്രതയിലും നാടകീയമായും അറബികളുടെ ബുദ്ധി പ്രവർത്തനം ലോകത്താകെ വ്യാപിച്ചിട്ടുണ്ടായിരുന്നു. ചൈനയ്ക്ക് പടിഞ്ഞാറുള്ള മുഴുവൻ ലോകത്തും ഉണ്ടായ ധൈഷണികോത്തേജനവും പഴയ ആശയങ്ങളുടെ തകർച്ചയും പുതിയ ചിന്താഗതികളുടെ വികാസപരിണാമങ്ങളും വമ്പിച്ചതായിരുന്നു"[56].

അലക്സാന്ത്രിയൻഗ്രന്ഥശാല മുസ്ലിംകൾ നശിപ്പിച്ചുവെന്ന കള്ളക്കഥ യുക്തിവാദികൾ പ്രചരിപ്പിക്കാറില്ലേ? മതക്കാരന്റെ 'അക്ഷരവിരോധം' തെളിയിച്ചുകാട്ടാനുള്ള കള്ളക്കഥ? കേരളത്തിലെ യുക്തിവാദികളുടെ ആചാര്യനായിരുന്ന കുറ്റിപ്പുഴ കൃഷ്ണപിള്ള എഴുതിയ 'വിചാരവിപ്ലവ'ത്തിൽ യുക്തിഹീനമായ ഈ ചരിത്രാഭാസം എഴുതിപ്പിടിപ്പിച്ചിട്ടുണ്ടല്ലോ! ഖലീഫ ഉമറിന്റെ കല്പന പ്രകാരം ഈജിപ്തിലെ മുസ്ലിം സൈന്യാധിപനായിരുന്ന അംറുബ്നുൽ ആസ് ആ ഗ്രന്ഥശാല കത്തിച്ചുകളഞ്ഞുവെന്നാണ് ആരോപണം. ഖുർആനിൽ പറഞ്ഞ ജ്ഞാനങ്ങൾ അടങ്ങിയവയെന്നും ഖുർആന് നിരക്കാത്ത ജ്ഞാനങ്ങളടങ്ങിയവയെന്നുമായി ഗ്രന്ഥങ്ങൾ പകുത്തുവെച്ചുപോലും! എന്നിട്ട്, 'ഖുർആന് യോജിക്കുന്നവയാണ് ഗ്രന്ഥങ്ങളെങ്കിൽ അവയെക്കൊണ്ടൊരാവശ്യവുമില്ല, അവ സൂക്ഷിക്കേണ്ട കാര്യവുമില്ല; ദൈവവചനങ്ങൾക്ക് നിരക്കുന്നവയല്ലെങ്കിൽ അവ സൂക്ഷിക്കാനേ പാടില്ല; ആകയാൽ, എല്ലാം ചുട്ടുചാമ്പലാക്കണം' എന്നു ഖലീഫ കല്പിച്ചു എന്നാണ് കഥ! ആ ഗ്രന്ഥങ്ങൾ ആറു മാസക്കാലം കത്തിക്കൊണ്ടിരുന്നു എന്നു പറഞ്ഞാൽ ഗ്രന്ഥങ്ങളുടെ ബാഹുല്യം മനസ്സിലാക്കാം. ഇതൊക്കെ വായിച്ചുനോക്കി തരംതിരിച്ചുവെക്കാൻ എത്രകൊല്ലം പിടിച്ചിരിക്കുമെന്ന് ആലോചിക്കാൻപോലും യുക്തിവാദി ആചാര്യനു ബുദ്ധി തോന്നിയില്ല. മതത്തെ എതിർക്കാൻ ബുദ്ധിവേണമെന്നില്ലല്ലോ! എന്നിട്ടും യുക്തിവാദി മറ്റുള്ളവർക്ക് ബുദ്ധിയുപദേശിക്കുന്നു!!

57. വിശ്വചരിത്രാവലോകം, നെഹ്റു, ഭാ. 202.

ചരിത്രപണ്ഡിതനും നിർമ്മതനുമായ നെഹ്റു പറഞ്ഞതിങ്ങനെയാണ്: “അറബികൾ അലക്സാന്ത്രിയയിലെ വിശ്രുതമായ ഗ്രന്ഥശാല ചുട്ടുകരിച്ചു എന്നൊരു കഥയുണ്ട്. എന്നാൽ, ഇത് വെറും വ്യാജമാണെന്നാണ് ഇന്നത്തെ അറിവ്. ഇങ്ങനെയൊരു നീചപ്രവൃത്തി അവർ ഒരിക്കലും ചെയ്തിരിക്കാൻ വഴിയില്ല. അത്രയ്ക്ക് ഗ്രന്ഥപ്രണയികളായിരുന്നു അവർ.”[57]

ആധുനിക ആധികാരിക അറബിചരിത്രകാരനായ പ്രിൻസ്റ്റൺ യൂനിവർസിറ്റിയിലെ പ്രൊഫസർ ഹിറ്റി പറഞ്ഞതിങ്ങനെ:

The story that by the Caliph’s order Amr for six long months fed numerous bath furnaces of the city with the vloumes of Alexandrian Library is one of those tales that make good ficion but bad history. The great Ptolemaic Library was burnt as early as 48 B.C. by Julius Caesar. A later one referred to as the Daughter Library was destroyed about A.D. 389 as a result of an edict by the Emperor Theodosius. At the time of the Arab eonquest therefore no library of importance existed in Alexandria and no contemporary writer ever brought the charge against Amr or Umer.

“അലക്സാന്ത്രിയൻ ലൈബ്രറിയിലെ ഗ്രന്ഥങ്ങൾ ഖലീഫയുടെ കല്പനപ്രകാരം അംറ്, നഗരത്തിലെ എണ്ണമറ്റ കുളിമുറി അടുപ്പുകൾക്ക് ആറുമാസക്കാലം ഇന്ധനമാക്കിയെന്ന കഥ കേൾക്കാൻ രസമുള്ള കെട്ടുകഥകളിൽ പെടുത്താവുന്ന കഥകളിലൊന്നാകാമെങ്കിലും തെറ്റായ ചരിത്രമാണ്. ബി.സി. 48-ൽ തന്നെ ആ മഹത്തായ ടോളമിക് ലൈബ്രറി ജൂലിയസ് സീസർ ചുട്ടുകരിച്ചിരുന്നതാണ്. അതിന്റെ പുത്രിയെന്നു വിശേഷിപ്പിക്കപ്പെട്ട പിന്നീടത്തെ മറ്റൊരു ലൈബ്രറി എ.ഡി. 389 നോടടുത്ത് തിയോഡോസ്യസ് ചക്രവർത്തിയുടെ കല്പനപ്രകാരം നശിപ്പിക്കപ്പെട്ടു. ആകയാൽ, അറബികളുടെ ആക്രമണകാലത്ത് അലക്സാന്ത്രിയയിൽ എടുത്തുപറയത്തക്ക ലൈബ്രറിയൊന്നും നിലനിൽക്കുന്നുണ്ടായിരുന്നില്ല. അംറിന്റെയോ ഉമറിന്റെയോമേൽ ആധുനികചരിത്രകാരന്മാരാരുംതന്നെ ഇപ്പോൾ

58. History of the Arabs- Philip K. Hitty, 10th Ed. P. 166.
59. History of the Conflict- William Draper, 25th Ed. Lond. p. 112.

ഈ ആരോപണം ഉന്നയിക്കുന്നുമില്ല”[58].

ഖലീഫ അൽമാമൂൻ ബഗ്ദാദിലെ പബ്ലിക്ക് ലൈബ്രറിയ്ക്കു വേണ്ടി നിരന്തരമായി ധാരാളം പുസ്തകങ്ങൾ ഒരുമിച്ചുകൂട്ടുമായിരുന്നു. നൂറുകണക്കിൽ ഒട്ടകങ്ങളുടെ പുറങ്ങളിലായി അദ്ദേഹം അവ ബഗ്ദാദിലെത്തിച്ചുകൊണ്ടിരുന്നതായി രേഖപ്പെടുത്തീട്ടുണ്ട്. ഗ്രീക്ക് ചക്രവർത്തി മൈക്കൽ മൂന്നാമനുമായി ഉണ്ടാക്കിയ ഉടമ്പടിയിലെ വ്യവസ്ഥകളിലൊന്നു കോൺസ്റ്റാന്റിനോപ്പിളിലെ ഒരു ലൈബ്രറി അദ്ദേഹത്തിനു വിട്ടുകൊടുക്കണമെന്നതായിരുന്നു”[59].

ഇതാണ് മതനിഷ്ഠ പുലർത്തിയിരുന്ന ആദ്യകാല മുസ്ലിംകളുടെ സാംസ്കാരികബൗദ്ധിക ചരിത്രം. സ്വതന്ത്രചിന്ത എന്നൊന്നുണ്ടെങ്കിൽ അതിൽ സ്വച്ഛന്ദം പറന്നു കളിച്ചവരാണ് മുസ്ലിംകൾ. അതെന്താണെന്നു ലോകത്തെ പഠിപ്പിച്ചവരാണവർ.

അതുകൊണ്ട് ശ്രീ. കലാനാഥൻ കൊല്ലക്കടയിൽ സൂചി വിൽക്കാൻ നടക്കണ്ട!!

സ്വതന്ത്രചിന്ത ഇസ്ലാം അനുവദിക്കുന്നില്ലെന്ന് പറയുന്ന യുക്തിവാദികളോട് മാർക്സിസ്റ്റുകളായ നാസ്തികരോടു ഒരൊറ്റ ചോദ്യം: നിങ്ങളുടെ പിതൃനാട്ടിലെ സ്ഥിതി എന്താണ്? ചിന്തിക്കാനവിടെ സ്വാതന്ത്ര്യമുണ്ടോ? സാഹചര്യമുണ്ടോ? ബുദ്ധിരാക്ഷസന്മാർ സ്വർഗ്ഗത്തിൽനിന്നും ചാടിപ്പോകുന്നതെന്തിനാണ്?

റഷ്യയിൽ ശാസ്ത്രീയചിന്തപോലും മാർക്സിസത്തിന് ഒപ്പിച്ചു മാത്രമേ സാധിക്കൂ. പാവലോവിന്റെ ‘ഉപാഹിതപ്രതിക്ഷേപ സിദ്ധാന്ത’ത്തിന്, (Theory of Conditioned Reflex) അത് മാർക്സിസത്തിനു അനുയോജ്യമായതിനാൽ, റഷ്യയിൽ വലിയ പിന്തുണ കിട്ടിയപ്പോൾ പാരമ്പര്യശാസ്ത്രം കഴുത്തു ഞെരിക്കപ്പെട്ടു. ശാസ്ത്രത്തിനുപോലും വീർപ്പുമുട്ടേണ്ടിവരുന്ന നാട്ടിലാണോ സ്വതന്ത്രചിന്ത?

റഷ്യയെപ്പറ്റി നാം പഠിച്ചതിങ്ങനെ:

‘‘സോവ്യറ്റ്റഷ്യയിൽ പുസ്തകം അച്ചടിക്കുന്ന പണി

60. സോവ്യറ്റ് നാട്- സി. അച്ചുതമേനോൻ, ഭാ. 94.
61. സോവ്യറ്റ് നാട്- സി. അച്ചുതമേനോൻ, ഭാ. 253.

ഗവൺമെന്റ്തന്നെ ഏറ്റെടുത്ത് ഒരു കുത്തകയാക്കിയിരിക്കുകയാണ്. ഗവൺമ്മെന്റ് പ്രസിദ്ധീകരണശാലകളാണ് അവിടെ പുസ്തകങ്ങൾ അടിച്ചുപുറത്തിറക്കുന്നത്"[60].

മതപ്രചാരകന്മാർക്ക്... തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻതക്ക പുസ്തകങ്ങൾ കിട്ടാൻ വളരെ വിഷമമാണ്. റഷ്യയിൽ പുസ്തകപ്രസിദ്ധീകരണം ഒരു സർക്കാർ കുത്തകയാണ്. സർക്കാറിൽനിന്നു അതിന്നായി പ്രത്യേകം ഏർപ്പെടുത്തുന്ന വകുപ്പിൽനിന്നാണ് ഇങ്ങനെ പുസ്തകങ്ങൾ അച്ചടിക്കണമെന്ന് നിർണ്ണയിക്കുന്നത്. അതിൽ മതഗ്രന്ഥങ്ങൾ ഒരിക്കലും പെടുകയില്ല. അതുകൊണ്ട് മതഗ്രന്ഥങ്ങൾ കിട്ടുവാൻ കുറേ വിഷമമാണ്"[61].

"മറിച്ച്, മതവിരോധപ്രചാരവേലക്കുള്ള സൗകര്യം നിയമം അനുവദിക്കുന്നുണ്ട്." മതവിരോധസാഹിത്യങ്ങൾ സർക്കാർതന്നെ പ്രചരിപ്പിക്കുകയും ചെയ്യുന്നു!

അപ്പോൾ, മാർക്സിസ്റ്റ്- കമ്മ്യൂണിസ്റ്റ്-നിർമ്മത-യുക്തിവാദി പരിഷകളുടെ പിതൃനാട്ടിലെ സ്വതന്ത്രചിന്ത അങ്ങനെയാണ്! ഇത് സ്വതന്ത്രചിന്തയല്ല സാർ! ഇത് സാർവ്വദേശീയഗുസ്തിപ്രദർശനത്തിന്റെ മോണോആക്ടാണ്! ലജ്ജാവഹം! പരമലജ്ജാവഹം!!

## ദൈവത്തിന്റെ നീതി

*ആക്ഷേപം:-11.* അല്ലാഹു നീതിമാനല്ല.

*ഉദാഹരണം:-* ഭൂമിയിൽ കുറ്റം ചെയ്തവർക്ക് ശാശ്വത നരകമാണെന്ന് വിധിക്കുന്നു (50:34). ഒരു വിഭാഗം ജനങ്ങളെ മറ്റു വിഭാഗങ്ങളെക്കാൾ ഉയർത്തിവെക്കുന്നു. ഇസ്രായീൽജനതയെ ഉന്നതന്മാരാക്കിയത്രെ (44:32). ദൈവത്തിന്റെ പേരിൽ രക്തം ചൊരിഞ്ഞാൽ അനുഗ്രഹം നൽകുമത്രെ (22:58). തന്റെ നാമം ഉച്ചരിക്കാൻവേണ്ടി ബലികർമ്മങ്ങൾ അനുവദിച്ചുകൊടുത്തു (22:34). ഇതൊന്നും നീതിമാന് ചേർന്നതല്ല.

മറുപടി:- അല്ലാഹു നീതിമാനാണ്. അല്ലാഹു മാത്രമാണ് നീതിജ്ഞൻ. അല്ലാഹുവിന്നത്രെ സകലസ്തുതികളും!

അല്ലാഹു ഏകമാത്രനായിരിക്കയാൽ സാർവ്വദ്വികാത്മകമായ

പ്രപഞ്ചത്തിൽ സമതുലനത്തിന്റെ കേന്ദ്രബിന്ദു അവൻ മാത്രമാണ്. ആ ശക്തിസങ്കേതത്തെ മാത്രമെ പരമനീതിസ്ഥാനമായി ആർക്കും സങ്കല്പിക്കാനൊക്കൂ. അതുകൊണ്ടുതന്നെയാണ് ഏകനും ഏക മാത്രനുമായ (അൽഅഹദ്, അൽവാഹിദ്) സത്യദൈവം പരമനീതി ജ്ഞനും നീതിപാലകനും (അൽഹക്കം, അൽഅദ്ൽ) കൂടിയാ ണെന്ന് ഖുർആൻ ഘോഷിക്കുന്നത്. പ്രത്യക്ഷനീതി മാത്രമല്ല, സൂക്ഷ്മനീതിയും അവൻ നടത്തുന്നു. ഉപരിപ്ലവചിന്തകർക്ക് സൂക്ഷ്മനീതി മനസ്സിലാക്കാൻ പ്രയാസമായിരിക്കും.

## നിത്യനരകം

1. "ഭൂമിയിൽ കുറ്റം ചെയ്യുന്നവർക്ക് ശാശ്വതനരകമാണെന്ന് വിധിക്കുന്നു" (*50:34*).

വിശുദ്ധഖുർആൻ ഇപ്രകാരം വിധിച്ചിട്ടില്ല. ഖുർആനികമ ല്ലാത്ത ഈ സിദ്ധാന്തം ശ്രീ. കലാനാഥന് എവിടെനിന്ന് കിട്ടി?

നിത്യനരകം (Eternal Damnation)എന്ന ആശയം ഖുർആന്റെ ദർശനത്തിലില്ല. 'ആദ്യപാപതത്ത്വ'ത്തിലും (Original Sin) 'വീണ്ടെ ടുപ്പുസിദ്ധാന്ത'ത്തിലും (Doctrine of Atonement)മുസ്ലിംകൾ വിശ്വ സിക്കുന്നില്ല. അതൊരു ക്രിസ്തീയസങ്കല്പമാകുന്നു. ഖുർആന്റെ അന്തസ്സത്തയ്ക്കും ദൈവികഗുണങ്ങൾക്കും ഇണങ്ങിച്ചേരാത്ത ആമമായ ഒരാശയം! സ്വർഗ്ഗീയജീവിതം അനശ്വരമാണെങ്കിലും നര കശിക്ഷ ശാശ്വതമല്ലെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. മനുഷ്യ ജീവിതോദ്ദേശ്യം സാക്ഷാൽകരിക്കപ്പെടണമെങ്കിൽ ശിക്ഷാമുക്തി അനുപേക്ഷണീയമാണ്. മുക്തിപ്രാപിച്ച ആത്മാക്കൾ ബ്രഹ്മാനന്ദമ നുഭവിച്ചശേഷവും പ്രപഞ്ചത്തിലേക്ക് തിരിച്ചുവരുന്നുവെന്നും അങ്ങനെ കർമ്മഫലചക്രഗതിക്കനുസരിച്ചുള്ള പുനർജന്മപ്രക്രിയ അനന്തമായി തുടരുന്നുവെന്നുമുള്ള വൈദികതത്ത്വത്തെയും[62] ഇസ്ലാം അനുകൂലിക്കുന്നില്ല. ശ്രീ. കലാനാഥൻ ചൂണ്ടിക്കാണിച്ച ഖുർആൻ സൂക്തം നരകത്തെ കുറിച്ചുള്ളതല്ല. സ്വർഗ്ഗത്തെക്കുറി ച്ചുള്ളതാണ്. എന്നതത്രെ ഏറ്റവും വലിയ തമാശ!

62. സത്യാർത്ഥപ്രകാശം- സ്വാമി ദയാനന്ദസരസ്വതി, (മലയാളം തർജമ അഡ്വ. ടി. നാരാ യണൻ നമ്പ്യാർ)

اُدْخُلُوْهَا بِسَلَامٍ ذَالِكَ يَوْمُ الْخُلُودِ

"സമാധാനത്തോടെ അതിൽ പ്രവേശിക്കുവിൻ. ഇത് നിത്യ നിവാസങ്ങളുടെ ദിനമാകുന്നു" എന്നാണ് ഉദ്ധൃതഖുർആൻ വാക്യത്തിന്റെ പൂർണ്ണരൂപം (50:34).

പുണ്യങ്ങൾക്ക് അറ്റമില്ല. അനുസ്യൂതപുണ്യങ്ങൾക്ക് പ്രതിഫലസമാവർത്തനത്തിന്റെ നൈരന്തര്യം അവകാശപ്പെടാവുന്നതിനാൽ സ്വർഗ്ഗാനുഭൂതി അനന്തമാണ്. നിരോധനത്തിന്റെയും വീണ്ടുവിചാരത്തിന്റെയും തടവുകൾക്ക് വിധേയമായിരിക്കയാൽ പാപത്തിന് അനിവാര്യമായും പരിമിതിയും പരിസമാപ്തിയും ഉണ്ട്. ദൈവത്തിന്റെ കാരുണ്യാതിരേകത്തിന്റെയും പൊറുക്കലിന്റേയും സ്വാധീനതകൾക്ക് വിധേയമായിരിക്കയാൽ പാപഫലങ്ങളും സീമിതമാണ്. ദൈവം സർവ്വശക്തനും പരമസ്വതന്ത്രനുമായിരിക്കയാൽ കുറ്റം ചെയ്തവരെയെല്ലാം നീതിതത്ത്വമനുസരിച്ച് ശിക്ഷിച്ചുകൊള്ളാൻ അവൻ ബാദ്ധ്യസ്ഥനായിരിക്കുന്നുമില്ല. നീതിയും കാരുണ്യവും അവൻ ഒപ്പം നടത്തുന്നു. തന്നിമിത്തം, ദൈവം നരകശിക്ഷ ശാശ്വതമാക്കീട്ടില്ല. നരകശിക്ഷയെക്കുറിച്ചുള്ള ഖുർആൻസൂക്തങ്ങളിലെ 'ഖാലിദൂൻ' എന്നും 'അബദൻ' എന്നുമുള്ള പദങ്ങൾ ദീർഘകാലാർത്ഥത്തിൽമാത്രം പ്രയോഗിക്കപ്പെട്ടവയാണ്[63]. അല്ലാഹു ആരുടെ നേരെയും അന്യായം ചെയ്യുന്നില്ല. ഖുർആൻ പറയുന്നു:

مَنْ عَمِلَ صَالِحًا فَلِنَفْسِهِ وَمَنْ اَسَآءَ فَعَلَيْهَا وَمَارَبُّكَ بِظَلَّامٍ لِّلْعَبِيدِ

"ആർ നന്മ ചെയ്തുവോ അത് അവന്റെ ആത്മാവിനുവേണ്ടി; ആർ തിന്മ ചെയ്തുവോ അത് അവന്റെ ആത്മാവിന്നെതിരിലും. നിന്റെ നാഥൻ ദാസർക്ക് നേരെ അന്യായം പ്രവർത്തിക്കുന്നവനല്ല." (41:47).

വീണ്ടും പറയുന്നു:

وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ

63. 'നരകശിക്ഷ ശാശ്വതമല്ല' എന്ന ശീർഷകത്തിൽ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. എഴുതിയ ലേഖനം നോക്കുക. സത്യദൂതൻ (1936 ഫിബ്രു,ഏപ്രിൽ,മെയ്)

“എന്റെ കാരുണ്യം മറ്റെല്ലാറ്റിനേയും അതിശയിക്കുന്നു” (7:157).

كَتَبَ عَلي نَفْسِهِ الرَّحْمَةَ

“നിങ്ങളുടെ നാഥൻ കാരുണ്യം കാണിക്കുന്നതു അവന് നിർബ്ബന്ധമാക്കിയിരിക്കുന്നു” (6:13).

رَبُّكُمْ ذُورَحْمَةٍوَّسِعَةٍ

“നിങ്ങളുടെ നാഥൻ സർവ്വാതിശായിയായ കാരുണ്യത്തിന്റെ ഉടമയാകുന്നു” (6:148).

وربُّكَ الْغَنِيُّ ذُوالرَّحْمَةِ

“നിന്റെ നാഥൻ ധാരാളിയും കാരുണ്യം നിറഞ്ഞവനുമത്രെ” (6:134).

رَبَّنَاوَسِعْتَكُلَّ شَيْءٍ رَّحْمَةً وَّعِلْمًا

“ഞങ്ങളുടെ നാഥാ, നീ സകലത്തെയും നിന്റെ കാരുണ്യത്തിന്റെയും ജ്ഞാനത്തിന്റെയും വരുതിയിലാക്കുന്നു” (40:8).

കടുത്ത അവിശ്വാസിയോ പരമപാപിയോപോലും ശിക്ഷാവിധിയ്ക്കുശേഷം ഒടുവിൽ മുക്തിപ്രാപിക്കയും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യും എന്നതാണ് ഇസ്‌ലാമിലെ ശിക്ഷാദർശനം[64]. സ്വർഗ്ഗീയാനുഗ്രഹങ്ങൾ അനന്തമാണെന്നും എന്നാൽ, നരകശിക്ഷ അപ്രകാരമല്ലെന്നും ദൈവത്തിന്റെ ഹിതവും കൃപാതിരേകവുംമൂലം ഒടുവിൽ നരകശിക്ഷ അവസാനിക്കുമെന്നും ഖുർആൻ പഠിപ്പിക്കുന്നു. എന്തെന്നാൽ, ദൈവത്തിന്റെ കാരുണ്യം അവന്റെ ക്രോധത്തെ അതിശയിക്കുകയും അതിജീവിക്കുകയും ചെയ്യുന്നു എന്നാണ് ഖുർആൻ സിദ്ധാന്തിക്കുന്നത്[65].

## ശ്രേഷ്ഠജനം

64. Introduction to the Study of the Holy Quran, p. 122.
65. Ahmadiyyath or the True Islam, p. 395.

2. ഒരു വിഭാഗം ജനങ്ങളെ മറ്റുവിഭാഗങ്ങളെക്കാൾ ഉയർത്തി വെക്കുന്നു. ഇസ്രായീൽജനതയെ ഉന്നതരാക്കിയത്രെ(44:34).

ഇസ്രായീൽജനതയെ മറ്റു വിഭാഗങ്ങളുടെമേൽ ഉയർത്തിവെക്കുകയും ഉന്നതരാക്കുകയും ചെയ്തു എന്നു ശ്രീ. കലാനാഥൻ ചൂണ്ടിക്കാണിച്ച സൂക്തത്തിൽ ഏതായാലും അതൊട്ടില്ല. "പിന്നെ, നാം നിശ്ചയമായും അറിഞ്ഞുകൊണ്ടുതന്നെ, അവരെ (ഇസ്രായീൽ ജനത്തെ) ജനതകളിൽനിന്നും ഉൽക്കൃഷ്ടരായി തിരഞ്ഞെടുത്തു" എന്നാണ് സൂക്തം.

"അല്ലയോ ഇസ്രായീൽസന്തതികളേ, ഞാൻ നിങ്ങളിൽ പ്രദാനം ചെയ്ത അനുഗ്രഹങ്ങളെ കുറിച്ചോർക്കുവിൻ! മറ്റെല്ലാ ജനതകളെക്കാളും നിങ്ങളെ ഞാൻ ഉൽക്കൃഷ്ടരാക്കി" എന്ന് ഖുർആൻ മറ്റൊരിടത്ത് പറഞ്ഞിട്ടുണ്ട് (2:22). ഇതാണ് യുക്തിവാദിനേതാവിനെ വിറളി പിടിപ്പിച്ചതെങ്കിൽ അദ്ദേഹത്തിന് വിറളി പിടിക്കേണ്ടതില്ല!

ജനതകളിൽ എന്നു പറഞ്ഞത് ആ കാലഘട്ടത്തിലെ ജനതകളിൽ എന്ന അർത്ഥത്തിൽ മാത്രമാണ്. മുസ്ലിംകളുടെമേൽ ഉയർത്തിക്കളഞ്ഞു എന്നു ഏതായാലും ശ്രീ. കലാനാഥനു പരാതി വേണ്ട! തങ്ങളിൽ തുടർച്ചയായി അവതരിച്ചുകൊണ്ടിരുന്ന പ്രവാചകന്മാരുടെ ഉപദേശങ്ങൾ ചെവിക്കൊള്ളുകയും ദൈവാജ്ഞകളനുസരിച്ച് ജീവിക്കുകയും ചെയ്തപ്പോൾ അവർ ഉൽക്കൃഷ്ടരായി. സത്യത്തെ ഉയർത്തിക്കാട്ടാൻ ശ്രമിക്കയും നന്മയിൽ മുന്തിനിൽക്കുകയും ചെയ്തപ്പോൾ അവർ ബുദ്ധിപരമായി മുൻപന്തിയിലായി. അവരുടെ സമൂഹഗുണങ്ങൾ കാരണം അവർ ഉൽക്കൃഷ്ടസ്ഥാനീയരുമായി. മത്സരങ്ങളിൽ ടീമുകൾ ചാമ്പ്യന്മാരായി തിരഞ്ഞെടുക്കപ്പെടുന്നതുപോലെ. അങ്ങനെയാണ് ഇസ്രായീല്യർ വരിഷ്ഠസമുദായമായത്. അല്ലാഹു ഒരിക്കലും ഒരനീതിയും കാണിച്ചിട്ടില്ല; കാണിക്കയുമില്ല.

ഇസ്രായീൽജനതയെ നീതിമാനായ ദൈവം എക്കാലത്തേക്കും 'ഉയർത്തി'വെച്ചില്ലെന്ന വസ്തുതയും ഓർക്കേണ്ടതുണ്ട്. ആ സമൂഹഗുണങ്ങൾ അവരിൽ അപ്രത്യക്ഷമായപ്പോൾ അവർക്ക് പതനവും അപകർഷവും സംഭവിച്ചു. അപ്പോൾ നീതിമാനായ

ദൈവം ആ വരിഷ്ഠസമുദായത്തെ കൈവെടിഞ്ഞു. പ്രവാചകന്മാരെ കള്ളന്മാരാക്കുകയും അവരെ കൊല്ലാൻ ശ്രമിക്കുകയും ചെയ്ത യഹൂദരെ ദൈവം ശപിക്കുകയും അവരിൽ എളിമത്തം ആമുദ്രണം ചെയ്യുകയും ചെയ്തു. അങ്ങനെ നൂറ്റാണ്ടുകളോളം പ്രഭാവശാലികളായി വിരാജിച്ചുപോന്ന അവർ ബുദ്ധിശാലികളായിരുന്നിട്ടും തലമുറകളായി അടിമകളും അധഃസ്ഥിതരും ശപിക്കപ്പെട്ടവരുമായി കഴിയേണ്ടിവന്നു. ദൈവം ഏതെങ്കിലും സമുദായത്തെ ഉയർത്തുന്നുവെങ്കിലും താഴ്ത്തുന്നുവെങ്കിലും അവന്റെ സൂക്ഷ്മനീതിക്കനുസരിച്ച് മാത്രമേ, കണിശമായി കണക്കിട്ടശേഷം മാത്രമേ അപ്രകാരം ചെയ്കയുള്ളൂ.

മുസ്‌ലിംകൾ ‘ഖയ്റ ഉമ്മത്ത്’ (ഉത്തമസമുദായം) ആണെന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഒപ്പം തന്നെ അതിന്റെ കാരണവും വ്യക്തമാക്കിയിട്ടുണ്ട്.

مْ خَيْرَ أُمَّةٍ أُخْرِجَتْ لِلْنَّاسِ تَأْمُرُوْنَ بِالْمَعْرُوفِ وَتَنْهَوْنَ عَنِا لْمُنْكَرِ

“നിങ്ങൾ ഉത്തമസമുദായമാകുന്നു; എന്തെന്നാൽ, നിങ്ങൾ ജനങ്ങളോട് നന്മയെ കുറിച്ച് കല്പിക്കുകയും തിന്മയിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു.”

നന്മയെക്കുറിച്ച് കല്പിക്കുകയും തിന്മയെ വിലക്കുകയും ചെയ്യുന്നവർ അനിർവാര്യമായും ശ്രേഷ്ഠന്മാരായിത്തീരുന്നു എന്നർത്ഥം. മുസ്‌ലിംകളെ ശ്രേഷ്ഠസമുദായമായി പ്രഖ്യാപിച്ചെങ്കിൽ അവരിൽപെട്ട ഒരു വിഭാഗം പണ്ഡിതന്മാർ “ആകാശത്തിങ്കീഴിൽ ഏറ്റവും നികൃഷ്ടജീവികളായി” നിപതിക്കുന്ന കാലത്തെക്കുറിച്ചും നബിതിരുമേനി(സ) പ്രവചിച്ചിട്ടുണ്ട്.

عُلَمَاءُهُمْ شَرٌّ مَنْ تَحْتَ اَدِيْمِ السَّمَاءِ

ഏതെങ്കിലും ഒരു സമുദായത്തെയോ വിഭാഗത്തെയോ ഉന്നതന്മാരാക്കുകയോ ഇഷ്ടജനമായി സ്വീകരിക്കുകയോ ചെയ്യേണ്ട ആവശ്യം അല്ലാഹുവിന്നില്ല. അല്ലാഹു അനന്യാശ്രിതനും സർവ്വതന്ത്രസ്വതന്ത്രനും സർവ്വോന്നതനുമത്രെ! അല്ലാഹു സകലത്തിന്റെയും

കാരണക്കാരൻ ആയിരിക്കയാൽ സംഭവഗതികളുടെ നിയമാധിഷ്ഠി തമായ അനിവാര്യപരിണതി അവനിൽ ആരോപിക്കുന്നു എന്നുമാത്രം.

## രക്തച്ചൊരിച്ചിൽ

3. ദൈവത്തിന്റെ പേരിൽ രക്തം ചൊരിഞ്ഞാൽ അനുഗ്രഹം നൽകുമത്രെ (22:58).

ഖുർആനിൽ എവിടെയും ഇപ്രകാരം പറഞ്ഞിട്ടില്ല. 22-ാം അദ്ധ്യായം 58-ാം വചനത്തിലും ഇങ്ങനെ ഒന്നു കാണുകയില്ല.

22-ാം അദ്ധ്യായം 58-ാം വചനത്തിൽ ഇപ്രകാരമാണുള്ളത്. “അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ഭവനങ്ങൾ ഉപേക്ഷിച്ചോ ടിയശേഷം കൊല്ലപ്പെടുകയോ മരണപ്പെടുകയോ ചെയ്തിട്ടുള്ള വർക്ക് അല്ലാഹു നിശ്ചയമായും ഏറ്റവും ഉത്തമമായിട്ടുള്ള അനു ഗ്രഹവിഭവങ്ങൾ തന്നരുളുന്നതാണ്. നിശ്ചയമായും അല്ലാഹുതന്നെ യാണ് അനുഗ്രഹദാതാക്കളിൽ അത്യുന്നതൻ.”

ദൈവമാർഗ്ഗത്തിൽ കൊല്ലപ്പെടുകയോ മരണംവരിക്കുകയോ ചെയ്യുന്നവരെ അനുഗ്രഹിക്കുമെന്നു പറഞ്ഞവാചകം വളച്ചൊടിച്ചു രക്തച്ചൊരിച്ചിൽ നടത്തിയാൽ അനുഗ്രഹം നൽകുമെന്ന് അർത്ഥം നൽകി വിമർശിക്കാൻ പുറപ്പെട്ട കുയുക്തിവാദത്തിന് നമോവാകം!

രക്തച്ചൊരിച്ചിൽ നടത്താൻ ആഹ്വാനം ചെയ്ത മതമല്ല ഇസ്ലാം. അതവസാനിപ്പിച്ച മതമാണ്. യുദ്ധക്കൊതിയന്മാരുടെ മത മല്ല ഇസ്ലാം. യുദ്ധത്തിന്നെതിരെ യുദ്ധം പ്രഖ്യാപിച്ച സമാധാന വാദികളുടെ മതമാണ്! ഇസ്ലാം എന്നുവെച്ചാൽ, സമാധാനപ്ര സ്ഥാനം എന്നാണർത്ഥംതന്നെ. കള്ളപ്രചാരവേലകൾ ചെയ്തും ചരിത്രം വളച്ചൊടിച്ചും സുസ്ഥിരമായ സിദ്ധാന്തങ്ങളെയും സത്യ ത്തെയും മാറ്റിമറിക്കാൻ സാദ്ധ്യമല്ല!

രക്തച്ചൊരിച്ചിലിനു ആഹ്വാനം നൽകിയവർ സഖാവ് കലാ നാഥന്റെ ചിന്താഗതിക്കാരാകുന്നു. വർഗ്ഗസമരത്തിന്റേയും ചോരപ്ര ളയത്തിന്റേയും കാഹളം മുഴക്കിയവർ. ‘ജിഹാദി’നെക്കുറിച്ചുള്ള

66. On Communist Education- Kalinin, p. 444.

എന്തെല്ലാമോ വികലധാരണകളിൽ നെയ്തെടുത്തതാണ് യുക്തിവാദി നേതാവിന്റെ അന്തസ്സാരശൂന്യമായ ആക്ഷേപമെന്നു ഞാൻ മനസ്സിലാക്കുന്നു.

മഹത്തായ ലക്ഷ്യങ്ങൾക്ക് വേണ്ടി രക്തം ചൊരിയാനും മരണം വരിക്കാനും സന്നദ്ധരാകുന്നത് ഒരു തിന്മയാണോ? സ്റ്റാൻലിനെപ്പറ്റി കലിനിൻ ഇങ്ങനെ പ്രകീർത്തിച്ചു പറഞ്ഞു:

“ജനങ്ങൾക്കുവേണ്ടി അവസാനതുള്ളി രക്തവും നൽകാൻ താൻ ചെയ്ത പ്രതിജ്ഞയുടെ സാക്ഷാൽക്കാരമാണ് സ്റ്റാൻലിന്റെ ഓരോ പ്രവൃത്തിയും! ധാർമ്മികതയുടെ പരമകാഷ്ഠയല്ലയോ ഇത്”[66].

മനുഷ്യനെ അന്യായമായി കൊല്ലുന്നതിനെപറ്റി ഖുർആൻ താക്കീത് നൽകിയതിങ്ങനെ:

مَنْ قَتَلَ نَفْسًا بِغَيْرِ نَفْسٍ اَوْفَسَادٍ فِي الاَرْضِ
فَكَاَ نَّمَا قَتَلَ النَّاسَ جَمِيعًا

“അന്യായമായി ഒരു വ്യക്തിയെ കൊല്ലുകയോ ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്യുന്നത് മനുഷ്യരെ മുഴുവൻ കൊല്ലുന്നതിന് തുല്യമാണ്” (5:33).

ഒരു വ്യക്തിയുടെ ജീവനും സ്വത്തും മാനവും പരിശുദ്ധങ്ങളാണെന്നും അവ സംരക്ഷിക്കേണ്ടത് മുസൽമാന്റെ പാവനകർത്തവ്യമാണെന്നും ‘ഹജ്ജത്തുൽവിദാ’യിൽവെച്ചു തന്റെ സമുദായത്തിന് ‘വസിയ്യത്ത്’ നൽകിയ മുഹമ്മദ് നബി(സ)തിരുമേനിയുടെ പരിശുദ്ധമതത്തെപ്പറ്റി ഈ അസംബന്ധം എഴുന്നള്ളിച്ചത് കടന്നകൈ ആയിപ്പോയി!

## ധാർമ്മികത

*ആക്ഷേപം:-12.* ഇസ്‌ലാം ആധുനികമാനദണ്ഡങ്ങൾക്ക് നിരക്കാത്ത ധാർമ്മികതയ്ക്ക്വേണ്ടി നിലകൊള്ളുന്നു.

*ഉദാഹരണം:-1)* ബഹുഭാര്യത്വം ഇന്ന് അഭിലഷണീയമല്ല. (2) ശൈശവവിവാഹം ആദരണീയമല്ല. (3) ഖിയാമം ക്രൂരമായ സങ്കൽപ

മാണ്. (4) സത്യവിശ്വാസികൾ സത്യനിഷേധികളെ സുഹൃത്തുക്കളാക്കരുതെന്ന നിർദ്ദേശം അസഹനീയതയും വിരോധവും വളർത്തും (4:144). (5) ചിലരെ മറ്റു ചിലരെക്കാൾ ഉയർത്തുന്നത് ന്യായമല്ല. (2:213). (6) ഖുർആനിൽ നിറയെ സത്യമാണുള്ളതെന്ന് അവകാശപ്പെടുന്നു. ധാരാളം അപാകതകൾ അതിൽ പ്രകടമായി കാണുന്നു. ഉദാഹരണമായി, സൃഷ്ടികഥകൾ ശാസ്ത്രവസ്തുതകൾക്കു എതിരാണ്. (7) കന്യകമാരായ ഹൂറികളും ബാലന്മാരും തേനും പാലും ഒഴുകുന്ന നദികളും കിടക്കകളും ഉള്ള സ്വർഗ്ഗം പഞ്ചനക്ഷത്രഹോട്ടലിലെ നൃത്തഹാളാണെന്നാണ് തോന്നുക. തരംതാണ ലൈംഗികപ്രീണനമാണ് ഇതിന്റെ ലക്ഷ്യം.

മറുപടി:- ആധുനികമാനദണ്ഡങ്ങൾക്ക് നിരക്കുന്ന ധാർമ്മികത എന്താണ് എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ട് ഇസ്ലാമിലെ ധാർമ്മികപരിപ്രേക്ഷ്യത്തിലെ കോട്ടങ്ങളും കുറവുകളും എന്തൊക്കെയെന്ന് വിലയിരുത്തുക വിഷമമാണ്.

പദാർത്ഥികപ്രപഞ്ചത്തിൽ സന്മാർഗ്ഗബോധത്തിനു സ്ഥാനമുണ്ടോ? അന്ധമായ ബോധവിഹീനമായ അണുക്കളുടെ അനുസ്യൂതസംഘട്ടനമാണ് ഭൗതികപ്രപഞ്ചം എങ്കിൽ 'അർഹതയുള്ളത് അതിജീവിക്കുക' അഥവാ 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന കാടൻ നിയമത്തിന്നല്ലാതെ സത്യനീതികൾക്ക് എന്ത് പ്രസക്തി? ആകട്ടെ; ശ്രീ കലാനാഥന്റെ സ്വതസിദ്ധമായ (Innate) വികാരമെന്ന നിലയിൽ നമുക്കിതംഗീകരിക്കാം! മാർക്സിസ്റ്റ്തത്ത്വശാസ്ത്രത്തിൽ കേവലധർമ്മം (Absolute Morals) എന്നൊന്നില്ല. ഏത് സദാചാരത്തെക്കുറിച്ചാണ് സഖാവ് കലാനാഥൻ പറയുന്നത്? 'ആധുനിക മാനദണ്ഡങ്ങൾ' എന്താണ്?

ലെനിൻ പറഞ്ഞു: "തൊഴിലാളിവർഗ്ഗത്തിന്റേതല്ലാത്തതോ ആദ്ധ്യാത്മികമോ ആയ ചിന്താഗതികളനുസരിച്ചുള്ള എല്ലാ സദാചാരങ്ങളെയും ഞങ്ങൾ നിഷേധിക്കുന്നു. തൊഴിലാളികളുടെ വർഗ്ഗസമരപരമായ ആവശ്യങ്ങളെയും യാഥാർത്ഥ്യങ്ങളെയും അടിസ്ഥാ

---

67. On Religion- Lenin, p. 72,73.
68. Law & Justice in the Soviet Union- A.S.R. Chari
69. Life of Joseph Stalin- Louis Fischer, p. 111

നമാക്കിയാണ് ഞങ്ങൾ ഞങ്ങളുടെ സന്മാർഗ്ഗത്തെ രൂപപ്പെടുത്തുന്നത്!"[67]

ഏ.എസ്.ആർ.ചാരി പറഞ്ഞു: "കേവലധർമ്മങ്ങൾ എന്നൊന്നില്ലെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. ആകയാൽ, സോവ്യറ്റ്സൊസൈറ്റിയിൽനിന്ന് ഒരു പുതിയ സന്മാർഗ്ഗം ഉടലെടുക്കുന്നു"[68].

1950 ആഗസ്റ്റ് 20–ന് മോസ്കോറേഡിയോ ഇപ്രകാരം പ്രഖ്യാപിച്ചു:

From the point of view of communist morality only those acts are moral which contribute to the building of a new communist society.

"പുതിയൊരു കമ്മ്യൂണിസ്റ്റ് സമൂഹത്തെ കെട്ടിപ്പടുക്കുന്നതിന് സഹായകമായ പ്രവൃത്തികൾ മാത്രമേ കമ്മ്യൂണിസ്റ്റ് വീക്ഷണത്തിൽ സാന്മാർഗ്ഗികം ആയിരിക്കുകയുള്ളൂ"[69].

എല്ലാവർക്കും എക്കാലത്തും സ്വീകാര്യവും പ്രാമാണികവുമായ സദാചാരമൂല്യങ്ങളില്ലെങ്കിൽ, ആവശ്യത്തിനും ലക്ഷ്യങ്ങൾക്കും ഒത്തു അവ മാറിത്തിരിഞ്ഞുവരുമെന്നാണെങ്കിൽ ഈ ഗിരിപ്രഭാഷണം വേണോ മി. കലാനാഥൻ?

## ബഹുഭാര്യത്വം അനഭിലഷണീയമോ?

*1. ബഹുഭാര്യത്വം ഇന്ന് അഭിലഷണീയമല്ല.*

ഇസ്‌ലാമിൽ ബഹുഭാര്യത്വം മുസ്‌ലിംകൾക്ക് നിർബ്ബന്ധമാക്കിയിട്ടില്ല. അത് പ്രത്യേകസാഹചര്യത്തിലുള്ള ഒരനുവാദം മാത്രമാണ്. ബാദ്ധ്യതകൾ ഏറ്റെടുക്കാൻ തയ്യാറുള്ളവർക്കേ അതിന്നനുവാദമുള്ളൂ. വ്യഭിചാരവും വേശ്യാവൃത്തിയും നിയമവിധേയമായിരിക്കുന്ന സോവ്യറ്റ്സംസ്കാരവും സാമൂഹികനിയമങ്ങളും യുക്തിവാദി നേതാവിന്റെ പക്കൽ 'അഭിലഷണീയ'ങ്ങളായിരിക്കുന്നതുകൊണ്ട് ബഹുഭാര്യത്വത്തെ അദ്ദേഹം എതിർക്കുന്നതിൽ യുക്തിയുണ്ടെന്ന് സമ്മതിക്കാം! വ്യഭിചാരത്തെ ഒരു പരിതസ്ഥിതിയിലും ഇസ്‌ലാം അനുവദിക്കുന്നില്ലെന്നും അത് കടുത്തശിക്ഷയ്ക്കിരയാകുന്ന ഒരു വൻകുറ്റമാക്കീട്ടുണ്ടെന്നുമുള്ള വസ്തുത നിഷേധിക്കാവതല്ലെങ്കിൽ ബഹുഭാര്യത്വം ഇസ്‌ലാമിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്

ധാർമ്മികജീവിതത്തെ ലക്ഷ്യമാക്കിക്കൊണ്ടാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. വിവാഹമോചനം ഖുർആനികനിയമങ്ങളുടെ അടിസ്ഥാനത്തിൽ അത്രയൊന്നും എളുപ്പമുള്ളതല്ലെന്ന് വരുമ്പോൾ ബഹുഭാര്യത്വത്തിന്റെ കനത്ത ബാദ്ധ്യതകളേൽക്കാൻ അസാമാന്യമായ മനക്കരുത്തും ധർമ്മബോധവും നീതിനിഷ്ഠയും ആവശ്യമായി വരും. സോവ്യറ്റ് നിയമങ്ങൾ പ്രകാരം കൂടുതൽ കൂടുതൽ ഫീസ് അടക്കാൻ തയ്യാറുണ്ടെങ്കിൽ വിവാഹമോചനങ്ങളും പുനർവിവാഹങ്ങളും എത്രയെങ്കിലും ആവാം! വേശ്യാവൃത്തിയ്ക്ക് അവിടെ അംഗീകാരമുണ്ട്. വ്യഭിചരിക്കാൻ സ്വാതന്ത്ര്യവും നിയമാനുവാദവുമുണ്ട് താനും. യുക്തിവാദിനേതാവ് ഇതിലൊന്നും ഒരു തെറ്റും കാണുന്നില്ലെന്ന് മാത്രമല്ല ഇതൊക്കെ അദ്ദേഹത്തിന്റെ പക്കൽ ആധുനികപരിഷ്കാരത്തിന്റെ മാനദണ്ഡങ്ങൾക്ക് യോജിച്ചതുമാണ്! വൈവാഹികബന്ധത്തിലല്ലാതെ, സ്ത്രീയുടെ ജീവിതകാല സംരക്ഷണബാദ്ധ്യതയേറ്റിട്ടല്ലാതെ, ലൈംഗികവേഴ്ച നടത്തരുതെന്ന് ഇസ്ലാം നിഷ്കർഷിക്കുന്നതിന്റെ ന്യായയുക്തിയാണ് അദ്ദേഹത്തിന് തീരെ മനസ്സിലാകാത്തത്! കഷ്ടം!!

ബഹുഭാര്യത്വം ആധുനികമാനദണ്ഡങ്ങൾക്ക് യോജിച്ചതല്ലെന്ന് യുക്തിവാദി നേതാവ് പയുന്നത് അത് അപരിഷ്കൃതസമ്പ്രദായമാണെന്ന് വരുത്താനാണെങ്കിൽ ആധുനികശാസ്ത്രീയവീക്ഷണം ഇക്കാര്യത്തിൽ അദ്ദേഹത്തെ ഒട്ടും സഹായിക്കുമെന്ന് തോന്നുന്നില്ല!

ആധുനികകാലഘട്ടത്തിലെ അഗ്രസ്ഥാനീയരായ ലൈംഗീകശാസ്ത്രജ്ഞന്മാരിൽ അദ്വിതീയനും നിരവധി ആധികാരികഗ്രന്ഥങ്ങളുടെ കർത്താവുമായ ഡോ.വാൻ.ഡി. വെൽഡി (Dr. Van De Velde) പ്രസ്താവിച്ചിട്ടുള്ളത് ബഹുഭാര്യത്വപരമായ പ്രേരണ കൂടുതൽ ഉണ്ടാവുക പരിഷ്കൃതസമൂഹത്തിലാണെന്നാണ്. പ്രാകൃതകാലഘട്ടത്തിൽ മനുഷ്യന്റെ കുടുംബബന്ധം ക്ഷണികങ്ങളായിരുന്നുവെന്നും ഇഷ്ടംപോലെ ആണും പെണ്ണും വേഴ്ച നടത്തിയിരുന്നുവെന്നും (Promiscuity Theory) മനുഷ്യസമുദായത്തിൽ ആദ്യം ബഹുഭാര്യത്വമാണ് നിലനിന്നിരുന്നതെന്നുമുള്ള കാഴ്ചപ്പാട്തന്നെ ശരിയ

70. Fit or Unfit for Marriage- Prof. Van De H. Velde.

ല്ലെന്നാണ് അദ്ദേഹം സിദ്ധാന്തിച്ചിട്ടുള്ളത്. കൂട്ടവിവാഹങ്ങളിൽനിന്ന് (Horde Marriage) ഏകഭാര്യത്വം രൂപമെടുത്തതെങ്ങനെയെന്നല്ല, ഏക ഭാര്യത്വത്തിൽനിന്ന് ബഹുഭാര്യത്വം വളർന്നു വന്നതെങ്ങനെയെന്നാണ് തെളിയിച്ചുകാണിക്കേണ്ടിയിരിക്കുന്നത് എന്നത്രെ അദ്ദേഹത്തിന്റെ പക്ഷം.

For that man has also polygamous tendencies only a blind folded morality could deny.

“മനുഷ്യന് ബഹുഭാര്യത്വപരമായ പ്രവണതകളുമുണ്ടെന്ന വസ്തുത അന്ധമായ സദാചാരത്തിന് മാത്രമെ നിഷേധിക്കാൻ സാദ്ധ്യമാകയുള്ളൂ.”[70].

അദ്ദേഹം തുടരുന്നു:

Hence one can safely admit that polygamous impulse may perhaps be stronger in civilized than in primitive man, who can satisfy his sexual desire on one single object with few demands..... This however is not indented to mean that one should lead a polygamous life...... I do not say on grounds of morality...... For when we examine the marriage fit psychologically, other conditions have to obtain.

“ആകയാൽ, ബഹുഭാര്യത്വപരമായ ഉൾപ്രേരണ ഒരു പ്രാകൃതനിലെന്നതിനേക്കാൾ ഒരു പരിഷ്കൃതവ്യക്തിയിൽ കൂടുതൽ ശക്തമായിരിക്കാമെന്ന് ഖണ്ഡനഭയമെന്യേ സമ്മതിക്കാം. പ്രാകൃതനെ സംബന്ധിച്ചേടത്തോളം തന്റെ പരിമിതമായ ലൈംഗികമോഹം ഒരാളിൽ മാത്രമായി ഒതുക്കിക്കൊണ്ട് കാമസംതൃപ്തി കൈവരുത്താൻ സാധിച്ചേക്കും....... ബഹുഭാര്യത്വപരമായ ജീവിതം നയിച്ചുകൊള്ളണമെന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം....... സദാചാരത്തിന്റെ അടിസ്ഥാനത്തിലല്ല ഞാനിത് പറയുന്നത്. മനഃശാസ്ത്രപരമായ വിവാഹപ്പൊരുത്തത്തെപ്പറ്റി പരിശോധിക്കുമ്പോൾ മറ്റു ചില ഉപാധികൾകൂടി പൂർത്തിയാക്കേണ്ടതുണ്ട്”[71].

---

71. Fit or Unfit for Marriage- Prof. Van De H. Velde, p. 182-200.
72. Marriage and Morals- Russel, p. 94.

ബർട്രണ്ട്റസ്സലും ഈ യാഥാർത്ഥ്യം അംഗീകരിക്കാതിരുന്നിട്ടില്ല. പരിഷ്കൃതരായ ആളുകൾ ആണുങ്ങളായാലും പെണ്ണുങ്ങളായാലും ബഹുദമ്പതീത്വപരമായ ഉൾപ്രേരണയോടുകൂടിയവരായിരിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. സദാചാരത്തിന്റെ താല്പര്യങ്ങളോർത്ത് ഈ ഉൾപ്രേരണകളെ നിയന്ത്രിക്കാമെങ്കിലും അതിനെ കേവലം ഇല്ലായ്മ ചെയ്യാൻ സാദ്ധ്യമല്ലെന്നാണ് റസ്സൽ പറയുന്നത്[72].

അപ്പോൾ മനുഷ്യപ്രകൃതിയെ ഇസ്‌ലാം അംഗീകരിക്കുന്നു എന്നതാണ് സത്യം. മനുഷ്യന്റെ സഹജവികാരങ്ങളെ ഫലപ്രദമായി നിയന്ത്രിച്ചു ശരിയായ മാർഗ്ഗത്തിൽ തിരിച്ചുവിടുകയാണ് ഇസ്‌ലാം ചെയ്യുന്നത്. ആധുനികസമ്പന്നസമൂഹത്തിലെ (Affluent Society) ലൈംഗികാരാജകത്വത്തിന്നുള്ള ഒരു പ്രതിവിധിയാണ് ബഹുഭാര്യത്വം. പ്രകൃതിമതമായ ഇസ്‌ലാമിൽ അത് സോപാധികമായ ഒരനുവാദമാകുന്നു.

സമ്പത്ത് കൂടുതൽ വിഭജിക്കപ്പെടുന്നു എന്നതിനാൽ ബഹുഭാര്യത്വത്തിന് ഒരു സാമ്പത്തികമൂല്യവുമുണ്ട്. ഇസ്‌ലാമിൽ സമ്പന്നനായ ഒരാൾക്ക് നാലു ഭാര്യമാരുണ്ടെങ്കിൽ ആ നാലു ഭാര്യമാരിലേയും മക്കൾക്ക് സ്വത്തുക്കൾ തുല്യാവകാശമായി പിന്തുടർച്ചയിൽ ലഭിക്കുന്നു എന്ന കാര്യം മറന്നുകൂടാ. സ്വത്തുവിഭജനവും കുത്തകനിയന്ത്രണവും ഇവിടെ കാണാം. മറ്റു ചില സമൂഹങ്ങളിൽ കോടീശ്വരന്റെ സ്വത്ത് യഥാർത്ഥഭാര്യയുടെ മൂത്തമകന് മാത്രമേ സിദ്ധിക്കുകയുള്ളൂ. ആ വ്യവസ്ഥയിലൂടെ സ്വത്ത് വിഭജനവും വിതരണവുമില്ലാതെ തലമുറതലമുറയായി സമ്പന്നകുടുംബത്തിന്റെ സ്ഥിരാവകാശമായിത്തീരുകയും ചെയ്യുന്നു. ജയപ്രകാശ് നാരായണൻ 'സോഷ്യലിസം എന്തിന്?' എന്ന ഗ്രന്ഥത്തിൽ ഇത് വിവരിച്ചിട്ടുണ്ട്. സമ്പന്നന്റെ ധനം തലമുറകളിൽ പിന്തുടർച്ചാക്രമത്തിലൂടെ അനേകർക്ക് വിഭജിച്ചു വിതരണം ചെയ്യപ്പെടുകയെന്നത് ബഹുഭാര്യത്വത്തിന്റെ മറ്റൊരു പ്രയോജനവശമാകുന്നു. സംരക്ഷണത്തിൽ വരുന്ന അനാഥകുട്ടികൾക്കും അത് ദാനമായി ലഭിക്കുമാറാകുന്നു. ഏതാ

73. 'ക്രിസ്തു വിവാഹിതനായിരുന്നുവോ?' എന്ന തലയ്ക്കെട്ടിൽ വന്ന മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എയുടെ ലേഖനം നോക്കുക. സത്യദൂതൻ, പു. 11, ല.12.

യാലും ആധുനികസമൂഹത്തിൽ ബഹുഭാര്യത്വം 'അഭിലഷണീയമല്ല' എന്ന് ശഠിക്കുന്നത് ജീവിതയാഥാർത്ഥ്യങ്ങളിൽനിന്നുള്ള ഒളിച്ചോട്ടം മാത്രമാണ്!

ബഹുഭാര്യത്വം അത്രയധികം അറപ്പുളവാക്കുന്ന 'കാടത്ത'പരമായ ഒരു ഏർപ്പാടാണോ? യഹൂദമതത്തിലും വൈദികമതത്തിലും അതനുവദിച്ചിട്ടുണ്ട്. 'പഴയനിയമ'ത്തിലെ പുണ്യവാളന്മാരുടെ ചരിത്രത്തിലും യഹൂദപാരമ്പര്യങ്ങളിലും ഉടനീളം ബഹുഭാര്യത്വം ആചരിച്ചു വന്നതായി കാണാം. പ്രവാചകപിതാവായ അബ്രഹാം ബഹുഭാര്യനായിരുന്നു. പരമപരിശുദ്ധരും സാത്വികതയുടെ സജീവമാതൃകകളുമായി പ്രശോഭിച്ച നിരവധി പ്രവാചകന്മാരും ബഹുഭാര്യവാന്മാരായിരുന്നതായി ബൈബിൾ മനസ്സിലാക്കിത്തരുന്നു. മോശെയുടെ ന്യായപ്രമാണത്തിലും ബഹുഭാര്യത്വം നിരോധിക്കപ്പെട്ടിട്ടില്ല. ന്യായപ്രമാണത്തിലെ പുള്ളിയെങ്കിലും വള്ളിയെങ്കിലും ക്രിസ്തു മാറ്റിയിട്ടില്ല. നീക്കം ചെയ്യാനല്ല പൂർത്തിവരുത്താനത്രെ താൻ വന്നതെന്ന് പറഞ്ഞുകൊണ്ട് ക്രിസ്തു ന്യായപ്രമാണത്തെ ഉയർത്തിപ്പിടിച്ചു. യേശുവും ബഹുഭാര്യത്വത്തെ വിലക്കിയിട്ടില്ല.[73] വിലക്കിയതായിട്ടുള്ള ഒരു വാക്കുപോലും സുവിശേഷങ്ങളിൽ അങ്ങോളമിങ്ങോളം തിരഞ്ഞാലും കാണുകയില്ല. യേശു ബഹുഭാര്യത്വത്തിന്നെതിരാണെന്ന് പറയുന്നവർ സുവിശേഷത്തിൽനിന്ന് അപ്രകാരം ഒരു വാക്ക് ഉദ്ധരിച്ചുകാണിക്കട്ടെ! പാശ്ചാത്യ ക്രൈസ്തവ സംസ്കാരത്തിന്റെ അടിത്തറ ക്രിസ്തുമതമാണെങ്കിൽ ആ ക്രിസ്തുമതത്തിന്റെ സ്ഥാപകനായ യേശു ബഹുഭാര്യത്വം നിഷിദ്ധമാക്കിയിട്ടില്ല. ക്രിസ്തുമതപരിഷ്കർത്താവും പുണ്യവാളനുമായ മാർട്ടിൻ ലൂതർതന്നെയും ഏറ്റുപറഞ്ഞിട്ടുള്ള ഒരു സത്യമാണിത്.

വെസ്റ്റർമാർക്ക്[74] (Edward Alexander Wester Mark)പറയുന്നു:

Luther speaks of polygamy with considerable toleration. It had

74. ഫിൻലണ്ടുകാരനായ ഈ നരവംശശാസ്ത്രജ്ഞൻ (1862–1939) ഹിസ്റ്ററി ഓഫ് ഹ്യൂമൻ മാരേജ് എന്ന പേരിൽ ഒരു ബൃഹദ്ഗ്രന്ഥമെഴുതിയിട്ടുണ്ട്. സദാചാര- വൈവാഹികചരിത്രത്തെ സംബന്ധിച്ചിടത്തോളം ഒരു ആധികാരികവക്താവാണിദ്ദേഹം.

75. 1911ൽ പ്രസിഡന്റ് ടാഫ്റ്റ് നിയമിച്ചതനുസരിച്ച് കൈറോവിലെ മിക്സഡ് ട്രിബ്യൂണലിൽ കൊല്ലങ്ങളോളം അമേരിക്കൻ പ്രതിനിധിയായി പ്രവർത്തിച്ച് മുസ്ലിം സാംസ്കാരിക ജീവിതത്തെപ്പറ്റി പഠിച്ചറിഞ്ഞ സമുന്നത ന്യായാധിപനാണിദ്ദേഹം. Review of Religions, Sept. 1933)

not been forbidden by God. Even Abraham who was a perfect Christian had two wives... Polygamy was undoubtedly preferable to divorce.

"ഗണ്യമായ പൊറുമയോടുകൂടിയാണ് ലൂതർ ബഹുഭാര്യത്വ ത്തെപ്പറ്റി പറയുന്നത്. അത് ദൈവം നിഷിദ്ധമാക്കിയിട്ടില്ല. പൂർണ്ണ ക്രിസ്ത്യാനിയായിരുന്ന അബ്രഹാമിനുപോലും രണ്ട് ഭാര്യമാരുണ്ടാ യിരുന്നു..... ബഹുഭാര്യത്വം വിവാഹമോചനത്തെക്കാൾ സംശയ മെന്യേ അഭിലഷണീയമായിരുന്നു."

സുവിശേഷം ബഹുഭാര്യത്വത്തെ നിരോധിച്ചിട്ടില്ലെന്ന് മാർട്ടിൻ ലൂതർ ഹെസ്സിയിലെ ഫിലിപ്പിനെ (Philip of Hesse) ആധികാരികമാ യിത്തന്നെ അറിയിക്കയുണ്ടായെന്നും അതുകൊണ്ട് ഇക്കാര്യത്തിൽ മൗനം കൈക്കൊളുന്നതാണ് ബുദ്ധി എന്നാണ് താൻ കരുതുന്ന തെന്നും അമേരിക്കയിലെ പേരുകേട്ട ന്യായാധിപൻ ആയിരുന്ന പീരെ ക്രാബൈറ്റ്സ് (Piere Crabites) പ്രസ്താവിക്കയുണ്ടായി. Things Mahomet Did for Women (മുഹമ്മദ് നബി സ്ത്രീകൾക്കുവേണ്ടി ചെയ്ത കാര്യങ്ങൾ എന്ന തലക്കെട്ടിൽ 'ഏഷ്യ' (Asia) മാസികയിൽ എഴുതിയ ലേഖനത്തിലാണ് അദ്ദേഹമിത് പഞ്ഞത്[75].

30 കൊല്ലത്തെ യുദ്ധത്തെതുടർന്നുണ്ടായ വെസ്റ്റ്ഫാലിയ സമാധാന ഉടമ്പടിയ്ക്ക് (Peace of West Phalia) ശേഷം ജനസംഖ്യ ഗണ്യമായി കുറഞ്ഞതുകാരണം, 1650-ൽ ന്യൂറംബർഗിലെ ഫ്രാൻകിഷ് റീഷ്സ്റ്റാഗ് മേലിൽ എല്ലാവർക്കും രണ്ട് സ്ത്രീകളെ വിവാഹം ചെയ്യാൻ അനുവാദം നൽകണമെന്ന പ്രമേയം അംഗീക രിക്കയുണ്ടായി. അതെ, യൂറോപ്പിന്റെ ഹൃദയസ്ഥാനമായ ജർമ്മനി യിലെ നിയമസഭ അങ്ങനെ പാസ്സാക്കി!

വളരെ വീറോടെ ബഹുഭാര്യത്വത്തിന് വേണ്ടി വാദിക്കുന്ന ക്രൈസ്തവവിഭാഗങ്ങൾ തന്നെയുണ്ട്. ക്രിസ്തീയരിൽപെട്ട മോർമൺകക്ഷിക്കാർ (Mormons) എത്രയെങ്കിലും വിവാഹം ചെയ്യാ നുള്ള സ്വാതന്ത്ര്യത്തിന്നുവേണ്ടി ചോരയൊഴുക്കീട്ടുള്ളവരാണ്.

---

76. 'യേശുക്രിസ്തു കശ്മീരിൽ', 'ക്രിസ്തുവിന്റെ കല്ലറ' എന്നീ വിവർത്തനകൃതികൾ വായിക്കുക.
77. Jesus Died in Kashmir- Dr. Faber Kaisar.

ഇന്നും മോർമൺകാർ അമേരിക്കയിൽ ബഹുവധുക്കളുമായി ഉത്താ സ്റ്റേറ്റിൽ (Utha State) കഴിഞ്ഞുകൂടുന്നു! യേശുപോലും ബഹുഭാര്യത്വം സ്വീകരിച്ചിട്ടുണ്ടെന്നാണ് അവരുടെ വാദം. യേശു ചില സ്ത്രീകളുമായി വളരെ അടുപ്പത്തിൽ പെരുമാറിയതായി സുവിശേഷത്തിൽ വിവരിച്ചിട്ടുണ്ട്. അവരെല്ലാം ഭാര്യമാരായിരുന്നിരിക്കണമെന്നും അല്ലാതെ ആരാൻപെണ്ണുങ്ങളോടു അത്തരത്തിൽ ഒരു പ്രവാചകന് പെരുമാറാൻ ആവില്ലെന്നും അവർ പറയുന്നു. അവരുടെ പക്കൽ മറിയയും മാർത്തയും 'മറ്റെ മറിയ'യും യേശുവിന്റെ സഹധർമ്മിണികളായിരുന്നു. അങ്ങനെ വരുന്നതിൽ ഒരു പന്തികേടും ഇല്ലതാനും! എല്ലാ പ്രവാചകന്മാരും വിവാഹിതരാണെന്ന് ഖുർആൻ പറയുന്നുണ്ട്. യേശുവും വിവാഹം കഴിച്ചിരുന്നു. കാനായിലെ കല്ല്യാണം യേശുവിന്റെതന്നെ വിവാഹാടിയന്തരമായിരുന്നു (യോഹ. 2:9-11). മുപ്പത്തിമുന്നാം വയസ്സിൽ കുരിശു സംഭവത്തോടെ യേശുവിന്റെ ജീവിതം അവസാനിച്ചുപോയിട്ടില്ല[76]. നൂറ്റിയിരുപതു വയസ്സ്വരെ ജീവിച്ച യേശു വേറെയും വിവാഹം കഴിച്ചിരുന്നിരിക്കും. യേശുവിന്റെ സന്താനപരമ്പരയിൽപെട്ട ആൾ ഇന്നും കശ്മീരിലുണ്ട്. ജർമ്മൻകാരനായ ഫാബർ കൈസരുടെ പുസ്തകത്തിൽ[77] അദ്ദേഹത്തിന്റെ പടം കാണാം.

ക്രൈസ്തവപുരോഹിതന്മാർതന്നെ ബഹുഭാര്യത്വത്തിനു അനുകൂലമായി ശബ്ദമുയർത്തിത്തുടങ്ങിയ കാലമാണിത്. ആഫ്രിക്കയിൽ ബിഷപ്പ്മാർപോലും ബഹുഭാര്യത്വം പ്രസംഗിക്കുന്നു. അല്ലെങ്കിൽ ആഫ്രിക്കയിൽ ക്രിസ്തുമതത്തിന്റെ ഭാവി അപകടത്തിലാണെന്നാണ് അവരുടെ വാദം.

അമേരിക്കയിൽ ട്രിനിറ്റി എപിസ്കോപ്പൽ ചർച്ചിന്റെ റെക്ടർ ആയിരുന്ന റവ:ഡോ. കാലബ് ആർ. സ്റ്റെറ്റ്സൺ (Rev. Caleb R Stetson)പറഞ്ഞത് ഇങ്ങനെയാണ്:

It is conceivable that this government might one day make polygamy legal, and that legalized polygamy has certain features which recommend it,as compared with the progressive polygamy

78. Quoted: The Bankruptcy of Marriage- V.G. Claverton, p.86.
79. കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉൽഭവം- എംഗൽസ്, മോസ്കോ, 1980, ഭാ.52.

and respectable promiscuity toward which we are now tending.

“ഈ ഗവർമ്മെന്റ് എന്നെങ്കിലുമൊരിക്കൽ ബഹുഭാര്യത്വം നിയമവിധേയമാക്കിയേക്കാമെന്ന കാര്യം നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ. നാമിപ്പോൾ പ്രവണത കാണിച്ചുതുടങ്ങിയിട്ടുള്ള പുരോഗമനപരമായ ബഹുഭാര്യത്വത്തെയും(!) ആദരണീയമായ ആൺപെൺ സഹവാസത്തെയും അപേക്ഷിച്ച് നിയമാധിഷ്ഠിതമായ ബഹുഭാര്യത്വത്തിന് അതിനെ അഭിലഷണീയമാക്കിത്തീർക്കുന്ന ചില പ്രത്യേകതകളുണ്ട്താനും”[78].

ഏകദാമ്പത്യമാണ് ധാർമ്മികമെന്നും ബഹുഭാര്യത്വം അധാർമ്മികമാണെന്നും ഉള്ള വിവരക്കേട് മി. കലാനാഥൻ ഉപേക്ഷിക്കണം. ഏകദാമ്പത്യമായാലും ബഹുഭാര്യത്വമായാലും വിവാഹമാണ് ധാർമ്മികം. എംഗൽസ് പറഞ്ഞത് ഞാനദ്ദേഹത്തെ ഓർമ്മിപ്പിക്കട്ടെ; “ഇനി ഏറ്റവും കർശനമായി പാലിക്കപ്പെടുന്ന ഏക ദാമ്പത്യമാണ് സദ്ഗുണത്തിന്റെ പരമകാഷ്ഠയെന്നുണ്ടെങ്കിൽ ഇതിനുള്ള ഏറ്റവും വലിയ സമ്മാനം ലഭിക്കേണ്ടത് നാടപ്പുഴു(Luke Worm)വിന്നാണ്. കാരണം ഈ പുഴുവിന്റെ ശരീരത്തിലുള്ള 50-200 അറകളിൽ ഓരോന്നിലുംതന്നെ പൂർണ്ണതയുള്ള ഓരോ ആൺ-പെൺ ജനനേന്ദ്രിയങ്ങളുണ്ട്. ഓരോ അറയിലും സ്വയം സഹശയനം നടത്തിക്കൊണ്ടാണ് ഇത് ആയുഷ്കാലം മുഴുവൻ ചെലവിടുന്നതും”[79].

ലൈംഗികജീവിതത്തെ സംബന്ധിച്ചിടത്തോളം ‘ഡോൺ ജുവാനുമല്ല, ഒരു നിസ്സംഗനുമല്ല’ (Neither Don Juan nor an ascetic ) എന്ന ലെനിന്റെ സുപ്രസിദ്ധമായ മദ്ധ്യവർത്തിസിദ്ധാന്തം എവിടെയെങ്കിലും സാക്ഷാൽക്കരിക്കപ്പെടുമെങ്കിൽ അത് ഇസ്ലാമിക സൊസൈറ്റിയിൽ മാത്രം! അതെ, മുസ്ലിംകൾക്കിടയിൽ മാത്രം.

നിയമാധിഷ്ഠിതമായ ബഹുഭാര്യത്വം ഇസ്ലാം അനുവദിക്കുന്നത് ചില പ്രത്യേക സാഹചര്യങ്ങളിലാണ്. ആ സാഹചര്യങ്ങളില്ലെങ്കിൽ ബഹുഭാര്യത്വം ഇസ്ലാമിൽ അനുവദനീയമല്ല. ഈ സത്യം എന്തിന് മറച്ചുവെക്കുന്നു?

ഇനി എവിടെയെങ്കിലും ദേശീയതാൽപര്യത്തെ മുൻനിറുത്തി

ബഹുഭാര്യത്വം നിയന്ത്രിക്കേണ്ടിവരുന്നുവെങ്കിൽ അതിന്ന് 'ശരീഅത്ത്' തടസ്സമല്ലതാനും. ഏകഭാര്യത്വം നിർബ്ബന്ധമാക്കിയേടങ്ങളിൽ പോലും നിയമം ലംഘിക്കാൻ ഒരു മുസ്ലിം തയ്യാറാകയില്ല. എന്തെന്നാൽ, ദേശക്കൂറും നിയമപാലനവും മുസ്ലിമിന്റെ മുഖമുദ്രയാകുന്നു. പക്ഷേ, ബഹുഭാര്യത്വം അധാർമ്മികമാണെന്നും കാടത്തമാണെന്നും വരുത്തിക്കൂട്ടി, അത് സ്വീകരിച്ചവരെയെല്ലാം അധാർമ്മികരും അനഭിലഷണീയരുമായി മുദ്രകുത്താനാണ് പുറപ്പാടെങ്കിൽ ആ പൂതി മനസ്സിൽവെച്ചേക്കണം! അബ്രഹാമിനേയും മോശെയേയും യേശുക്രിസ്തുവിനേയും മുഹമ്മദ്നബി തിരുമേനിയേയും സദാചാരം പഠിപ്പിക്കാൻമാത്രം ബുദ്ധിപരമായി വളർച്ചപ്രാപിച്ച ഒരൊറ്റ യുക്തിവാദിയും ഈ ഭൂമുഖത്ത് ജനിച്ചിട്ടില്ല! ശ്രീ. കലാനാഥൻ പടന്നയ്ക്ക് ഉപ്പ് കെട്ടാൻ മിനക്കെടേണ്ട. ദയവായി ആ വിഡ്ഢിവേഷം കെട്ടരുത്!!

## ശൈശവവിവാഹം

*(2) ശൈശവവിവാഹം ആദരണീയമല്ല*

ശൈശവവിവാഹം ഇസ്ലാമിലെ ഒരു കല്പനയാണെന്ന് തോന്നും ഈ പ്രസ്താവന കണ്ടാൽ! ഖുർആൻ വിവാഹത്തിന് ഒരു പ്രത്യേകവയസ്സ് നിർണ്ണയിച്ചിട്ടില്ലാത്തത് നേരാണ്. വിവാഹകാര്യത്തിൽ പരിഗണിക്കപ്പെടേണ്ട ഒട്ടേറെ പ്രശ്നങ്ങളുള്ളതിനാൽ ഒരു കുട്ടിയുടെ ഉത്തമതാൽപര്യങ്ങളെ മുൻനിറുത്തി ഉചിതമായ തീരുമാനമെടുക്കാനുള്ള അവകാശം ഇസ്ലാം വധൂവരന്മാരുടെ രക്ഷിതാക്കൾക്ക് അംഗീകരിച്ചുകൊടുക്കുന്നു. വിവാഹബന്ധം നേരത്തെ ഉറപ്പിക്കേണ്ടത് ഒരു കുടുംബത്തിലെ സവിശേഷ സാഹചര്യങ്ങളിൽ അത്യാവശ്യമാണെന്ന് കാണുന്നപക്ഷം വിവാഹം നടത്തിക്കൊള്ളാൻ ഇസ്ലാം അനുവദിക്കുന്നു. ഏതെങ്കിലും ഒരു രാജ്യത്തെ സിവിൽ നിയമങ്ങൾ വിവാഹത്തിന് വയസ്സ് നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അതംഗീകരിക്കരുതെന്നോ അനുസരിക്കരുതെന്നോ ഖുർആൻ നിർദ്ദേശിച്ചിട്ടുമില്ല. മറിച്ച്, അനുസരിക്കണം എന്നും അഥവാ നിയമം ലംഘിക്കരുത് എന്നും വ്യക്തമായി അനുശാസിക്കുന്നുണ്ടുതാനും. അപ്പോൾ, ഈ ആക്ഷേപത്തിനു എന്തു പ്രസക്തി?

ശൈശവവിവാഹത്തെ നിഷേധിച്ചുകൊണ്ടുള്ള നിയമം (The Child Marriage Restraint Act- 1929) ഇന്ത്യയിൽ നിലവിലുണ്ട്. ഇതു പ്രകാരമുള്ള വിവാഹവയസ്സ് പാർലിമെന്റ് അടുത്തകാലത്ത് വീണ്ടും ഉയർത്തിയപ്പോൾ മുസ്‌ലിംകളിൽ ഒരു വിഭാഗം അതിൽ പ്രതിഷേധിക്കുകയുണ്ടായിട്ടുണ്ട്. ശൈശവവിവാഹം അവർ ആദരണീയമായി കരുതുന്നു എന്ന് അതിന്നർത്ഥമില്ല.

ബാലികമാർ നേരത്തെ ഋതുമതികളാകുന്ന ഭൂപ്രദേശങ്ങളിൽ വിവാഹം നേരത്തെ നടക്കുന്നത് സ്വാഭാവികമാണ്. ശരീരശാസ്ത്രപരമായി അതിൽ അപാകമൊന്നുമില്ല. യുക്തമെന്ന് തോന്നുന്ന സമയത്ത് ഒരു ബാലികയെ കെട്ടിച്ചുകൊടുക്കാൻ ഒരു പിതാവിനോ പിതാമഹനോ ഉള്ള അവകാശത്തെ ചോദ്യം ചെയ്യുന്നത് ശരിയല്ലെന്നു പ്രായോഗികബുദ്ധി സമ്മതിക്കും. പതിനേഴു വയസ്സിന്നുള്ളിൽ തന്നെ സ്ത്രീ വിവാഹിതയാകേണ്ട നിർബ്ബന്ധ സാഹചര്യങ്ങൾ ഉളവാകുമ്പോൾ അവിടെ നിയമം തടസ്സം നിൽക്കേണ്ടതില്ല. വിവാഹവയസ്സ് ക്ലിപ്തപ്പെടുത്തിക്കൊണ്ടുള്ള നിയമം എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടെങ്കിൽ ഇസ്‌ലാം അതിന് തടസ്സം നിൽക്കുന്നുമില്ല.

ഇന്ത്യയിൽ ശൈശവവിവാഹനിരോധം നടപ്പാക്കിയത് ശരീഅത്ത് നിയമങ്ങൾ മൂലമുണ്ടായ സാമൂഹികദോഷങ്ങൾ പരിഹരിക്കാനാണോ? അല്ല, അല്ല! ബഹുഭാര്യത്വവും വിവാഹമോചനവും വിധവാവിവാഹവും നിരോധിക്കപ്പെട്ട സമൂഹങ്ങളിൽ ഉടലെടുക്കുന്ന അനാശാസ്യതകളിലേക്ക് വിരൽചൂണ്ടുന്നതാണ് അത്തരം നിയമങ്ങൾ. ഹിന്ദുക്കളിൽ പ്രത്യേകിച്ചും ബ്രാഹ്മണർക്കിടയിൽ ഏകഭാര്യത്വം പില്ക്കാലത്ത് കർശനമാക്കിയിട്ടുണ്ട്. വിവാഹമോചനവും പുനർവിവാഹവും അവർക്ക് പാടുള്ളതല്ല. ശിശുദമ്പതിമാരിൽ ആൺകുട്ടി മരിച്ചുപോയാൽ വധു ജീവിതകാലമത്രയും പുനർവിവാഹം ചെയ്യാനാവാതെ നരകിച്ചു മരിക്കേണ്ടിവരുന്നു. ആയിരക്കണക്കിന് സ്ത്രീകൾ ഇപ്രകാരം നരകദുരിതം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുവാനുള്ള നടപടിയെന്നോണമാണ് ശൈശവവിവാഹനിരോധന നിയമം (ശാരദാ ആക്ട്) ബലത്തിൽ വരുത്തപ്പെട്ടത്. അടുത്തകാലത്ത് പാർലമെന്റ് വിവാഹവയസ്സ് ഉയർത്തിയതാകട്ടെ ജനസംഖ്യാവർദ്ധനവ് നിയന്ത്രിക്കാ

നുള്ള ഒരു ദേശീയനടപടിയുടെ ഭാഗമായും!

ഇസ്ലാമിന്നുമുമ്പുള്ള ധർമ്മശാസ്ത്രങ്ങൾ ഇക്കാര്യത്തിൽ കർക്കശമായ നിയമങ്ങളാണ് നടപ്പാക്കിയത്. ശൈശവവിവാഹം ഹിന്ദുധർമ്മശാസ്ത്രം അംഗീകരിച്ചതാണ്. മൂന്നു വയസ്സിനുശേഷം വിവാഹം ആകാമെന്നും മൂന്നാം വയസ്സിൽതന്നെ അത് നടപ്പാക്കണമെന്നുമെല്ലാം ധർമ്മശാസ്ത്രിമാർ വിധിച്ചിട്ടുണ്ട്. എട്ടാംവയസ്സിൽ തന്നെ പെൺകുട്ടിയുടെ വിവാഹം നടത്തണമെന്ന് മനു നിർദ്ദേശിച്ചു. എന്നാൽ, സൽസ്വഭാവിയല്ലാത്ത ഒരാൾക്ക് വിവാഹം ചെയ്തുകൊടുക്കുന്നതിനേക്കാൾ സ്ത്രീ മരണംവരെ പിതൃഗൃഹത്തിൽ അവിവാഹിതയായികഴിഞ്ഞുകൂടുന്നതാണ് ആശാസ്യമെന്നും വിധിച്ചിട്ടുണ്ട്. സ്ത്രീക്ക് നാലുവയസ്സിലും പത്തുവയസ്സിലും വിവാഹം ആകാമെന്ന വ്യത്യസ്ത വിധികൾ ഹിന്ദുധർമ്മശാസ്ത്രിമാർ നൽകിയിട്ടുണ്ട്. സിക്കുകൾക്കിടയിലും ശൈശവവിവാഹം സാധാരണമായിരുന്നു. ശൈശവവിവാഹം നടന്നു എന്നതുകൊണ്ട് ലൈംഗിക വേഴ്ച ശൈശവത്തിൽതന്നെ പുലർത്തിക്കൊള്ളണമെന്നില്ല. സ്ത്രീയുടെ ഭാവി ഭാസുരമാക്കുന്ന ഒരു ബന്ധം നേരത്തെ ഉറപ്പിക്കാനുള്ള വ്യഗ്രതയാണ് ഇതിന്റെയെല്ലാം പിന്നിലുള്ളതെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ഏതു നിയമാനുവാദവും കാലക്രമേണ വ്യഭിചരിപ്പിക്കപ്പെടുന്നു എന്നതാണ് യാഥാർത്ഥ്യം.

സഖാവ് കലാനാഥന്റെ ആരാധ്യപുരുഷനും ലോകതൊഴിലാളി വർഗ്ഗത്തിന്റെ മാതൃകാനായകനും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ അനിഷേധ്യനേതാവുമായിരുന്ന ഒരു മഹാൻ ഒരു ശിശുവിനെയാണ് വിവാഹം ചെയ്തിരുന്നതെന്ന കാര്യം ഞാനദ്ദേഹത്തെ അനുസ്മരിപ്പിക്കട്ടെയോ? ജോസഫ് ജുഗാഷ്വിലി സ്റ്റാലിൻ സ്വെറ്റ്ലാനയുടെ മാതാവായ നദീഷാ സർഗീവ്നാ അല്ലല്യൂയേവിനെ വിവാഹം ചെയ്യുമ്പോൾ അവൾക്കെത്ര വയസ്സായിരുന്നു? ലൂയി ഫിഷർ പറയുന്നത് ഇങ്ങനെയാണ്:

Stalin’s second wife was a child when he married her.

“സ്റ്റാലിൻ തന്റെ രണ്ടാംഭാര്യയെ വിവാഹം ചെയ്യുമ്പോൾ

80. Life of Joseph Stalin- Louis Fischer, p. 83.

അവൾ ഒരു ശിശുവായിരുന്നു”[80].

സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ആദർശപുരുഷനായിരുന്ന സ്റ്റാലിൻ ഇപ്പോഴും ശ്രീ കലാനാഥന്റെ പക്കൽ ‘ആദരണീയൻ’ തന്നെയല്ലേ? നദീഷായുടെ പിതാവ് സ്റ്റാലിന്റെ അടുത്ത കൂട്ടാളി യായിരുന്നതിനാൽ ആ ബന്ധം ഉറപ്പിക്കാനാണ് ആ വിവാഹം എന്നാണ് മറുപടിയെങ്കിൽ അതിലും അടുത്ത സ്നേഹബന്ധങ്ങ ളിൽ അത്തരം വിവാഹങ്ങൾ കൂടുതൽ ‘ആദരണീയം’ ആയിരിക്കു മല്ലോ! പക്ഷേ, പ്രിയപ്പെട്ട നദീഷാ സ്റ്റാലിനെ പൊറുക്കാനാവാതെ കിടപ്പറയിൽ സ്വയം പുതപ്പുമൂടി നെഞ്ചിൽ നിറയൊഴിച്ചു മരിച്ചു! അതാണ് മാതൃകാപരമായ ‘സോഷ്യലിസ്റ്റ് വിവാഹം.’

## ഖിയാമം

(3) “ഖിയാമം ക്രൂരമായ സങ്കല്പമാണ്.”

‘ഖിയാമം’ എന്നതുകൊണ്ട് യുക്തിവാദിനേതാവ് എന്താണ് അർത്ഥമാക്കിയിട്ടുള്ളതെന്ന് എനിയ്ക്കറിയില്ല. യാഥാർത്ഥ്യങ്ങൾ തന്നെ വേണ്ടത്ര ഇവിടെ ചർച്ച ചെയ്യാനിരിക്കെ സങ്കല്പങ്ങളോട് പട വെട്ടീട്ടെന്തുകാര്യം?

## അസഹിഷ്ണുതയും ശത്രുതയും

(4) “സത്യവിശ്വാസികൾ സത്യനിഷേധികളെ സുഹൃത്തുക്ക ളാക്കരുതെന്ന നിർദ്ദേശം അസഹനീയതയും വിരോധവും വളർത്തും”(4:144).

ഖുർആനിൽ 4-ാം അദ്ധ്യായം 144-ാം വചനത്തിൽ മേലുദ്ധ രിച്ചതുപോലെ ഏതായാലും നിർദ്ദേശിച്ചിട്ടില്ല. വാചകം മുമ്പും പിമ്പും വെട്ടി വികൃതമാക്കിയാൽ ഒരുപക്ഷെ, ആ ദുരർത്ഥം കിട്ടി യേക്കും. “അവിശ്വാസികളെ മിത്രങ്ങളാക്കരുത്” എന്നല്ല അവിടെ വന്നിട്ടുള്ളത്. വാചകം ഇതാണ്:

يَاَيُّهَا الَّذِينَ اٰمَنُوْا لاَ تَتَّخِذُو الْكَفِرِيْنَ اَوْلِيَاءَ
مِنْ دُوْنِ الْمُؤْمِنِينَ

“അല്ലയോ വിശ്വാസികളെ, വിശ്വാസികളെ ഉപേക്ഷിച്ച് അവി

ശ്വാസികളെ നിങ്ങൾ മിത്രങ്ങളാക്കരുത്.” (4:144)

ഇതിൽ എന്താണ് ആക്ഷേപാർഹം? ഇത് വിരോധം വളർത്തുന്നതെങ്ങനെയാണ്? വിശ്വാസികളായ മുസ്‌ലിംകളെ കൈവിട്ട് ആദർശപരമായ യോജിപ്പും ആശയപ്പൊരുത്തവുമില്ലാത്ത അവിശ്വാസികളുമായി സ്നേഹവും സഖ്യവും ഉണ്ടാക്കരുതെന്ന ഉപദേശം സാഹോദര്യവും സഹിഷ്ണുതയും സമഭാവനയും ഉയർത്തിപ്പിടിക്കുന്ന ഇസ്‌ലാമിന്റെ പാഠങ്ങൾക്ക് നിരക്കാത്തതാണെന്നാണോ എന്റെ യുക്തിവാദി സുഹൃത്ത് പറയുന്നത്? വിശ്വാസികളായ മുസ്‌ലിംകൾ വിശ്വാസികളോടാണ് കൂടുതൽ സ്നേഹബന്ധം പുലർത്തേണ്ടത് എന്ന പാഠം അസഹനീയതയും ശത്രുതയും വളർത്തുമെന്നോ? യുക്തിവാദികൾ യുക്തിവാദികളെയും കമ്മ്യൂണിസ്റ്റുകൾ കമ്മ്യൂണിസ്റ്റുകളേയും കൂടുതൽ സ്നേഹിക്കുകയും അവർ തമ്മിൽ കൂടുതൽ ബന്ധപ്പെടുകയും ചെയ്യാറില്ലേ?

അഭിപ്രായവ്യത്യാസങ്ങൾ മറന്ന് പൊതുതത്ത്വത്തിൽ സാദ്ധ്യമായേടത്തോളം ആരുമായും യോജിച്ചു പ്രവർത്തിക്കാനും സഹകരിക്കാനും തയ്യാറാകണമെന്ന ഐക്യമുന്നണി സിദ്ധാന്തം ലോകത്ത് ആദ്യമായി ഉൽഘോഷിച്ചത് ഖുർആനാണ്. ആ വിശുദ്ധഗ്രന്ഥം ഇപ്രകാരം ആഹ്വാനം ചെയ്യുന്നു:

قُلْ يَا اَهْلَ الْكِتٰبِ تَعَالَوْا اِلٰى كَلِمَةٍ سَوَاءٍ بَيْنَنَا وَبَيْنَكُمْ

“പറയുക, അല്ലയോ വേദാനുസാരികളെ (ഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നവരേ) ഞങ്ങൾക്കും നിങ്ങൾക്കും തുല്യമായിട്ടുള്ള-യോജിപ്പുള്ള- മുദ്രാവാക്യത്തലേക്ക്- പൊതുകാര്യത്തിലേക്ക് വരുവിൻ! നമുക്ക് ഒരുമിക്കാം.”

ഖുർആനു മുമ്പേയുള്ള ഏതെങ്കിലും ഒരു ഗ്രന്ഥത്തിൽ ഇപ്രകാരമുള്ള ഒരു ഐക്യമുന്നണി തത്ത്വം ആർക്കെങ്കിലും കാണിച്ചുതരാനാകുമോ? കടുത്ത ശത്രുക്കളായ യഹൂദികളോടും നസ്രാണികളോടുമാണ് ഈ ആഹ്വാനം! അപ്പോൾ, അവിശ്വാസികളായ മിത്രങ്ങളോടും മറ്റുള്ളവരോടും പുലർത്തേണ്ട നയം അനുക്തസിദ്ധ

81. വിശ്വചരിത്രാവലോകനം, നെഹ്റു, ഭാ. 206.

മല്ലേ?

യുദ്ധത്തിലേർപ്പെട്ട ശത്രുക്കളോടുപോലും അധീനജനതകളോടുപോലും, മുസ്ലിംകൾ അനുവർത്തിച്ച ഉദാരമായ പെരുമാറ്റവും സഹിഷ്ണുതയും ചരിത്രത്തിന്റെ താളുകളിൽ ഇന്നും മായാതെ മങ്ങാതെ കിടപ്പുണ്ട്.

നെഹ്റു ഇപ്രകാരം എഴുതി: "അറബികൾ അവരുടെ ഉണർവ്വിന്റെ ആരംഭത്തിൽ വിശേഷിച്ചും തങ്ങളുടെ പുതിയ വിശ്വാസത്തിൽ എത്രയും ആവേശഭരിതരായിരുന്നു. എന്നിരിക്കിലും അവർ സഹിഷ്ണുതയുള്ള ഒരു ജനതയാണ്. അവരുടെ മതപരമായ സഹിഷ്ണുതയ്ക്ക് ചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങളുമുണ്ട്. യരൂശലേമിൽ വിശേഷിച്ചും ഖലീഫ ഉമർ ഇക്കാര്യത്തിൽ പ്രത്യേകം നിഷ്കർഷിച്ചിരുന്നു. സ്പെയിനിൽ പരിപൂർണ്ണമായ അന്തകരണ സ്വാതന്ത്ര്യമുള്ളവരായി വലിയൊരു ക്രിസ്ത്യാനി സമുദായമുണ്ടായിരുന്നതായി കാണാം. ഇന്ത്യയിൽ അറബികൾ സിന്ധൊഴികെ മറ്റൊരു പ്രദേശത്തെയും ഭരിക്കുകയുണ്ടായിട്ടില്ല. എങ്കിലും, പുറമെയുള്ളവർ തമ്മിലുണ്ടായ എല്ലാതരം ഇടപാടുകളിലും അവർ എത്രയും സൗഹാർദ്ദത്തോടുകൂടിയാണ് വർത്തിച്ചിട്ടുള്ളത്. മുസ്ലിം അറബികളുടെ സഹിഷ്ണുതയും യൂറോപ്യൻ ക്രിസ്ത്യാനികളുടെ അസഹിഷ്ണുതയും തമ്മിലുള്ള വമ്പിച്ച അന്തരമാണ് ഈ ചരിത്രഘട്ടത്തിൽ ഏറ്റവും മുഴച്ചുകാണുന്ന ഒരു പ്രധാന സംഗതി"[81].

അറബ്സൈന്യം ആദ്യമായി ജോർഡാൻ താഴ്വാരത്തിലെത്തുകയും സൈന്യനായകനായിരുന്ന അബൂഉബൈദാ, ഫിഹ്ലിൽ (Fihl) താവളമടിക്കുകയും ചെയ്ത ഘട്ടത്തിൽ അന്നാട്ടിലെ ക്രിസ്ത്യാനികൾ അറബികൾക്ക് നൽകിയ മംഗളോപഹാരത്തിൽ പറഞ്ഞു: "അല്ലയോ മുസ്ലിംകളെ, ബൈസാന്തിയന്മാരെ അപേക്ഷിച്ചു ഞങ്ങൾ നിങ്ങളെ ഇഷ്ടപ്പെടുന്നു, ബൈസാന്തിയർ ഞങ്ങളുടെ സ്വന്തം മതക്കാരാണെങ്കിൽകൂടി നിങ്ങൾ ഞങ്ങളോട് കൂടുതൽ വിശ്വസ്തത പുലർത്തുകയും ഞങ്ങളുടെ നേരെ കൂടുതൽ സ്നേഹപൂർവ്വം പെരുമാറുകയും ചെയ്യുന്നു. അവർ ഞങ്ങളുടെ മുതലുകളും ഞങ്ങളുടെ വീടുകളും കൊള്ളയടിക്കുകയാണ് ചെയ്ത

82. Preaching of Islam- Sir Thomas Arnold.

ത്.” അന്തോഖ്യയിലെ യാക്കോബായ പത്രിയാർക്കീസ് ‘മൈക്കൽ ദി എൽഡർ’ മുസ്ലിംകൾ കാണിച്ച ഔദാര്യത്തെയും വിശാലമന സ്കതയെയും ഏറ്റുപറയുകയുണ്ടായി[82]. ഉടമ്പടി പ്രകാരമുള്ള രക്ഷാ വ്യവസ്ഥകൾ പാലിക്കാൻ സാദ്ധ്യമല്ലെന്ന് കണ്ടപ്പോൾ സിറിയൻ നഗരവാസികളിൽനിന്ന് പിരിച്ചെടുത്ത ‘ജിസിയ’ എന്ന വ്യക്തിരക്ഷാ നികുതി മുസ്ലിം ഗവർണ്ണർമാർ നാട്ടുകാർക്ക് തിരിച്ചുനൽകിയ പ്പോൾ നഗരവാസികളായ ക്രിസ്ത്യാനികൾ മുസ്ലിം ജേതാക്ക ളുടെമേൽ അനുഗ്രഹം വർഷിക്കാൻ പ്രാർത്ഥന നടത്തി. അവർ പറഞ്ഞു: “ഞങ്ങളുടെമേൽ ഭരണം നടത്താൻ ദൈവം നിങ്ങളെ മേലിലും അനുഗ്രഹിക്കുകയും റോമക്കാരുടെമേൽ നിങ്ങൾക്ക് വിജയം തന്നരുളുകയും ചെയ്യുമാറാകട്ടെ.” ഈ സഹിഷ്ണുതയും വിശാലമനസ്കതയും സ്നേഹവായ്പും തന്നെയാണ് ആദ്യകാല മുസ്ലിംകൾ, അവർ തികഞ്ഞ മതഭക്തരായിരിക്കെ, ഇതര സമുദാ യക്കാരോടു കാണിച്ചിരുന്നതെന്ന് നിഷ്പക്ഷചരിത്രകാരന്മാർ ഏറ്റു പറഞ്ഞിട്ടുള്ളതും ചരിത്രരേഖകൾ തെളിയിക്കുന്നതും. സ്പെയിൻ മുതൽ ഫിലിപ്പൈൻവരെ മുസ്ലിംകൾ ഭരണം നടത്തിയ പ്രദേശ ങ്ങളിലെല്ലാം ഈ സഹിഷ്ണുതയുടേയും സ്നേഹത്തിന്റേയും സന്ദേശമാണ് അവർ പ്രാവർത്തികമാക്കിയത്. ഇസ്ലാം ലോകത്ത് വിവിധ ഭൂഖണ്ഡങ്ങളിൽ പ്രചരിച്ചതിനെപ്പറ്റി ആധികാരികമായ ചരിത്രം രചിച്ച വിശ്രുത ഓറിയന്റലിസ്റ്റ് ആയ പ്രഫസർ തോമസ് ആർണോൾഡ് എഴുതിയ ‘പ്രീച്ചിങ്ങ് ഓഫ് ഇസ്ലാം’ എന്ന ചരിത്ര ഗ്രന്ഥം ഒരാവർത്തി വായിച്ചുനോക്കാൻ ഞാൻ ശ്രീ. കലാനാഥനോട് അഭ്യർത്ഥിച്ചുകൊള്ളുന്നു. കള്ളക്കഥകളും ചരിത്രാഭാസങ്ങളും ശത്രുസാഹിത്യങ്ങളും വായിച്ച് ഒരു മഹാമതപ്രസ്ഥാനത്തെപ്പറ്റി എന്തെങ്കിലും അഭിപ്രായങ്ങൾ തട്ടിമൂളിക്കുന്നത് ബുദ്ധിമാന്മാർക്ക് ഭൂഷണമല്ല.

എന്നാൽ, യഥാർത്ഥത്തിലുള്ള ശത്രുതയുടെ പാഠം നൽകു ന്നതും മനുഷ്യനെ വെറുക്കാൻ പഠിപ്പിക്കുന്നതും പ്രതികാരം വളർത്തുന്നതും മതനിഷേധികളായ മാർക്സിസക്കാരും നാസ്തി കരായ കമ്മ്യൂണിസ്റ്റുകളും യുക്തിവാദികളെന്നു അഹങ്കരിക്കുന്ന

83. Reader & Digest, May, 1953
84. On Communist Education- Kalinin, Moscow, p. 440

വരും തന്നെയാണെന്ന് കാണാൻ കഴിയും!

ശത്രുത ഒരു നന്മയാണെന്ന് സോവ്യറ്റ് കുട്ടികളെ പഠിപ്പിക്കാൻ സോവ്യറ്റ്റഷ്യയിൽ സ്കൂൾ അദ്ധ്യാപകർ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെന്ന് Eighteen Months inside Russia എന്ന പുസ്തകത്തിൽ B. Frank W. Rounds പ്രസ്താവിക്കുന്നു. അവിടെ എലിമെന്ററിസ്കൂൾ അദ്ധ്യാപകർക്കുവേണ്ടിയുള്ള ആ ടെക്സ്റ്റ്ബുക്കിൽ ഇപ്രകാരം പറയുന്നുണ്ട്: “സോഷ്യലിസ്റ്റ് സൊസൈറ്റിയുടെ ശത്രുക്കളോടുള്ള വിട്ടുവീഴ്ചയില്ലാത്ത പകയിലാണ് സോവ്യറ്റ് പൗരബോധം പരിപൂർണ്ണത പ്രാപിക്കുന്നതെന്ന് സോവ്യറ്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾ നല്ലപോലെ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ശത്രുവിനെ വെറുക്കാൻ മാത്രമല്ല അവനുമായി പൊരുതാനും കീഴടങ്ങുന്നില്ലെങ്കിൽ യഥാവസരം മറ നീക്കി അവനെ നശിപ്പിക്കാനും പഠിച്ചിരിക്കണം.” ഈ വരികളടങ്ങിയ പുസ്തകം 1946-ൽ അദ്ധ്യാപകർക്കുള്ള ഒരു പാഠപുസ്തകമായി അംഗീകരിക്കപ്പെടുകയുണ്ടായി[83].

അമേരിക്കൻ സാമ്രാജ്യത്വമൂരാച്ചികളുടെ കുപ്രചാരണമാണിതെന്ന് പറഞ്ഞു തള്ളിക്കളയേണ്ടാ. കലിനിൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട്:

To us the hatred of the facist fiends is a sacred hatred

“നമ്മെ സംബന്ധിച്ചേടത്തോളം ഫാസിസ്റ്റുകളായ കൊടും വൈരികളോടുള്ള ശത്രുത പാവനമായ ശത്രുതയാകുന്നു”[84].

‘ഇല്യാ എഹ്റൻബർഗിന്റെ യുദ്ധം’ എന്ന കൃതിയെപ്പറ്റി അതിൽ ഉടനീളം ജർമ്മൻകാരോടുള്ള കടുത്ത ശത്രുത കാണപ്പെടുന്നതിനാൽ മൂല്യം ചോർന്നുപോയിട്ടുണ്ടെന്ന് ഒരു അമേരിക്കൻ പത്രപ്രവർത്തകൻ എഴുതിയ നിരൂപണത്തെ വിമർശിച്ചു കലിനിൻതന്നെ പറയുന്നത് ഇപ്രകാരമാണ്. “മിതസ്വഭാവം കൂടുതൽ ഫലകരമായിരിക്കുമെന്നും മനുഷ്യന്റെ ഉദാത്തഭാവങ്ങളുമായി ശത്രുത ഒരു നിലയിലും പൊരുത്തപ്പെടുകയില്ലെന്നും അവർ വാദിക്കുന്നു. തീർച്ചയായും ഇത് യാഥാർത്ഥ്യങ്ങൾക്ക് തികച്ചും വിരുദ്ധമായ

85. Ibid, p. 441.
86. Life of Stalin- Louis Fischer, p. 38.

കാഴ്ചപ്പാടാകുന്നു”[85].

സ്റ്റാലിൻ ഇപ്രകാരം പറഞ്ഞു:

It is impossible to conquer an enemy without having learned to hate him with all one’s soul.

“ശത്രുവിനെ സർവ്വാത്മനാ വെറുക്കാൻ പഠിക്കാതെ അവനെ കീഴടക്കാൻ സാദ്ധ്യമല്ല”[86].

മതം കയ്യൊഴിച്ച ആളുകളുടെയും നാസ്തികന്മാരുടെയും ഭൗതികവാദത്തെ ഉയർത്തിപ്പിടിക്കുന്നവരുടെയും തനിനിറം ഇതാണ്!

സ്വന്തം കണ്ണിലെ കോലെടുത്തിട്ടുപോരെ സഖാവ് കലാനാഥൻ ആരാന്റെ കണ്ണിലെ കരടെടുക്കാൻ പുറപ്പെടുന്നത്? ശാന്തം പാപം!

## ഉച്ചനീചത്വം

(5) “ചിലരെ മറ്റു ചിലരെക്കാൾ ഉയർത്തുന്നതു ശരിയല്ല.” (2:213)

ഇത്തരം ഒരാക്ഷേപം പുറപ്പെടുവിക്കാവുന്ന വാചകം 2-ാം അദ്ധ്യായം 213-ാം വാക്യത്തിൽ ഇല്ല. വാചകം ഇതാണ്:

زُيِّنَ لِلَّذِينَ كَفَرُوا الْحَيَوٰةُ الدُّنْيَا وَيَسْخَرُونَ
مِنَ الَّذِينَ آمَنُوا وَالَّذِينَ اتَّقَوْا فَوْقَهُمْ يَوْمَ
الْقِيَمَةِ وَاللَّهُ يَرْزُقُ مَنْ يَشَاءُ بِغَيْرِ حِسَابٍ

“ഇഹലോകജീവിതം അവിശ്വാസികൾക്ക് ആകർഷകമാക്കിയിരിക്കുന്നു. വിശ്വസിച്ചവരെ അവർ അവിശ്വസിക്കുന്നു. എന്നാൽ, പുനരുത്ഥാനനാളിൽ ഭയഭക്തിയുള്ളവർ അവരുടെ മേലെയായിരിക്കും. അല്ലാഹു അവൻ ഇച്ഛിക്കുന്നവർക്ക് കണക്കില്ലാതെ നൽകുന്നു.” (2:213)

വിശ്വസിച്ചവരെ അവിശ്വാസികൾ അവമതിക്കുന്നുവെങ്കിൽ അത് സഹിച്ചുകളയണമെന്നും ഭയഭക്തിയുള്ളവർ അവരെ പുച്ഛിക്കുന്നവരുടെ മേലെയായിത്തീരുമെന്നും ഖുർആൻ സാന്ത്വനപ്പെടുത്തിയിട്ടുള്ളത് കുറ്റകരമാണെന്നാണോ യുക്തിവാദിനേതാവിന്റെ വാദം? അവിശ്വാസികൾക്ക് അഥവാ നാസ്തികർക്ക് ഭൗതികലോകം ആകർഷകമാക്കിയിരിക്കുന്നു. അവർ പരലോകത്തിൽ വിശ്വസിക്കാത്തതുകൊണ്ട് എല്ലാ സുഖാനുഭവങ്ങളും ഈ ലോകത്ത്‌വെച്ച് തന്നെ ലഭിക്കണമെന്നാശിച്ച് അതിന്നായി ആർത്തിപ്പെടുന്നവരാണ്. ആ സുഖാനുഭവങ്ങൾ പലതും സത്യധർമ്മാദികൾക്കു വേണ്ടിയും ആത്മീയനേട്ടങ്ങൾ കാംക്ഷിച്ചും സംത്യജിക്കാൻ തയ്യാറാവുന്ന വിശ്വാസികളെ അവർ പരിഹസിക്കുകയും കൊള്ളരുതാത്തവരായി കരുതി താഴ്ത്തിക്കാണുകയും ചെയ്യുന്നു. എന്നാൽ, വിശ്വാസികളുടെ ഉത്ഥാനഘട്ടത്തിൽ അവർ കണക്കില്ലാത്ത ജീവിതവിഭവങ്ങളുടെ അധിപന്മാരായി മാറുമെന്നും അങ്ങനെ അവർ തങ്ങളെ പുച്ഛിച്ചവരുടെ മേലെയായിത്തീരുമെന്നും അതിനാൽ സഹനം കൈക്കൊള്ളണമെന്നും ആണ് ഖുർആൻ ഉദ്ബോധിപ്പിച്ചിരിക്കുന്നത്. ഇതെങ്ങനെ ആക്ഷേപാർഹമാകും? ഇത് വിഡ്ഢിത്തമാണെന്നും വിശ്വാസികൾ ഒരിക്കലും അവിശ്വാസികളുടെ മേലെ ആവുകയില്ലെന്നും ശ്രീ. കലാനാഥന് പറയാം. എന്നാലീ പ്രസ്താവന ഉച്ചനീചത്വത്തിന്റെ അംഗീകരണമാകുന്നതെങ്ങനെയെന്നു മനസ്സിലാകുന്നില്ല.

നിർമ്മതന്മാരുടെയും നാസ്തികരുടെയും സ്വർഗ്ഗരാജ്യമായ സോവ്യറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിമെമ്പർമാർക്ക് പ്രത്യേകാവകാശങ്ങളും ഉന്നത സ്ഥാനങ്ങളും ഉണ്ടായിരിക്കാം. എന്നാൽ, ഇസ്‌ലാമിൽ ഇത്തരം ഉച്ചാവചത്വങ്ങളൊന്നും അംഗീകരിക്കപ്പെടുകയില്ല. “ഒരു അറബിയ്ക്ക് അജമിയുടെ മേലെയോ വെളുത്തവനു കറുത്തവന്റെമേലെയോ യാതൊരു ശ്രേഷ്ഠത്വവുമില്ല” എന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ച മുഹമ്മദ് നബി(സ) അത്തരം അസമത്വങ്ങളെ വിരോധിച്ചിരിക്കുന്നു എന്ന് ശ്രീമാൻ അറിയണം!

قُلْ اِنَّمَا اَنَا بَشَرٌ مِثْلُكُمْ

“നിശ്ചയമായും ഞാൻ നിങ്ങളെ പോലുള്ള ഒരു മനുഷ്യൻ

മാത്രമാകുന്നു” എന്നു പറയാനാണ് ഖുർആനിൽ നബിപോലും കല്പിക്കപ്പെട്ടിരിക്കുന്നത്. നിയമത്തിന്റെ കണ്ണിൽ എല്ലാവരും തുല്യർ എന്ന തത്ത്വം ഇസ്ലാമാണ് ലോകത്ത് നടപ്പിലാക്കിക്കാണിച്ചത്.

കഅ്ബ പ്രദക്ഷിണം നടത്തിക്കൊണ്ടിരിക്കേ തന്റെ വിലപിടിച്ച മേലങ്കിയുടെ അഴിഞ്ഞുലഞ്ഞ ഭാഗം അറിയാതെ ചവുട്ടിപ്പോയ ഒരു ബദവിയെ പ്രഹരിച്ച ജബാല രാജാവ് പ്രസ്തുത ബദവിയിൽനിന്നും തത്തുല്യമായ പ്രഹരം ഏല്ക്കണമെന്ന ശിക്ഷാവിധി പാസ്സാക്കിയ ഹസ്റത്ത് ഉമറിന്റെ സമഭാവനയും നീതിനിഷ്ഠയും മുസ്ലിംകൾക്ക് മാതൃകയായി വിലസുന്നു. ഇസ്ലാമിൽ ആർക്കും ആരുടേയുംമേൽ യാതൊരു പ്രത്യേകാവകാശവും പദവിയും അംഗീകരിക്കപ്പെട്ടിട്ടില്ല. നിയമത്തിന്റെ കണ്ണിൽ, നീതിപീഠത്തിന്റെ മുന്നിൽ, രാഷ്ട്രപതിയായ ഖലീഫയും സാധാരണക്കാരനായ ഒരു മുസ്ലിമും തുല്യർ. ഖലീഫയ്ക്കെതിരെ പൗരൻ കോടതിവിധി നേടിയ ചരിത്രവുമുണ്ട്.

## ഖുർആന്റെ മഹത്വം

6. “ഖുർആൻ നിറയെ സത്യമാണുള്ളതെന്ന് അവകാശപ്പെടുന്നു. ധാരാളം അപാകതകൾ അതിൽ പ്രകടമായിക്കാണുന്നു. സൃഷ്ടികഥകൾ ശാസ്ത്രവസ്തുതകൾക്ക് എതിരാണ്.”

ഖുർആൻ അപ്പടി ദൈവവചനമാണെന്ന് അതുതന്നെ അവകാശപ്പെടുമ്പോൾ, അത് നിറയെ സത്യമാണെന്ന് പറയുന്നതിൽ തെറ്റില്ല. യുക്തിഭംഗവുമില്ല. ശ്രീ. കലാനാഥനെപോലുള്ളവർക്ക് ഒറ്റവാക്കിൽ നിരൂപണം നടത്തിക്കളയാവുന്ന ഒരു ഗ്രന്ഥമല്ല ഖുർആൻ. ഖുർആനിൽ അപാകങ്ങളും വൈരുദ്ധ്യങ്ങളും കണ്ടെത്താൻ ലോകവിശ്രുതന്മാരായ ക്രൈസ്തവപണ്ഡിതന്മാരും മഹാചിന്തകന്മാരും ജീവിതകാലം മുഴുവനും തപസ്സിരുന്നിട്ടുണ്ട്. നിരാശ മാത്രമാണ് അവർക്കുണ്ടായ അനുഭവം. ഖുർആൻ അതിന്നെതിരായ എല്ലാ ആക്ഷേപങ്ങളേയും വിമർശനങ്ങളേയും അതിജീവിച്ചിട്ടേയുള്ളൂ.

വിശ്രുത ജർമ്മൻ ചിന്തകനായ ഗൊയ്ഥെ (Goethe) ഖുർആ

87. Quoted: Mohammad’s Quran and the Muslims- Sayed M.H. Zaidi, p. 33.

നെപറ്റി പറഞ്ഞ വരികൾ ഇവിടെ ഉദ്ധരിക്കട്ടെ:

The Quran is a work with whose dullness the reader was at first disgusted afterward attracted by its charms and finally irresistably ravished by its many beauties.. This book will go on exercising through all ages a most potent influence.

“വായിക്കാൻ തുടങ്ങുന്ന ഒരാൾക്ക് വിരസതമൂലം ആദ്യം അറപ്പ് തോന്നിയേക്കാവുന്ന ഒരു കൃതിയാണ് ഖുർആൻ. എന്നാൽ, പിന്നീട് അതിന്റെ ആ മനോഹാരിതയിൽ ബലാദാകർഷിക്കപ്പെട്ടു തുടങ്ങുന്നു. ഒടുവിലാകട്ടെ, അതിന്റെ നിരവധി സൗന്ദര്യങ്ങളിൽ തടുക്കാനാവാത്തവിധം വശീകരിക്കപ്പെടുകയും ചെയ്യുന്നു... ഈ ഗ്രന്ഥം എക്കാലത്തും ഏറ്റവും ശക്തിമത്തായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കും”[87].

ഖുർആനെ എതിർക്കാൻ പുറപ്പെട്ട മുഹമ്മദ് മാർമഡ്യൂക് പിക്താൾ ഒടുവിൽ ഖുർആന്റെ സ്തുതിപാഠകനും വ്യാഖ്യാതാവും ആയിമാറിയത് അങ്ങനെയാണ്. ബുദ്ധിരാക്ഷസന്മാർ അമ്പരന്നു നിൽക്കുന്നേടത്തു ശ്രീ.കലാനാഥനെ പോലുള്ളവർ കടന്നുവന്നു ലാഘവബുദ്ധിയോടെ അഭിപ്രായങ്ങൾ പാസ്സാക്കുന്നതു കാണുമ്പോൾ അനുകമ്പ തോന്നിപ്പോകുന്നു!

ഖുർആനിലെ സൃഷ്ടികഥകൾ ശാസ്ത്രവസ്തുതകൾക്ക് എതിരാണെന്ന് യുക്തിവാദിനേതാവ് പറയുന്നു.

എന്താണാവോ ഈ സൃഷ്ടികഥ? ഖുർആനിലെവിടെയും അങ്ങനെ ഒരു സൃഷ്ടികഥയില്ല. പിന്നെ ഈ കഥ സഖാവ് കലാനാഥന് എവിടെനിന്ന് കിട്ടി?

കളിമണ്ണിൽനിന്ന് സൃഷ്ടിച്ചു എന്ന് ഖുർആനിൽ പറഞ്ഞതുകൊണ്ടാണ് ശ്രീ. കലാനാഥൻ തന്റെ ഭാവനയ്ക്ക് നിറം പിടിപ്പിക്കാൻ പ്രചോദിതനായിത്തീർന്നത് എങ്കിൽ അദ്ദേഹം ജീവന്റെ ഉൽഭവത്തെ പറ്റിയുള്ള അത്യാധുനിക കണ്ടുപിടിത്തങ്ങളെപറ്റി എന്തു പറയുന്നു?

**LIFE ON EARTH BEGAN IN CLAY**

NASA scientists have presented evidence to support an emerging theory that life on earth began in clay rather than in seas.

The researchers have verified that clay can store and transfer energy, the two properties essential for the generation of life, they told a symposium at the National Aeronautics and Space Administration Ames Research Centre.

"The recognition that many of the specific functions of living systems can be performed by inorganic molecular system is forcing us to re-examine, at a fundamental level, the defenition of life," said Dr. Lelia Coyne, a San Jose State University Chemist leading the research team.

The "clay-life theory of evolution challenges the long-favoured notion that life emerged from the primordial oceans after millions of years of chemical reactions between simple organic molecules. The theory, set forth in the 1930's by the Soviet Sientist, A.I. Oparin, suggests that the chemical evolution of life was random, while the clay life theory proposes a patterned development, the scientists said.

The finding that clay can store and transfer energy has been confirmed through experiments showing that clay releases soft ultra violet light when wetted with organic liquids, water, irradiated, dried crushed or ground..." (The Hindu, 4.4.1985)

"ഭൂമിയിൽ ജീവൻ ആരംഭിച്ചത് കടലുകളിലല്ല കളിമണ്ണിൽ നിന്നാണെന്ന പുതിയൊരു സിദ്ധാന്തത്തെ പിന്താങ്ങുന്ന തെളിവുകൾ നാസാ ശാസ്ത്രജ്ഞന്മാർ മുന്നോട്ടു വെച്ചിരിക്കുന്നു.

"ജീവൻ ഉൽപാദിപ്പിക്കുന്നതിന്നുള്ള രണ്ട് അനുപേക്ഷണീയ ധർമ്മങ്ങളെന്ന നിലയിൽ ഊർജ്ജം സംഭരിക്കാനും കൈമാറാനും കളിമണ്ണിനു കഴിയുമെന്ന് നേഷനൽ ഏരോനോട്ടിക്ക്സ് ആന്റ് സ്പെയിസ് അഡ്മിനിസ്ട്രേഷൻ അമിസ് റിസർച്ച് സെന്ററിലെ ഒരു

സിംപോസിയത്തിൽ ഗവേഷകന്മാർ പ്രസ്താവിച്ചു.

“ജീവവ്യവസ്ഥകളുടെ സവിശേഷധർമ്മങ്ങൾ പലതും അജൈവമോളിക്യൂളർ വ്യവസ്ഥ വഴി നിർവ്വഹിക്കാമെന്നത് അംഗീകരിക്കപ്പെടുന്നതോടെ ജീവനെ കുറിച്ചുള്ള നമ്മുടെ നിർവചനം അടിസ്ഥാനതലത്തിൽ തന്നെ പുനഃപരിശോധിക്കാൻ നാം നിർബ്ബന്ധിതരാകുന്നു” എന്ന് ഈ ഗവേഷണസംഘത്തെ നയിക്കുന്ന സേൻജോസ് സ്റ്റെയിറ്റ് യൂനിവർസിറ്റിയിലെ രസതന്ത്രജ്ഞനായ ഡോ. ലീലിയ കോയിൻ പ്രസ്താവിച്ചു.

“വെറും ജൈവമോളിക്യൂളുകൾ തമ്മിൽ ലക്ഷക്കണക്കായ കൊല്ലങ്ങളിലെ രാസപ്രതിപ്രവർത്തനങ്ങളുടെ ഫലമായി പ്രാകൃതികസമുദ്രങ്ങളിലാണ് ജീവസ്ഫുരണമുണ്ടായതെന്ന വളരെക്കാലമായി പുലർത്തിവന്ന ധാരണയെ കളിമൺ ജീവസിദ്ധാന്തം ചോദ്യം ചെയ്യുന്നുണ്ട്. 1930-കളിൽ സോവ്യറ്റ് സയന്റിസ്റ്റായ എ.ഐ. ഒപാരിൻ ഉന്നയിച്ച സിദ്ധാന്തമനുസരിച്ച് ജീവന്റെ രാസപരിണാമം ഓർക്കാപ്പുറത്ത് സംഭവിച്ചതാണെങ്കിലും കളിമൺജീവസിദ്ധാന്തം ഒരു ക്രമീകൃതവികാസമാണ് മുന്നോട്ടുവയ്ക്കുന്നത്.

‘ജൈവദ്രാവകങ്ങളുമായും വെള്ളവുമായും റേഡിയോ പ്രസാരിതങ്ങളുമായും ഉണങ്ങിയതോ ചതച്ചതോ പൊടിച്ചതോ ആയും കൂടിച്ചേരുമ്പോൾ കണിമണ്ണ് നേർത്ത അൾട്രാ വയലറ്റ് പ്രകാശം പുറപ്പെടുവിക്കുന്നതായി കാണിക്കുന്ന പരീക്ഷണങ്ങൾവഴി കളിമണ്ണിന് ഊർജ്ജം സംഭരിക്കാനും കൈമാറാനും കഴിയുമെന്ന കണ്ടുപിടിത്തം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.” (ഹിന്ദു, 4.4.1985)

അപ്പോൾ കളിമണ്ണിൽനിന്ന് ജീവന്റെ ഉൽഭവമുണ്ടായി എന്നും കളിമണ്ണും മനുഷ്യസൃഷ്ടിയും തമ്മിൽ ബന്ധമുണ്ടെന്നുമൊക്കെ പറയുന്നതിന്റെ അടിസ്ഥാനം അന്ധവിശ്വാസപരമെന്നുവെച്ച് തള്ളിക്കളയേണ്ടതല്ലെന്നും ജീവോൽപത്തിയെ സംബന്ധിച്ച ശാസ്ത്രീയ ഗവേഷണങ്ങൾ ആ സത്യങ്ങളിലേക്ക് വെളിച്ചം വീശിക്കൊണ്ടിരിക്കയാണെന്നും നമുക്ക് മനസ്സിലാകുന്നു. അതുകൊണ്ട്, ശ്രീ. കലാനാഥനെപോലുള്ളവർ അല്പജ്ഞാനവുമായി അഹങ്കരിക്കാതെ, ദൈവവചനങ്ങളെ അവഹേളിക്കാൻ ബദ്ധപ്പെടാതെ കൂടുതൽ അറി

വുനേടാൻ ശ്രമിക്കുകയല്ലേ വേണ്ടത്?

## ലൈംഗികപ്രീണനം

(7) “കന്യകമാരായ ഹൂറിമാരും ബാലന്മാരും തേനും പാലും ഒഴുകുന്ന നദികളും കിടക്കകളും ഉള്ള സ്വർഗ്ഗം ഒരു പഞ്ചനക്ഷത്ര ഹോട്ടലിലെ നൃത്തഹാളാണെന്നാണ് തോന്നുക. തരംതാണ ലൈംഗികപ്രീണനമാണ് ഇതിന്റെ ലക്ഷ്യം!”

പരലോകജീവിതം എന്നൊന്നുണ്ടെന്നാണ് എല്ലാ മതങ്ങളും ഘോഷിക്കുന്നത്. പരലോകം എന്നൊന്നില്ലെന്നു വിശ്വസിക്കുന്നവരോട് അതേപ്പറ്റി ചർച്ച നടത്തിയിട്ടു പ്രയോജനമില്ല. മതം ആകപ്പാടെ അർത്ഥമില്ലാത്തതാണെന്നാണല്ലോ യുക്തിവാദികൾ കരുതുന്നത്. അർത്ഥമില്ലാത്ത വാചകത്തിലെ അക്ഷരപ്പിഴവ് കണ്ടെത്താൻ എന്തിന് മിനക്കെടണം? അറിയാത്ത ഭാഷയിലെഴുതിയ ഒരു വാചകം അജ്ഞനായ ഒരാൾക്ക് അർത്ഥശൂന്യങ്ങളായ വെറും വരകളായിത്തോന്നാം! എന്നാൽ, ആ ഭാഷ ഹരിശ്രീതൊട്ടു പഠിച്ചവർക്ക് ബുദ്ധി നേർക്കാണെങ്കിൽ അർത്ഥം മനസ്സിലാക്കാനും ആശയം ഗ്രഹിക്കാനും കഴിയാതെവരില്ല!

ഈ ആക്ഷേപങ്ങളിലൊന്നും പുതുമയില്ല. സർ വില്യം മുയിറിനെ പോലുള്ള കടുത്ത ഇസ്‌ലാംമത വിമർശകർ ശൃംഗാരസ്വർഗ്ഗത്തെപ്പറ്റിയും കാമാർത്തസ്വർഗ്ഗത്തെപ്പറ്റിയുമെല്ലാം (Voluptuous Paradise) ഒരുപാട് എഴുതി കൂട്ടിയിട്ടുണ്ട്. ക്രൈസ്തവമഹാരഥന്മാർ ഖുർആനേയും നബിതിരുമേനിയേയും പറ്റി എഴുതിക്കൂട്ടിയതെല്ലാം അറുവങ്കത്തമാണെന്ന് സ്വയം മനസ്സിലാക്കിത്തുടങ്ങിയ കാലത്താണ് പാവം യുക്തിവാദികൾ പഴയ മുറിക്കുന്തങ്ങൾ തേച്ചുമിനുക്കാൻ പാടുപെടുന്നത്!

പരലോകജീവിതത്തെപ്പറ്റിയുള്ള ഖുർആന്റെ പ്രസ്താവനകളെല്ലാം വ്യാഖ്യാനവിധേയങ്ങളായ സദൃശവാക്യങ്ങളാണ്. പാരത്രികജീവിതം ഐഹികജീവിതമെന്നപോലെ പദാർത്ഥപരമല്ലെന്നും തികച്ചും വിഭിന്നമായ മറ്റൊരു ജീവിതമാണെന്നും ആണ് ഖുർആൻ പഠിപ്പിക്കുന്നതും മുസ്‌ലിംകൾ വിശ്വസിക്കുന്നതും.

فَلَا تَعْلَمُ نَفْسٌ مَّا أُخْفِيَ لَهُم مِّن قُرَّةِ أَعْيُنٍ
جَزَاءً بِمَا كَانُوا يَعْمَلُونَ

"തങ്ങളുടെ കർമ്മങ്ങൾക്ക് പ്രതിഫലമായി സദ്‌വൃത്തന്മാർക്ക് മറച്ചുവെച്ചിട്ടുള്ള കൺകളുടെ ആനന്ദമെന്തൊക്കെയാണെന്ന് ഒരു ആത്മാവും അറിയുന്നില്ല."(32:18) എന്ന് ഖുർആനും,

"ഒരു കണ്ണും അവ കണ്ടിട്ടില്ല, ഒരു കാതും അവ കേട്ടിട്ടില്ല, ഒരു മനുഷ്യന്റെ മനസ്സും അതിനെക്കുറിച്ച് നിരൂപിച്ചിട്ടില്ല" എന്ന് തിരുനബിയും പരലോകജീവിതത്തെപറ്റി പ്രസ്താവിച്ചിരിക്കെ യുക്തിവാദിനേതാവ് പറയുന്ന ഹൂറിയും ബാലന്മാരും തേനാറുകളും പാൽപ്പുഴകളും കിടക്കകളും എന്തൊക്കെയെന്നും അവ ഉണ്ടാക്കുന്ന ലൈംഗികപ്രീണനമെന്തെന്നും എനിക്കറിയില്ല!

Rationlism with all its virtues somehow appears to deal with the surface of things without uncovering the inner core- Nehru.

"യുക്തിവാദം അതിന് എന്തെന്തു നന്മകളുണ്ടെന്നിരിക്കിലും സംഗതികളുടെ ഉൾക്കാമ്പ് കണ്ടെത്തുന്നതിന്നുപകരം പുറം പരതുന്നതായിട്ടാണ് തോന്നുന്നത്"- നെഹ്‌റു.

### അനുബന്ധം – 1

## ആരാണ് രോമപൂജകർ?

മുസ്‌ലിംകൾ രോമം പൂജിക്കാറുണ്ടോ? മുഹമ്മദ് നബി(സ) തിരുമേനിയുടെ തിരുരോമം? കശ്മീരിൽ ഒരു വിശുദ്ധരോമപ്പള്ളിയുണ്ടത്രെ! അവിടെ ഒരു സ്വർണ്ണപേടകത്തിൽ സൂക്ഷിച്ചുവെച്ചിട്ടുള്ള നബിയുടെ രോമം മുസ്‌ലിംകൾ പൂജിക്കാറുണ്ടോ? ഉണ്ടെന്ന് യുക്തിവാദി പ്രചാരണവേദിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂരിൽനിന്ന് പ്രസിദ്ധപ്പെടുത്തുന്ന 'യുക്തിവിചാരം' മാസികയുടെ പത്രാധിപക്കുറിപ്പിൽ കാണുന്നു!

കുറിപ്പിൽ ഇങ്ങനെയാണ് പറയുന്നത്: "മുസ്‌ലിംകൾ ബിംബാരാധകരല്ല! ആരാധ്യനായിട്ടു അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നു വിശ്വസിക്കുന്ന അവർ ആ ആരാധ്യന്റെയോ പ്രവാചകന്റെയോ രൂപം

ആരാധിക്കുന്നവരല്ല. ആരാധനയ്ക്ക് ഒരു പ്രതീകം ഉപയോഗിക്കുന്നത് മതവിരുദ്ധമെന്നാണ് അവരുടെ വിശ്വാസം. എന്നിട്ടും, ഇന്ത്യയിലെ മുസ്ലിംകൾ മുഹമ്മദിന്റെ രോമത്തെ പള്ളികെട്ടി പ്രതിഷ്ഠിച്ചിരിക്കുന്നു! ആകാശത്തിൽനിന്നു എന്നോ താഴെ പതിച്ച 'ഉൽക്ക'യെ കഅബയിൽ പ്രതിഷ്ഠിച്ചുവണങ്ങുന്നു" (യുക്തിവിചാരം, ആഗസ്റ്റ് 18)

പത്രാധിപക്കുറിപ്പിന്നുള്ള പ്രകോപനം ജൂൺ 7-ാം തിയ്യതിയിലെ 'മനോരമ' വാർത്തയാണ്. "ഹസ്റത്ത് ബാൽ പള്ളിയ്ക്ക് പഞ്ചാബ് ജനങ്ങളുടെ വക 2,10,000ക മുഖ്യമന്ത്രി ബാദൽ കശ്മീർ മുഖ്യമന്ത്രിയെ ഏൽപിച്ചു."

മുസ്ലിംകൾ ഇസ്ലാമിന്റെ പേരിൽ വിശ്വസിക്കുന്നതും പ്രവർത്തിക്കുന്നതുമെല്ലാം ഇസ്ലാമിന്റെ തത്ത്വങ്ങളിൽ ഉൾപ്പെട്ടതാണെന്ന് അംഗീകരിക്കുവാൻ ഞങ്ങൾ തയ്യാറല്ല. ചില വിശ്വാസങ്ങളും ആചാരങ്ങളും 'ശിർക്ക്' പരമാണെന്ന ആക്ഷേപങ്ങളും വിവാദങ്ങളും മുസ്ലിംകളിൽത്തന്നെ ഉയർന്നുകേൾക്കാമല്ലോ. മുസ്ലിംകൾ എന്നുപറയുന്നവർ ഇസ്ലാമിൽനിന്ന് വ്യതിചലിക്കുന്നു എന്നതിലേയ്ക്കല്ലാതെ ഇസ്ലാം അതാണ് എന്നതിലേക്ക് അവ ഒരിക്കലും തെളിവാകയില്ല എന്നതാണ് ഒറ്റവാക്കിലുള്ള മറുപടി. ഖുർആന്റെ അദ്ധ്യാപനങ്ങളും തിരുനബിചര്യകളുമാണ് ഇസ്ലാം. എന്നുവെച്ച് മുസ്ലിംകളെക്കുറിച്ചുള്ള എല്ലാ ആക്ഷേപങ്ങളും തെറ്റായിക്കൊള്ളണമെന്നില്ല. വസ്തുതകൾ സൂക്ഷ്മമായി പരിശോധിക്കണം. കാളപെറ്റു എന്നു കേട്ടാൽ കയറെടുക്കുന്നത് തീരെ യുക്തിരഹിതമാണ് എന്ന് പറയാൻ ഞങ്ങൾ തയ്യാറില്ലെങ്കിലും കാളയ്ക്ക് പെട്ടെന്നു ലിംഗപരിവർത്തനം വന്നിട്ടുണ്ടോ എന്നൊന്നുറപ്പ് വരുത്തിക്കഴിഞ്ഞശേഷമേ യുക്തിവാദികൾ എന്ന് സ്വയം ഞെളിയുന്നവർ കയർ തിരക്കാവൂ!

"സാധാരണ മുസ്ലിംപള്ളികളിൽനിന്നും വ്യത്യസ്തമാണ് കശ്മീരിലെ ഹസ്റത്ത് ബാൽപള്ളി. വിശുദ്ധരോമപള്ളി എന്നാണതിന്റെ പേർ." തുടക്കത്തിലുള്ള ഈ വാചകംതന്നെ അബദ്ധപൂർണ്ണമാണ്. ഹസ്റത്ത് ബാൽ പള്ളിക്ക് മറ്റു പള്ളികളിൽനിന്നുള്ള

വ്യത്യാസം എന്താണെന്ന് ഞങ്ങൾക്കറിയില്ല. “വിശുദ്ധരോമപള്ളി” എന്നാണതിന്റെ പേർ എന്നത് ഞങ്ങളെ സംബന്ധിച്ചേടത്തോളം പുതിയ ഒരറിവാണ്! ഹസ്റത്ത് ബാൽ എന്ന സ്ഥലത്തെ പള്ളി എന്നാണ് ഞങ്ങൾ മനസ്സിലാക്കിയത്. ബാൽ എന്ന് കാണുന്നേട ത്തൊക്കെ രോമം എന്ന് പരിഭാഷപ്പെടുത്തിത്തുടങ്ങിയാൽ എവി ടെയെത്തും? ‘ബാൽ’ എന്ന പദത്തിന് ഉർദുവിൽ രോമം എന്നു തന്നെയാണർത്ഥം. പക്ഷേ കശ്മീർ ഭാഷയിലും അങ്ങനെയാണോ? ഹസ്റത്ത് ബാൽ എന്ന പദത്തിന് ‘വിശുദ്ധരോമപള്ളി’ എന്ന് ‘യുക്തിവിചാരം’ പത്രാധിപർ തർജ്ജമ ചെയ്തത് ഏത് നിഘണ്ടു നോക്കിയാണ്?

കശ്മീരിനെപറ്റി ഞങ്ങൾ പഠിച്ചത് ഇങ്ങനെയാണ്:

Kashmir is a land of valleys and springs. It is very significant that baal in the Kashmir language means spring. The term land of Baal if applied to Kashmir becomes literaly applicable since many places are known as Baal.

കശ്മീർ ഭാഷയിൽ ബാൽ എന്നാൽ നീരുറവ് എന്നാണർത്ഥം!

| | | |
|---|---|---|
| അച്ഛാബാൽ | ഗുംഗാബാൽ | മാർബാൽ |
| അഹർബാൽ | ഖാനാബാൽ | സാംബാൽ |
| ആയിശാബാൽ | ഖണ്ഡാബാൽ | സർബാൽ |
| ഛട്ടാബാൽ | കോഹ്ഗഞ്ചാബാൽ | തേർബാൽ |
| ഗഗ്റീബാൽ | ഖാജായാർബാൽ | തൈരാഗ്ബാൽ |
| ഗണ്ടർബാൽ | മനാസ്ബാൽ | യാർബാൽ |

തുടങ്ങി എത്രയോ ബാലുകൾ കശ്മീരിൽ ഉണ്ട്. യേശുവിന്റെ നാമം അനുസ്മരിച്ച് യുസൂബാൽ എന്ന സ്ഥലപ്പേരും കാണാം! ഇക്കൂട്ടത്തിൽ ഹസ്റത്ത്ബാലും! യാഥാർത്ഥ്യം ഇതായിരിക്കെ ‘യുക്തിവിചാരം’ പത്രാധിപർ ഹസ്റത്ത് ബാൽ പള്ളിയെ രോമപ്പ ള്ളിയാക്കിയതെന്തിനാണ്?

“ഇന്ത്യയിലെ മുസ്‌ലിംകൾ മുഹമ്മദിന്റെ രോമത്തെ പള്ളി കെട്ടി പ്രതിഷ്ഠിച്ചിരിക്കുന്നു” എന്ന യുക്തിവിചാരത്തിന്റെ ആരോപണം തികഞ്ഞ അസംബന്ധമാണ്. യുക്തിവാദികളുടെ വിമർശനങ്ങളെല്ലാം ഏതാണ്ടിതേ മട്ടിലുള്ളതാണല്ലൊ!

ഹസ്റത്ത് ബാൽ പള്ളിയിൽ മുഹമ്മദ് നബിതിരുമേനിയുടെതാണെന്നു പറയപ്പെടുന്ന രോമം സൂക്ഷിക്കപ്പെട്ടിട്ടുണ്ടത്രെ! അതിൽ യുക്തിപരമായോ ധാർമ്മികമായോ എന്താണ് തെറ്റുള്ളത്? ഒരു ലോകഗുരുവിന്റെ തലമുടി ഭൗതികാവശേഷമെന്നനിലയിൽ– അത് അസ്സൽ തന്നെയാണോ എന്ന പ്രശ്നം അവിടെ നിൽക്കട്ടെ!– സ്മാരകമായി അവിടെ സൂക്ഷിച്ചിരിക്കുന്നു. അതിലൊരു തെറ്റും ഇല്ല. കുറ്റവും ഇല്ല. അതിനോടാദരം കാണിക്കുന്നതിലും ലവലേശം തെറ്റില്ല. മഹാന്മാരുടെ ഭൗതികാവശേഷങ്ങൾ സൂക്ഷിക്കാറും ആദരിക്കാറും ഇല്ലേ?

ആരാധന മറ്റൊന്നാണ്. മുസ്‌ലിംകൾ തിരുനബിയെ ദൈവമോ ദൈവപുത്രനോ ദൈവത്തിന്റെ അംശമോ പ്രതീകമോ ആയി കരുതുന്നില്ല. അങ്ങനെ കരുതുന്നത് പാപങ്ങളിൽവെച്ച് ഏറ്റവും വലിയ പാപമാണെന്നത്രെ മുഹമ്മദ് നബി(സ) തന്നെ പഠിപ്പിച്ചത്. എല്ലാ വസ്തുക്കളിലും ദൈവമുണ്ട് എന്ന വാദത്തെയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. അദ്വൈതവാദവും ഇസ്‌ലാമിലില്ല. ദൈവം വേറെ, സൃഷ്ടിജാലം വേറെ! അതാണ് നബി(സ) പഠിപ്പിച്ചത്. മരണശയ്യയിലെ അവിടുത്തെ അവസാനവാക്കുകളും തന്റെ കബറിൽ പൂജ നടത്തരുതേ എന്നായിരുന്നു. സൃഷ്ടിപൂജാപരമായ വിശ്വാസാചാരങ്ങൾ പലതും മുസ്‌ലിംകളിൽ കടന്നുകൂടുകയും ഹിന്ദുദേവന്മാരെ പോലും ആരാധിക്കുന്നവരും മുസ്‌ലിംകൾ എന്നു പറയുന്നവർക്കിടയിൽ ഉണ്ടായിത്തീരുകയും ചെയ്തിട്ടും നബിയെ ആരാധിക്കാൻ ആരും ധൈര്യപ്പെടാത്തത് അതുകൊണ്ടുതന്നെയാണ്. പിന്നെ, എവിടെ രോമപൂജ?

“ഏതാനും കൊല്ലംമുമ്പ് ഈ വിശുദ്ധരോമം കളവുപോയെന്നു പറഞ്ഞു കശ്മീരിൽ ഉണ്ടായ വർഗ്ഗീയകലാപം ഇനിയും മറക്കാറായിട്ടില്ല. കുറേപേരുടെ ജീവനും സ്വത്തും ലഹള നശിപ്പിച്ചു” എന്നു പറയുന്നു.

ഹസ്‌റത്ത്ബാൽ പള്ളിയിൽ സൂക്ഷിക്കപ്പെട്ടിരുന്ന തിരുനബിയുടേതെന്നു പറയപ്പെടുന്ന രോമം അവിടെനിന്ന് തിരോധാനം ചെയ്യപ്പെട്ടതിനെ തുടർന്ന് ആയിരക്കണക്കിന് മുസ്‌ലിംകൾ പള്ളിപരിസരത്തിൽ രണ്ടോ മൂന്നോ ദിവസം ഉറക്കമിളച്ചു കരയുകയും പ്രാർത്ഥിക്കുകയും ചെയ്തതായുള്ള പത്രറിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ടെന്നത് നേരാണ്.. ഏതായാലും ഈ സംഭവത്തെ സംബന്ധിച്ച പത്രറിപ്പോർട്ടുകളിലൂടെയാണ് ഹസ്‌റത്ത് ബാൽ പള്ളിയും 'വിശുദ്ധരോമ'വും പ്രസിദ്ധമായിത്തീർന്നത്. അതിന്ന് മുമ്പ് 'വിശുദ്ധരോമാരാധന'യെപറ്റി ആരും അറിഞ്ഞിരുന്നില്ല. കശ്മീരിലെ മുസ്‌ലിംകൾപോലും! കശ്മീർ മുഖ്യമന്ത്രി ഭക്ഷീ ഗുലാം മുഹമ്മദ് സ്ഥാനം ഒഴിയേണ്ടിവന്ന സാഹചര്യത്തിൽ ശംസുദ്ദീൻ മുഖ്യമന്ത്രിപദം ഏറ്റെടുത്ത ഘട്ടത്തിലാണ് സംഭവം. അത് മന്ത്രിസഭയെ തന്നെ പിടിച്ചു കുലുക്കിയിരുന്നു. ശംസുദ്ദീന് പിന്നീട് മുഖ്യമന്ത്രിപദം നഷ്ടപ്പെടുകയുമുണ്ടായി. മൂന്നുനാലു ദിവസങ്ങൾക്കകം 'രോമം' യഥാസ്ഥാനത്ത് പ്രത്യക്ഷപ്പെട്ടതോടെയാണ് പ്രശ്നം അവസാനിച്ചത്. ദൈവഭക്തി തൊട്ടുതെറിപ്പിച്ചിട്ടില്ലാത്ത ഏതോ രാഷ്ട്രീയക്കാരന്റെ കുസൃതിയാണ് ആ സംഭവത്തിന്റെ പിന്നിലെന്ന് വിവരമുള്ളവർ മനസ്സിലാക്കിയിരുന്നു. രാഷ്ട്രീയക്കാരന്റെ കളികൾ അങ്ങനെ പലതും

88. പരേതനായ ആർ. കൃഷ്ണൻകുട്ടിനായരുടെ 'യുക്തിരശ്മി' എന്ന പുസ്തകത്തിൽ 'രോമപൂജ' എന്ന കുറിപ്പ് എടുത്തുചേർത്തിട്ടുണ്ട്. – ഗ്ര.

ഇല്ലേ? മതം ഇവിടെ എന്തുപിഴച്ചു?

അതൊക്കെ പോകട്ടെ! സാക്ഷാൽ രോമപൂജകർ ആരാണ്? യുക്തിവാദികൾ, നിർമ്മതന്മാർ, മതവിരോധികൾ എന്നു പറയപ്പെടുന്ന നാസ്തികർ തന്നെ! "മതം മനുഷ്യനെ മയക്കുന്ന അവീ"നാണെന്നു പറഞ്ഞ മാർക്സിന്റെയും ലെനിന്റെയും അനുയായികളായ കമ്മ്യൂണിസ്റ്റുകൾ. റഷ്യൻ കമ്മ്യൂണിസ്റ്റുകൾ! സാക്ഷാൽ സോവ്യറ്റ് യൂനിയനിലെ പൗരന്മാർതന്നെ!!

റഷ്യയെക്കുറിച്ച് സ്തുതിച്ചെഴുതുന്ന റഷ്യൻപക്ഷപാതിയായ ഒരു ലോകപ്രസിദ്ധരാജ്യതന്ത്രജ്ഞന്റെ ഗ്രന്ഥത്തിൽനിന്ന് ചില വരികൾ ഇവിടെ ഉദ്ധരിക്കട്ടെ:-

"ലെനിൻഗ്രാഡിലുള്ള താമസക്കാലത്തിനിടയിൽ നടത്തിയ സന്ദർശനങ്ങളിൽ ഞങ്ങളുടെ താൽപര്യത്തെ ഏറ്റവുമധികം ഉദ്ദീപിപ്പിച്ചത് പുഷ്കിന്റെ ഭവനസന്ദർശനാർത്ഥമുള്ള യാത്രയായിരുന്നു. പുഷ്കിന്റെ തലമുടിയുടെ ഒരംശം മുറിച്ചെടുത്ത് ഒരു കണ്ണാടിക്കൂട്ടിനകത്താക്കി അടുത്തമുറിയിൽ സൂക്ഷിച്ചുപോരുന്നു! കാൻഡിയായിലെ ബുദ്ധദേവാലയത്തിൽ സൂക്ഷിച്ചുപോരുന്ന ബുദ്ധാവശിഷ്ടത്തെ അദ്ദേഹത്തിന്റെ ആരാധകർ എത്രയധികം ഭക്തിഭാവങ്ങളോടെയാണോ പരിഗണിക്കുന്നത് അതുപോലെതന്നെയാണ് റഷ്യക്കാർ പുഷ്കിന്റെ ഈ മുടിയേയും ബഹുമാനിച്ചാചരിക്കുന്നത്. മഹാന്മാരെ ബഹുമാനിക്കുന്ന വിഷയത്തിൽ റഷ്യയിൽ ഒരു വിഗ്രഹാരാധനാമനോഭാവത്തിന്റെ അംശംതന്നെ നിലവിലുണ്ടെന്ന് പറയാം."

ഇതെഴുതിയത് സാക്ഷാൽ കെ.പി.എസ്. മേനോൻ 'റഷ്യൻ പനോരമ' എന്ന പുസ്തകത്തിൽ 140-ാം ഭാഗത്ത്.

അപ്പോൾ ബഹുമാന്യരെ, മന്ത് മറ്റേ കാലിന്നാണ്! പക്ഷേ, ലെനിൻഗ്രാഡിലെ നാസ്തികർ പൂജിക്കുന്ന രോമം പുഷ്കിന്റെ തലമുടി തന്നെയാണോ? ശ്രീമാൻ ആർ. കൃഷ്ണൻകുട്ടി നായർക്ക്[88] എന്താണ് മറുപടി നൽകാനുള്ളത്? കേരള യുക്തിവാദിസംഘം പ്രസിഡന്റ് സഖാവ് പവനന് വല്ല മറുപടിയും നൽകാനുണ്ടോ? കേൾക്കാൻ കൗതുകമുണ്ട്!

-സത്യദൂതൻ, സപ്തംബർ 1978.

### അനുബന്ധം – 2

## 'പതിവ്രതയായ വേശ്യ'

'വ്യഭിചാരം' നിയമവിരോധമാക്കുകയും അതേ സമയംതന്നെ നിയമവിധേയമാക്കുകയും ചെയ്തിട്ടുള്ള ലോകത്തിലെ ഏകമതമാണ് ഇസ്ലാം."

ഒരു കൊച്ചുനോവലിനെകുറിച്ചുള്ള ഒരു പരസ്യത്തിലെ വാചകമാണ് മേൽ ചേർത്തത്. 'ചെറുകഥ' മാസികയിൽ ഞങ്ങൾ ഈ പരസ്യം കണ്ടപ്പോൾ അത്യധികമായ ജിജ്ഞാസയോടും അവാച്യമായ അത്ഭുതത്തോടുംകൂടി ഞങ്ങളാ നോവൽ വരുത്തിവായിച്ചു നോക്കി. അതിൽ 33-ാം ഭാഗത്ത് ഇങ്ങനെ കാണുന്നു.

"വ്യഭിചാരം നിയമവിരോധമാക്കുകയും അതേ അവസരത്തിൽതന്നെ നിയമവിധേയമാക്കുകയും ചെയ്തിട്ടുള്ള ലോകത്തിലെ ഏകമതമാണ് ഇസ്ലാമെന്നു പോക്കർ മുസ്ല്യാർ ഉറപ്പിച്ചു പറഞ്ഞപ്പോൾ അഹ്മദ് മുതലാളി വല്ലാതെ ഞെട്ടിപ്പോയി. അത്ഭുതപ്പെട്ടുപോയി. മുസ്ല്യാരുടെനേരെ കുറഞ്ഞൊരു ദ്വേഷ്യവും അദ്ദേഹത്തിനു തോന്നാതിരുന്നില്ല."

തുടർന്ന് അഹ്മദ് മുതലാളിയുടെ സംശയത്തെ മുസ്ല്യാർ തീർത്തു കൊടുക്കുകയാണ്.

"നിങ്ങളൊരു പെണ്ണിനെ കണ്ടു മോഹിച്ചു. അവളെ സിനാ ചെയ്യണമെന്നും തോന്നി. എന്നാൽ അത് ഇസ്ലാം മാർക്കത്തിനു ബിരോതമാ. അങ്ങനെ വരുമ്പോ നിങ്ങളവളെ കെട്ടിക്കളേണം. എന്നുട്ടോ, നമ്മടെ പൂതിയൊക്കെ മാറുമ്പോ അങ്ങു മൊയി ശൊല്ലിയേക്കണം. അപ്പോ ഇസ്ലാമിയ്യത്തിനു ബിരോതായ ബയ്യിയുടെ ഞമ്മള് സിനാ ചെയ്തോ? ഇല്ല. എങ്ങനെ ഞമ്മടെ പുത്തി?" (ഭാ.39)

ചമ്പക്കുളം ബി.കെ.എം. ബുക്ഡിപ്പൊ ഇക്കഴിഞ്ഞ മാർച്ചിൽ പ്രസിദ്ധം ചെയ്ത ഈ നോവൽ ഒട്ടധികം നോവലുകളുടെ കർത്താവായ പടിയത്ത് മൊയ്തു എന്ന ആളാണ് രചിച്ചിട്ടുള്ളതത്രെ.

ഇസ്ലാമിലെ വിവാഹമോചനസ്വാതന്ത്ര്യവും ബഹുഭാര്യത്വാനുവാദവും നിമിത്തം മുസ്ലിം സമുദായത്തിൽ, പതിവ്രതകളായി

രിക്കാൻ നിർബ്ബന്ധമുള്ള അനേകം യുവതികൾ വ്യഭിചാരിണിക ളായി മാറുന്നു എന്നതാണ് ചുരുക്കത്തിൽ ഈ നോവലിലെ ഇതി വൃത്തം.

ശ്രീ പടിയത്ത് മൊയ്തുവിന്റെ 'പതിവ്രതയായ വേശ്യ' മനസ്സ സ്സിലാക്കിത്തരുന്ന തരത്തിലുള്ള സംഭവങ്ങൾ മുസ്‌ലിം സമുദായ ത്തിൽ ഇല്ലേ ഇല്ല എന്നു നിഷേധിച്ചുപറയാനുള്ള ധൈര്യം ഞങ്ങൾക്കില്ല. 'പതിവ്രതയായ വേശ്യ'യിലെ കഥാപാത്രങ്ങളായ അഹ്മദ് മുതലാളിയെ പോലുള്ള മുതലാളിമാരോ ജോസഫിനെ പോലെ മനുഷ്യത്വം കാണിക്കുന്ന ക്രിസ്ത്യാനികളോ ഇല്ലെന്നും ഞങ്ങൾ പറയുന്നില്ല. എന്നല്ല, പോക്കർ മുസ്‌ല്യാരെ പോലുള്ള മുസ്‌ല്യാക്കൾ മുസ്‌ലിംസമുദായത്തിൽ ഇല്ലെന്നോ അങ്ങനെ ഒരു മുസ്‌ല്യാർ മേൽപ്രകാരമുള്ള അഭിപ്രായം ഒരിക്കലും പ്രകടിപ്പിക്കാൻ ഇടയില്ല എന്നോപോലും പറയാൻ ഞങ്ങൾ ധൈര്യപ്പെടുന്നില്ല. വിവാഹമോചനസ്വാതന്ത്ര്യത്തെയും ബഹുഭാര്യത്വാനുവാദത്തെയും ചിലർ ദുരുപയോഗപ്പെടുത്തുകമൂലം എത്രയോ തരുണിമാർ തെരു വുതെണ്ടാൻ ഇടയാവുന്നു എന്നുള്ള പരമാർത്ഥവും ഞങ്ങൾ തല കുലുക്കി സമ്മതിച്ചുകൊള്ളാം! എന്നാൽ, ഈ ദൗർഭാഗ്യകരമായ ദുരന്തനാടകങ്ങളിൽ പരിശുദ്ധ ഇസ്‌ലാം പങ്കുവഹിക്കുന്നുണ്ടെന്നോ ഇസ്‌ലാമിന്റെ യഥാർത്ഥ ഉപദേശങ്ങളാണിവയെല്ലാമെന്നോ ഉള്ള അഭിപ്രായത്തെ ഒരു നിമിഷനേരത്തേക്കുപോലും വകവെച്ചുകൊ ടുക്കാനോ ഇസ്‌ലാം വിവാഹമോചനത്തെയും ബഹുഭാര്യത്വ ത്തെയും അനുവദിച്ചതു തെറ്റാണെന്നു സമ്മതിക്കുവാനോ ഞങ്ങൾ തയ്യാറില്ലതന്നെ.

ഞങ്ങൾ ശ്രീ. പടിയത്തിനെ കുറ്റപ്പെടുത്താനോ അദ്ദേഹ ത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യാനോ തയ്യാറില്ല. നമ്മുടെ യുവസാഹിത്യകാരന്മാരുടെ തൂലിക ഈ വിധം ചലിപ്പിക്കുന്നതിനു പ്രേരിപ്പിക്കത്തക്കവണ്ണം അനേകം പോക്കർ മുസല്യാക്കന്മാർ ഇന്നും മുസ്‌ലിംസമുദായത്തിൽ ഏതാദൃശമായ വൃത്തികേടുകൾ കാണി ച്ചുകൊണ്ട് ഇസ്‌ലാമിന്റെ മുഖത്ത് കരിതേച്ചു കൊണ്ടിരിക്കുമ്പോൾ ഞങ്ങളെന്തിനു ശ്രീ. പടിയത്തിനെമാത്രം കുറ്റപ്പെടുത്തണം? പണ്ഡി തന്മാർ ഇസ്‌ലാമിന്റെ യഥാർത്ഥമായ അദ്ധ്യാപനങ്ങളെയും ഇസ്‌ലാ

മികനിയമങ്ങളുടെ അടിസ്ഥാനതത്ത്വങ്ങളേയും ശരിക്കും മനസ്സിലാക്കുകയും മുസ്ലിംബഹുജനങ്ങളെ അപ്രകാരം ഉൽബോധിപ്പിക്കുകയും ചെയ്തിരുന്നുവെങ്കിൽ ശ്രീ പടിയത്തിനെ പോലുള്ളവർ ഇത്തരം ആക്ഷേപങ്ങളുമായി മുന്നോട്ടു വരുവാൻ ധൈര്യപ്പെടുകയില്ലായിരുന്നു.

ഇസ്ലാം വ്യഭിചാരത്തെ നിയമവിധേയമാക്കുന്നു എന്ന തലതിരിഞ്ഞ അഭിപ്രായം പ്രചരിപ്പിക്കാൻ ബദ്ധപ്പെടുന്നതിന് മുമ്പേ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളുടെ അടിസ്ഥാനതത്ത്വങ്ങളും ഇസ്ലാമിക നിയമങ്ങളുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും മനസ്സിലാക്കുവാൻ ഒരു സാഹിത്യകാരന് ചേർന്നവണ്ണം ശ്രീ. പടിയത്ത് ശ്രമിച്ചിരുന്നുവെങ്കിൽ ഇത്രയും അടിസ്ഥാനരഹിതവും അർത്ഥശൂന്യവുമായ ആശയം തന്റെ കഥാപാത്രത്തിന്റെ വായിൽ കുത്തിത്തിരുകാൻ അദ്ദേഹം ഒരുങ്ങുമായിരുന്നില്ലെന്നാണ് ഞങ്ങൾ കരുതുന്നത്. ഇസ്ലാം വിവാഹമോചനസ്വാതന്ത്ര്യം സ്ത്രീക്കും പുരുഷനും അനുവദിക്കുന്നു. ഈ സ്വാതന്ത്ര്യത്തെ പടിയത്ത് തന്നെയും എതിർക്കുമെന്ന് തോന്നുന്നില്ല. വിവാഹമോചനസ്വാതന്ത്ര്യത്തെ ചിലർ ദുരുപയോഗപ്പെടുത്തുന്നതിന്റെ ഫലമായി നൂറുകണക്കായ മുസ്ലിം സ്ത്രീകൾ ദുരിതങ്ങളനുഭവിക്കുന്നുണ്ടെങ്കിൽ ആ സ്വാതന്ത്ര്യത്തിന്റെ അഭാവത്തിൽ ആയിരക്കണക്കിലുള്ള സ്ത്രീകൾ നരകദുരിതങ്ങളനുഭവിക്കുകയും ജീവിതനൈരാശ്യത്താൽ ആത്മഹത്യയ്ക്കുപോലും പ്രേരിതരായിത്തീരുകയും ചെയ്യുന്നുണ്ടെന്നത് ഒരു പരമാർത്ഥം മാത്രമാണ്.

ലോകത്തിലുള്ള വിവാഹമോചനനിയമങ്ങളിൽ ഏറ്റവും ദുർഗ്ഗമമായിട്ടുള്ളത് ഇസ്ലാമികവിവാഹമോചന നിയമമാണ്. എന്തെ

---

89. ബഹുഭാര്യനായിരിക്കുന്നതുകൊണ്ട് ഒരാൾക്ക് അപകർഷം സംഭവിക്കുന്നില്ല. മറിച്ച് അത്യുൽകൃഷ്ടമായ ആത്മീയപദവി നേടുന്നതിനുള്ള പരീക്ഷകളിൽ വിജയിയായി മാറാനുള്ള അവസരം ഒരാൾക്ക് അതുവഴി ലഭിക്കുകയാണ്. അയാൾ പരമഭക്തനായി ജീവിക്കുന്നു എങ്കിൽ, ജ്ഞാനികൾ അത്തരക്കാരിൽ അതാണ് നോക്കിക്കാണുക.
ഗുരു നിത്യചൈതന്യയതി തിരുനബിയെപ്പറ്റി ഇപ്രകാരം പറയുന്നു: "അഭിവന്ദ്യയായ ഖദീജാമുതൽ പ്രിയഭാഷിണിയായ ആയിശാവരെ എല്ലാ ഭാര്യമാരോടും അളവറ്റ വാത്സല്യവും കരുണയും കാണിച്ച നബിതിരുമേനി(സ) തന്നെയാണ്. ആദ്ധ്യാത്മിക മണ്ഡലത്തിൽ ഒരിക്കലും തെറ്റുപറ്റിയിട്ടില്ലാത്ത ജ്ഞാനഗുരു." ('യാത്ര' എന്ന ലേഖനപരമ്പരയിൽ.കലാകൗമുദി, 1985 ഡിസംബർ 22, പേജ് 45)

ന്നാൽ, അനിർവ്വാര്യമായ ഘട്ടത്തിൽപോലും അത് നടപ്പിൽ വരുത്തപ്പെടുന്നതിനു പിന്നെയും കുറെ തടവുകളും തടസ്സങ്ങളും ഇസ്‌ലാം വെച്ചിട്ടുണ്ട്, ഈ തടസ്സങ്ങളെ കടന്നുചാടുവാൻ കാലാന്തരത്തിൽ അനേകം പഴുതുകൾ സൃഷ്ടിക്കപ്പെടുകയും മുസ്‌ലിം നിയമശാസ്ത്രിമാർ അവയ്ക്കും അംഗീകാരം നൽകുകയും ചെയ്തതിനെ തുടർന്നാണ് മുസ്‌ലിം വിവാഹം കേവലം 'മൂന്നു തുപ്പലിന്റെ ബന്ധം' മാത്രമായി പരിണമിച്ചത്! ഇന്നത്തെ മുസ്‌ലിംകളുടെ ആചാരമര്യാദകളെ അടിസ്ഥാനമാക്കി ഇസ്‌ലാമിനെക്കുറിച്ച് വിധി പറയുന്നത് വങ്കത്തം മാത്രമാണ്. പടിയത്തിന്റെ പോക്കർ മുസ്ല്യാർ പറയുന്നതല്ല ഇസ്‌ലാം. വസ്ത്രം മാറ്റിക്കൊണ്ടിരിക്കുന്നതുപോലെ യഥേഷ്ടം മാറ്റിക്കൊണ്ടിരിക്കാവുന്ന സാധനമല്ല ഇസ്‌ലാമിൽ സഹധർമ്മിണി. ക്രിസ്തുമതത്തിലേയോ ഹിന്ദുമതത്തിലേയോ മറ്റു മതങ്ങളിലേയോ വൈവാഹിക നിയമങ്ങളെയും കുടുംബജീവിതത്തെയും അപ്പോലെതന്നെ ഭൗതികഭരണഘടനകളിലെ വിവാഹമോചനനിയമങ്ങളെയും കുറിച്ചു വേണ്ടത്ര വിവരം സമ്പാദിച്ചിരുന്നു

വെങ്കിൽ 'വ്യഭിചാരത്തെ നിരോധിക്കുകയും നിയമവിധേയമാക്കുകയും ചെയ്യുന്ന ലോകത്തിലെ ഏകമതമാണ് ഇസ്ലാം' എന്നു പറയാൻ ശ്രീ. പടിയത്ത് മുതിരുകയില്ലായിരുന്നു. ശ്രീ. പടിയത്തിനെപോലുള്ള സാഹിത്യകാരന്മാരുടെ ഭയങ്കരമായ അജ്ഞതയും 'ആകാശത്തിങ്കീഴിൽ ഏറ്റവും നികൃഷ്ടർ' എന്നു നബിതിരുമേനി(സ) പ്രവചിച്ച ഇക്കാലത്തെ ഇസ്ലാം മതപണ്ഡിതന്മാരുടെ കൊള്ളരുതായ്മകളും കാരണം പരിശുദ്ധഇസ്ലാമതം തെറ്റിദ്ധരിപ്പിക്കപ്പെടുന്നു എന്നു മാത്രം.

ലോകത്ത് മറ്റേതു കുടുംബജീവിതത്തെക്കാളും കെട്ടുറപ്പുള്ളതും ഭദ്രവുമായ കുടുംബനിയമങ്ങൾ ഇസ്ലാമിലാണുള്ളത്. ഇസ്ലാം വിവാഹമോചനസ്വാതന്ത്ര്യം അനുവദിച്ചതും ബഹുഭാര്യത്വം[89] അംഗീകരിച്ചതുമെല്ലാം ഭദ്രമായ കുടുംബജീവിതത്തെ പുലർത്തുന്നതിനും വ്യഭിചാരം വേശ്യാത്വം മുതലായവയെ തടയുന്നതിനും വേണ്ടിമാത്രമാണ്. ലോകത്തിലെ മഹാമതങ്ങളെക്കുറിച്ച് സമഗ്രമായി പഠിച്ചറിഞ്ഞ ആളും ഇസ്ലാമിന്റെ ഒരു മിത്രമൊന്നുമല്ലാത്ത ദേഹവും ആയ റവ: ജെ.ടി. സണ്ടർലാണ്ട് പറയുന്നു:

"ബഹുഭാര്യത്വം അനുവദിക്കുന്നതിന് നാം മുഹമ്മദ് മതത്തെ ദുഷിക്കുന്നു. വാസ്തവത്തിൽ രണ്ട് സംഗതികൾ നാം ഓർക്കേണ്ടതായിട്ടുണ്ട്. ഒന്നാമത് നമ്മുടെ ബൈബിളിലെ ചില ഭാഗങ്ങൾ ബഹുഭാര്യത്വം അനുവദിക്കുകയും നീതീകരിക്കുകയും ചെയ്യുന്നു. പരമോൽക്കൃഷ്ടസ്ഥാനപ്രാപ്തരായി ഘോഷിക്കപ്പെട്ടിരിക്കുന്ന ചിലർ ബഹുഭാര്യാവാന്മാരായിരുന്നതായി അതിൽ കാണുന്നു. മറ്റൊന്ന് പുരുഷന് ഒന്നിലധികം ഭാര്യമാരെ വച്ചുകൊണ്ടിരിക്കാൻ വിധിയുള്ള മുഹമ്മദീയ സമുദായത്തിൽ അവിവാഹിതകളായ സ്ത്രീകളുടെ എണ്ണവും വേശ്യാവൃത്തിയും ചുരുങ്ങിയിരിക്കുന്നുവെന്നുള്ളതാണ്." (*ഏഷ്യയിലെ മഹാമതങ്ങൾ, ഭാ.30, പരിഭാഷ– ആഗമാനന്ദസ്വാമികൾ. പ്രസാധകർ– രാമകൃഷ്ണാശ്രമം, കാലടി*)

ഉരിപ്ലവബുദ്ധികളും ഉൽപതിഷ്ണുക്കളെന്നഭിമാനിക്കുന്നവരുമായ നമ്മുടെ യുവസാഹിത്യകാരന്മാർ നേർവഴിയ്ക്കു ചിന്തിച്ചുവെങ്കിൽ!

## അനുബന്ധം–3

## 'ചന്ദ്രക്കലയുടെ നിയമം'

'പതിവ്രതയായ വേശ്യ'യെപ്പറ്റി കുറിപ്പെഴുതിയപ്പോൾ ഏതാദൃശമായ മറ്റൊരു പുസ്തകത്തെകുറിച്ചുകൂടി ഞങ്ങൾ ഓർക്കാനിടയായി. അത് മദിരാശി ഗവർമ്മെണ്ടിൽനിന്ന് സമ്മാനം ലഭിച്ച 'തൊപ്പിയും തട്ടവും' എന്ന ചെറുകഥാസമാഹാരമാണ്. പ്രസ്തുത കഥാസമാഹാരത്തിലെ 'ചന്ദ്രക്കലയുടെ നിയമം' എന്ന കഥയിൽ കഥാകൃത്തായ മി. എൻ.പി. മുഹമ്മദ് എഴുതുകയാണ്:

"അവളുടെ ആദ്യത്തെ ഭർത്താവിനു വീണ്ടും അവളെ വിവാഹം ചെയ്യണമെങ്കിൽ, ബിച്ചു വേറൊരാളുമായി ഒരു ദിവസം ശയിക്കണം. ചന്ദ്രക്കലയുടെ നിയമം. ചന്ദ്രക്കലയാണ് പുരുഷന്റെയും സ്ത്രീയുടെയും ജീവിതത്തെ ബന്ധിപ്പിക്കുന്നത്. ശീതളവും സുഖപ്രദവുമായ പൂനിലാവ് വിതറുന്ന ചന്ദ്രക്കലയല്ല. മതത്തിന്റെ ചന്ദ്രക്കല! അതിന്നു തെളിവും വെളിവുമില്ലേ?" (ഭാ.16)

"ഒരു സ്ത്രീയെ വിവാഹമോചനം ചെയ്താൽ പിന്നീടതേ പുരുഷനുതന്നെ അവളുമായി വേഴ്ച സ്ഥാപിക്കണമെങ്കിൽ, അവൾ പേരിനുവേണ്ടി ഒരു ദിവസത്തേയ്ക്കെങ്കിലും മറ്റൊരുവന്റെ ഭാര്യയായിരുന്നിരിക്കണം. അത് ചന്ദ്രക്കലയുടെ നിയമമാണ്. തെറ്റിച്ചാൽ മതത്തിന്റെ കൂറ്റൻ തോക്കുകൾ ചീറിപ്പാഞ്ഞടുക്കും." (ഭാ.13)

ഈ വരികൾ വായിച്ചിട്ടുള്ള നിരവധി സഹൃദയന്മാർ ഇസ്‌ലാമിന്റെനേരെ നിറഞ്ഞ അവജ്ഞയും അങ്ങേയറ്റത്തെ വെറുപ്പും പ്രകടിപ്പിച്ചുകൊണ്ട് നെറ്റിയും മുഖവും ചുളിച്ചിരിക്കും! 'ചന്ദ്രക്കല' ഇസ്‌ലാമിനെയാണ് പ്രതിനിധാനം ചെയ്യുന്നതെങ്കിൽ അഥവാ ഇസ്‌ലാമിലെ നിയമമെന്ന നിലയ്ക്കാണ് മി. എൻ.പി. മുഹമ്മദ് ഇതെഴുതിയതെങ്കിൽ അദ്ദേഹം വളരെയധികം തെറ്റിദ്ധരിച്ചിട്ടുണ്ടെന്ന് പറയാതെ നിവൃത്തിയില്ല. ഇസ്‌ലാമിൽ മി. എൻ.പി. മുഹമ്മദ് പറയുന്നതുപോലുള്ള യാതൊരു നിയമവും ഇല്ലെന്നും ഇതെല്ലാം കുസൃതിക്കാരായ നിയമശാസ്ത്രിമാർ സ്വാർത്ഥപൂരണത്തിന്നായി നടപ്പിൽവരുത്തിയ സമ്പ്രദായങ്ങളാണെന്നും ഞങ്ങൾ വ്യക്തമാക്കിക്കൊള്ളട്ടെ!

ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഒരിക്കലും ഇണങ്ങിച്ചേരാൻ നിവൃത്തിയില്ലാത്തവിധം ഗൗരവാവഹമായ ഭിന്നിപ്പിലായാൽമാത്രം വിവാഹമോചനം സാധിച്ചുകൊള്ളാൻ ഇസ്ലാം അനുവദിക്കുന്നു. എന്നാൽ, ഈ വിവാഹമോചനം നിരവധി അനുരഞ്ജനങ്ങൾക്കും വിചാരണകൾക്കും ശേഷം പലതരം ബാദ്ധ്യതകളും നിറവേറ്റപ്പെട്ട തിൽപിന്നെ മാത്രം സാധിക്കുന്നതത്രെ. എന്തെന്നാൽ, അനുരഞ്ജ നങ്ങളും മാദ്ധ്യസ്ഥ്യങ്ങളും മുഖേന യോജിപ്പിലെത്താവുന്ന അനേകം സന്ദർഭങ്ങൾ പിന്നെയും ലഭിക്കുമാറ് ക്ലിപ്തമായ കാലാവധി നൽകി ക്കൊണ്ട് മൂന്നുതവണകളായിട്ടാണ് തലാഖ് ചൊല്ലേണ്ടതെന്ന് ഇസ്ലാം നിഷ്കർഷിക്കുന്നു. ചുരുക്കത്തിൽ, ദാമ്പത്യബന്ധം എളു പ്പത്തിൽ മുറിച്ചുകളയാതിരിക്കുന്നതിനുള്ള അനേകം അനുശാസ നകളും നിയമനിർബന്ധങ്ങളും ഇസ്ലാമിൽ ഉണ്ട്.

ഭാര്യാഭർത്തൃബന്ധം സുഖകരമായി മുമ്പോട്ടുപോകാൻ നിവൃ ത്തിയില്ലാതെ വരുമ്പോൾ ഒടുക്കത്തെ കയ്യായി 'ത്വലാഖ്' കൊടുത്തു പിരിഞ്ഞുകഴിഞ്ഞാൽ. ത്വലാഖ് ചെയ്ത ആൾക്ക് ആ സ്ത്രീയുമായി ഒരുതരത്തിലും വിവാഹബന്ധം തുടരാൻ നിവൃത്തിയില്ല. വിവാഹ ബന്ധം ഒരിക്കൽ വേർപെടുത്തിയ ആൾ ഉപേക്ഷിതയായ സ്ത്രീയെ വീണ്ടും വിവാഹം ചെയ്കയെന്ന പ്രശ്നത്തിനുതന്നെ പ്രസക്തി യില്ല. എന്തെന്നാൽ, അതിന്റെ അർത്ഥം വിവാഹമോചനനിയമത്തിന് പ്രാബല്യമില്ലെന്നാകുമല്ലോ! മാത്രമല്ല, ആ വിവാഹത്തിന് സാക്ഷ്യം വഹിച്ച ആളുകളേയും, വിവാഹമോചനം കൂടാതെ കഴിക്കാൻ അനു രഞ്ജനത്തിന് ശ്രമിച്ചവരേയും, വിവാഹമോചനം സാധുവായി പ്രഖ്യാപിച്ച ഖാസിയേയും, ആ സ്ത്രീയേയും, നിയമത്തെയാകെയും അപമാനിക്കുകയും അവഹേളിക്കുകയും ചെയ്യുകയാവും അത്. ആകയാൽ, മൂന്നുതവണ തലാഖ് ചൊല്ലിപ്പിരിച്ചശേഷം ഒരു ഭർത്താ വിനു അതേ സ്ത്രീയെതന്നെ വീണ്ടും വിവാഹം ചെയ്തു ബന്ധം തുടർന്നുപോകാൻ പാടില്ല.

ഇസ്ലാം വിധവാത്വത്തെ പ്രോത്സാഹിപ്പിക്കാത്തതുകൊണ്ട് തലാഖ് ചെയ്യപ്പെട്ട സ്ത്രീ മറ്റൊരു വിവാഹം ചെയ്തിരിക്കുമെന്ന തിനാൽ അവർക്കിടയിൽ നിർഭാഗ്യവശാൽ ഭിന്നിപ്പുണ്ടാവുകയും അതൊടുവിൽ വിവാഹമോചനത്തിൽ കലാശിക്കുകയെന്ന അപൂർവ്വ

മായ സ്ഥിതിവിശേഷം സൃഷ്ടിക്കുകയും ചെയ്താൽ മാത്രം ആ സ്ത്രീ പിന്നെയും വിവാഹം ചെയ്യാനിച്ഛിക്കുന്നപക്ഷം അവളുടെ ഒന്നാമത്തെ ഭർത്താവിന് അവളെ വീണ്ടും വിവാഹം ചെയ്യാം എന്ന നിയമം ഇസ്‌ലാമിലുണ്ട്. താൻ ഉപേക്ഷിച്ച സ്ത്രീയെ ഒരാൾക്ക് വീണ്ടും വിവാഹം ചെയ്യണമെങ്കിൽ മറ്റൊരാൾ അവളെ വിവാഹം ചെയ്യുകയും അവർ തമ്മിൽ ഭിന്നിപ്പുണ്ടായി തലാഖ് ചൊല്ലിപ്പിരിയുകയും ചെയ്തശേഷമേ പാടുള്ളൂ എന്നു പ്രകാരാന്തരേണ പറയാം. വിവാഹബന്ധത്തേയും വിവാഹമോചനവ്യവസ്ഥയേയും മാനിക്കുമാറാകുന്നതിനും വിവാഹമോചനം ദ്രുതസാദ്ധ്യമാകാതിരിക്കുന്നതിനും ഉള്ള ഉചിതവും യുക്തിപൂർവ്വവും ആയ ഒരു വ്യവസ്ഥയാണിതെന്ന് ബുദ്ധിയുള്ളവർക്കെല്ലാം എളുപ്പം മനസ്സിലാക്കാം.[90]

ദൗർഭാഗ്യമെന്നുപറയട്ടെ, ഈ യുക്തിപൂർവ്വമായ നിയമത്തെ മുസ്‌ലിം നിയമശാസ്ത്രിമാർ അങ്ങേയറ്റം അലങ്കോലപ്പെടുത്തിക്കളഞ്ഞു. തൽഫലമായി "ഒരു സ്ത്രീയെ വിവാഹമോചനം ചെയ്താൽ പിന്നീട് ആ പുരുഷനുതന്നെ അവളുമായി വേഴ്ച സ്ഥാപിക്കണമെങ്കിൽ, അവൾ പേരിന്നുവേണ്ടി ഒരു ദിവസത്തേക്കെങ്കിലും മറ്റൊരുവന്റെ ഭാര്യയായിരുന്നിരിക്കണം" എന്നതാണ് ഇസ്‌ലാമിക നിയമം എന്നറിയപ്പെടുമാറ് മുസ്‌ലിം സമുദായത്തിൽ ശപിക്കപ്പെട്ട സമ്പ്ര

90. വിശ്രുത ക്രൈസ്തവപണ്ഡിതനും ഇസ്‌ലാംമത വിമർശകനുമായ ജോർജ് സെയിൽ തന്റെ ഖുർആൻ വ്യാഖ്യാന മുഖവുരയിൽ ഈ നിബന്ധനയെപ്പറ്റി ഇപ്രകാരം പറയുന്നു: "നിസ്സാരമായ കാരണത്തിനോ അല്ലെങ്കിൽ ചപലശീലം കൊണ്ടോ ഭാര്യമാരെ ഉപേക്ഷിച്ചുകളയുന്നതിൽനിന്ന് തന്റെ അനുയായികളെ തടയുവാനായി മുഹമ്മദ്, ഒരാൾ മൂന്ന് പ്രാവശ്യം തന്റെ ഭാര്യയെ മൊഴിചൊല്ലുന്നതായാൽ, (താൻ ചെയ്തുപോയ കൃത്യത്തിൽ പശ്ചാത്തപിക്കുന്നപക്ഷം, ഭാര്യയിൽനിന്ന് വേറിട്ടുപോവാൻ നിർബ്ബന്ധിതനാകാത്തതരത്തിൽ ഒരാൾക്ക് രണ്ടുതവണ മൊഴി ചൊല്ലാൻ പാടുണ്ട്) അവൾ മറ്റൊരാളെ ആദ്യം വിവാഹം കഴിച്ച് അയാളോടൊപ്പം ശയിക്കുകയും ആ രണ്ടാം ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയും ചെയ്തശേഷമല്ലാതെ അവളെ വീണ്ടും സ്വീകരിക്കുന്നത് അനുവദനീയമല്ലെന്ന് കല്പിച്ചിട്ടുണ്ട്. ഈ പ്രതിരോധ നടപടി വളരെ നല്ല ഫലമാണ് ഉളവാക്കിയിരുന്നതും. എന്തെന്നാൽ, വിവാഹമോചനത്തിന് പൂർണ്ണസ്വാതന്ത്ര്യമുണ്ടായിട്ടും മുഹമ്മദീയർ ഈ നടപടികൾക്ക് വിധേയരാകുന്നത് അങ്ങേയറ്റത്തെ അപമാനമായി കണക്കാക്കിയിരുന്നതിനാൽ വിവാഹമോചനം എന്ന ആത്യന്തികതയോളം പോകുന്നതായി അറിയപ്പെടുന്നേയില്ല. അഭിമാനമില്ലാത്തവരല്ലാതെ, ഈ നിർബന്ധോപാധിപ്രകാരം ഭാര്യയെ വീണ്ടും സ്വീകരിക്കാൻ തയ്യാറാകയില്ല." (Al Koran, The Preliminary Discourse- George Sale, p. 104)
അപ്പോൾ വിവാഹമോചനത്തെ കർശനമായി നിയന്ത്രിക്കാനാണ് ഈ ചട്ടം തിരുനബി(സ) ഏർപ്പെടുത്തിയതെന്നും വിവാഹമോചനത്തെ ഗണ്യമായി കുറക്കാൻ അത് സഹായകമായിട്ടുണ്ടെന്നും ഇസ്‌ലാമിന്റെ ഒരു കടുത്ത എതിരാളിതന്നെ സമ്മതിച്ചുപറഞ്ഞിരിക്കയാണ്. മി. എൻ.പി.യെ പോലുള്ളവർ പ്രശ്നത്തിന്റെ ആഴത്തോളം പോകാൻ ശ്രമിച്ചില്ലെന്നതു വേദനാജനകമാണ്- ഗ്ര.

ദായങ്ങൾ കടന്നുകൂടി. “ഒയ്യത്തിരുത്തം” എന്ന പേരിൽ അറിയപ്പെടുന്ന നികൃഷ്ടവും നിന്ദ്യവും പൈശാചികവുമായ ഈ ആചാരം മുസ്ലിംകളിൽ കടന്നുകൂടിയതും പഠിപ്പും പരിചയവുമുള്ള ആളുകൾപോലും, ആവശ്യം വരുമ്പോൾ, ഈ ആചാരത്തെ ഇസ്ലാമികമെന്നോണം അനുവർത്തിച്ചും അംഗീകരിച്ചും പോരുന്നതും ഓർക്കുമ്പോൾ ഞങ്ങൾ അമ്പരക്കുകയാണ്!

ഈ സമ്പ്രദായം ഇസ്ലാമികമല്ല. ഇത് ഇസ്ലാമിന്റെ നിയമമേയല്ല. നബിതിരുമേനി(സ) ഇത്തരം സമ്പ്രദായത്തെ മൃഗീയമായി ചിത്രീകരിക്കുകയും ശപിക്കുകയും ചെയ്തിരിക്കുന്നു. “ഉപേക്ഷിക്കപ്പെട്ട ഭാര്യയെ ആദ്യഭർത്താവിനു വിവാഹവിധേയയാക്കുന്നതിനുവേണ്ടി അവളെ താൽക്കാലികമായി വിവാഹം ചെയ്യുന്നവനെയും അവളെ ആർക്ക് വിവാഹവിധേയയാക്കുന്നുവോ അവനെയും നബിതിരുമേനി(സ) ശപിച്ചിരിക്കുന്നു” എന്നു ഹസ്റത്ത് ഇബ്നു മസ്ഊദ്(റ) പറഞ്ഞിരിക്കുന്നു.

മറ്റൊരു ഹദീസ് നിവേദനത്തിൽ ഇങ്ങനെ പറയുന്നു: ഇരവ് വാങ്ങുന്ന മുട്ടാടിനെ കുറിച്ച് നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ എന്ന് നബിതിരുമേനി(സ) ഒരിക്കൽ ചോദിച്ചപ്പോൾ ശിഷ്യർ പറഞ്ഞു: “ഉവ്വ്, ദൈവദൂതനായുള്ളോവേ”. തിരുമേനി(സ) അരുൾ ചെയ്തു. “അത് **മുഹില്ല്**. ഉപേക്ഷിക്കപ്പെട്ട ഭാര്യയെ ഉപേക്ഷിച്ച ഭർത്താവിനുതന്നെ വിവാഹവിധേയയാക്കുന്നതിന് അവളെ താൽക്കാലികമായി വിവാഹം ചെയ്യുന്നവൻ ആകുന്നു. അവനും ആർക്കുവേണ്ടി അവൻ അങ്ങനെ വിവാഹം ചെയ്യുന്നുവോ അവനും അല്ലാഹുവിന്റെ ശാപമാകുന്നു.”

ചന്ദ്രക്കല കുളിർമ്മയും പ്രകാശവും നൽകുന്നതുതന്നെയാണ്. ഇസ്ലാമിന്റെ ചന്ദ്രക്കലയ്ക്കാകട്ടെ തെളിവും വെളിവും കൂടും. പക്ഷേ, കണ്ണിൽ കരടുള്ളവർ അത് തെളിഞ്ഞു കണ്ടില്ലെന്ന് വരാം!

(*സത്യദൂതൻ, 1958, ആഗസ്റ്റ്*)